LIBRARY ARCHIVES Kerala Legislative Assembly

IX. ധനകാര്യം

2004-2005 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 2004-2005				ആകെ
		4-2-2004-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	(രൂപ)
(1)	(2)	(3)	(4)	(5)	(6)	(7)
XVIII	വൈദ്യ സഹായരംഗവും പൊതുജനാരോഗ്യവും	2,98,37,49,000	10,03,33,000	596,75,02,000	20,06,67,000	6,16,81,69,000
XIX	കുടുംബക്ഷേമം	30,66,67,000	..	61,33,33,000	..	61,33,33,000
XXX	ഭക്ഷ്യം	57,10,20,000	6,28,52,000	114,20,41,000	12,57,04,000	1,26,77,45,000
*I	സംസ്ഥാന നിയമസഭ	6,15,83,000	..	12,31,65,000	..	12,31,65,000
*IV	തെരഞ്ഞെടുപ്പുകൾ	6,04,18,000	..	12,08,37,000	..	12,08,37,000
*VII	മുദ്രപത്രങ്ങളും രജിസ്ട്രേഷനും	17,11,81,000	..	34,23,62,000	..	34,23,62,000
*X	ട്രഷറികളും അക്കൗണ്ടുകളും	19,09,47,000	..	38,18,93,000	..	38,18,93,000
*XVI	പെൻഷനും പലവകയും	9,37,46,06,000	..	18,74,92,11,000	..	18,74,92,11,000
*XXVIII	പലവക സാമ്പത്തിക സർവ്വീസുകൾ	12,20,59,000	45,01,69,000	24,41,18,000	90,03,37,000	1,14,44,55,000
*XLV	പലവക വായ്പകളും മുൻകൂറുകളും	..	1,91,52,000	..	3,83,05,000	3,83,05,000

* ചർച്ചകൂടാതെ വോട്ടിനിടുന്നതാണ്.

Page 1

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും കുടുംബക്ഷേമം എന്ന XIX -ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) : ഭക്ഷ്യം എന്ന XXX -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഞാൻ ഈ പ്രമേയങ്ങളെ പിൻതാങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും കുടുംബക്ഷേമം എന്ന XIX -ാം നമ്പർ ധനാഭ്യർത്ഥനയേയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVIII

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 616,81,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(കീടനാശിനികളുടെ ഉപയോഗംമൂലം മാറാരോഗങ്ങൾക്ക് ഇരയായവർക്ക് തുടർച്ചയായ ചികിത്സയും പരിചരണവും ഏർപ്പാടാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 616,81,69,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(മന്ത് രോഗ നിർമ്മാർജ്ജന പദ്ധതിയിൽ ഉള്ളതായി പറയപ്പെടുന്ന ക്രമക്കേടുകൾ ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 616,81,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സംസ്ഥാനത്ത് നടന്നതായി പറയപ്പെടുന്ന വൃക്കതട്ടിപ്പ് കേസ്സുകൾ അന്വേഷിക്കുന്നതിലും നടപടി എടുക്കുന്നതിലും കാണിക്കുന്ന അലംഭാവം ചർച്ച ചെയ്യുന്നതിന്)

ശ്രീ. മഞ്ഞറ്റാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 616,81,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സർക്കാർ ആശുപത്രികളിലെ ഉപകരണങ്ങൾ പ്രവർത്തിക്കാത്തതായി പറയപ്പെടുന്ന അവസ്ഥയെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 616,81,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകൾ പോലും ലഭ്യമല്ലാത്തതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ചചെയ്യുന്നതിന്)

ശ്രീ. എ. കെ ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 616,81,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(ജനങ്ങളുടെ ആരോഗ്യം സ്വകാര്യ വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും ചൂഷണത്തിന് വേണ്ടി വിട്ടുകൊടുക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 616,81,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(കേരളത്തിലെ ജനങ്ങൾക്ക് ഭീഷണി ഉയർത്തിക്കൊണ്ട് സാംക്രമിക രോഗങ്ങൾ തിരിച്ചുവരുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 616,81,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(ആരോഗ്യ രംഗത്ത് നടമാടുന്നതായി പറയപ്പെടുന്ന അഴിമതി ചർച്ച ചെയ്യുന്നതിന്)

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 616,81,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(ഡോക്ടർമാരുടെ സ്ഥലംമാറ്റങ്ങളിൽ നടക്കുന്നതായി പറയപ്പെടുന്ന ക്രമക്കേട് ചർച്ചചെയ്യുന്നതിന്)

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 616,81,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(ആരോഗ്യ വകുപ്പിൽ ക്രമവിരുദ്ധമായി നിയമനംനടത്താനുള്ളതായി പറയപ്പെടുന്ന ശ്രമത്തെപ്പറ്റി ചർച്ചചെയ്യുന്നതിന്)

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 616,81,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ മരുന്ന് വാങ്ങലിൽ ഉള്ളതായി പറയപ്പെടുന്ന അഴിമതിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 616,81,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(ഡോക്ടർമാരുടേയും നേഴ്സുമാരുടേയും ഒഴിവുകൾ നികത്താത്തതുമൂലം വിവിധ ജില്ലകളിലെ ആശുപത്രികളിൽ പുതുതായി നിർമ്മിച്ച കെട്ടിടങ്ങൾ ഉപയോഗപ്പെടാതെ കിടക്കുന്നതായി പറയപ്പെടുന്ന സ്ഥിതി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 616,81,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

[പൊതുജനാരോഗ്യരംഗത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, (സി.എച്ച്.സി.) പബ്ലിക് ഹെൽത്ത് സെന്റർ (പി.എച്ച്.സി.) എന്നിവയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ലെന്ന് പറയപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്]

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 616,81,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(ആരോഗ്യരംഗത്ത് ആവശ്യമായ മുൻകരുതലുകൾ എടുക്കുന്നതിൽ പരാജയപ്പെട്ടതുകാരണം പകർച്ചവ്യാധികൾമൂലമുണ്ടാകുന്ന മരണനിരക്ക് കൂടുന്നതായി പറയപ്പെടുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 616,81,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സംസ്ഥാനത്ത് നിയന്ത്രണ വിധേയമാക്കിയിരുന്നതും നിർമ്മാർജ്ജനം ചെയ്തിരുന്നതുമായ പല രോഗങ്ങളുടേയും തിരിച്ചുവരവ് ഫലപ്രദമായി തടയുന്നതിന് പരാജയപ്പെട്ടതായി പറയപ്പെടുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 616,81,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(ആശുപത്രികളിലെ ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന് പരാജയപ്പെട്ടതായി പറയപ്പെടുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. കുമാരൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 616,81,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സംസ്ഥാനത്ത് കേന്ദ്ര സഹായത്തോടെ നടപ്പാക്കുമെന്നു പ്രഖ്യാപിച്ച ഹെൽത്ത് സിസ്റ്റം പ്രോജക്ട് ആരംഭിക്കുന്നതിനും കേന്ദ്ര സഹായം നേടിയെടുക്കുന്നതിനും പരാജയപ്പെട്ടതായി പറയപ്പെടുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൻ. രാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 616,81,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(ദാരിദ്രരേഖയ്ക്കു താഴെയുള്ളവർക്കു വേണ്ടിയുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 616,81,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(ഗുണനിലവാരമില്ലാത്ത മരുന്നുകൾ വാങ്ങിക്കൂട്ടിയതിനെക്കുറിച്ചന്വേഷിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. സി. കെ. നാണു: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 616,81,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള ആദിവാസികൾ ഉൾപ്പെടെയുള്ള പാവപ്പെട്ടവർ വൃക്ക റാക്കറ്റിന്റെ പ്രവർത്തനങ്ങൾക്ക് ഇരയാകുന്നതായി പറയപ്പെടുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 616,81,69,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളുടേയും കേരളത്തിലെ മറ്റു ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ചുമതല വഹിക്കുന്ന മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർമാരെ തുടരെത്തുടരെ മാറ്റുന്നത് ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് പ്രതിസന്ധി സൃഷ്ടിക്കുന്നതായി പറയപ്പെടുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 616,81,69,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 616,81,69,000 യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. എ. അസീസ്: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 616,81,69,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XIX

കുടുംബക്ഷേമം

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 61,33,33,000

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 61,33,33,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സർക്കാരിന്റെ കുടുംബക്ഷേമ പ്രവർത്തനങ്ങൾ വെറും ജലരേഖയായി മാറുന്നതായി പറയപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 61,33,33,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സർക്കാർ ആശുപത്രികളിലെ പ്രസവാനന്തര ശുശ്രൂഷാകേന്ദ്രങ്ങളിലുള്ളതായി പറയപ്പെടുന്ന ശോചനീയാവസ്ഥ ചർച്ച ചെയ്യുന്നതിന്)

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 61,33,33,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(ലോകബാങ്ക് സഹായത്തോടെയുള്ള ഐ.പി.പി. പ്രോജക്ടിന്റെ നടത്തിപ്പിലുള്ളതായി പറയപ്പെടുന്ന അപാകതകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 61,33,33,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(കുടുംബക്ഷേമപദ്ധതിക്ക് കീഴിലുള്ള സമൂഹ വിദ്യാഭ്യാസ പദ്ധതിയുടെ നടത്തിപ്പിലുള്ളതായി പറയപ്പെടുന്ന അപാകതകൾ ചർച്ച ചെയ്യുന്നതിന്)

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 61,33,33,000 രൂ.യിൽനിന്ന് ഒരു നൂറ് ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ഡോ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 61,33,33,000 രൂ.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 61,33,33,000 രൂ.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. അസീസ്: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 61,33,33,000 രൂ.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 61,33,33,000 രൂ.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 61,33,33,000 രൂ.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 61,33,33,000 രൂ.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. കുമാരൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 61,33,33,000 രൂ.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൻ. രാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 61,33,33,000 രൂ.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 61,33,33,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 61,33,33,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 61,33,33,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 61,33,33,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സാജു പോൾ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 61,33,33,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 61,33,33,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 61,33,33,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 61,33,33,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പിരപ്പൻകോട് മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 61,33,33,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 61,33,33,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 61,33,33,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 61,33,33,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം

ശ്രീ. എൻ. രാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 126,77,45,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(ഉത്സവവേളകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യമായി ഭക്ഷ്യ സാധനങ്ങൾ നൽകിയിരുന്ന രീതി തുടർന്നുകൊണ്ടുപോകുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 126,77,45,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(പാചകം ചെയ്ത ഭക്ഷ്യ സാധനങ്ങളുടെ വിലയും അളവും ഏകീകരിക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് നിയോഗിച്ച കമ്മിറ്റിയുടെ പ്രവർത്തനം മുന്നോട്ട് കൊണ്ട് പോകുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. കുമാരൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 126,77,45,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സംസ്ഥാനത്ത് വിതരണത്തിനെത്തുന്ന ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് കഴിയാതെ പോയതായി പറയപ്പെടുന്നതിനെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 126,77,45,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(കാലവർഷക്കെടുതികളിൽപ്പെട്ടവർക്ക് സൗജന്യ റേഷൻ നൽകുന്നതിന് പരാജയപ്പെട്ടതായി പറയപ്പെടുന്നതിനെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. എസ്. സുപാൽ : സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 126,77,45,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായം താറുമാറായിരിക്കുന്നതു മൂലമുണ്ടായിരിക്കുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 126,77,45,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(റേഷൻ വ്യാപാരികൾ കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം ആത്മഹത്യ ചെയ്യുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 126,77,45,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഡിപ്പോകളിൽ നടക്കുന്നതായി പറയപ്പെടുന്ന അഴിമതികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 126,77,45,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിൽ നടക്കുന്നതായി പറയപ്പെടുന്ന അഴിമതികളും ക്രമക്കേടും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 126,77,45,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(മാവേലി സ്റ്റോറുകളിലും ലാഭം മാർക്കറ്റുകളിലും സാധനങ്ങൾ ലഭ്യമല്ലാത്തതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 126,77,45,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് പര്യാപ്തമായ വിധം കമ്പോള ഇടപെടൽ നടത്താൻ തയ്യാറാകാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 126,77,45,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

("അന്ത്യോദയ", "അന്നയോജന" പദ്ധതികളിൽ, പാവപ്പെട്ടവർക്ക് ഭക്ഷ്യധാന്യ വിതരണം നടത്തുന്നതിലുള്ളതായി പറയപ്പെടുന്ന ക്രമക്കേടുകളെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 126,77,45,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(മാവേലി സ്റ്റോറുകളിൽനിന്നും നൽകുന്ന സാധനങ്ങൾക്ക് കൂടുതൽ ഗുണനിലവാരം ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 126,77,45,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(പൊതുവിതരണ സമ്പ്രദായം നിലനിറുത്തുന്നതിന് വേണ്ടി കേരളത്തിന്റെ ഭാഗത്ത്നിന്ന് കൂട്ടായ ശ്രമം ഉണ്ടാകേണ്ടതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ഡോ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 126,77,45,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. എ. അസീസ്: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 126,77,45,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 126,77,45,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 126,77,45,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 126,77,45,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 126,77,45,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പിരപ്പൻകോട് മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 126,77,45,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 126,77,45,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 126,77,45,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 126,77,45,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 126,77,45,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സാജു പോൾ: സർ, ഞാൻ താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 126,77,45,000 ക.യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. ജെ. ജോയി]

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, പരസ്പര വിശ്വാസവും കെട്ടുറപ്പും കൂട്ടുത്തരവാദിത്വവും ഇല്ലാതെ ആരോഗ്യം നഷ്ടപ്പെട്ട് ചികിത്സകളൊന്നും തന്നെ ഫലപ്രദമായി ഏൽക്കാതെ ഊർദ്ധശ്വാസം വലിക്കുന്ന ഒരു മന്ത്രിസഭയും ഗവൺമെന്റുമാണ് ഇവിടെയുള്ളത്. അടുത്ത ഒരു മന്ത്രിസഭാ പുനസംഘടന എന്ന ട്രീറ്റ്മെന്റിലൂടെ ആരോഗ്യം തിരിച്ചുപിടിക്കാം എന്നുള്ള ചുമ്മാ പ്രതീക്ഷയോടുകൂടി ബാക്കികാലം തള്ളി നീക്കുന്ന ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റിനുവേണ്ടിയുള്ള ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. സേവന മേഖലയിൽ നിന്നും പുറംകോട്ട് പോകാൻ തീരുമാനിച്ച ഈ ഗവൺമെന്റ് ആരോഗ്യ മേഖലയിലും സ്വകാര്യവൽക്കരണ നയം തന്നെയാണ് കൊണ്ടുവരുന്നത്. കേരള സർക്കാർ ആവിഷ്ക്കരിച്ചിരിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കേരളത്തിലെ ആരോഗ്യ സംവിധാനത്തെ തകർക്കുന്ന സംവിധാനത്തിലേക്കാണ് എത്തിക്കുന്നത്. കുടിവെള്ള വിതരണം, ശുചീകരണം എന്നിവയിലെ യൂസേഴ്സ് ഫീസ് ഗണ്യമായി ഉയർത്തി, അവയെ സ്വകാര്യവൽക്കരിച്ച് ലാഭം കൊയ്യാനുള്ള സംവിധാനമാക്കി മാറ്റുകയാണ്. സാധാരണക്കാരുടെ ആശ്രയമായ സർക്കാർ ആശുപത്രികളിൽ അവർക്ക് ആശ്വാസമല്ല കൂടുതൽ വേദനയാണ് നൽകുന്നത്. അവരെ സംബന്ധിച്ച് ചികിത്സ ഏറ്റവും ചെലവേറിയതായി മാറിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ആശുപത്രിയിൽ സൗജന്യ ചികിത്സക്ക് എത്തുന്നതിൽ ബഹുഭൂരിപക്ഷവും ഭക്ഷണത്തിനുപോലും വകയില്ലാത്ത ആളുകളാണ്. അവരുടെ രോഗത്തിന്റെ മൂലകാരണം തന്നെ ദാരിദ്ര്യമാണ്. ഇന്ന് രോഗം പിടിപെട്ട പാവങ്ങളെ ചികിത്സിക്കുകയല്ല ശിക്ഷിക്കുകയാണ് ചെയ്യുന്നത്. ആരോഗ്യ രംഗത്ത് കേരളം വളരെ മുന്നിലാണ്. കേരളം ഇക്കാര്യത്തിൽ അന്താരാഷ്ട്ര നിലവാരം പുലർത്തുന്നു എന്നൊക്കെ പറയുന്നു. നമ്മുടെ ഗ്രാമങ്ങളിലും പട്ടണങ്ങളിലും ധാരാളമായുള്ള സർക്കാർ ആശുപത്രികളും ഹെൽത്ത് സെന്ററുകളുമാണ് ഇതിന് കാരണം. ഒരുപാട് പോരായ്മകൾ നമ്മുടെ സർക്കാർ ആശുപത്രികളിലുണ്ട്. എങ്കിലും സ്വകാര്യ ആശുപത്രികളുടെ ചൂഷണത്തിൽനിന്നും സാധാരണക്കാരായ ആളുകളെ വലിയ ഒരു അളവിൽ സർക്കാർ ആശുപത്രികൾ രക്ഷിക്കുന്നുണ്ട്. എന്നാൽ സർക്കാർ ആശുപത്രികളുടെ സേവനം കുറഞ്ഞു കുറഞ്ഞു വരുകയാണ്. അഞ്ച് വർഷംമുമ്പ് മെഡിക്കൽ കോളേജിൽ വരുന്ന രോഗികളിൽ 80 ശതമാനത്തിനും സൗജന്യമായി ചികിത്സ ലഭിച്ചിരുന്നുവെങ്കിൽ ഇന്ന് അത് 25 ശതമാനവും 30 ശതമാനവുമായി കുറഞ്ഞിരിക്കുകയാണ്. ലോക ബാങ്കിൽ നിന്നും 800 കോടി രൂപയുടെ വികസന പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ ഈ പണം ജനങ്ങളിൽ നിന്നുതന്നെ ഈടാക്കുമെന്നും തിരിച്ചു പിടിക്കുമെന്നും പറയുന്നത് ഏറ്റവും ദു:ഖകരമാണ്. യഥാർത്ഥത്തിൽ ഇവിടെ ആദ്യം ചികിത്സ വേണ്ടത് സർക്കാരിന്റെ ഈ ദുഷ്ടബുദ്ധിക്കാണ്. മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ നമുക്ക് ആവശ്യമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയ്ക്ക് പോയ മുൻ ഗവർണ്ണർക്ക് ഉണ്ടായ അനുഭവം നമുക്ക് അറിയാം. ഇത്തരം സംഭവങ്ങൾ ഈ വകുപ്പിനും നമ്മുടെ നാടിനും തന്നെ അപമാനം ഉണ്ടാക്കുന്നതാണ്. അതുപോലെ തന്നെ മുൻമന്ത്രി ശ്രീ. പി. ശങ്കരന് ഉണ്ടായ അനുഭവം. ചികിത്സയ്ക്ക് ചെന്നതിന്ശേഷം അദ്ദേഹത്തിന് സ്വകാര്യ ആശുപത്രിയെ അഭയം പ്രാപിക്കേണ്ടി വന്നത് അതിന്റെ ഭാഗമായിട്ട് തന്നെയാണ്. പിന്നെ സാധാരണക്കാരുടെ സ്ഥിതി പറയാനുണ്ടോ? സർക്കാർ ആശുപത്രികൾ ഇന്ന് അഴിമതിയുടേയും അവഗണനയുടേയും കൂത്തരങ്ങായി മാറിക്കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിനോട് അനുബന്ധിച്ചുള്ള രക്ത ബാങ്കിൽ 69 രൂപയുടെ ബ്ലഡ് ബാഗിന് പകരം ഇപ്പോൾ ഉപയോഗിക്കുന്നത് 289 രൂപയുടേയും 689 രൂപയുടേയും ബ്ലഡ് ബാഗുകളാണ്.

<u>ശ്രീ. ജോണി നെല്ലൂർ:</u> ഈ നിയമസഭയിലെ ബഹുമാന്യനായ ഒരു മന്ത്രിയാണ്
11 a.m.] ശ്രീ. ശങ്കരൻ. അദ്ദേഹം ഇപ്പോഴും മന്ത്രിയായി തുടരുമ്പോൾ മുൻമന്ത്രി ശങ്കരൻ എന്ന് ബഹുമാനപ്പെട്ട അംഗം പ്രസംഗിച്ചത് ഓർഡറിലാണോ?

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ:</u> മുൻ ആരോഗ്യ വകുപ്പുമന്ത്രിയാണ്. അതുമാത്രമല്ല അദ്ദേഹത്തെ ഇന്ന് ചെയറിൽ കാണാനില്ല. അതുകൂടി ശ്രദ്ധിക്കണം. 69 രൂപയുടെ ബാഗ് ആവശ്യത്തിന് ലഭ്യമായിരിക്കെ ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം വരുത്തുന്ന അധിക ബാദ്ധ്യത ഉണ്ടാക്കിയതിന് ഉത്തരവാദിയാരാണ്?

ഇതിനുള്ള പണവും ബഡ്ജറ്റിൽ നിന്നാണോ വകയിരുത്തിയിട്ടുള്ളത്? ഒന്നരക്കോടി ജനങ്ങളുടെ ആശാകേന്ദ്രമായ കോഴിക്കോട് മെഡിക്കൽ കോളേജിനെക്കുറിച്ച്, ഈ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഏത് പ്രവർത്തനത്തെയും അങ്ങേയറ്റം പുകഴ്ത്തിക്കൊണ്ട് പറയുന്ന മലയാള മനോരമയുടെ മുഖപ്രസംഗത്തിൽ തന്നെ എഴുതിയിരിക്കുന്നു, 'മലബാറിന്റെ മുറിപ്പാട്' എന്ന്. അവിടെയുള്ള സംവിധാനങ്ങളെല്ലാം പോരാത്തതാണ്. കാലത്തിനൊത്ത് സർക്കാർ ആശുപത്രിയെ ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് ഈ സർക്കാരിന്റെ പോരായ്മ. രോഗികളുടെ എണ്ണം അനുസരിച്ച് ഡോക്ടർമാരില്ല. 30 രോഗികൾക്ക് ഒരു നഴ്സ് എന്നുപറയുമ്പോൾ ഒരു നഴ്സിന് 120 രോഗികളെ ശുശ്രൂഷിക്കേണ്ടി വരുന്നത് എത്രത്തോളം ബുദ്ധിമുട്ടുള്ള കാര്യമാണ്. അതുപോലെതന്നെ സർക്കാർ ആശുപത്രികളിലെ ജീവൻരക്ഷാപ്രവർത്തനങ്ങൾ. പ്രതീക്ഷിക്കാത്ത രീതിയിലുള്ള പ്രവർത്തനങ്ങളാണ് ആശുപത്രിയിൽ ചികിത്സിക്കാൻ ചെല്ലുമ്പോൾ കിട്ടുന്നത്. എലി കടിക്കലും ക്ലോസറ്റിൽ പ്രസവവും, ഫാൻ പൊട്ടിവീഴലുമെല്ലാമാണ് ഇതിൽപ്പെടുന്നത്. വൃദ്ധകൾക്കും കുട്ടികൾക്കുമുള്ള സർക്കാർ ആശുപത്രികളിൽ മതിയായ ശുചീകരണ സൗകര്യമില്ല. അത് എല്ലാവർക്കും അറിയാവുന്നതാണ്. പക്ഷേ ജയിലുകളിൽ കഴിയുന്ന COFEPOSA തടവുകാർക്കും കരിഞ്ചന്തക്കാർക്കും പൂഴ്ത്തിവയ്പ്പുകാർക്കും എല്ലാ സൗകര്യങ്ങളും അവിടെ കൊടുക്കുന്നുണ്ട്. പത്രങ്ങളിൽ ഇതുസംബന്ധിച്ച് വാർത്ത വരുന്നുണ്ട്. യൂറോപ്യൻ ക്ലോസറ്റും ടി.വി.യും നൽകാൻ സർക്കാർ മറക്കുന്നില്ല എന്നുള്ളത് ഇവിടെ ശ്രദ്ധിക്കേണ്ട കാര്യമാണ്. സർക്കാർ ആശുപത്രികളിൽ ഉപയോഗിച്ച സിറിഞ്ചുകൾ പുറത്തുകളയുന്നത് പുതിയ കവറുകളിലാക്കി വിൽപ്പന നടത്തുന്ന മാഫിയ സംഘങ്ങളെക്കുറിച്ച് അടുത്തകാലത്ത് പത്രങ്ങളിൽ വായിക്കുകയുണ്ടായി. ഈ സിറിഞ്ചുകൾ നശിപ്പിക്കാനുള്ള സംവിധാനമുണ്ടാക്കണം. നിർദ്ധനരായ രോഗികളെ സഹായിക്കാനുള്ള പേയിംഗ് കൗണ്ടറിലൂടെ മരുന്നുകൾ സാധാരണക്കാരായ രോഗികൾക്ക് ലഭിക്കുന്നില്ല. അവിടെ നിന്ന് മരുന്നുകൾ കളവ് പോകുന്നു. കുറഞ്ഞ വിലയിൽ ഔഷധം നൽകിയിരുന്ന നീതി സ്റ്റോറുകളേയും തകർത്ത് തരിപ്പണമാക്കിയിരിക്കുകയാണ്. അങ്ങനെ സാധാരണക്കാരന് ചികിത്സ അപ്രാപ്യമായിരിക്കുകയാണ്. സംസ്ഥാനത്തെ വിവിധ മരുന്ന് കമ്പനികളിൽ ഇരുപതിനായിരത്തോളം വരുന്ന മരുന്നുകൾ മൂന്ന് ലക്ഷം ബാച്ചുകളിലായി കേരളത്തിൽ വിൽക്കുന്നുണ്ട്. നിലവാരം കുറഞ്ഞ മരുന്നുകൾ സുലഭമാണ്. പക്ഷേ പരിശോധനയ്ക്കുള്ള സംവിധാനമില്ല. തിരുവനന്തപുരത്തുള്ള ഒരു ലാബിലാണ് ഇത് പരിശോധിക്കുന്നത്. പുതിയ ലബോറട്ടറി ആരംഭിക്കുന്നതിന് എന്തുകൊണ്ടാണ് സർക്കാർ മുൻകയ്യെടുക്കാത്തത്? കേന്ദ്ര സർക്കാർ 60 ലക്ഷം രൂപ പുതിയ തസ്തികകൾക്കും മൂന്ന് കോടി രൂപ ഉപകരണങ്ങൾക്കും ഗ്രാന്റായി നൽകുമ്പോൾ പുതിയ ലാബ് ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടി തുടങ്ങാത്തത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കണം. മന്തുരോഗ നിർമ്മാർജ്ജനത്തിനായി ജൂൺ 5-ന് മരുന്ന് വിതരണം ചെയ്യുമെന്ന് പ്രചാരണം നടത്തി അതിനുവേണ്ടി പ്രാഥമിക തയ്യാറെടുപ്പ് നടത്തി. ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട് പ്രചാരണം

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയെങ്കിലും അത് വിതരണം നടത്താതെ സർക്കാർ ഒഴിഞ്ഞുമാറുകയാണുണ്ടായത്. എയ്ഡ്സ്, കുഷ്ഠം, ക്ഷയം, അന്ധത എന്നീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ടി കേന്ദ്രം അനുവദിച്ച തുക ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്നില്ല. എയ്ഡ്സ് നിയന്ത്രണ സംഘടന സംസ്ഥാനത്തിന് അനുവദിച്ച തുകയിൽ 13 കോടിയോളം രൂപ പാഴാക്കിക്കളഞ്ഞിരിക്കുന്നു. അത് ഈ സർക്കാരിന്റെ പിടിപ്പുകേട് കൊണ്ടല്ലേ സംഭവിച്ചത്? പേ വിഷത്തിനെതിരെയുള്ള പ്രതിരോധ കുത്തിവെയ്പിന് നിലവാരം കുറഞ്ഞ അഭയാറാബ് എന്ന വാക്സിൻ വാങ്ങുക വഴി ഇടനിലക്കാർക്കാണ് ഗുണമുണ്ടായത്. ഇടനിലക്കാർക്ക് അഴിമതി നടത്താനുള്ള സൗകര്യമാണ് ഉണ്ടാക്കിക്കൊടുത്തിരിക്കുന്നത്. മറ്റൊന്ന് പരമ്പരാഗത ചികിത്സാ രീതിയായ ആയുർവേദത്തെക്കുറിച്ചാണ്. ആയുർവേദ വകുപ്പിൽ 140 മെഡിക്കൽ ഓഫീസർമാർ ഇന്നില്ല. അങ്ങനെയാണ് അത് പ്രവർത്തിക്കുന്നത്. കണ്ണൂർ, കോഴിക്കോട്, കൊല്ലം, വയനാട്, കോട്ടയം എന്നീ 5 ജില്ലകളിൽ മെഡിക്കൽ ഓഫീസർമാരില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തയ്യാറാക്കിയ മെഡിക്കൽ ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് മന്ത്രിയുടെ ഓഫീസിൽ വച്ചിരിക്കുകയാണ്. അത് കോൾഡ് സ്റ്റോറേജിലാണ്. അനുമതി നൽകുന്നതിന് മന്ത്രി തയ്യാറായിട്ടില്ല. ഡെങ്കിപ്പനിമൂലം 300 പേർ മരണപ്പെട്ട ഒരു സംസ്ഥാനമാണിത്. ഇത് തടയുന്നതിന് ഏറ്റവും ഫലപ്രദമായ രീതിയിൽ, പ്രശംസനീയമായ രീതിയിൽ പ്രവർത്തിച്ചത് ഹോമിയോ വകുപ്പാണ്. പക്ഷേ ആ ഹോമിയോ വകുപ്പിന് ഈ ഗവൺമെന്റ് വേണ്ടത്ര പരിഗണന നൽകുന്നില്ല. ചെലവ് കുറഞ്ഞതും പാർശ്വഫലങ്ങൾ ഇല്ലാത്തതും കൊച്ചുകുട്ടികളും പ്രായമായവരുംവരെ ഇന്ന് ചികിത്സയ്ക്ക് വേണ്ടി ആശ്രയിക്കുന്നതുമായ ഒരു വകുപ്പാണിത്. ഹോമിയോ ചികിത്സ ഇന്ന് തഴയപ്പെട്ടിരിക്കുകയാണ്. ഈ രംഗത്ത് ക്രിയാത്മകമായ പ്രവർത്തനം ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. അതിന് ഗവൺമെന്റ് തയ്യാറാകുന്നില്ല. എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ആശുപത്രികൾ തുടങ്ങുന്നതിനുള്ള അടിയന്തിര നടപടികൾ വേണം. സർക്കാർ ആശുപത്രികളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് 54 കോടി രൂപ അനുവദിച്ചതായി ഫെബ്രുവരി 28-ന് ആരോഗ്യ വകുപ്പുമന്ത്രി പ്രസ്താവന ഇറക്കുകയുണ്ടായി. പക്ഷേ വകുപ്പ് മേധാവികൾക്ക് ഈ തുക എവിടെയെന്നോ എങ്ങനെയെന്നോ അറിയുന്നില്ല. പ്രഖ്യാപനം വെറും ജലരേഖയായി മാറുകയാണ്. നമ്മുടെ സംസ്ഥാനത്തെ 5843 തസ്തികകൾ ആരോഗ്യ വകുപ്പിൽ ഒഴിഞ്ഞുകിടക്കുകയാണ്. ആ തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിക്കണം. പാലക്കാട് ജില്ലയിൽ പാർട്ട് ടൈം സ്വീപ്പർമാരെ നിയമിക്കുന്നതിനുവേണ്ടി ഇന്റർവ്യൂ നടത്തുകയുണ്ടായി. അക്കാര്യം പത്രങ്ങളിലെല്ലാം വന്നതാണ്. പക്ഷേ ഇന്റർവ്യൂവിന് പല ഭാഗത്തുനിന്നും ആളുകൾ എത്തുന്നതിന് മുൻപ് തന്നെ ആർക്കാണ് അവിടെ ജോലി കിട്ടേണ്ടതെന്ന് മുൻകൂട്ടി തീരുമാനിച്ചിരിക്കുകയാണ്. ഡി.സി.സി. ഓഫീസിൽ നിന്ന് കിട്ടിയ കത്തിന്റെ അടിസ്ഥാനത്തിൽ അവിടെയെല്ലാം തയ്യാറായിരിക്കുന്നു. അതുപോലെതന്നെ ഇന്റർവ്യൂ നടത്താൻ വന്നവരിൽ ആരോഗ്യ വകുപ്പുമായി ഒരു ബന്ധവുമില്ലാത്തവരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്നുപറയുന്നത് നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

നാടിനും ഈ വകുപ്പിനും നാണക്കേടാണ്. ഇനി ഞാൻ പറയാൻ പോകുന്നത് ഭക്ഷ്യവുമായി ബന്ധപ്പെട്ട കാര്യമാണ്, 1999-ൽ കേരളത്തിൽ 70 ലക്ഷത്തോളം വരുന്ന കാർഡ് ഉടമകൾക്ക് 1,55,000 ടൺ അരിയും 35,000 ടൺ ഗോതമ്പും അടക്കം 1,99,000 ടൺ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തിരുന്നു. ഇതിനുപുറമെ ഉത്സവകാലത്ത് കൂടുതൽ ധാന്യങ്ങൾ അനുവദിച്ചിരുന്നു. കറന്റുള്ള വീടുകൾക്ക് രണ്ട് ലിറ്റർ മണ്ണെണ്ണയും അല്ലാത്തവർക്ക് അഞ്ച് ലിറ്റർ മണ്ണെണ്ണയും സ്പെഷ്യൽ പെർമിറ്റ് പ്രകാരം ആറ് ലിറ്റർ മുതൽ പതിനെട്ട് ലിറ്റർ വരെയും മണ്ണെണ്ണ നൽകിയിരുന്നു. അതുകൂടാതെ മൈദ, സൂചി, ഭക്ഷ്യഎണ്ണ എന്നിവയും ആളോഹരി പഞ്ചസാര ഒരാൾക്ക് 800 ഗ്രാം വീതവും നൽകിയിരുന്നു. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ റേഷൻ കടകളിലൂടെ പലവ്യഞ്ജനങ്ങളും സർക്കാർ നൽകിയിരുന്നു. എന്നാൽ യു.ഡി.എഫ്-ന്റെ ഭരണത്തിൽ ഇതെല്ലാം വെറും ഓർമ്മകൾ മാത്രമായി നിലനിൽക്കുകയാണ്. റേഷൻ കടകളെ നോക്കുകുത്തികളായി മാറ്റിയിരിക്കുന്നു. കച്ചവടമില്ലാത്ത റേഷൻ കടക്കാർ ആത്മഹത്യ ചെയ്യുന്ന അവസ്ഥയുണ്ടായിരിക്കുന്നു. ഇന്ന് ബി.പി.എൽ. അന്ത്യോദയ, അന്നപൂർണ്ണ തുടങ്ങി എല്ലാ ഇനത്തിലും കൂടി 25 ശതമാനം പേർക്ക് മാത്രമാണ് റേഷൻ നൽകുന്നത്. 40,000 ടൺ അരി മാത്രമാണ് ഇതിന് ഉപയോഗിക്കുന്നത്. ഭരണനവീകരണ പരിപാടിയുടെ ഭാഗമായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ എണ്ണം കുറയ്ക്കുന്നതിന് വേണ്ടിയുള്ള തീരുമാനമെടുത്തു. അത് 7 ശതമാനമായി കുറയ്ക്കുമ്പോൾ ഇനിയും കുറയാൻ പോവുകയാണ്. കേരളത്തിലെ ബി.പി.എൽ. കാർഡ് ഉടമകൾക്ക് ബി.പി.എൽ. നിരക്കിൽ ഗോതമ്പ് ലഭിക്കുന്നില്ല. ഒന്നരക്കോടി ലിറ്റർ മണ്ണെണ്ണയാണ് കേരളത്തിൽ നിന്നും കേന്ദ്രസർക്കാർ വെട്ടിക്കുറച്ചത്. ബി.പി.എൽ.-കാർക്ക് പഞ്ചസാരയും നൽകുന്നില്ല. എൽ.ഡി.എഫ്. സർക്കാർ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുവേണ്ടി, സ്റ്റാറ്റ്യൂട്ടറി റേഷൻ സംവിധാനം നിലനിർത്തുന്നതിന് വേണ്ടി പ്രതിവർഷം 365 കോടി രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. എല്ലാവർക്കുമറിയാം. എല്ലാ റേഷൻ കാർഡുടമകൾക്കും റേഷൻ കാർഡിലെ അരി വാങ്ങാൻ പോയാൽ അതിൽ നിന്ന് ഒരു രൂപ സ്റ്റേറ്റ് സബ്സിഡിയായി നൽകിയിരുന്നു. പക്ഷേ അതെല്ലാം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പരിപൂർണ്ണമായി നിർത്തലാക്കിയിരിക്കുകയാണ്. എൻ.ഡി.എ. സർക്കാർ പഞ്ചസാരയ്ക്കും അരിക്കുമുള്ള സബ്സിഡി വെട്ടിക്കുറച്ചു. പെർമിറ്റ് പ്രകാരമുള്ള മണ്ണെണ്ണയുടെ വിതരണം നിർത്തലാക്കി. പ്രതികരിക്കാനോ എതിർക്കാനോ ഒന്നും തന്നെ കേരളത്തിലെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞില്ല. മാറിയ സാഹചര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി നമുക്ക് ആവശ്യപ്പെട്ടതെല്ലാം വാങ്ങിയെടുക്കാൻ വേണ്ട നടപടി സ്വീകരിക്കണം. റേഷൻ കാർഡുകളിലൂടെ ഇപ്പോൾ ഗുണനിലവാരമില്ലാത്ത അരിയാണ് വിൽക്കുന്നത്. മോശപ്പെട്ട അരിയായതുകൊണ്ട് ആരും വാങ്ങുന്നില്ല. പുഴുക്കലരി എന്നുപറഞ്ഞുകൊണ്ട് പുഴുവും അരിയും ചേർത്താണ് കൊടുക്കുന്നത്. ഒരു ലിറ്റർ മണ്ണെണ്ണ വാങ്ങുമ്പോൾ അതിന്റെ കൂടെ രണ്ട് കിലോ അരി വാങ്ങണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

നിർബന്ധിക്കുന്നത് ശരിയല്ല. അങ്ങനെ അരി ചെലവാകാതെ കിടക്കുന്നുണ്ടെങ്കിൽ പാവങ്ങൾക്ക് സൗജന്യമായി കൊടുക്കണം. മാവേലി സ്റ്റോർ, സപ്ലൈകോ എന്നിവയെ കടത്തിവെട്ടി മാർജിൻ ഫ്രീ മാർക്കറ്റുകൾ നമ്മുടെ രാജ്യത്ത് സുലഭമായി വരികയാണ്. അങ്ങനെ വരുന്നത് സ്വകാര്യ വ്യക്തികളെ സഹായിക്കുന്നതിന് വേണ്ടിയാണ്. അവർക്കാണ് അത് ഗുണകരമായി വരുന്നത്. സർക്കാർ കണ്ണടയ്ക്കുകയാണോ എന്ന് സംശയം തോന്നുന്നുണ്ട്. 30 ശതമാനം മുതൽ 40 ശതമാനം വരെ നിത്യോപയോഗ സാധനങ്ങൾക്ക് ഇന്ന് വില വർദ്ധിച്ചിരിക്കുകയാണ്. സാധാരണക്കാരായ വീട്ടമ്മമാരെ സംബന്ധിച്ചിടത്തോളം അവരുടെ കുടുംബ ബഡ്ജറ്റ് തകർന്നിരിക്കുകയാണ്. പാചകവാതകത്തിനും പെട്രോളിയം ഉൽപ്പന്നങ്ങൾക്കും വില വർദ്ധിച്ചതുകൊണ്ട് കുടുംബത്തിൽ ഇന്ന് രണ്ട് അറ്റവും കൂട്ടിമുട്ടിക്കാൻ കഴിയാതെ വീട്ടമ്മമാരാണ് ഏറ്റവും കൂടുതൽ വിഷമിക്കുന്നത്. കൊച്ചി-തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് ഇന്ന് ശമ്പളമെങ്കിലും ഉണ്ടെന്ന് ആശ്വസിക്കാം. മലബാറിലെ ദേവസ്വം ജീവനക്കാരുടെ കാര്യം വലിയ കഷ്ടമാണ്. ആറായിരത്തോളം വരുന്ന ക്ഷേത്ര ജീവനക്കാരുടെ കുടുംബങ്ങൾ പട്ടിണിയിലാണ്. മലബാർ ദേവസ്വം ബിൽ സെലക്ട് കമ്മിറ്റിക്ക് വിട്ടിട്ട് മൂന്ന് വർഷത്തിലധികമായി. അതിന്റെ സ്ഥിതി എന്തായി എന്നറിയില്ല. വാരണാസി, മധുര എന്നീ ദേശീയ തീർത്ഥാടന കേന്ദ്രങ്ങൾക്കൊപ്പം പ്രാധാന്യമർഹിക്കുന്ന ശബരിമലയെ എന്തുകൊണ്ട് ദേശീയ തീർത്ഥാടന കേന്ദ്രമാക്കിയില്ല. ശബരിമലയിലെ ശുചീകരണ സംവിധാനവുമായി ബന്ധപ്പെട്ട് പമ്പ ആക്ഷൻ പ്ലാൻ കൊണ്ടുവന്നപ്പോൾ മൊത്തം ചെലവിന്റെ 25 ശതമാനം വഹിക്കേണ്ടിവരും; അത് ചെയ്യാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉറപ്പ് കൊടുത്തതാണ്. പക്ഷേ വകുപ്പ് മന്ത്രി അത് ചെയ്യുന്നില്ല. അതുപോലെതന്നെ സിനിമാവ്യവസായം ഇന്ന് പ്രതിസന്ധിയുടെ ഘട്ടത്തിലാണ്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി തീരുമാനിച്ചു. ഇപ്പോൾ അവിടെ പിൻവാതിൽ നിയമനം നടക്കുന്നു. കോവളം കൊട്ടാരവുമായി ബന്ധപ്പെട്ടുകൊണ്ട് 50 ലക്ഷം രൂപ രാഷ്ട്രീയ നേതൃത്വങ്ങൾ വാങ്ങിയെന്നുപറയുന്നു. അതുപോലെ ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജിന് അംഗീകാരമില്ലായെന്നു പറഞ്ഞുകൊണ്ട് അവിടെ ഈ പ്രാവശ്യം അഡ്മിഷൻ നിർത്തിവച്ചിരിക്കുന്നു.

<u>ശ്രീ. തമ്പാനൂർ രവി</u> : സർ, ഞാൻ ഈ ഡിമാന്റുകളെ അനുകൂലിക്കുകയാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് വകുപ്പുകളെ സംബന്ധിക്കുന്ന ധനാഭ്യർത്ഥനയുടെ ചർച്ചകളാണ് ഇന്ന് ഇവിടെ നടക്കുന്നത്; മനുഷ്യന്റെ ജീവിതവുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട രണ്ടു വകുപ്പുകളാണ് ആരോഗ്യവും ഭക്ഷ്യവും. ആരോഗ്യ വകുപ്പിനെക്കുറിച്ച് പറയുമ്പോൾ, ആദ്യം പ്രസംഗിച്ചു തുടങ്ങിയ ബഹുമാന്യരായ മെമ്പർ ഉൾപ്പെടെ നമ്മുടെ ആശുപത്രികളിലെ പോരായ്മകളെക്കുറിച്ച് വളരെ വിശദമായി പറയുകയുണ്ടായി. ഞാൻ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

അവതരിപ്പിച്ച ബഡ്ജറ്റ് മുഴുവൻ നോക്കുകയുണ്ടായി. ആകെ ആരോഗ്യ വകുപ്പിന് 9,25,22,51,000 രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. ഏറ്റവും വലിയ സേവന മേഖലയായ ആരോഗ്യ മേഖലയിൽ 925 കോടി 22 ലക്ഷം രൂപ എന്ന് പറയുമ്പോൾ അതിൽ ഏതാണ്ട് 600 കോടി രൂപയിൽ അധികം ശമ്പളത്തിനും മറ്റ് ആവശ്യങ്ങൾക്കും വേണ്ടിയാണ് ചെലവഴിക്കുന്നത്. കേരളത്തിലെ പ്രൈമറി ഹെൽത്ത് സെന്റർ തൊട്ട് മെഡിക്കൽ കോളേജ് വരെയുള്ള ഒരു വലിയ ചികിൽസാശൃംഖലയ്ക്ക്, മരുന്നു വാങ്ങാൻ മാറ്റിവയ്ക്കാവുന്ന തുക എന്നു പറയുന്നത് കേവലം 300 കോടി രൂപ മാത്രമാണ്. അവിടെയാണ് ഇതിന്റെ പരിതാപകരമായ അവസ്ഥ ഞാൻ കാണുന്നത്. ഇതൊരു സേവന മേഖലയാണ്. ബഡ്ജറ്റിൽ 100 രൂപ വരുന്നിടത്തേയ്ക്ക് ഏതാണ്ട് 95 രൂപ 25 പൈസയും ശമ്പളത്തിനും പെൻഷനും അതുപോലെ മറ്റ് കാര്യങ്ങൾക്കും വേണ്ടിയാണ് ചെലവഴിക്കുന്നത്. ഓരോ 100 രൂപ ഖജനാവിൽ വരുമ്പോഴേക്കും 4 രൂപ 75 പൈസ മാത്രമാണ് നമുക്ക് വികസന കാര്യങ്ങൾക്കുവേണ്ടിയുള്ളത്. സർവ്വീസ് സെക്ടറായ ആരോഗ്യം, സേവന മേഖലയായ വിദ്യാഭ്യാസം എന്നീ രണ്ട് മേഖലയ്ക്കുവേണ്ട പ്രവർത്തനം ആരംഭിക്കുമ്പോൾതന്നെ തുടക്കത്തിലെ കടംവാങ്ങി പ്രവർത്തനം ആരംഭിക്കേണ്ട അവസ്ഥയാണ് ഇന്ന് കേരളത്തിലുള്ളത്. അതുകൊണ്ട് എന്റെ അഭിപ്രായം മറ്റ് ഏത് മേഖലയിൽ അല്പം കട്ട്വരുത്തിയാലും കുറച്ചുകൂടി ബഡ്ജറ്ററി സപ്പോർട്ട് ആരോഗ്യമേഖലയ്ക്ക് കൊടുത്തെങ്കിൽ മാത്രമേ ഇന്ന് കേരളത്തിൽ നിലനിൽക്കുന്ന ഈ പരിതാപകരമായ അവസ്ഥയ്ക്ക് മാറ്റം ഉണ്ടാക്കാൻ കഴിയൂ എന്നാണ്. ഇന്നിപ്പോൾ ഇവിടെ സ്പെഷ്യാലിറ്റിയുടേയും സൂപ്പർ സ്പെഷ്യാലിറ്റിയുടേയും കാലമാണ്; പഴയകാലമല്ല. പണ്ട് ഡോക്ടറുടെ അടുത്തു ചെന്ന് വയറുവേദന എന്നോ പനി എന്നോ പറഞ്ഞാൽ ഗുളികയോ മരുന്നോ ഒക്കെ തരും. പലപ്പോഴും ഡോക്ടറുടെ അടുത്ത് രാത്രി പോയി പറഞ്ഞാൽ വീടിന്റെ രണ്ടാമത്തെ നിലയിൽ നിന്ന് മരുന്നിന്റെ തുണ്ടെഴുതി താഴെയിടുന്ന കാലമുണ്ടായിരുന്നു. ഇന്ന് അത് മാറി. ശാസ്ത്ര-സാങ്കേതിക രംഗത്തുണ്ടായ അത്ഭുതകരമായ നേട്ടത്തിന്റെ ഫലമായി സൂപ്പർസ്പെഷ്യാലിറ്റി വന്നു. ഓപ്പറേഷൻ ചെയ്യുന്ന ഡോക്ടർക്ക് ആ രോഗിയുടെ അവയവം നേരിൽ കണ്ടു കൊണ്ട് അതിലൂടെ ഓപ്പറേഷൻ നടത്തുന്ന സംവിധാനം ഇപ്പോഴുണ്ട്. എല്ലാ രംഗത്തും വലിയ മാറ്റം ഉണ്ടാകുമ്പോൾ അതിനനുസരണമായി കേരളം മാറണം. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപെടുത്തുമ്പോൾ ആരോഗ്യ രംഗത്ത് ഒരുപാട് നേട്ടങ്ങൾ പറയാനുള്ള സംസ്ഥാനമാണ് കേരളം. ഇന്ന് അത് മാറി ഡങ്കിപ്പനി, എലിപ്പനി തുടങ്ങിയ മാരകമായ രോഗങ്ങൾ പടർന്ന് സാധാരണക്കാർ മരിക്കുന്ന ഒരു സ്ഥിതിയിൽ സംസ്ഥാനം എത്തിനിൽക്കുന്നു. എവിടെ നിന്നെങ്കിലും കൂടുതൽ തുക ബഡ്ജറ്റിൽ അനുവദിച്ചുകൊണ്ട് ഈ രംഗം ശക്തിപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ എന്താണ് സ്ഥിതി? നമ്മുടെ ആരോഗ്യശൃംഖല എന്താണ് ? പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, താലൂക്ക് ഹോസ്പിറ്റൽ, ഡിസ്ട്രിക്ട് ഹോസ്പിറ്റൽ, മെഡിക്കൽ കോളേജ്,

LIBRARY ARCHIVES Kerala Legislative Assembly

ഇതാണ് നമ്മുടെ ശൃംഖല. എന്തൊരു തള്ളലാണ് മെഡിക്കൽ കോളേജ് ആശുപത്രികളിൽ അനുഭവപ്പെടുന്നത്? ബഹുമാനപ്പെട്ട സ്പീക്കർ വക്കം പുരുഷോത്തമൻ മുമ്പ് ആരോഗ്യ വകുപ്പ് മന്ത്രിയായിരുന്ന കാലത്ത് കേരളത്തിലെ മെഡിക്കൽ കോളേജുകളെ റഫറൽ ഹോസ്പിറ്റലുകൾ ആക്കുകയുണ്ടായി. പി.എച്ച്.സി.-യിൽ നിന്ന്, സി.എച്ച്.സി.-യിൽ നിന്ന്, താലൂക്ക് ഹോസ്പിറ്റലിൽ നിന്ന് റഫർ ചെയ്യുന്ന രോഗികളെ മാത്രം ചികിൽസിക്കുന്ന കേന്ദ്രങ്ങളാക്കി മെഡിക്കൽ കോളേജുകളെ മാറ്റുകയുണ്ടായി. അങ്ങനെ മാറ്റുന്ന റഫറൽസ് കേന്ദ്രങ്ങളിൽ എത്തുന്ന രോഗികൾക്ക് നല്ല സേവനം കൊടുക്കണമെങ്കിൽ ആ കേന്ദ്രങ്ങൾ പ്രധാനപ്പെട്ട രോഗങ്ങൾക്ക് ചികിൽസിക്കുന്ന കേന്ദ്രങ്ങളായി മാറാൻ കഴിയണം. അതിനായി ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ച പ്രൈമറി ഹെൽത്ത് സെന്റർ തൊട്ട് ജില്ലാ ആശുപത്രിവരെയുള്ള സംവിധാനങ്ങളിൽ മാറ്റം ഉണ്ടാക്കിക്കൊണ്ട് അത്യാവശ്യം വേണ്ട സൗകര്യങ്ങൾ അവിടെയുണ്ടാക്കാൻ നമുക്ക് കഴിയണം. ഇന്ന് ആ സൗകര്യങ്ങൾ ലഭ്യമല്ല. ജില്ലാ ആശുപത്രി പരിശോധിച്ചാൽ, താലൂക്ക് ആശുപത്രി പരിശോധിച്ചാൽ, പ്രൈമറി ഹെൽത്ത് സെന്റർ പരിശോധിച്ചാൽ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പരിശോധിച്ചാൽ സാധാരണ രോഗത്തിന് ചികിൽസിക്കാനുള്ള സൗകര്യങ്ങൾ പോലും അവിടെയില്ലാത്തതുകൊണ്ട് അവിടെ എത്തുന്ന എല്ലാ രോഗികളേയും റഫർ ചെയ്തു മെഡിക്കൽ കോളേജിലേയ്ക്ക് അയയ്ക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഓർത്തോ യൂണിറ്റിൽ 80–100 പേർ കിടക്കാനുള്ള സ്ഥലംമാത്രമേയുള്ളൂ. അവിടെ 500–1000 പേർ കിടക്കുകയാണ്. ആ വാർഡിൽ കയറാൻ നിവൃത്തിയില്ല മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ എങ്കിലും അത്യാവശ്യം വേണ്ട എല്ലാ സൗകര്യങ്ങളും ഏർപ്പാട് ചെയ്ത്, അതിന് പ്രത്യേകമായ ഫണ്ട് അനുവദിച്ച് മെഡിക്കൽ കോളേജ് ആശുപത്രികളെ പൂർണ്ണമായും റഫറൽ ആശുപത്രിയായി മാറ്റാൻ കഴിയണം. അതൊടൊപ്പം തന്നെ സാധാരണ വരുന്ന എല്ലാ രോഗങ്ങൾക്കും ചികിൽസിക്കാൻ വരുന്നവർക്ക് വേണ്ട സൗകര്യം ഡിസ്ട്രിക്ട് ഹോസ്പിറ്റലിലും താലൂക്ക് ഹോസ്പിറ്റലിലും പി.എച്ച്.സി.-യിലും ഉണ്ടാക്കാനുള്ള ഫണ്ടും സംവിധാനവും ഗവൺമെന്റ് അടിയന്തിരമായി നൽകണം. ഇന്നലെ ഞങ്ങൾക്ക് തന്ന അസംബ്ലി കവറിൽ ഹെൽത്ത് സർവീസ് ഡിപ്പാർട്ടുമെന്റിന്റെ Annual plan, detailed implementation plan using Result Based Management (RBM) ഇറക്കുന്ന ഒരു പുസ്തകമുണ്ട്. അതുനോക്കുമ്പോൾ ഒരുകാര്യം വ്യക്തമാണ്; ഈ ഗവൺമെന്റിന്റെ പുതിയ ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ. കടവൂർ ശിവദാസന് വളരെ വ്യക്തമായ ഒരു കാഴ്ചപ്പാട് ഈ രംഗത്തുണ്ടായിരിക്കുന്നു. കേരളത്തിൽ പണി പൂർത്തിയായി കിടക്കുന്ന സ്റ്റാഫില്ലാത്ത സ്ഥലങ്ങളിൽ സ്റ്റാഫിനെ നൽകുക, പ്രൈമറി ഹെൽത്ത് സെന്ററുകൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ കൂടുതൽ സംവിധാനം കൊടുക്കുക, മെഡിക്കൽ കോളേജ് നന്നാക്കുക. എന്റെ അറിവ് ശരിയാണെങ്കിൽ ഒരുമാസം മുമ്പ് കൂടിയ ക്യാബിനറ്റ് യോഗത്തിൽ, ആരോഗ്യ വകുപ്പ് മന്ത്രി പ്രത്യേകം താൽപര്യമെടുത്ത്,

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേക താല്പര്യമെടുത്ത് ഈ ശൃംഖലകളിലെ പ്രത്യേകമായ പ്രശ്നങ്ങൾ മനസ്സിലാക്കി, പി.എച്ച്.സി.-കൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിലെ സൗകര്യങ്ങൾ സ്ട്രെങ്തൻ ചെയ്യാനുള്ള ഒരു സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ട്. ഒട്ടും കാലതാമസം കൂടാതെ അത് നടപ്പിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. സി. പി. മുഹമ്മദ് : സർ, ബഹുമാനപ്പെട്ട കടവൂർ ശിവദാസൻ ഈ പുസ്തകത്തിൽ പറഞ്ഞ പ്രകാരമുള്ള ഒരുപാട് പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ പുസ്തകത്തിൽ ആയുർവേദത്തെക്കുറിച്ചും ഹോമിയോപ്പതിയെക്കുറിച്ചും ഒന്നും പരാമർശിച്ചു കണ്ടില്ല. അത് എന്താണെന്ന് അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. തമ്പാനൂർ രവി : സർ, തീർച്ചയായിട്ടും ഞാൻ അത് കണ്ടു. ആയുർവേദത്തെക്കുറിച്ചും ഹോമിയോപ്പതിയെക്കുറിച്ചുംകൂടി വളരെ വ്യക്തതയുണ്ടാകണം. കൂടുതൽ ആളുകൾ ചികിൽസയ്ക്ക് ആയുർവേദത്തിലേയ്ക്കും ഹോമിയോപ്പതിയിലേയ്ക്കും പോകുന്ന കാലഘട്ടത്തിൽ അതും കൂടി സ്ട്രെങ്തൻ ചെയ്യാൻ ഒരു സംവിധാനം വേണമെന്നുതന്നെയാണ് ഞാൻ പറയുന്നത്. ആകെ 300 കോടി രൂപയേയുള്ളൂ. അതുകൊണ്ട് അതിൽ മാറ്റമുണ്ടാകണം. ശ്രമിച്ചാൽ തീർച്ചയായും അത് നടക്കുന്ന കാര്യമാണ്.....

ഡോ: എ. നീലലോഹിതദാസൻ നാടാർ : സർ, ബഹുമാനപ്പെട്ട ശ്രീ. കടവൂർ ശിവദാസന് അദ്ദേഹം വിഭാവന ചെയ്യുന്ന കാര്യങ്ങൾ ആരോഗ്യ വകുപ്പിൽ നടപ്പിലാക്കാനുള്ള സാവകാശവും അവസരവും തുടർന്നും അങ്ങയുടെ പാർട്ടി നൽകുമോ ?

ശ്രീ. തമ്പാനൂർ രവി : സർ, തീർച്ചയായിട്ടും നൽകും. അങ്ങേയ്ക്ക് അറിയാമല്ലോ അദ്ദേഹം ഏറ്റെടുക്കുന്ന ജോലി അത് ഇലക്ട്രിസിറ്റി വകുപ്പോ ആരോഗ്യ വകുപ്പോ ആകട്ടെ ഏറ്റെടുക്കുന്ന വകുപ്പിൽ ഇരിക്കുന്ന സമയത്ത് ഏറ്റവും നല്ല നിലയിൽ കാര്യങ്ങൾ ചെയ്യുമെന്ന കാര്യത്തിൽ ആർക്കും സംശയം വേണ്ട. .....

ശ്രീ. സി. പി. മുഹമ്മദ് : സർ, ഏതായാലും ശ്രീ. കടവൂർ ശിവദാസൻ കേരളത്തിന്റെ ആരോഗ്യ വകുപ്പ് മന്ത്രിയായിരിക്കുന്ന കാലത്ത് പണ്ട് നടന്നതുപോലെ ഉടുമുണ്ട് ഇല്ലാതെ കേരളത്തിൽ ഒരു ഹോസ്പിറ്റലിലും ഒരു രോഗിയും കിടക്കേണ്ടിവരില്ല.

ശ്രീ. തമ്പാനൂർ രവി : സർ, അത് വളരെ വ്യക്തമാണല്ലോ. ചുരുങ്ങിയ ദിവസം കൊണ്ടുതന്നെ ഇത്രയേറെ കാര്യങ്ങൾ ചെയ്യാനുള്ള ഒരു മനസ് കാണിക്കുകയും അത് പ്രസംഗിക്കുകമാത്രമല്ല പ്രവൃത്തിപഥത്തിൽ കൊണ്ടുവരാനും തയ്യാറായി എന്നുള്ളതാണ്.

ശ്രീ. കെ. കെ. ഷാജു : സർ, ഇപ്പോൾ ഡോ. നീലലോഹിതദാസൻ നാടാർ അങ്ങയോട് ഒരു ചോദ്യം ചോദിച്ചു. മന്ത്രിയായി അവിടെ തുടരുമോ എന്ന്. അദ്ദേഹം മന്ത്രിയായിരുന്ന സമയത്ത് ഇടയ്ക്ക് വച്ച് പണിനിർത്തി പോകേണ്ടിവന്നത് ഓർത്തിട്ടാണോ അങ്ങനെ ചോദിച്ചതെന്ന് അങ്ങേയ്ക്ക് തോന്നുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തമ്പാനൂർ രവി : സർ, ബഹുമാന്യനായ നീലലോഹിതദാസൻ നാടാർ എന്റെ സുഹൃത്താണ്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ....

ശ്രീ. ബി. വിജയകുമാർ : സർ, ഇവിടെ ചർച്ചാവിഷയം മാറിപ്പോകുന്നു. ഞാൻ ഏറ്റവും പ്രധാനപ്പെട്ട വിഷയം ശ്രദ്ധയിൽപെടുത്താൻ ആഗ്രഹിക്കുകയാണ്. ഒരു കാലഘട്ടത്തിൽ പ്രൈവറ്റ് പ്രാക്ടീസിനെതിരായിട്ടായിരുന്നു വാദം മുഴുവൻ. ഇന്ന് ഡോക്ടർമാർക്ക് പ്രൈവറ്റ് പ്രാക്ടീസ് പരക്കെ അംഗീകരിച്ചിട്ടുണ്ട്. ഡോക്ടർമാർക്ക് സ്വകാര്യ പ്രാക്ടീസ് വഴി ധാരാളം വരുമാനവും കിട്ടുന്നുണ്ട്. അങ്ങനെ കിട്ടുമെന്നിരിക്കെ സ്വകാര്യ ലബോറട്ടറികളിൽ നിന്ന് എക്സറേ എടുക്കുന്നതിന്റെ ഫലമായി, ഇ.സി.ജി. എടുക്കുന്നതിന്റെ ഫലമായി, സ്കാനിംഗ് എടുക്കുന്നതിന്റെ ഫലമായി കിട്ടുന്ന കമ്മീഷൻ ഉപേക്ഷിക്കാൻ തയ്യാറാകണമെന്ന് മെമ്പർക്ക് അഭിപ്രായമുണ്ടോ ? ഡോക്ടർമാർ അങ്ങനെ ഉപേക്ഷിച്ച് അതിൽനിന്നുള്ള ചാർജ്ജ് കൂടി പാവപ്പെട്ട രോഗികൾക്ക് കുറച്ചുകൊടുക്കാൻ ഈ ലബോറട്ടറികളെ നിർബന്ധിക്കാൻ ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ ?

ശ്രീ. തമ്പാനൂർ രവി : സർ, ബഹുമാന്യനായ അങ്ങ് ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. അതാണ് ഞാൻ ഇന്ന് ഇവിടെ പറഞ്ഞത്. പ്രൈമറിതലം മുതൽ ജില്ലാതലം വരെയുള്ള ആശുപത്രികളുടെ ഫെസിലിറ്റീസ് സ്ട്രെങ്തൻ ചെയ്യണം. അത് സ്ട്രെങ്തൻ ചെയ്യുമ്പോൾ ഈ പ്രശ്നം ഉണ്ടാകുവാൻ സാധ്യതയില്ല. ഇപ്പോൾ എന്താണ് സ്ഥിതി ? സർക്കാർ ആശുപത്രിയിൽപോയാലും ജില്ലാ ആശുപത്രിയിൽ പോയാലും ഒരു പരിശോധനയ്ക്കും സൗകര്യമില്ല. അത്തരം കമ്മീഷൻസിന്റെ പൂർണ്ണ നിയന്ത്രണം അത്യാവശ്യം തന്നെയാണ്. യാതൊരു സംശയവുമില്ല. ഇവിടെ ഞാൻ പറഞ്ഞു വന്നത്, അവശ്യം വേണ്ട സാധാരണ സർജറി, മെഡിസിൻ എന്നിവ ലഭ്യമാക്കണമെന്നാണ്. ഹൃദ്രോഗം വളരെ കൂടുതൽ ആളുകൾക്ക് വരുന്ന ഒരു രോഗമാണ്. അത് ചികിത്സിക്കുവാനുള്ള ഇന്റൻസീവ് കെയർ യൂണിറ്റ്, ഓർത്തോ യൂണിറ്റുകൾ എന്നീ സൗകര്യങ്ങൾ കൂടുതൽ ലഭ്യമാക്കണം. ഇപ്പോൾ റോഡ് അപകടങ്ങൾ വളരെ കൂടുകയാണ്. സാധാരണ അപകടമുണ്ടായാൽ അത്യാവശ്യം വേണ്ട ഒരു ചെറിയ സർജറി ചെയ്യണമെങ്കിൽപോലും, ഒരു ചെറിയ ഒടിവോ ചതവോ വന്നാൽ അതെല്ലാം മെഡിക്കൽകോളേജിലേയ്ക്ക് റഫർ ചെയ്യുകയാണ്. ഞാൻ ഉദാഹരണം പറയാം. നെയ്യാറ്റിൻകര താലൂക്ക് ആശുപത്രി കേരളത്തിലെ ഏറ്റവും വലിയ താലൂക്ക് ആശുപത്രിയാണ്. സംസ്ഥാന അതിർത്തി പ്രദേശത്താണ് ഇതു സ്ഥിതി ചെയ്യുന്നത്. മെഡിക്കൽ ലീഗോ കേസസ് ധാരാളം വരുന്ന സ്ഥലമാണ്. അവിടെ പോലും ഒരു നല്ല കാഷ്വാലിറ്റി വിഭാഗം ഇല്ല. ഒരു അപകടം വന്ന് പത്തോ ഇരുപതോ പേരെ കൊണ്ടുവന്നാൽ അവരെ മുഴുവൻ മെഡിക്കൽകോളേജിൽ റഫർ ചെയ്യുകയാണ്. ആ റഫർ ചെയ്യുന്ന കേസസിന്റെ എൺപത് ശതമാനവും അവിടെ ചികിത്സിക്കാം. എന്റെ അഭിപ്രായത്തിൽ നെയ്യാറ്റിൻകര താലൂക്ക് ആശുപത്രി പോലെയുള്ള വലിയ താലൂക്ക് ആശുപത്രികൾക്ക് ജില്ലാ ആശുപത്രി സ്റ്റാറ്റസ്

നല്കണം. ഇപ്പോൾ സങ്കല്പം എന്താണ് ? ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രി മാത്രം. ആ കൺസപ്ട് ആവശ്യമനുസരിച്ച് മാറ്റണം. തലശ്ശേരി ഉൾപ്പെടെ രണ്ടോ മൂന്നോ വലിയ താലൂക്ക് ആശുപത്രികളെ കേരളത്തിലുള്ളൂ. അത് സെലക്ട് ചെയ്തിട്ട് ആ ആശുപത്രികളെ ജില്ലാ സ്റ്റാറ്റസിലേയ്ക്ക് ഉയർത്തിക്കൊണ്ട് അവിടെ അത്യാവശ്യം വേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അവിടങ്ങളിൽ അടിയന്തിര വൈദ്യ സഹായത്തിന് സംവിധാനമുണ്ടാകണം. പാക്കേജ് പറഞ്ഞു.. അതുപോലെ ദേശീയ പാതയിൽ സ്ഥിതിചെയ്യുന്ന ആശുപത്രികളിൽ ട്രോമ കെയർ യൂണിറ്റുകൾ വളരെ അത്യാവശ്യമാണ്. സ്റ്റേറ്റ് ഹൈവേയിലൊക്കെ സ്ഥിതി ചെയ്യുന്ന ആശുപത്രികളിൽ ട്രോമ കെയർ യൂണിറ്റുകളുണ്ടാക്കുവാൻ അടിയന്തര നടപടി വേണം. ഇതിന് പ്രത്യേകം ശ്രദ്ധയുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ജീവൻരക്ഷാ മരുന്നുകൾ പലയിടത്തും ലഭ്യമല്ല, പേപ്പട്ടി കടിച്ചാൽ വേണ്ട ആന്റി റാബിസ്, അതുപോലെ പാമ്പ് കടിച്ചാൽ വേണ്ട ആന്റിവെനം, അതുപോലുള്ള സാധാരണ മരുന്നുകൾ ഇന്ന് പല ആശുപത്രികളിലും ലഭ്യമല്ല. അതുപോലെ ഹൃദ്രോഗം വന്നാൽ ചികിത്സയ്ക്കായി ഒരുപാട് സംവിധാനങ്ങൾ ഉണ്ടായിട്ടുണ്ട്. ചില നല്ല ഇനം ഇൻജക്ഷൻ കൊടുത്താൽ രോഗി പെട്ടെന്ന് രക്ഷപ്പെടും. ആശുപത്രിയിൽ എത്തിയിട്ട് ഒരു പ്രത്യേക ഇൻജക്ഷൻ കൊടുത്താൽ അയാളെ ഒന്ന് ഭേദപ്പെടുത്തി എടുക്കുവാൻ കഴിയും. പക്ഷേ ആ സൗകര്യങ്ങൾ താലൂക്ക് ആശുപത്രികളിലില്ല. പല സ്ഥലങ്ങളിലും ഇല്ല. അതുലഭ്യമാകണമെങ്കിൽ മെഡിക്കൽ കോളേജിൽ വരണം. ഞാൻ അതാണ് പറഞ്ഞത്. അവശ്യംവേണ്ട ജീവൻ രക്ഷാ മരുന്നുകളുടെ ലഭ്യത ഉണ്ടാക്കുകയും ഇത്തരത്തിൽ ആ ആശുപത്രി സ്ട്രെങ്തൻ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. അതാണ് എനിക്ക് പറയാനുള്ളത്. മെഡിക്കൽ കോളേജ് ഉൾപ്പെടെ കാഷ്വാലിറ്റികളിൽ രോഗികളെ കൊണ്ടുവരുമ്പോൾ പലപ്പോഴും സീനിയർ ഡോക്ടർമാരുടെ സേവനം അവിടെ ലഭിക്കുന്നില്ല. മെഡിക്കൽകോളേജ് കാഷ്വാലിറ്റിയിൽ സീനിയർ ഡോക്ടർമാരുടെ സേവനം ലഭിക്കാനുള്ള സംവിധാനം വളരെ അത്യാവശ്യമാണ്. അതുപോലെതന്നെ പകർച്ചവ്യാധികൾ തടയാനുള്ള അടിയന്തിര നടപടിക്ക് ഗവൺമെന്റ്, പ്രത്യേകം ശ്രദ്ധിക്കണം. ആർ.സി.സി., ഹാർട്ട് ഫൗണ്ടേഷൻ പോലുള്ള സ്ഥാപനങ്ങൾക്ക് കൂടുതൽ ഗ്രാന്റ് നല്കുവാനും അതിനുവേണ്ടി കൂടുതൽ ബഡ്ജറ്ററി സപ്പോർട്ട് നല്കുവാനുമുള്ള അടിയന്തിര നടപടി ഗവൺമെന്റ് സ്വീകരിക്കണം. ഞാൻ അവസാനിപ്പിക്കാം. ഇന്ന് പലപ്പോഴും ഭക്ഷ്യ വകുപ്പ് ഫെയറുകൾ നടത്താറുണ്ട്. ഓണം, ക്രിസ്തുമസ്, റംസാൻ ആ സമയത്തെ വിലക്കയറ്റം നിയന്ത്രിക്കുവാൻ വേണ്ടിയാണ്. ഈ ഫെയറുകൾ സംഘടിപ്പിക്കുന്നത് അത്തരം ഫെയറുകൾ പത്ത മാസങ്ങളിലും കാലവർഷക്കെടുതികൾ ഉണ്ടാകുമ്പോഴും അത്തരം പ്രത്യേക സമയങ്ങളിൽ സെലക്ട് ചെയ്ത് ഉത്സവ സമയത്ത് ഫെയറുകൾ ആരംഭിക്കുന്നതുപോലെ പ്രത്യേക ഫെയറുകൾ നടത്താൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീമാങ്കോട് മാധാകൃഷ്ണൻ:</u> സർ, ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളത്തിൽ ആരോഗ്യ പരിപാലന രംഗത്ത് അഭിമാനകരമായ നേട്ടം കൈവരിച്ച സംസ്ഥാനമാണ് കേരളം. ജനങ്ങളുടെ ആരോഗ്യം നാട്ടിന്റെ ഏറ്റവും വലിയ സമ്പത്ത് ആണെന്നു കണ്ടുകൊണ്ട് സർക്കാർ തന്നെ ആരോഗ്യ മേഖലയെ പുഷ്ടിപ്പെടുത്തുന്നതിന് വേണ്ട നടപടികളെടുക്കുകയും ആശുപത്രികളുടെ വലിയ ഒരു ശൃംഖല സൃഷ്ടിക്കുകയും ചെയ്തതുകൊണ്ട് ആരോഗ്യ പരിപാലന രംഗത്ത് ഒരുപാട് നേട്ടങ്ങൾ കൊയ്തെടുക്കുവാൻ നമുക്ക് കഴിഞ്ഞു. അങ്ങനെ സംസ്ഥാനത്ത് ആരോഗ്യ പരിപാലന മേഖലയിൽ ഏറ്റവും നല്ല സംസ്ഥാനങ്ങളുടെ പട്ടികയിൽ ഒന്നായി കേരളം മാറി. ഇങ്ങനെയിരുന്ന സംസ്ഥാനം കഴിഞ്ഞ രണ്ടു വർഷക്കാലത്തെ യു.ഡി.എഫ്-ന്റെ നേതൃത്വത്തിലുള്ള ഭരണത്തിന്റെ ഫലമായി ആരോഗ്യ പരിപാലന മേഖല തകർത്തെറിഞ്ഞിരിക്കുകയാണ്. ഇവിടെ ആശുപത്രികളിൽ ആവശ്യത്തിന് മരുന്നില്ല. പരിശോധനയ്ക്കുവേണ്ട ഉപകരണമില്ല. ആവശ്യത്തിന് കെട്ടിടമില്ല. ഓരോ ആശുപത്രിയിലും ഓരോ തരത്തിലാണ്. ആശുപത്രികളുടെ പ്രവർത്തനം കൂടുതൽ ചൈതന്യവത്താക്കിയത് ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ വലിയ ഒരു ശൃംഖലയാണ്. ഡോക്ടർമാരും നഴ്സുമാരും അറ്റന്റർമാരും ഉൾപ്പെടെയുള്ള ജീവനക്കാരുടെ വലിയ നിരയാണ് ഈ നിലയിൽ വലിയ തിരക്ക് അനുഭവപ്പെടുന്ന ആശുപത്രികളാക്കി മാറ്റിയത്. ആരോഗ്യ വകുപ്പിൽ, പുതിയ തസ്തിക സൃഷ്ടിച്ചതിനെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞു. ആയിരക്കണക്കിന് വേക്കൻസികളാണ് ഒഴിഞ്ഞുകിടക്കുന്നത്. ഏത് ആശുപത്രി എടുത്ത് പരിശോധിച്ചാലും ആവശ്യത്തിനുള്ള സ്റ്റാഫില്ല എന്നുള്ളത് ഏറ്റവും വലിയ പ്രശ്നമാണ്. യഥാർത്ഥ കണക്ക് അയ്യായിരത്തോളമാണ്. ആശുപത്രികൾ പ്രവർത്തിക്കുന്നതിന് ഏറ്റവും അത്യാവശ്യം തസ്തികകൾ തന്നെ. 3500 തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. അസിസ്റ്റന്റ് സർജൻ 232, സിവിൽ സർജൻ 111 നേഴ്സിംഗ് സൂപ്രണ്ട് 600, പി.എച്ച്. നഴ്സ് 320 സ്റ്റാഫ് നഴ്സ് 169 ഹെഡ് നഴ്സ് 60, ഹെൽത്ത് ഇൻസ്പെക്ടർ 486, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ 103, ഹോസ്പിറ്റൽ അറ്റന്റന്റ് 1333, നഴ്സിംഗ് അസിസ്റ്റന്റ് 600, ഡ്രൈവർ 135, ഇത്രയും തസ്തികകൾ ഉൾപ്പെടെ മൂവായിരത്തി അഞ്ഞൂറോളം തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. ഈ തസ്തികകൾ ഒഴിച്ചിട്ടിട്ടാണ് അങ്ങ് ഇപ്പോൾ ആയിരത്തി ഇരുന്നൂറിലേറെ തസ്തികകൾ പുതുതായി ഉണ്ടാക്കിയ കാര്യം പറയുന്നത്. എന്തു ഫലമാണ്? ഉള്ള തസ്തികകൾ ഒഴിച്ച് ഇടുകയും ആശുപത്രികൾ പ്രവർത്തിക്കാൻ കഴിയാത്ത തരത്തിലുള്ള അവസ്ഥ ഉണ്ടാക്കുകയും ചെയ്തുകൊണ്ട് പുതിയ തസ്തികകൾ സൃഷ്ടിച്ചാൽ ആശുപത്രികൾ പ്രവർത്തിക്കുവാൻ കഴിയുമോ? ഈ സർക്കാരിന്റെ ആരോഗ്യനയമെന്താണ്? ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നമ്മുടെ ബഹുമാന്യനായ ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞത് എന്താണ്? ആരോഗ്യ മേഖല തകർന്നിരിക്കുന്നു; ഞാൻ രക്ഷിച്ചു തരാം. അദ്ദേഹത്തിന്റെ ഉപാധികൾ എന്തൊക്കെയാണ്? (1) സ്വകാര്യ പങ്കാളിത്തം.

ബഹുമാന്യനായ ആരോഗ്യ വകുപ്പു മന്ത്രിയും മുൻ ആരോഗ്യ വകുപ്പു മന്ത്രിയും സഭയിൽ പറഞ്ഞതാണ്. നിങ്ങൾ എന്തിന് എതിര് നില്ക്കുന്നു ? സ്വകാര്യ പങ്കാളിത്തത്തെക്കുറിച്ച് നിങ്ങൾക്ക് മനസ്സിലാകുന്നില്ല, (2) യൂസേഴ്സ് ഫീ ഏർപ്പെടുത്തൽ (3) പേ ക്ളിനിക്കുകൾ ആരംഭിക്കൽ. ഈ മൂന്നു നിർദ്ദേശങ്ങളോടെ കേരളത്തിലെ ആരോഗ്യ മേഖലയെ സമ്പുഷ്ടമാക്കുമെന്ന് ആരോഗ്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചു. ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നുമൊക്കെ അതിശക്ത മായിട്ടുള്ള പ്രതിഷേധം ഇതിനെതിരെ സംസ്ഥാനത്ത് ഉയർന്നുവന്നു. ആശുപത്രികൾക്ക് മുന്നിൽ സമരം നടന്നു. പ്രക്ഷോഭ സമരങ്ങൾ ഉയർന്നുവന്നപ്പോൾ സർക്കാർ തല്ക്കാലം പറഞ്ഞു, സ്വകാര്യവത്കരണമില്ല; സ്വകാര്യ പങ്കാളിത്തമില്ല; യൂസേഴ്സ് ഫീ ഇല്ല; പേ ക്ളിനിക്കുകൾ ആരംഭിക്കുന്നില്ല എന്നൊക്കെ. ഇപ്പോൾ എന്താണ് നടക്കുന്നത് ? നിശ്ശബ്ദമായി ഇതെല്ലാം നമ്മുടെ സംസ്ഥാനത്ത് വീണ്ടും നടപ്പിലാക്കുന്നതിനു വേണ്ട പരിശ്രമമാണ് നടക്കുന്നത്. ഇവിടെയേറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് നമ്മുടെ ലോകബാങ്ക് പദ്ധതി. 810 കോടി രൂപയുടെ സെക്കന്ററി ഹെൽത്ത് സിസ്റ്റം ഡെവലപ്മെന്റ് പ്രോജക്ട്, അതായത് താലൂക്ക് ആശുപത്രിയിലും ജില്ലാ ആശുപത്രിയിലും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള ഒരു ബൃഹത്തായ പദ്ധതിയെപ്പറ്റി സംസ്ഥാന ഗവൺമെന്റും ആരോഗ്യ വകുപ്പു മന്ത്രിയും ആരോഗ്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുമെല്ലാം കൊട്ടിഘോഷിച്ച് നടക്കുന്നുണ്ട്. ഈ പദ്ധതിയെ സംബന്ധിച്ച് എന്താണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഡൽഹിയിൽവച്ച് പ്രഖ്യാപിച്ചത്? ലോകബാങ്കിന്റെ ലോൺ ഇതാ പൂർത്തിയായിരിക്കുന്നു. ഇത് കിട്ടുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും പൂർത്തിയായി. പത്രങ്ങളാണ് ചോദിച്ചത് എന്തെങ്കിലും ഉപാധി വച്ചിട്ടുണ്ടോ എന്ന്. അപ്പോൾ മന്ത്രി പറഞ്ഞത്, യാതൊരു ഉപാധിയുമില്ലാതെ ലോകബാങ്ക് സമ്മതിച്ചു എന്നാണ്. പിറ്റേ ദിവസംതന്നെ ലോക ബാങ്കിന്റെ പ്രതിനിധികൾ പ്രഖ്യാപിച്ചത് എന്താണ്? ഞങ്ങൾ അങ്ങനെ സമ്മതിച്ചിട്ടില്ല; അങ്ങനെ ലോൺ കൊടുക്കാമെന്നു പറഞ്ഞിട്ടില്ല എന്നാണ്. എന്താണ് ലോകബാങ്കിന്റെ പ്രതിനിധികൾ പറഞ്ഞത് ? സ്വകാര്യ പങ്കാളിത്തത്തെ സംബന്ധിച്ചുള്ള വ്യക്തത ഇല്ല എന്നാണ്. ഞാൻ ബഹുമാന്യനായ ആരോഗ്യ വകുപ്പുമന്ത്രിയോടു ചോദിക്കുന്നു, എന്തുകൊണ്ട് നിങ്ങൾ ലോകബാങ്കിന്റെ വ്യവസ്ഥകൾ ഇവിടെ വെളിപ്പെടുത്തുന്നില്ല എന്ന്. ഈ സംസ്ഥാനത്തെ ഖജനാവിലെ കാശുകൊണ്ട് തിരിച്ചടയ്ക്കേണ്ട ലോൺ ആണല്ലോ. ഈ നിയമസഭയ്ക്ക് അറിയാനുള്ള അവകാശമില്ലേ ? എന്തൊക്കെ വ്യവസ്ഥയാണ് ? എത്ര പലിശയാണ്; എത്ര വർഷം കൊണ്ടാണ് തിരിച്ചടയ്ക്കേണ്ടത്; എങ്ങനെയാണ് നിങ്ങൾ തിരിച്ചടയ്ക്കുന്നത്; എന്തിനൊക്കെയാണ് വിനിയോഗിക്കുന്നത് എന്ന് ലോകബാങ്കിന്റെ ഈ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും ഈ നിയമസഭയുടെ മുമ്പിൽ വയ്ക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. എം.ഒ.യു.-വിൽ സംസ്ഥാന സർക്കാർ എന്താണ് ചർച്ച ചെയ്തത്? എം.ഒ.യു.-വിൽ ഒപ്പുവച്ചിരിക്കുകയാണ്. 810 കോടി രൂപയുടെ സെക്കന്ററി ഹെൽത്ത് സിസ്റ്റം ഡെവലപ്മെന്റ് പ്രോജക്ടിൽ 515 കോടി രൂപ കെട്ടിടം, വാഹനം, യന്ത്ര സാമഗ്രികൾ എന്നിവയ്ക്കാണ് മാറ്റിവച്ചിരി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നത്. 210 കോടി രൂപ മരുന്ന്, മറ്റ് സ്റ്റേഷനറി പർച്ചേസ് എന്നിവയ്ക്കുവേണ്ടി മാറ്റിവച്ചിരിക്കുന്നു. അതുപോലെ 80 കോടി രൂപ എന്തിന്? ലോക ബാങ്കിന്റെ എല്ലാ പദ്ധതികളും നടന്നപ്പോൾ കേരളത്തിൽ ഏറ്റവും വലിയ വിവാദമായതാണ്. കൺസൾട്ടൻസി ഫീസായി 80 കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. അതിൽ പറഞ്ഞിരിക്കുന്നതെന്താണ് ? 210 കോടി രൂപയുടെ പർച്ചേസ് വളരെ സുതാര്യമായി നടത്തുന്നതിന് സ്റ്റേറ്റ് ലെവൽ കമ്മിറ്റിയെ ഗവൺമെന്റ് തീരുമാനിക്കണമെന്നാണ്. എന്താണ് നടക്കാൻ പോകുന്നത്? ആരോഗ്യ വകുപ്പിൽ കണ്ടുവരുന്നതെന്താണ്? വീണ്ടും ഇവിടെ ലോക ബാങ്കിന്റെ പേരിൽ കോടിക്കണക്കിനു രൂപയുടെ അഴിമതിയാണ് നടക്കാൻ പോകുന്നത്. ഈ പദ്ധതി 1998-ൽ പഞ്ചാബ് ഗവൺമെന്റ് നടപ്പാക്കിയ പ്രോജക്ടിന്റെ അതേ പകർപ്പാണ്. 1998-ൽ അവർ നടപ്പിലാക്കി. 2001-ൽ അവർ പരിശോധിച്ചപ്പോൾ ആ പദ്ധതി മുഖേന പഞ്ചാബിൽ ആരോഗ്യ പരിപാലന രംഗമാകെ തകർന്നു. ആരോഗ്യ പരിപാലന രംഗമാകെ തകർന്നുവെന്ന് പഞ്ചാബ് ഗവൺമെന്റ് തന്നെ വിലയിരുത്തിയിട്ടുള്ളതാണ്. അതുകൊണ്ട് ഈ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും മേശപ്പുറത്ത് വയ്ക്കാൻ ബഹുമാന്യനായ മന്ത്രി തയ്യാറാകണം. അഴിമതിയെക്കുറിച്ച് ഗവേഷണം നടത്തുകയാണ് മാറിമാറി വന്ന ആരോഗ്യ വകുപ്പു മന്ത്രിമാർ. പേവിഷ ബാധയ്ക്കുള്ള മരുന്നിനെപ്പറ്റി കേരളത്തിൽ ഏറ്റവും വലിയ വിവാദമായതാണ്. പേവിഷ ബാധയ്ക്കുള്ള മരുന്നു വാങ്ങുന്ന കാര്യത്തിൽ അഴിമതി നടന്നതായി കണ്ടെത്തിയതാരാണ്? ധനകാര്യ വകുപ്പല്ലേ? ധനകാര്യ വകുപ്പ് കണ്ടെത്തിയിട്ടെന്തു ചെയ്തു? ഡി.എച്ച്.എസ്-നെ സ്ഥലം മാറ്റി. വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടു. എന്നിട്ട് റീ-ടെൻഡർ ചെയ്യുമെന്ന് പുതിയ മന്ത്രി പറഞ്ഞു. റീ-ടെന്റർ ചെയ്തു. എന്തുകൊണ്ട് നിങ്ങൾ പുതിയ മരുന്നു വാങ്ങിയില്ല? ഇപ്പോൾ നടക്കുന്നതെന്താണ്? എല്ലാ ജില്ലകളിലും, പഴയ അതേ മരുന്നുതന്നെ വാങ്ങിച്ചുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം ജില്ലയിൽ 11426 vial bottle വാങ്ങിയിരിക്കുകയാണ്. കേരളത്തിൽ എഴുപത്തയ്യായിരം വന്നിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ഇന്റർവ്യൂവിനെ സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള ഗുരുതരമായ ആരോപണമാണ് സംസ്ഥാനത്തെ.....

Mr. Chairman: (Shri P. J. Joy) Radhakrishnan, please conclude. Your time is over. Please be seated. Shri Kalathil Abdulla, please....

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: .....അധികാരത്തിൽ വന്നതിനുശേഷം.....(മൈക്ക് ഓഫ്).....

മി. ചെയർമാൻ: സമയം കഴിഞ്ഞ് പറയുന്നതൊന്നും രേഖയിൽ കാണുകയില്ല.

ശ്രീ. കളത്തിൽ അബ്ദുള്ള: ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഭക്ഷ്യം, വൈദ്യം തുടങ്ങിയ വകുപ്പുകളെക്കുറിച്ചുള്ള ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിൻതാങ്ങുകയാണ്. എല്ലാ ദാനധർമ്മങ്ങളും

ആപത്തുകൾ തടയുമെന്നാണ് പ്രവാചക വചനം. ഇവിടെ പൊതു ഫണ്ടിൽനിന്നാണെങ്കിലും ദാനധർമ്മങ്ങൾ ചെയ്യാൻ ആരെങ്കിലും മുന്നോട്ട് വന്നിട്ടുണ്ടെങ്കിൽ അത് ബഹുമാന്യനായ ജി. കാർത്തികേയനാണ്. പാവങ്ങളുടെയൊക്കെ മുഖമുദ്രയുള്ള ഒരു മുന്നണിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെന്ന് പലരും പറയാറുണ്ട്. പക്ഷെ ഭരിച്ചകാലത്ത് ഒന്നും ചെയ്യാത്തവർ അപ്പുറത്തിരുന്നു മുതലക്കണ്ണീരൊഴുക്കുകയാണ്. അഞ്ച് വർഷം ഭരിച്ചിട്ടും പാവപ്പെട്ട ദുർബല വിഭാഗങ്ങളായ ആദിവാസികൾക്ക് ഒരുമണി അരി കൊടുത്തിട്ടില്ല. എന്തൊക്കെ പറഞ്ഞാലും കാർത്തികേയൻജി ആറ് തവണ സൗജന്യ റേഷൻ കൊടുത്തു. ഒരു മനുഷ്യന് 'മതി' എന്ന് പറയാൻ കഴിയുന്നത് അവന്റെ വിശപ്പ് മാറുമ്പോഴാണ്. ആ 'മതി' എന്നുള്ളത് പാവപ്പെട്ട ദുർബല ജനവിഭാഗങ്ങളിൽ ഉണ്ടാക്കിയത് ബഹുമാന്യനായ കാർത്തികേയനാണ്. അദ്ദേഹത്തിന്റെ വകുപ്പിനെക്കുറിച്ച് വളരെ മോശമായി പരാമർശിച്ചിട്ടില്ല. ഞാൻ ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 10 കിലോ അരിയാണ് കിട്ടുന്നത്. അന്നപൂർണ്ണ, അന്ത്യോദയ പദ്ധതികൾ വഴിയുള്ള 10 കിലോ അരികൂടി വാങ്ങാൻ കഴിയുന്നില്ല. അതുകൊണ്ട് കാർഡുള്ളവർക്ക് അത് ലഭ്യമാക്കാനുള്ള നടപടി അങ്ങ് സ്വീകരിക്കണം. കേരളത്തിന് സ്വാതന്ത്ര്യം കിട്ടിയതിന്റെ 50 വർഷം പൂർത്തീകരിച്ചുകൊണ്ടുള്ള വർഷങ്ങളും കടന്നു പൊയ്ക്കൊണ്ടിരിക്കുയാണ്. ആ സാഹചര്യത്തിൽ നമ്മുടെ രാജ്യത്തെ എല്ലാ പാവങ്ങൾക്കും റേഷൻ കാർഡ് ലഭിച്ചിട്ടില്ല. റേഷൻ കാർഡ് ലഭിക്കാത്ത മുഴുവൻ വിഭാഗങ്ങൾക്കും റേഷൻ കാർഡ് ലഭ്യമാക്കണം. റേഷൻകാർഡ് ലഭിക്കാത്ത പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്ക് സൗജന്യ റേഷൻ വാങ്ങാൻ കഴിയുന്നില്ല. അതുകൊണ്ട് അങ്ങയുടെ കാലഘട്ടത്തിൽ കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും റേഷൻ കാർഡ് കൊടുക്കാനുള്ള നടപടിയുമായി മുന്നോട്ടുപോകണം. സാധാരണക്കാർ ചികിൽസ തേടുന്നത് സർക്കാർ ആശുപത്രികളിലാണ്. സോഷ്യലിസ്റ്റ് മുഖമുള്ള ഒരു സർക്കാർ ഉണ്ടാകുമ്പോൾ അതിനർത്ഥം ഇവിടത്തെ ആശുപത്രികൾ നല്ലരീതിയിൽ നടക്കുന്നുവെന്നാണ്. പാവങ്ങളുടെ ഏറ്റവും വലിയ കേന്ദ്രമാണ് സർക്കാരാശുപത്രികൾ. മരുന്നുകളുടെ ലഭ്യതയില്ലായ്മ, കെട്ടിടങ്ങൾ ചോർന്നൊലിക്കുക, ഓപ്പറേഷൻ തിയേറ്ററുകൾ തുരുമ്പ് പിടിക്കുക, ഓപ്പറേഷൻ തിയേറ്ററിലെ യന്ത്രങ്ങൾക്ക് കേട് വരിക മുതലായവ ഉണ്ടാകുമ്പോൾ മാനുഷികമുഖമുള്ള സർക്കാർ അല്ലാതെയാകുന്നു. സത്യത്തിൽ ഞങ്ങൾ ആഗ്രഹിക്കുന്നത് യു.ഡി.എഫ്. സർക്കാർ മാനുഷിക മുഖമുള്ള സർക്കാരാകണം എന്നാണ്. എന്തൊക്കെ വില കൊടുത്താലും നമ്മുടെ ഗവൺമെന്റാശുപത്രികളിൽ മരുന്നുണ്ടാകണം; കെട്ടിടങ്ങൾ നന്നാക്കണം; സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഉണ്ടാകണം. ഏത് പരിപാടി മാറ്റിവച്ചാലും മുൻഗണന ഈ രംഗത്തിന് കൊടുക്കണം. കടവൂർജിയുടെ ഭാഗത്തുനിന്ന് ഒന്നാമത്തെ മുഖം ഉണ്ടാക്കുന്ന കാര്യത്തിൽ തീർച്ചയായും അദ്ദേഹം മുന്നോട്ടുവരുമെന്നുള്ള കാര്യത്തിൽ സംശയമില്ല. തുരുമ്പുപിടിച്ച് കിടന്ന വൈദ്യുതി ബോർഡിനെ പൊന്നാക്കിയ ബഹുമാന്യനായ ശ്രീ. കടവൂർ ശിവദാസൻ ആരോഗ്യ വകുപ്പിലുള്ള മോശപ്പെട്ട കാര്യങ്ങളൊക്കെ കടത്തനാടുടെ കാളവണ്ടി പോലെ, ഭൂത പ്രേത പിശാചുക്കളെപ്പോലെ ആകാശത്തേയ്ക്കുയർത്താൻ ദൃഢനിശ്ചയം ചെയ്യണം. തൊട്ടതൊക്കെ പൊന്നാക്കിയ

LIBRARY ARCHIVES Kerala Legislative Assembly

മനുഷ്യനെന്ന നിലക്ക് ഈ രംഗത്ത് അങ്ങയുടെ ഒരു വെള്ളിയെങ്കിലും പ്രതീക്ഷിക്കുകയാണ്. അതുപോലെ കൂടുതൽ ആളുകളുടെ മരണത്തിനിടയാക്കുന്ന രോഗങ്ങളായ മലമ്പനി, കോളറ, ഡെങ്കിപ്പനി, എയ്ഡ്സ് ഇവയ്ക്കെതിരെ കാര്യമായ ഗവേഷണങ്ങൾ ശക്തിപ്പെടുത്തണം. പാവപ്പെട്ട ആളുകളെ കൊല്ലുന്ന രോഗങ്ങൾക്ക് നിവാരണം ഉണ്ടാകണം. United Nations Organisation തിരുവനന്തപുരം നഗരത്തിൽ നടത്തിയ Drugs and Crimes എന്ന പഠനത്തിൽ തിരുവനന്തപുരം നഗരത്തിലെ പ്രാന്തപ്രദേശങ്ങളിൽ ഏറ്റവും കൂടുതൽ ചെറുപ്പക്കാരും, തൊഴിൽരഹിതരും ഡ്രഗ്സിന് അടിമകളായിക്കൊണ്ടിരിക്കുകയാണ് എന്ന് പറഞ്ഞിരിക്കുന്നു. അടുത്തകാലത്ത് ടെഡിജെസിക് (Tidigesic) എന്ന മരുന്ന് കുത്തിവച്ച് 12 യുവാക്കൾ കൊല്ലപ്പെട്ടിരിക്കുന്നു. പെത്തഡിനേക്കാളും ഹെറോയിനേക്കാളും ബ്രൗൺ ഷുഗറിനേക്കാളും വില കമ്മിയാണ് ടെഡിജെസിക്കിന് എന്നാണ് പറയുന്നത്. അങ്ങനെ പന്ത്രണ്ടോളുകൾ മരണപ്പെട്ട വാർത്ത പത്രത്തിൽ വന്നു. അതുകൊണ്ടുതന്നെ മയക്കുമരുന്നിനെതിരായി, ലഹരി വസ്തുക്കൾക്കെതിരായി ശക്തമായി ഹെൽത്ത് ഡിപ്പാർട്ടുമെന്റ് മുന്നോട്ട് വരണം. നമ്മുടെ നാർക്കോട്ടിക് സെല്ലുകൾ ശക്തമായി പ്രവർത്തിപ്പിക്കുവാനുള്ള സംവിധാനം ഉണ്ടാകണം. അതോടൊപ്പംതന്നെ നമ്മുടെ ആരോഗ്യരംഗം മാത്രം ശക്തമായാലും നമ്മുടെ പകർച്ചവ്യാധികളെ മാറ്റാൻ കഴിയില്ല. പകർച്ചവ്യാധികൾ മാറ്റണമെങ്കിൽ എല്ലാവർക്കും നല്ല ഭക്ഷണം ലഭ്യമാകണം. മാരകമായ ഏറ്റവും കൂടുതൽ രോഗികളെ കൊല്ലുന്ന, മലമ്പ്രദേശങ്ങളിൽ ഉണ്ടാകുന്ന സിക്കിൾസെൽ അനീമിയ പോലുള്ള രോഗങ്ങൾക്കു കാരണം ദാരിദ്ര്യമാണ്. അതുകൊണ്ട് ദാരിദ്രത്തിൽ കഴിയുന്നവർക്ക് സൗജന്യമായി ഭക്ഷണം കൊടുക്കാനുള്ള നടപടികളുമായി മുന്നോട്ട്പോകാൻ ഭക്ഷ്യ വകുപ്പുമായി ആരോഗ്യ വകുപ്പ് ഇന്റഗ്രേറ്റ് ചെയ്യണം. അതുപോലെ ബോധവൽക്കരണം കൊണ്ട് ഒരുപാട് കാര്യങ്ങൾ വിഭാവനം ചെയ്യാൻ കഴിയും. ഉദാഹരണമായി എന്റെ മണ്ഡലമായ ട്രൈബൽ മേഖലയിൽ കഴിഞ്ഞ ഒരു വർഷമായി ആത്മഹത്യാ നിരക്ക് കുറഞ്ഞിട്ടുണ്ട്. അട്ടപ്പാടിപോലുള്ള മേഖലകളിൽ ആത്മഹത്യാ നിരക്ക് കമ്മിയായി വരികയാണ്. അതിനു പ്രധാന കാരണം ബോധവൽക്കരണമാണ്. ബോധവൽക്കരണം നടത്താൻ വിദ്യാഭ്യാസ വകുപ്പുമായി യോജിപ്പിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ഉണ്ടാകണം. കോളറ, ഡെങ്കിപ്പനി തുടങ്ങിയ രോഗങ്ങൾ ബോധവൽക്കരണംകൊണ്ട് നിർമ്മാർജ്ജനം ചെയ്യാൻ കഴിയും. ആർ.സി.സി. നടത്തിയ പഠന റിപ്പോർട്ടിൽ കീടനാശിനിയാണ് രോഗമുണ്ടാക്കുന്നതിന് ഏറ്റവും പ്രധാനപ്പെട്ട കാരണമെന്നാണ് പറയുന്നത്. അതുകൊണ്ടുതന്നെ കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കാൻ ആരോഗ്യ വകുപ്പുകൂടി എന്തെങ്കിലും സംവിധാനം ഉണ്ടാക്കണം. സെൻസസ് അനുസരിച്ച് ജനസംഖ്യാനിരക്ക് 1981-ലേതിനേക്കാൾ 2001-ൽ 25 ശതമാനത്തോളം വർദ്ധിച്ചെങ്കിൽ 500 ഇരട്ടി രോഗങ്ങളും വർദ്ധിച്ചിട്ടുണ്ട്. ഈ രോഗങ്ങൾക്ക് എതിരായി പ്രവർത്തനം നടത്തുവാൻ ആരോഗ്യ വകുപ്പിന് ഈ ഫണ്ട് പോരാ; ഫണ്ട് വർദ്ധിപ്പിക്കണം. അതുപോലെ ഇൻസുലിൻ പോലെയുള്ള ജീവൻ രക്ഷാ ഔഷധങ്ങൾ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ലഭ്യമല്ലാത്ത അവസ്ഥയുണ്ട്. അതുകൊണ്ട് ഗവൺമെന്റ് ആശുപത്രികളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇൻസുലിൻ പോലെയുള്ള വസ്തുക്കൾ കൂടുതൽ ഉണ്ടാകണം. കാരണം പണക്കാരുടെ മാത്രം രോഗമല്ല ഇന്ന് പ്രമേഹം. ഈ സഭയിൽ തന്നെ വളരെയധികം ആളുകൾ മധുരമിടാത്ത ചായകുടിക്കുന്നവരായി മാറിയിരിക്കുന്നു. സാധാരണക്കാർക്ക് വരെ പ്രമേഹം ഒരു രോഗമായി പടർന്ന സാഹചര്യത്തിൽ ഇൻസുലിൻ എപ്പോഴും നമ്മുടെ ഗവൺമെന്റ് ആശുപത്രികളിൽ ഉണ്ടാകണം. അതുപോലെതന്നെ ഗവൺമെന്റ് ആശുപത്രികളിൽ പരമാവധി ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഉണ്ടാകണം. നമ്മുടെ ഡോക്ടർമാർക്ക് കൂടുതൽ സ്വകാര്യ പ്രാക്ടീസുണ്ട്. ഈ സ്വകാര്യ പ്രാക്ടീസ് ഇല്ലാതാക്കാൻ ശ്രമിക്കണം. മാനസികാരോഗ്യം ഇന്ന് തകർന്നുകൊണ്ടിരിക്കുകയാണ്. ആ മാനസികാരോഗ്യം ജനങ്ങളെ ആത്മഹത്യയിലേയ്ക്ക് എത്തിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിലെ ഒരു വില്ലേജിനെപ്പറ്റി പഠിച്ചപ്പോൾ ആ വില്ലേജിൽ നിന്നാണ് കൂടുതൽ ആത്മഹത്യകൾ ഉണ്ടായത് എന്നു മനസ്സിലാക്കാൻ കഴിഞ്ഞു. അതുപോലെ പല സ്ഥലത്തും ഉണ്ട്. അതുകൊണ്ട് വെൽ സെറ്റ്-അപ് ആയ, ഓർഗനൈസ്ഡ് ആയ അവയർനെസ്സ് പ്രോഗ്രാം ഈ കാര്യത്തിൽ ഉണ്ടാകണം. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഈ സഭയിൽ കഴിഞ്ഞ ദിവസങ്ങളിൽ നടന്ന ചർച്ചകളിൽ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് സി.പി.ഐ. (എം.)-ലെ സഖാവ് എ. കെ. ബാലൻ ഒരു പരാമർശം നടത്തുകയുണ്ടായി. ശ്രീ. ബാലനെപ്പോലെയുള്ള ആളുകൾ താഴേതട്ടിൽ നിന്ന് വളർന്നുവന്നത് സംവരണത്തിന്റെ പേരിലാണ്. അദ്ദേഹം ഇൻഡ്യൻ പാർലമെന്റോളം എത്തി. ഇനിയും കൂടുതൽ ഉയരത്തിലേയ്ക്ക് എത്തട്ടെ എന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. പക്ഷേ ശ്രീ. ബാലൻ ഇന്ന് സാമ്പത്തികമായി ഉയർന്ന ഒരു വ്യക്തിയാണ്. കാരണം ശ്രീ. ബാലന്റെ കുടുംബ പശ്ചാത്തലം അതാണ്. അപ്പോൾ ശ്രീ. ബാലന് കിട്ടിയ ആനുകൂല്യം ശ്രീ. ബാലന്റെ മകന് വേണ്ട എന്നു പറയുന്ന അവസ്ഥയിലുള്ള പ്രസംഗമാണ് ബഹുമാനപ്പെട്ട ബാലൻ നിർവ്വഹിച്ചത്. അതുകൊണ്ട് ശ്രീ. ബാലന് കിട്ടിയ അവസരം അദ്ദേഹത്തിന്റെ മകനും വേണം. സാമ്പത്തികമായി ബാലേട്ടന് മുന്നേറ്റം വന്നിട്ടുണ്ടെങ്കിൽ പിന്നോക്ക ജാതിക്കാരനായ അദ്ദേഹത്തിന് സംവരണം നിഷേധിക്കണം എന്ന് പറയുന്ന തീരുമാനത്തോട് ഞങ്ങൾക്ക് യോജിപ്പില്ല. ഞാൻ ഒരു മീൻ കച്ചവടക്കാരനേയും ഒരു ജില്ലാ കളക്ടറേയും പരാമർശിക്കാം. ഒരു മീൻകച്ചവടക്കാരന് കിട്ടുന്ന വരുമാനത്തിലധികം ഒരു ജില്ലാ കളക്ടർക്ക് ലഭിക്കുന്നില്ല. ഒരു ജില്ലാ കളക്ടറേക്കാളും വരുമാനം ഒരു മീൻ കച്ചവടക്കാരന് ലഭിക്കുന്നുണ്ട്. പക്ഷേ ഒരു കലാപം ഉണ്ടായാൽ വെടിവയ്ക്കാനുള്ള അധികാരം മീൻ കച്ചവടക്കാരനില്ല, അത് ജില്ലാകളക്ടർക്കുണ്ട്. സംവരണം എന്നു പറഞ്ഞാൽ അത് അധികാരത്തിലുള്ള പങ്കാളിത്തമാണ്. അത് ഒരു വിഭാഗത്തിന്റേയും പിടിച്ചു വാങ്ങലല്ല. അതുകൊണ്ടു തന്നെ അധികാരത്തിൽ പങ്കാളിത്തമുണ്ട്. ഇവിടെ സംവരണത്തിനുവേണ്ടി വാദിക്കുന്ന സി.പി.ഐ. (എം.) പൊളിറ്റ്ബ്യൂറോ മെമ്പർമാരിൽ ഒറ്റ പിന്നോക്കക്കാരനില്ല. അതുകൊണ്ട് പിന്നോക്കക്കാർക്കു വേണ്ടി സ്വന്തം പാർട്ടിയിൽ ഒരു അവസരമുണ്ടാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വൈദ്യ സഹായവും പൊതുജനാരോഗ്യവും, കുടുംബക്ഷേമം, ഭക്ഷ്യം എന്നീ വകുപ്പുകളിൻമേൽ നടക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്താങ്ങുകയാണ്. ആരോഗ്യം ഒരു പൗരന്റെ ജൻമാവകാശമാണെന്ന തത്വത്തിൽ ഉറച്ചു നിന്നുകൊണ്ട് ഈ ഗവൺമെന്റ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ കണ്ടില്ല എന്ന് നടിച്ചുകൊണ്ട് നടത്തുന്ന പ്രതിപക്ഷാംഗങ്ങളുടെ ചർച്ചയിലുള്ള പങ്കുചേരൽ സത്യത്തിൽ. വേദനാജനകമാണ്. എന്തിനേയും എതിർക്കുന്ന ഒരു പ്രവണത ഗൗരവമേറിയ ഈ സബ്ജക്ടിലും സ്വീകരിച്ചത് കേരളത്തിലെ ജനങ്ങളോടും പാവപ്പെട്ടവരോടുമുള്ള ഒരു വെല്ലുവിളിയായി മാത്രമേ കാണാൻ കഴിയൂ. കഴിഞ്ഞ് ഗവൺമെന്റ് ആരോഗ്യ മേഖലയിൽ സ്തംഭനാവസ്ഥ സൃഷ്ടിച്ച ശേഷമാണ് ഭരണം വിട്ടൊഴിഞ്ഞത്. അന്ന് ഗവൺമെന്റ് ആശുപത്രികളുടെ സ്ഥിതി എന്തായിരുന്നു? ആശുപത്രികളിൽ മരുന്ന് കിട്ടുമായിരുന്നോ? അത് വളരെ ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണ്. മരുന്നും മറ്റ് ഉപകരണങ്ങളും വാങ്ങിയ ഇനത്തിൽ 45 കോടിയോളം രൂപയാണ് ബാധ്യത ഉണ്ടായിരുന്നത്. മരുന്ന് കമ്പനികൾ മരുന്ന് സപ്ലൈ ചെയ്യാൻ മടിച്ചു. അതുമൂലം മരുന്നിന് സാർവ്വത്രികമായ ക്ഷാമം ഉണ്ടായ ഒരു കാലഘട്ടം കേരളത്തിലുണ്ടായി. കടബാധ്യതകൾ വീട്ടി താളം തെറ്റിക്കിടന്നിരുന്ന മരുന്ന് വിതരണം പുനഃസ്ഥാപിക്കാൻ ഈ ഗവൺമെന്റ് വന്നശേഷം കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെ അങ്ങേയറ്റം പ്രശംസിക്കുന്നു. സാധാരണക്കാരായ ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന സർക്കാർ ആശുപത്രികളിൽ ഇന്ന് ആവശ്യത്തിന് മരുന്ന് ലഭിക്കുന്നുണ്ട്. മാത്രവുമല്ല അടിയന്തിര ഘട്ടത്തിൽ ലോക്കൽ പർച്ചേസ് വഴിയും എച്ച്.ഡി.സി. ഫണ്ട് മുഖേനയും മരുന്ന് വാങ്ങാനുള്ള അനുമതിയും സൂപ്രണ്ടുമാർക്ക് നൽകിയിരിക്കുന്നു എന്നുള്ളത് ശ്ലാഘനീയമാണ്. കഴിഞ്ഞ കാലത്ത് ആശുപത്രികളിൽ വാങ്ങിക്കൂട്ടിയ യന്ത്രോപകരണങ്ങൾ നേരാംവണ്ണം പ്രയോജനപ്പെടുത്താൻ കഴിഞ്ഞോ എന്ന് പരിശോധിക്കണം. കഴിഞ്ഞില്ല എന്നുള്ളതാണ് വസ്തുത. പ്രയോഗിക്കാതെയും അറ്റകുറ്റപ്പണികൾ നടത്താതെയും ഒരു കോടിയിലേറെ രൂപയുടെ നഷ്ടം ഈ രംഗത്ത് വന്നിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ പ്രതിസന്ധിയിലായിരിക്കുന്ന ഗ്രാമീണ ആരോഗ്യ കേന്ദ്രങ്ങളെ പുനരുദ്ധരിക്കാൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞു എന്നുള്ളത് വളരെ പ്രശംസനീയമാണ്. 2004-2005-ലെ ബഡ്ജറ്റിൽ വളരെ ഗൗരവമേറിയ, പ്രാധാന്യം കണക്കാക്കി ആരോഗ്യ മേഖലയ്ക്ക് മുന്തിയ പരിഗണനയുണ്ടെന്നുള്ളതിൽ സന്തോഷമുണ്ട്. ജില്ലാ ആശുപത്രികളിൽ കാർഡിയോളജി, നെഫ്രോളജി എന്നീ സ്പെഷ്യാലിറ്റികൾ തുടങ്ങാൻ തീരുമാനിച്ചതും ശ്ലാഘനീയമാണ്. ആരോഗ്യ മേഖലയിൽ അടിസ്ഥാന വികസനത്തിന് കോടികളുടെ പ്രൊപ്പോസലാണ് നബാർഡിന് സമർപ്പിച്ചിട്ടുള്ളത്. അലോപ്പതിയിൽ 49,53,01,181 രൂപയുടേയും ആയുർവേദത്തിൽ 19,10,00,000 രൂപയുടേയും ഹോമിയോപ്പതിയിൽ 4,27,295 രൂപയുടേയും പ്രൊപ്പോസൽ നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. അത് എത്രയും പെട്ടെന്ന് നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള സജീവ ശ്രദ്ധ ഉണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന. ആരോഗ്യ മേഖലയ്ക്ക് പുതു ജീവൻ പകരാൻ നിരവധി പദ്ധതികൾ ഗവൺമെന്റ്

ആവിഷ്കരിച്ചിട്ടുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് ആരോഗ്യ സുരക്ഷാ പദ്ധതി, ആരോഗ്യസേവനങ്ങളിൽ ബഹുജന പങ്കാളിത്തം, സാമൂഹ്യ നിരീക്ഷണ പദ്ധതി, ആരോഗ്യസേവനം മെച്ചപ്പെടുത്തുന്നതിന് സഹകരണ സംഘങ്ങൾ ശക്തമാക്കാനുള്ള പദ്ധതി, ആശുപത്രികളിലെ ജൈവാവശിഷ്ടങ്ങൾ സംസ്കരിക്കുന്നതിനുള്ള പദ്ധതി ഇതൊക്കെ വളരെ പ്രധാനമാണ്. ഈ പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ തുക നമ്മുടെ ആരോഗ്യ വകുപ്പ് വകയിരുത്തുന്ന കാര്യം ഈ സഭ വളരെ ഗൗരവത്തോടുകൂടി കാണേണ്ടതാണ്. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ നവീകരിച്ചതും ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയതും ശ്ലാഘനീയം തന്നെ. ഇന്ന് പ്രാഥമികാരോഗ്യ രംഗത്ത് കുറച്ചൊക്കെ വളർന്നിട്ടുണ്ടെങ്കിലും ചികിത്സാ സൗകര്യം ലഭ്യമാക്കുന്ന കാര്യത്തിൽ കേരളം ഇപ്പോഴും പിറകിൽ തന്നെയാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ തിരുവനന്തപുരത്തെങ്കിലും ഒരു ഹാർട്ട് ഫൗണ്ടേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിരിക്കുന്നത് നല്ല കാര്യമാണ്. പക്ഷേ ഇന്നുവരെ അതിനുവേണ്ടി ചെലവഴിക്കപ്പെട്ട തുക 6,40,566 രൂപ മാത്രമാണ്. 2004-ൽ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിന് ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തണം. ഫെബ്രുവരിയിൽ ഹാർട്ട് ഫൗണ്ടേഷന്റെ പണി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം. അതുപോലെ 31 ഹോമിയോ ആശുപത്രികൾ നവീകരിക്കുന്നതിന് നിലവിലുള്ള എട്ട് ക്ലിനിക്കൽ ലബോറട്ടറികൾക്ക് പുറമേ കഴിഞ്ഞ സാമ്പത്തിക വർഷം മൂന്ന് ആശുപത്രികളിൽ കൂടി മൂന്ന് ലബോറട്ടറികളും 2004–2005 സാമ്പത്തിക വർഷം മൂന്ന് ലബോറട്ടറികളും തുടങ്ങാൻ തീരുമാനിച്ചത് ഉചിതമായ നടപടിയാണ്. ജില്ലാ ആശുപത്രികളിൽ രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്നതിനുള്ള സൗകര്യം വർദ്ധിപ്പിക്കണം. അതുപോലെ തന്നെ 2004–05-ലും ഈ മേഖലയ്ക്ക് വികസനത്തിനുള്ള തുക വകയിരുത്തിയിട്ടുണ്ട്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം ഞാൻ ഓർമ്മിപ്പിക്കട്ടെ; എന്റെ നിയോജക മണ്ഡലമായ, ഇടുക്കി ഒരു അവികസിത പ്രദേശമാണ്. ഏറെ ദൂരം യാത്ര ചെയ്യേണ്ട പ്രദേശമാണ്. പി.എച്ച്.സി., സി.എച്ച്.സി., താലൂക്ക്, ജില്ലാ ഹോസ്പിറ്റൽ ഇതാണല്ലോ നമ്മുടെ പാറ്റേൺ. അതിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലുള്ള സ്റ്റാഫിന്റെ അഭാവംമൂലം ധാരാളം വേദന അനുഭവിക്കുന്ന ഹൃദയങ്ങളെ കാണാൻ കഴിയും. ജില്ലാ ആശുപത്രിയിൽ സിവിൽ സർജന്റേയും അസിസ്റ്റന്റ് സർജന്റേയും വേക്കൻസികളുണ്ട്. നഴ്സുമാരുടെ അഭാവവുമുണ്ട്. അവിടെ എക്സ്-റേ, ഇ.സി.ജി. എന്നിവ എടുക്കുന്നതിനുള്ള സൗകര്യം ഇപ്പോഴും നിലവിലില്ല; അത് പുറത്തുപോയി എടുക്കേണ്ട സ്ഥിതിവിശേഷമാണുള്ളത്. അതുകൊണ്ട് സാധാരണ ഗതിയിൽ ഇതര ജില്ലാ ആശുപത്രികൾക്ക് തുല്യമായ നിലയിലും സ്റ്റാറ്റസ് വരത്തക്ക നിലയിൽ ജില്ലാ ആശുപത്രികൾ നവീകരിക്കണം. ഇതിന് പ്രത്യേക പരിഗണന നൽകണം. ഏറിയ ദൂരം യാത്ര ചെയ്ത് വരുന്ന പാവപ്പെട്ടവർ പി.എച്ച്.സി.-യിലും അവിടെ നിന്ന് ജില്ലാ ആശുപത്രിയിലും എത്തുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. വളരെ വിഷമത്തോടെ പറയട്ടെ; ജില്ലാ ആശുപത്രിയിൽ നിന്ന് റഫർ ചെയ്യുന്ന രോഗികൾ താലൂക്ക് ഹോസ്പിറ്റലിലേയ്ക്ക് പോകേണ്ട സ്ഥിതി ഇടുക്കിയിൽ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേയുള്ളു. അവർ തൊടുപുഴയിൽ പോകേണ്ടി വരുന്നു. വിസ്തൃതമായ ഒരു പ്രദേശമായ ഇടുക്കിയിലെ രോഗികൾക്ക് ജില്ലാ ആശുപത്രിയിൽ വരാനും അവർക്ക് കൂടുതൽ സൗകര്യം ലഭ്യമാക്കിക്കൊടുക്കാനും ആവശ്യമായ നടപടികൾ ഉണ്ടാകണമെന്ന് ഞാൻ ഒരിക്കൽക്കൂടി ആവശ്യപ്പെടുന്നു. അതുപോലെ രാജാക്കാട് പി.എച്ച്.സി., സി.എച്ച്.സി.-യായി ഉയർത്തി. പക്ഷേ സ്റ്റാഫിന്റെ കുറവുകൊണ്ട് അവ ഫങ്ഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതുപോലെ തന്നെ അടിസ്ഥാന സൗകര്യമുണ്ടെന്ന് ബോധ്യപ്പെടുത്തിയ കട്ടപ്പന ഇരുപത് ഏക്കറും വാഴത്തോപ്പും സി.എച്ച്.സി. ആക്കാൻ പ്രൊപ്പോസലുണ്ട്. അവിടെ അടിസ്ഥാന സൗകര്യങ്ങളുണ്ട്. ഈ ആശുപത്രികളുടെ നവീകരണത്തിന് ശ്രദ്ധ വേണമെന്ന് ഒരിക്കൽ കൂടി ആവശ്യപ്പെടുന്നു. ഇന്ന് നിലനിൽക്കുന്നത് 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ്; അത് മാറ്റണം. അവിടെ രോഗികളുടെ വർദ്ധനവിന് ആനുപാതികമായി ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചേ പറ്റൂ. ഇവിടെ ആശുപത്രികളിൽ.....

ശ്രീ. തോമസ് ചാഴികാടൻ: സ്റ്റാഫ് പാറ്റേൺ മാറ്റുന്നതിനെക്കുറിച്ചാണ് സൂചിപ്പിച്ചത്. മെഡിക്കൽ കോളേജുകളിലും മറ്റ് പ്രധാനപ്പെട്ട ആശുപത്രികളിലും സ്റ്റാഫ് പാറ്റേൺ ഫിക്സ് ചെയ്യണം. അവിടെയുള്ള കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ കീഴിലുള്ള പേവാർഡുകളിലെ ബെഡ് സ്ട്രെങ്ത് കൂട്ടാറില്ല. അതുകൊണ്ടു തന്നെ ആ ആശുപത്രികൾക്ക് ബെഡ് അലോട്ട് ചെയ്തിട്ട് രോഗികളെ പേവാർഡിലേയ്ക്ക് മാറ്റുമ്പോൾ ആശുപത്രികളിൽ രോഗികളെ ചികിത്സിക്കുന്നതിന് ആവശ്യത്തിന് ജീവനക്കാർ ഉണ്ടാകാതെ പോകുന്നുണ്ട്. ഇക്കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: മെമ്പർ ശ്രദ്ധയിൽപ്പെടുത്തിയത് വളരെ ഗൗരവമുള്ള കാര്യമാണ്. ആശുപത്രികളിലെ ഡോക്ടർമാരുടെ ശമ്പളം കാലോചിതമായി പരിഷ്ക്കരിക്കണം. അവരുടെ വേതനം ഇവിടെ ലഭ്യമാക്കണം. ഡോക്ടർമാരുടെ ശമ്പളം പരിഷ്ക്കരിക്കാത്തതുമൂലം നല്ല ഡോക്ടർമാരുടെ സേവനം ഗവൺമെന്റ് ആശുപത്രികളിൽ ലഭ്യമാകാതെ വരുന്നു. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അധികമായി സൃക്ഷിച്ചിട്ടുള്ള ഉപകരണങ്ങൾ കണ്ടെത്തി ഉപകരണങ്ങളുടെ അഭാവം നേരിടുന്ന ആശുപത്രികളിൽ അവ എത്തിക്കുന്നതിനുള്ള ക്രമീകരണം ഉണ്ടാകണം. ഇന്ന് രണ്ട് ചികിൽസാ സഹായങ്ങളാണ് ഈ രംഗത്ത് കാണുന്നത്. Society for Medical Assistance to the Poor ആ ചികിൽസാ ധനസഹായത്തിനുള്ള അപേക്ഷകൾ സ്വീകരിച്ച് നടപ്പിലാക്കിവരുന്നു. അതുപോലെ ആരോഗ്യ വകുപ്പുമന്ത്രിയുടെ ക്ഷേമനിധിയിൽ നിന്ന് ചികിൽസാ സഹായം ലഭ്യമാകുന്നുണ്ട്. 2,500 രൂപയാണ് പരമാവധി ലഭിക്കുക. പക്ഷേ, ബഡ്ജറ്റിൽ അതിനുവേണ്ടി 2,40,00,000 രൂപയേ വകയിരുത്തിയതായി കാണുന്നുള്ളൂ. ഇത് വളരെ ചെറിയ തുകയാണ്. കേരളത്തിൽ പാവപ്പെട്ടവർക്ക് ചികിൽസാ സൗകര്യം മെച്ചപ്പെടുത്തുന്നതിന് കുറച്ചുകൂടി ബഡ്ജറ്റ് പ്രൊവിഷനുണ്ടാകണം. ഇന്ന് ജനങ്ങളുടെ ആരോഗ്യത്തിൽ ഗുരുതരമായ ഭീഷണി ഉയർത്തിയിരിക്കുന്നത് മരുന്നിന്റെ ഗുണനിലവാരം

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചുള്ള പ്രശ്നങ്ങളാണ്. ആ വിഷയങ്ങളെ സംബന്ധിച്ച് ദീപികയിൽ വന്ന 'മരുന്ന് ചന്തയിലെ മറിമായങ്ങൾ' എന്ന ലേഖനം ഞാൻ വായിക്കുകയുണ്ടായി. ജൂൺ രണ്ടാം വാരത്തിൽ രജി ജോസഫിന്റെ ഒരു ലേഖനത്തിൽ പറഞ്ഞിരിക്കുന്നത് ഗുണനിലവാരമില്ലാത്ത മരുന്നുകൾ പരിശോധിക്കാനോ നിയന്ത്രിക്കാനോ ഉള്ള ക്രമീകരണവും സൗകര്യവുമില്ല എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത് എന്നാണ്. ഓരോ ബ്രാന്റിലുമുള്ള മരുന്നിന്റെ ലക്ഷക്കണക്കിന് ഇനങ്ങൾ വിറ്റഴിക്കപ്പെട്ടതിനു ശേഷമാണ് ഗുണമേന്മയില്ല എന്ന് കണ്ടെത്തി നിരോധിക്കുന്നത്. അതോടൊപ്പം ധാരാളം രോഗികൾ അത് വാങ്ങിച്ച് കഴിക്കുന്നു. അതുകൊണ്ട് ഈ കാര്യങ്ങൾ ഗൗരവത്തോടുകൂടി എടുക്കണം. ഭക്ഷ്യ വകുപ്പിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ സംസ്ഥാനത്ത് പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് ഉണ്ടായില്ല എന്നുള്ളത് ശ്ലാഘിക്കാതിരിക്കാൻ കഴിയുകയില്ല. മാവേലി സ്റ്റോറുകൾ, ലാഭം മാർക്കറ്റുകൾ തുടങ്ങിയ സർക്കാർ നിയന്ത്രണത്തിലുള്ള സമാന്തര വിപണി ശക്തിപ്പെടുത്താൻ സർക്കാർ നിലപാടെടുത്തു. അതിന് വിറളി പൂണ്ടിട്ട് കാര്യമില്ല. എന്റെ നിയോജകമണ്ഡലത്തിൽ നാല് മാവേലി സ്റ്റോറുകൾ മൂന്നു വർഷക്കാലത്തിനിടയിൽ തുറക്കാൻ കഴിഞ്ഞു. അത് നിസ്സാരമല്ല. സാധാരണക്കാർക്ക് വളരെയേറെ സന്തോഷകരമായ കാര്യമാണ്. അതുപോലെ വീടില്ലാത്തവർക്ക് റേഷൻ കാർഡ് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാവപ്പെട്ട എസ്.സി./എസ്.ടി വിഭാഗത്തിന് കൂടുതൽ പരിരക്ഷ നൽകുന്നതിന് നിലപാടെടുത്തു. അവർക്ക് കാർഡില്ലെങ്കിൽപ്പോലും ആ വിഭാഗത്തിൽ പെട്ടവരാണെന്ന് ബോധ്യപ്പെട്ടാൽ അവർക്ക് അരി കൊടുക്കുന്നതിന് ആവശ്യമായ നിലപാട് സ്വീകരിക്കണം. എന്റെ മണ്ഡലമായ ഇടുക്കി ജില്ലയിലെ ഒരു കാര്യം പറയട്ടെ. ആരോഗ്യ രംഗത്ത് ഇന്ന് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ വിസ്തൃതമായ ഭൂപ്രദേശം തടസ്സമായി നിൽക്കുന്നുവെങ്കിലും ഞാൻ ഒരു നിർദ്ദേശം വയ്ക്കുകയാണ്. വിദേശ മദ്യത്തിൽ നിന്ന് ലഭിക്കുന്ന തുക സർക്കാരിന്റെ ഖജനാവിലേയ്ക്ക് വരുന്നത് ഏറ്റവും വലിയ മുതൽക്കൂട്ടാണ്; അതിൽ ഒരു പെർസന്റേജ് നേരിട്ട് ആരോഗ്യ വകുപ്പിന് കൊടുക്കാനോ ഡിപ്പാർട്ടുമെന്റിന് കൊടുക്കാനോ ഉള്ള നിലപാട് സ്വീകരിക്കണം. ആരോഗ്യവും വിദ്യാഭ്യാസവും സംരക്ഷിക്കേണ്ട ചുമതല ഗവണ്മെന്റിനുണ്ട്. ആ നിലയിൽ ഒരു സജഷൻകൂടി ഈ സഭയുടെ മുമ്പിൽ അവതരിപ്പിച്ചുകൊണ്ട് രണ്ട് വകുപ്പുകളിൻമേൽ നടക്കുന്ന ധനാഭ്യർത്ഥനകളെ പരിപൂർണ്ണമായും പിൻതുണയ്ക്കുന്നു.

<u>ശ്രീമതി മാലേത്ത് സരളാദേവി:</u> സർ, വൈദ്യസഹായരംഗം, പൊതുജനാരോഗ്യം, കുടുംബക്ഷേമം, ഭക്ഷ്യം എന്നീ വകുപ്പുകളിൻമേലുള്ള ധനാഭ്യർത്ഥനകളെ പൂർണ്ണമായും ഞാൻ പിൻതുണയ്ക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മാറാരോഗം ബാധിച്ച്, അവശ നിലയിലായികിടന്ന ആരോഗ്യ വകുപ്പിനെ വിദഗ്ദ്ധ ചികിൽസയിലൂടെ പ്രവർത്തനക്ഷമമാക്കിത്തീർത്ത ആരോഗ്യ വകുപ്പുമന്ത്രിയെ അങ്ങേയറ്റം അഭിനന്ദിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിൽ കാലോചിതമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നത് പ്രതിപക്ഷത്തിരിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾക്കും സമ്മതിക്കാതിരിക്കാൻ കഴിയുകയില്ല. പൊതുജനാരോഗ്യ സംരക്ഷണത്തിനുള്ള നടപടികൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ചുമതലകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. അതിന്റെ പ്രയോജനം കിട്ടേണ്ടത് താഴെത്തട്ടിലുള്ള പാവപ്പെട്ട ആളുകൾക്കാണ്. പാവപ്പെട്ട ആളുകളെയാണ് പലപ്പോഴും മാരാരോഗങ്ങൾ കാർന്നുതിന്നുന്നത്. ഈ ഗവണ്മെന്റ് വന്നതിനുശേഷം മെഡിക്കൽ കോളേജ് ആശുപത്രികളെയെങ്കിലും തികച്ചും കുറ്റമറ്റതാക്കി, ഹൈടെക്ക് ആശുപത്രിയാക്കി മാറ്റുന്നതിനുള്ള സംവിധാനം സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി വളരെ നല്ല രൂപരേഖ തയ്യാറാക്കി ആരോഗ്യ വകുപ്പിൽ കാലോചിതമായ പരിഷ്കാരം ഘട്ടംഘട്ടമായി വരുത്താൻ തയ്യാറെടുത്തു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലാപ്രോസ്കോപ്പിക്ക് 5 എണ്ണം മാത്രമേ പ്രവർത്തനക്ഷമമായി ഉണ്ടായിരുന്നുള്ളൂ. ലാപ്രോകെയർ വെർട്ടിക്കൽ 20 എണ്ണമുള്ളതിൽ 13 എണ്ണം ഉപയോഗശൂന്യമായിരുന്നു. ചില ഉപകരണങ്ങൾ വാങ്ങിയതിനുശേഷം കഴിഞ്ഞ ഗവൺമെന്റ് ഉപയോഗിച്ചിട്ടില്ലായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് അത് ഉപയോഗക്ഷമമാക്കിയത്. മെഡിക്കൽ കോളേജ് ആശുപത്രിയുടെ പേയിംഗ് കൗണ്ടറുകളെ കുറിച്ച് പറഞ്ഞു. പേയിംഗ് കൗണ്ടർ എല്ലാ സ്ഥലത്തും, എല്ലാ മെഡിക്കൽ കോളേജിലും ഉണ്ടാകേണ്ടിയിരിക്കുന്നു. കാരണം പെട്ടെന്ന് അർദ്ധരാത്രിയിൽ ഒരു രോഗിക്ക് അത്യാസന്നനില വരുമ്പോൾ ഐ.സി.യു.-വിൽ കിടക്കുന്ന രോഗിയെ രക്ഷിക്കുന്നതിനുവേണ്ടി, ജീവൻമരണ പോരാട്ടം നടത്തുന്ന രോഗിക്കുവേണ്ടി ബന്ധുക്കൾക്ക് പെട്ടെന്ന് മരുന്നുകൾ കിട്ടണമെങ്കിൽ ഹോസ്പ്പിറ്റലിനോടു ചേർന്നുതന്നെ പേയിംഗ് കൗണ്ടറുകൾ ഉണ്ടാകണം. പ്രതിരോധശേഷി നിലനിർത്തുന്ന മരുന്നുകളിൽ പ്രധാനപ്പെട്ട ഒന്നാണ് activated c-reactive protein. പലപ്പോഴും ഒരു രോഗി മരണത്തോട് മല്ലടിക്കുമ്പോൾ പ്രതിരോധ ശേഷി നിലനിർത്തുന്ന മരുന്നാണിത്. ഇത് പല മെഡിക്കൽ കോളേജുകളിലും വാങ്ങിച്ചു വയ്ക്കുന്നില്ല. ഇത് മെഡിക്കൽ കോളേജിനോട് ചേർന്ന് സൂക്ഷിച്ചില്ലായെങ്കിൽ പലപ്പോഴും ഇത് വാങ്ങിച്ചുകൊണ്ടുവരുന്നതിനുള്ള സമയ ദൈർഘ്യംമൂലം രോഗി മരിക്കാനിടയാകുന്നു. അതിനാൽ എല്ലാ മെഡിക്കൽ കോളേജിലും activated c-reactive protein വാങ്ങി സൂക്ഷിച്ചുവയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. മെഡിക്കൽ കോളേജുകൾ പ്രത്യേകിച്ച് കോട്ടയത്തിന്റെ കാര്യം ഞാൻ എടുത്തുപറയുകയാണ്. അവിടെ അത്യാസന്ന നിലയിലുള്ള രോഗിക്കുവരെ അത്യാഹിത വിഭാഗത്തിൽ എത്തിച്ചേരുന്നതിന് നീണ്ട ക്യൂവിൽ നിൽക്കേണ്ടി വരുന്നുണ്ട്. അവർക്ക് ഇരിക്കാനുള്ള സൗകര്യമില്ല. എല്ലാ മെഡിക്കൽ കോളേജുകളിലും ഷീറ്റിട്ടെങ്കിലും ഒരു വലിയ ഹാൾ ഉണ്ടാക്കി കുറച്ച് ചാരുബഞ്ചുകളെങ്കിലുമിട്ട് രോഗികൾ വന്നാൽ ഇരിക്കുന്നതിന് സൗകര്യമുണ്ടാക്കണം. ജൂൺ, ജൂലൈ മാസങ്ങളിൽ മഴക്കാലമാണ്. ഡെങ്കിപ്പനിയും, എലിപ്പനിയും സർവ്വ സാധാരണമായി കണ്ടുവരുന്നത് ഈ കാലഘട്ടത്തിലാണ്. ഡെങ്കിപ്പനി പരത്തുന്നത് കൊതുകുകളാണ്. പേപ്പട്ടിയെ പിടിക്കുന്നതിനുള്ള സംവിധാനത്തിന് തദ്ദേശ സ്വയംഭരണ വകുപ്പിനെ ഏർപ്പെടുത്തുന്നതുപോലെ ഒരു പടികൂടെ കടന്ന് കൊതുകുകളെ നശിപ്പിക്കുന്നതിനുള്ള സംവിധാനം നമ്മുടെ നാട്ടിൽ ഉണ്ടാക്കണം. പുകയിലയിൽ നിന്നും ഉണ്ടാകുന്ന പാൻമസാല കഴിച്ച്

ഉണ്ടാകുന്ന രോഗമാണ് കൃാൻസർ. കൃാൻസർ ബാധിച്ച് ആർ.സി.സി.-യിൽ എത്തുന്ന ആളുകൾക്ക് വസ്തുവകകൾ ഇല്ലാതാവുകയും ജീവൻ നഷ്ടപ്പെടുക യുമാണ് ചെയ്യുന്നത്. റേഡിയേഷൻ, സർജറി, കീമോതെറാപ്പി ഇങ്ങനെ മൂന്ന് ചികിൽസകളാണ് ഇതിനുള്ളത്. ഇവിടെ ആർ.സി.സി.-ക്ക് കൊടുക്കുന്ന തുക മതിയാകാതെയിരിക്കുന്നു. അതുകൊണ്ട് ബഡ്ജറ്റിൽ ആരോഗ്യ വകുപ്പിനെ മറ്റെല്ലാ വകുപ്പുകളേക്കാൾ കൂടുതൽ ഗൗനിക്കേണ്ടിയിരിക്കുന്നു. കൃാൻസർ എന്ന് കേൾക്കുമ്പോൾതന്നെ മനുഷ്യർ പകുതി മരിച്ചുകഴിയും. അവരെ രക്ഷിക്കേണ്ടതിന് ഇപ്പോൾ നല്ല പ്രവർത്തനം കാഴ്ച വയ്ക്കുന്ന ആർ.സി.സി.-ക്ക് കൂടുതൽ തുക അനുവദിച്ചുകൊടുക്കാൻ ആരോഗ്യ വകുപ്പ് ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട പല മെമ്പറന്മാരും നേരത്തെ തസ്തികകൾ നികത്തിയ കാര്യം പറഞ്ഞു. കഴിഞ്ഞ കാലത്ത് നിലവിലുണ്ടായിരുന്ന തസ്തികകൾ മുഴുവൻ നികത്തി. ഇനിയും നമ്മുടെ സാമ്പത്തിക നില കൂടുതലായി ഉയർത്തേണ്ടിയിരിക്കുന്നു. 1199 പുതിയ തസ്തികകൾ ഇപ്പോൾ അനുവദിച്ചു. അതുകൊണ്ട് എന്ത് പ്രയോജനമെന്ന് ഇവിടെ ചോദിച്ചു. തസ്തികകൾ അനുവദിച്ചാൽ തീർച്ചയായും പ്രയോജനമുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററിലും, പി.എച്ച്. സെന്ററിലും ഡോക്ടറന്മാർ ഇല്ലാതിരുന്നതിനാൽ ചികിൽസ കിട്ടാതെ രോഗികൾ വിഷമിച്ചിട്ടുണ്ട്. ഈ തസ്തികകൾ അനുവദിച്ചത് വളരെയധികം സഹായകമാണ്. 335 അസിസ്റ്റന്റ് സർജന്മാർ, 504 സ്റ്റാഫ് നഴ്സുമാർ, ഒരു ഹെഡ് നഴ്സ്, 188 നഴ്സിംഗ് അസിസ്റ്റന്റുമാർ, 171 ഹോസ്പ്പിറ്റൽ അറ്റന്റർമാർ, ഇത്രയും പേരെ നിയമിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. വളരെ ചാരിതാർത്ഥ്യജനകമായ കാര്യമായിട്ടാണ് ഞാൻ ഇതിനെ വീക്ഷിക്കുന്നത്. ഞങ്ങളുടെ അടുത്തുള്ള പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ചെന്നാൽ ചികിൽസ കിട്ടുമല്ലോ എന്നുള്ള കാര്യം അവരുടെ മനസ്സിലുണ്ട്. നമ്മുടെയിടയിൽ ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ട കാര്യം സന്ധിവാതത്തിനും, arthritis-നും നൽകുന്ന nimesulide എന്ന ഔഷധം പനി മാറാൻ പ്രയോജന പ്പെടുമെന്ന് പറഞ്ഞുകൊണ്ട് കൊച്ചുകുട്ടികൾക്ക് കൊടുക്കുന്നു. ഈ ഔഷധം വളരെയധികം പ്രശ്നങ്ങൾ കരളിലുണ്ടാക്കും. ഞാനിത് പറയുന്നത് അനുഭവത്തിന്റെ വെളിച്ചത്തിലാണ്. ഞങ്ങളുടെ അടുത്ത സ്ഥലത്ത് nimesulide എന്ന ഔഷധം കുറേ വർഷം കഴിച്ച് 31 വയസ്സുള്ള ഒരു പെൺകുട്ടി ഈയിടെ മരിച്ചു. ഈ മരുന്ന് പനി മാറുന്നതിന് പ്രയോജനപ്പെടുമെന്ന് Indian Academy of Paediatric Journal-ൽ പറഞ്ഞിട്ടുണ്ടെങ്കിലും കുഞ്ഞുങ്ങൾക്ക് പെട്ടെന്ന് പനി മാറിക്കിട്ടുമെന്നു കരുതി ഈ ഔഷധം കൊടുക്കാതിരിക്കാനുള്ള നടപടി ഗവണ്മെന്റ് സ്വീകരിക്കണം.

12.00 noon] ജീവൻരക്ഷാ മരുന്നുകൾക്കുവേണ്ടി നെട്ടോട്ടമോടുന്ന ആളുകളെ നമുക്ക് കാണാൻ കഴിയും. ഒരു മെഡിക്കൽ സ്റ്റോറിൽ പോകുമ്പോൾ അവിടെ മരുന്ന് ഇല്ല എന്നുപറയും. അടുത്ത മെഡിക്കൽ സ്റ്റോറിൽ പോകും. അങ്ങനെ ഓടിനടന്ന് എന്തുവിലകൊടുത്തും ജീവൻരക്ഷാ ഔഷധങ്ങൾ വാങ്ങും. പക്ഷേ പാവപ്പെട്ട ആളുകൾ ഈ മരുന്നുകൾ നിർമ്മിച്ചത് ഏത് ദിവസമാണെന്നോ, എക്സ്പയറി ഡേറ്റ് ഏത് ദിവസമാണെന്നോ ഒന്നും നോക്കാറില്ല. അവർ ആ മരുന്ന് വാങ്ങിക്കൊണ്ടു പോവുകയാണ്. മെഡിക്കൽ സ്റ്റോറിൽ സ്റ്റോക്ക് രജിസ്റ്റർ വച്ച് എക്സ്പയറി ഡേറ്റായ മരുന്നുകൾ സംബന്ധിച്ച് രണ്ട് മാസത്തിലൊരിക്കൽ ഇൻസ്പെക്ഷൻ നടത്തി അവ സ്റ്റോക്ക്

LIBRARY ARCHIVES Kerala Legislative Assembly

രജിസ്റ്ററിൽനിന്നും ഒഴിവാക്കി ജനങ്ങളെ കൂടുതൽ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഡബ്ല്യു.എച്ച്.ഒ.-യുടെ കണക്ക് അനുസരിച്ച് ഒരു പഞ്ചായത്തിൽ രണ്ട് മെഡിക്കൽ സ്റ്റോറുകളാകാമെന്നാണ്. സ്വകാര്യ മേഖലയിൽ പ്രാക്ടീസ് ചെയ്യുന്നവരുടെ കാര്യം മുമ്പ് ഇവിടെ സൂചിപ്പിച്ചു. മലപ്പുറം ജില്ലയിൽ സ്വകാര്യ മേഖലയിൽ 2300 ഡോക്ടർമാരാണ് പ്രാക്ടീസ് ചെയ്യുന്നത്. അവിടെ 21 മെഡിക്കൽ സ്റ്റോറുകളുണ്ട്. കൂടുതൽ ചികിൽസ വേണ്ട സ്ഥലത്ത് ഇതിനെ തടയാതിരിക്കുകയാണ് നല്ലത്. കാരണം ജനങ്ങൾക്ക് എങ്ങനെയെങ്കിലും ചികിൽസ ലഭിക്കണമെന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വിജയകുമാർ: ഞാൻ സ്വകാര്യ പ്രാക്ടീസിന് എതിരായി സംസാരിക്കുകയല്ല. ഇന്ന് രോഗിയുടെ ഒരു സ്കാനിംഗിന് ഡോക്ടർമാർക്ക് കിട്ടുന്നത് 800 രൂപയാണ്. കൺസൾട്ടിംഗ് ഫീ കിട്ടുന്നതുകൊണ്ട് ഡോക്ടർമാർ സ്വമേധയാ ഇത് ഒഴിവാക്കാൻ തയ്യാറാകണം. ഗവൺമെന്റ് അതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീമതി മാലേത്ത് സരളാദേവി: അതൊരു നല്ല കാര്യമാണ്. സന്താനഭാഗ്യമില്ലാത്തവർ ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകളെയാണ് ആശ്രയിക്കുന്നത്. അതിന്റെ പ്രവർത്തനം സത്യസന്ധമാണോ എന്ന് വീക്ഷിക്കേണ്ടിയിരിക്കുന്നു. എയ്ഡ്സ്, ഹൃദയസ്തംഭനം എന്നീ രോഗങ്ങൾക്കും കൂടുതൽ ചികിത്സാ സൗകര്യം നമ്മുടെ ആശുപത്രികളിൽ ഉണ്ടാക്കേണ്ടതുണ്ട്. ചുരുക്കിപ്പറയുകയാണെങ്കിൽ താടിയിൽ തീപിടിക്കുമ്പോൾ ബീഡി കത്തിക്കുവാൻ ഓടുന്നവരുടെ മനോഭാവമായിരുന്നു കഴിഞ്ഞ സർക്കാർ കാണിച്ചിരുന്നത്. ആരോഗ്യ വകുപ്പിന് കുറച്ച് തുകയേ കിട്ടിയിട്ടുള്ളുവെങ്കിലും ഉള്ളതുകൊണ്ട് ഓണമാക്കി മാറ്റിയ ആരോഗ്യ വകുപ്പു മന്ത്രിയെ അഭിനന്ദിക്കുകയാണ്. അതുപോലെതന്നെ ഭക്ഷ്യ വകുപ്പുമന്ത്രി, പൊതുവിതരണ മേഖലയെ കുറ്റമറ്റതാക്കിയിരിക്കുകയാണ്. ഭക്ഷ്യധാന്യങ്ങൾ കിട്ടാതെ ജനങ്ങൾ നെട്ടോട്ടമോടി. ഇന്ന് അന്ത്യോദയ, അന്നയോജന പദ്ധതികൾ അനുസരിച്ച് 35 കിലോ അരി മുന്ന് രൂപ വച്ച് പ്രതിമാസം വാങ്ങാൻ കിട്ടുന്നുണ്ട്. അതുപോലെ അന്നപൂർണ്ണ പദ്ധതി അനുസരിച്ച് 65 വയസ്സിന് മുകളിൽ പ്രായമുള്ള അഗതികളായവർക്ക് ഓരോ മാസവും 10 കിലോ അരി കൊടുക്കുന്ന ഏർപ്പാടുണ്ട്. റേഷൻ വ്യാപാരികളുടെ പെൻഷൻ 150 രൂപയിൽനിന്ന് 500 രൂപയാക്കി വർദ്ധിപ്പിച്ചു. സ്മാർട്ട് കാർഡ് കൊണ്ടുവന്നതുകൊണ്ട് ക്രെഡിറ്റ് കാർഡിന്റെ രീതിയിലുള്ള കമ്പ്യൂട്ടർവൽക്കരണ കാർഡുകളിൽ യാതൊരു കൃത്രിമവും കാണിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ആ സംവിധാനം ജനങ്ങൾക്ക് കൂടുതൽ പ്രയോജനം ചെയ്യാൻ ഇടയാകും. പൊതുവിതരണ മേഖലയിൽ ശ്രദ്ധേയമായ മാറ്റംവരുത്തിയിട്ടുണ്ട്. 2001-2002-ലെ വിറ്റുവരവ് 327 കോടി രൂപയായിരുന്നത് 2002-2003-ൽ 383 കോടി രൂപയായി. ഇപ്പോൾ അത് 450 കോടി രൂപയാക്കി വർദ്ധിപ്പിക്കുവാൻ ഭക്ഷ്യവകുപ്പു മന്ത്രിക്ക് സാധിച്ചു. അതിന്റെ പ്രവർത്തനം കുറ്റമറ്റതാക്കിത്തീർക്കാൻ കഴിഞ്ഞു. അത് ജനങ്ങൾ ശ്രദ്ധിക്കുന്നു എന്നതിന്റെ തെളിവാണെന്നുകൂടി പറയുവാൻ ഈ

അവസരം ഞാൻ ഉപയോഗിക്കുകയാണ്. 38 മാവേലി മെഡിക്കൽ സ്റ്റോറുകളുണ്ട്. ആരോഗ്യവും ക്ഷേമവും എല്ലാംകൂടി യോജിച്ചുപോകുന്നതുകൊണ്ട് 38 മാവേലി മെഡിക്കൽ സ്റ്റോറുകൾ എന്നത് വ്യാപിപ്പിച്ച് കൂടുതൽ സ്ഥലത്ത് മാവേലി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങി കുറ്റമറ്റ സംവിധാനമുണ്ടാക്കുവാൻ ഒരു പരിശ്രമമുണ്ടാക്കണം. അങ്ങനെ ആരോഗ്യ വകുപ്പിന്റേയും ക്ഷേമ വകുപ്പിന്റേയും പ്രവർത്തനം കഴിഞ്ഞ സർക്കാരിന്റെ പ്രവർത്തനങ്ങളെ മറികടന്ന് ജനങ്ങൾ തങ്ങളുടേതാക്കി മാറ്റി. അങ്ങനെ ഒരു സംവിധാനവും മനോഭാവവും സൃഷ്ടിക്കുവാൻ കഴിഞ്ഞ ആരോഗ്യ വകുപ്പുമന്ത്രിയേയും ക്ഷേമ വകുപ്പുമന്ത്രിയേയും അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് സംസാരിക്കുമ്പോൾ കേരളത്തിലെ ജനങ്ങളെ ഏറ്റവും കൂടുതൽ ബാധിക്കുന്ന രണ്ട് പ്രധാനപ്പെട്ട വകുപ്പുകളെന്ന നിലയിൽ ഈ ഗവൺമെന്റിന്റെ കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്താനും അതിന് മുൻകാലത്ത് സംസ്ഥാനം ഭരിച്ചിരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രവർത്തനത്തിലേയ്ക്ക് ഒന്ന് എത്തിനോക്കുവാനും ഞാൻ ഈ സമയം വിനിയോഗിക്കുവാൻ ആഗ്രഹിക്കുകയാണ്. ക്ഷേമ വകുപ്പിനെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുത്ത് പ്രതിപക്ഷത്തുനിന്ന് സംസാരിച്ച ബഹുമാന്യരായ സ്നേഹിതന്മാരുടെ പ്രസംഗം ഞാൻ കേട്ടു. കഴിഞ്ഞ മൂന്ന് വർഷത്തിനപ്പുറം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിലിരുന്ന കാലയളവിൽ നിയമസഭയെ ഏറ്റവും കൂടുതൽ പ്രക്ഷുബ്ധമാക്കിയ അന്തരീക്ഷമുണ്ടാക്കിയത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെക്കുറിച്ചാണ്. ഈ സഭയിൽ ഏതാണ്ട് ആറേഴ് അടിയന്തിര പ്രമേയങ്ങൾ വന്നകാര്യം ഞാൻ ഓർക്കുകയാണ്. സഭയിൽ പൊട്ടിത്തെറിച്ചു. സഭ ഒന്നടങ്കം വികാരഭരിതമായി സംസാരിച്ചു. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചതുമൂലം സാധാരണക്കാർക്ക് ജീവിക്കുവാൻ കഴിയാതെയായി. അതായിരുന്നു സഭയുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യവും ചർച്ചയും. ഞാൻ പ്രതിപക്ഷത്തിരിക്കുന്ന സ്നേഹിതരോട് ചോദിക്കട്ടെ, ഈ കഴിഞ്ഞ മൂന്ന് വർഷക്കാലം ഈ സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചുവെന്ന ഒരാക്ഷേപംപോലും ഉന്നയിക്കുവാൻ അപ്പുറത്തുള്ളവർക്ക് കഴിഞ്ഞോ? അത് വലിയൊരു നേട്ടമല്ലേ? ഈ ഗവൺമെന്റിന്റെ പൊതുവിതരണ രംഗത്തുള്ള കൃത്യമായ ഇടപെടലിന്റെ പേരിൽ പൊതുവിപണിയിലെ വിലനിലവാരം പിടിച്ചു നിർത്താനും നിത്യോപയോഗ സാധനങ്ങളുടെ വില ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കാതെ നിയന്ത്രിക്കുവാനും കഴിഞ്ഞു എന്നത് എത്ര അഭിമാനകരമായ കാര്യമാണ്. എനിക്ക് ക്ഷേമ വകുപ്പുമന്ത്രിയോട് പറയുവാനുള്ളത്, ഇവിടെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം വളരെ അഭിമാനകരമാണ്. വിറ്റുവരവിന്റെ കാര്യം പരിശോധിച്ചാൽ 2001-2002-ൽ 327 കോടി രൂപ ആയിരുന്നുവെങ്കിൽ 2002-2003 ആയപ്പോൾ അത് 383 കോടി രൂപയായി വർദ്ധിച്ചു. 2003-2004-ൽ അത് 450 കോടി രൂപയായി; റിക്കാർഡ് വിറ്റുവരവ് ഉണ്ടാക്കി. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

സംഭവിച്ചത് ഇവിടത്തെ പൊതുവിതരണ സമ്പ്രദായത്തോട് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനത്തോട് കേരളത്തിലെ ജനങ്ങൾ മുഴുവൻ വളരെയധികം ഇടപഴകിച്ചേർന്നുവെന്നതിന്റെ വലിയ തെളിവായി ഞാൻ കാണുകയാണ്. ലാഭമാർക്കറ്റുകളും മാവേലി സ്റ്റോറുകളും നല്ല പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. 106 ലാഭ മാർക്കറ്റുകൾ മാത്രമാണ് ഇന്ന് സംസ്ഥാനത്തുള്ളത്. അതിന്റെ എണ്ണം വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. പ്രധാനപ്പെട്ട കേന്ദ്രങ്ങളിലൊക്കെ ലാഭ മാർക്കറ്റുകൾ തുടങ്ങാൻ ഈ ഗവൺമെന്റ് അടിയന്തിരമായി നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരുകാലത്ത് അങ്ങേയ്ക്കറിയാം, മാർജിൻഫ്രീ മാർക്കറ്റുകളുടെ ഉദ്ഘാടനമായിരുന്നു എം.എൽ.എ. മാരുടെ ഏറ്റവും വലിയ തൊഴിൽ. ഇന്ന് അത് പോയിരിക്കുകയാണ്. മാർജിൻഫ്രീ മാർക്കറ്റുകളിൽ ആകൃഷ്ടരായ ജനങ്ങൾ ഇന്ന് നിരാശരായിരിക്കുന്നു. അതിന്റെ പൊള്ളത്തരം എന്താണെന്ന് ആളുകൾ മനസ്സിലാക്കി. അതുകൊണ്ട് സമാന്തര വിപണിയായി മാറിയ, ജനങ്ങൾ തെറ്റിദ്ധരിച്ചുപോയ മാർജിൻഫ്രീ മാർക്കറ്റുകളുടെ ഏതാണ്ട് അന്ത്യമായിരിക്കുന്നു. ജനങ്ങൾ കൂടുതലും ഗവൺമെന്റ് ഉടമയിലുള്ള മാവേലി സ്റ്റോറുകളിലേയ്ക്കും ലാഭ മാർക്കറ്റുകളിലേയ്ക്കും മാറിയിരിക്കുന്നുവെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. മാവേലി മെഡിക്കൽ സ്റ്റോറുകൾ നല്ല കാര്യമാണ്. സ്വകാര്യ മെഡിക്കൽ ഷോപ്പ് ഉടമകളോട് എനിക്ക് ഒരു വിരോധവുമില്ല. മാവേലി മെഡിക്കൽ സ്റ്റോറുകൾ വന്നതോടുകൂടി ഇന്ന് സാധാരണക്കാർക്ക് മരുന്ന് വാങ്ങാൻ സൗകര്യമാണ്. 15 ശതമാനമാണ് വിലക്കുറവ്. ബഹുമാനപ്പെട്ട മന്ത്രി അറിയാത്ത ഒരുകാര്യമുണ്ട്, ആ കാര്യം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടാവില്ല. മാവേലി മെഡിക്കൽ സ്റ്റോറുകളിൽ സർക്കാർ ജീവനക്കാരാണ് കച്ചവടത്തിന് നിൽക്കുന്നത്. അവർക്ക് വലിയ താൽപര്യമൊന്നുമില്ല. അതുകൊണ്ടുതന്നെ അവിടെ വിൽപ്പന കുറയുന്നുണ്ട്. മാവേലി മെഡിക്കൽ സ്റ്റോറിൽ വിൽപ്പന കൂട്ടുന്നതിനുവേണ്ടി ഇൻസെന്റീവ് കൊടുത്താണെങ്കിലും താൽപര്യമുള്ളവരെ കരാർ വ്യവസ്ഥയിലെങ്കിലും നിയമിച്ചാൽ അവയുടെ പ്രവർത്തനം കൂറേക്കൂടി മെച്ചപ്പെടുത്താൻ കഴിയും. അതോടൊപ്പം വ്യക്തിപരമായ ഒരഭ്യർത്ഥനയുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ കൂത്താട്ടുകുളത്ത് ഒരു മാവേലി മെഡിക്കൽ സ്റ്റോർ അനുവദിച്ചുതരാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. ലാഭമാർക്കറ്റുകൾ അനുവദിക്കുമ്പോൾ അത് മുവാറ്റുപുഴയിലുംകൂടി പരിഗണിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. റേഷൻ വ്യാപാരികൾ ഈ സംസ്ഥാനത്ത് ഏറ്റവും വലിയ പ്രശ്നമുണ്ടാക്കിയിരുന്നതാണ്. എല്ലാക്കാലത്തും പരാതിയായിരുന്നു. ഞാൻ ഒരു റേഷൻ കടക്കാരന്റെ മകനാണ്. എന്റെ രണ്ട് സഹോദരന്മാർ റേഷൻ കടക്കാരാണ്. അതുകൊണ്ട് എനിക്ക് ആ രംഗത്ത് വലിയ താൽപര്യമുണ്ട്. വളരെക്കാലം അവരുടെ അസോസിയേഷന്റെ ഭാരവാഹിയായിരുന്ന ആളാണ് ഞാൻ. 150 രൂപ പെൻഷൻ ഉണ്ടായിരുന്നത് 500 രൂപയാക്കി. ആ തുക അൽപ്പംകൂടി വർദ്ധിപ്പിക്കണം. നമ്മുടെ സംസ്ഥാനത്തെ പതിനാലായിരത്തോളംവരുന്ന കുടുംബം ജീവിക്കുന്നത് ഇതിനെ ആശ്രയിച്ചാണ്. 500 രൂപയാക്കിയതിനെ സ്വാഗതം ചെയ്യുന്നതോടൊപ്പം അത് 1000 രൂപയാക്കി വർദ്ധപ്പിക്കണം. അക്കാര്യം അങ്ങ് പരിശോധിക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജുപോൾ: സർ, ഭക്ഷ്യ വകുപ്പിന്റെ സ്ഥാപനങ്ങളിലൂടെയുള്ള വിറ്റുവരവ് ഭീമമായി വർദ്ധിച്ചു, കോടാനുകോടിയായി എന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. ഭക്ഷ്യ വസ്തുക്കളുടെ വിലനിലവാരം ഉയർന്നതുമൂലമാണ് അത്രയും വരവുണ്ടായതെന്ന കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. ജോണി നെല്ലൂർ: സർ, അങ്ങയുടെ ഗവൺമെന്റ് ഭരിച്ചിരുന്ന, വിലനിലവാരം കൂടി നിന്നിരുന്ന കാലയളവിൽ വിറ്റുവരവ് ഇതിനേക്കാൾ വളരെ കുറവായിരുന്നു എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടല്ലോ? ഞാൻ ആരോഗ്യ വകുപ്പിനെക്കുറിച്ച് ചില കാര്യങ്ങൾ പറയാനാഗ്രഹിക്കുകയാണ്. ഇന്ന് ചോദ്യോത്തരവേളയിൽ മരുന്നിന്റെ ലഭ്യതയെക്കുറിച്ചും മരുന്ന് കിട്ടാനുള്ള ബുദ്ധിമുട്ടുകളെക്കുറിച്ചും പറഞ്ഞു. ഞാൻ വളരെ അഭിമാനത്തോടുകൂടി പറയുകയാണ്, ആരോഗ്യ വകുപ്പിന്റെ ഇന്നത്തെ പ്രവർത്തനം ജീവനുറ്റതാണ്. അത് കുറേക്കൂടി ഊർജ്ജിതമാക്കണം. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാരില്ല. അടിയന്തിരമായി പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കണം. പലപ്പോഴും നിയമസഭയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളാണിവ. പ്രൈമറി ഹെൽത്ത് സെന്ററുകളെ കമ്മ്യൂണിറ്റി സെന്ററുകളായി ഉയർത്തുമെന്ന് കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് പ്രഖ്യാപനങ്ങൾ ഉണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞു, എന്റെ നിയോജകമണ്ഡലത്തിലെ പന്തപ്പള്ളി പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തുമെന്ന്. ഞാൻ സന്തോഷിച്ചു. ഇപ്പോഴും ആ പ്രഖ്യാപനത്തിൽ നിൽക്കുകയാണ്. കഴിഞ്ഞ ഗവണ്മെന്റാണ് പ്രഖ്യാപിച്ചത് എന്നുള്ളതുകൊണ്ട് ഈ ഗവൺമെന്റ് നടപ്പാക്കാതിരിക്കരുത്. പന്തപ്പള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തെ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്താനും നിലവിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം കുറേക്കൂടി ശക്തമാക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. മറ്റൊന്ന്, നമ്മുടെ കുടുംബക്ഷേമ കേന്ദ്രങ്ങളൊക്കെ നല്ല പ്രവർത്തനങ്ങൾ കാഴ്ചവച്ചിരുന്നു. നമ്മുടെ സംസ്ഥാനത്തെ കുടുംബാസൂത്രണ പ്രവർത്തനങ്ങളൊക്കെ ശ്ലാഘനീയമായൊരു കാലമുണ്ടായിരുന്നു. അന്ന് അതൊക്കെ സജീവമായിരുന്നു. ഇന്ന് കുടുംബക്ഷേമ കേന്ദ്രങ്ങൾ പലതും പ്രവർത്തിക്കുന്നില്ല. നമുക്ക് അതിനെക്കുറിച്ച് ആലോചിക്കേണ്ടേ? കുടുംബാസൂത്രണ നടപടികളൊക്കെ വളരെ വിജയകരമായി നടപ്പാക്കിയ ഒരു സംസ്ഥാനമാണ് കേരളം. സന്താനഭാഗ്യമില്ലാത്ത ഒട്ടേറെ ദമ്പതികൾ ഇന്നുണ്ട്. അവർ മാനസികമായി ബുദ്ധിമുട്ടിലാണ്. അങ്ങനെയുള്ള ആളുകളെ സംബന്ധിച്ച് അവർക്ക് സന്താന ഭാഗ്യത്തിനാവശ്യമായ ചികിൽസാസൗകര്യങ്ങൾ ഒരുക്കുന്ന ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകളുടെ പ്രവർത്തനം കുറേക്കൂടി ഊർജ്ജിതമാക്കാൻ നടപടികൾ സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, സംസ്ഥാനത്തെ കുടുംബക്ഷേമ കേന്ദ്രങ്ങൾ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിയതിനെക്കുറിച്ചും ജനസംഖ്യാ നിയന്ത്രണത്തെക്കുറിച്ചും അങ്ങ് സംസാരിക്കുകയുണ്ടായി. ജനസംഖ്യാ നിയന്ത്രണത്തിന്റെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് ഇനിഷേറ്റീവ് എടുത്ത് പ്രഖ്യാപനങ്ങളൊക്കെ നടത്തി. അതനുസരിച്ചുള്ള നല്ല പ്രതികരണവും നമ്മുടെ സംസ്ഥാനത്തുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ജനസംഖ്യ കുറയ്ക്കാൻ കഴിഞ്ഞു. അതിന്റെ പേരിൽ ഇന്ന് ശിക്ഷിക്കപ്പെടുകയല്ലേ? ജനസംഖ്യ കുറഞ്ഞതിന്റെ പേരിൽ നിയോജകമണ്ഡലങ്ങൾ കുറയാൻ പോകുന്നു. ഞാൻ പ്രതിനിധാനം ചെയ്യുന്ന പത്തനംതിട്ട ജില്ലയിൽ രണ്ടെണ്ണം കുറയുമെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. കോട്ടയത്തും എറണാകുളത്തും തൃശൂരും കുറയുന്നു. അപ്പോൾ ജനസംഖ്യ നിയന്ത്രിക്കാൻവേണ്ടി ഗവൺമെന്റ് നടത്തിയ ആഹ്വാനം ചെവിക്കൊണ്ട്, ആ നടപടിയോട് ക്രിയാത്മകമായി പ്രതികരിച്ച ആളുകളെ ശിക്ഷിക്കുകയല്ലേ ഇതുവഴി ചെയ്യുന്നത്? അതു ശരിയാണോ? ആ കാര്യത്തിലുള്ള അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. ജോണി നെല്ലൂർ: സർ, അങ്ങനെ ശിക്ഷിക്കുന്നത് ശരിയല്ല. അതിനൊരു മറുവശവുമുണ്ട്. ചില സ്ഥലങ്ങളിൽ നിയോജകമണ്ഡലങ്ങളുടെ എണ്ണം കൂടിയിട്ടുണ്ട്. അതോടൊപ്പം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഗൗരവമുള്ള കാര്യമാണ്. ഈ നിയന്ത്രണമൊക്കെ വന്ന് വന്ന് കുട്ടികൾ ഇല്ലാത്തതിന്റെ പേരിൽ സ്ക്കൂളുകൾ പൂട്ടിപ്പോകുന്ന സ്ഥിതിയും കേരളത്തിലുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. സ്ഥലവും കെട്ടിടവും മറ്റ് സൗകര്യങ്ങളും ഒരുക്കി ആയുർവ്വേദ ഡിസ്പെൻസറി തുടങ്ങാനും, ഹോമിയോ ഡിസ്പെൻസറി തുടങ്ങാനും ചില തദ്ദേശഭരണസ്ഥാപനങ്ങൾ അപേക്ഷ നൽകിയിട്ടുണ്ട്. എല്ലാ പഞ്ചായത്തിലും ആയുർവ്വേദ ഡിസ്പെൻസറികൾ, എല്ലാ പഞ്ചായത്തിലും ഹോമിയോ ഡിസ്പെൻസറികൾ എന്നിങ്ങനെ എത്രയോ പ്രഖ്യാപനങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ട്. ഈ ഗവൺമെന്റ് അടിയന്തിരമായി കാര്യങ്ങൾ നടപ്പാക്കാൻ ശ്രമിക്കണം. അങ്ങനെ നടപ്പാക്കാൻ ശ്രമിക്കുമ്പോൾ സ്ഥലവും കെട്ടിടവും മറ്റ് സൗകര്യങ്ങളും ഒരുക്കിയിരിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ രണ്ട് പഞ്ചായത്തുകൾ ഉണ്ട്. കല്ലൂർക്കാട് പഞ്ചായത്ത് ഹോമിയോ ഡിസ്പെൻസറിക്കു വേണ്ടിയും ഇലഞ്ഞി പഞ്ചായത്ത് ആയുർവ്വേദ ഡിസ്പെൻസറിക്കുവേണ്ടിയും സ്ഥലവും സൗകര്യങ്ങളും ഒരുക്കിയിരിക്കുന്നു. ഇവിടെ എച്ച്.ഡി.സി.-കളുടെ കാര്യം പറഞ്ഞു. എച്ച്.ഡി.സി.-കൾക്ക് ഇന്ന് യാതൊരു അധികാരവുമില്ല. ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ട്. ആശുപത്രികളുടെ പുരോഗതിക്ക് എച്ച്.ഡി.സി.-കളുടെ പ്രവർത്തനം വളരെ സഹായകരമാണ്. എച്ച്.ഡി.സി.-കൾക്ക് കുറേക്കൂടി നിയമപരമായി അധികാരം കൊടുക്കണം. ഫണ്ട് സ്വരൂപിക്കാനും ആ ഫണ്ട് ചെലവഴിക്കാനുമുള്ള അധികാരങ്ങൾ കൂടുതൽ കൊടുക്കുന്ന കാര്യം ഈ ഗവൺമെന്റ് ഗൗരവമായി ആലോചിക്കണം. ബഹുമാനപ്പെട്ട തമ്പാനൂർ രവി

ആശുപത്രികളുടെ സ്റ്റാറ്റസ് മാറ്റുന്ന കാര്യം പറഞ്ഞു. എന്റെ നിയോജക മണ്ഡലമായ, മൂവാറ്റുപുഴ ഒരു ജില്ല ആകാൻ വേണ്ടി ദാഹിക്കുന്ന ഒരു സ്ഥലമാണ്. ഒരു ജില്ലാ ആസ്ഥാനത്തിന്റെ എല്ലാ സൗകര്യങ്ങളുമുള്ള മൂവാറ്റുപുഴയിൽ കേരളത്തിലെ ഏറ്റവും നല്ല സൗകര്യങ്ങളുള്ള ഒരു താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുണ്ട്. ആ ആശുപത്രിക്ക് ഒരു ജില്ലാ ആശുപത്രിയുടെ സ്റ്റാറ്റസ് നൽകണമെന്ന് ഞാൻ ആവശ്യപ്പെട്ടു. ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷമുള്ള മറുപടി പ്രസംഗത്തിൽ അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. ശങ്കരൻ പറഞ്ഞത്, മൂവാറ്റുപുഴ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിക്ക് ഒരു ജില്ലാ ആശുപത്രിയുടെ സ്റ്റാറ്റസ് നല്കുമെന്നാണ്. അക്കാര്യം പത്രങ്ങളിലൊക്കെ വാർത്തയായി വന്നു. നാട്ടിലൊക്കെയുള്ള ആളുകൾ എന്നെ അഭിനന്ദിച്ചു. ഒരു വർഷം കഴിഞ്ഞു. അത് നടപ്പിലായില്ല. അങ്ങയുടെ കാലത്ത് എനിക്ക് വലിയ പ്രതീക്ഷയുണ്ട്. അങ്ങ് വാക്കു പറഞ്ഞാൽ മാറ്റുന്ന ആളല്ല. അതുകൊണ്ട് തീർച്ചയായും മൂവാറ്റുപുഴ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ ഒരു ജില്ലാ ആശുപത്രിയുടെ സ്റ്റാറ്റസിലേയ്ക്ക് ഉയർത്തി ഞങ്ങളെ സംരക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വളരെ ഊർജ്ജസ്വലരായ ഭാവനാ സമ്പന്നതയോടുകൂടി കാര്യങ്ങൾ നടത്തുന്ന രണ്ടു മന്ത്രിമാർ അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി പിൻതാങ്ങുന്നു.

ശ്രീ. കെ. മോഹൻകുമാർ: സർ, ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. വളരെ കാലോചിതമായ രണ്ട് ധനാഭ്യർത്ഥനകളാണ് ഇന്ന് ചർച്ച ചെയ്യുന്നത്. അന്നവും ഔഷധവും, ആഹാരവും ആരോഗ്യവും. കർക്കടക മാസത്തിലെ ഔഷധക്കഞ്ഞിപോലെ നമ്മുടെ സമൂഹത്തിന്റെ ജീവനെ ആരോഗ്യപൂർണ്ണവും ചൈതന്യധന്യവുമാക്കാൻ ഇവിടെ പാസ്സാക്കപ്പെടുന്ന ധനാഭ്യർത്ഥനകൾ സഹായകരമാകട്ടെ എന്ന് ഞാൻ ആഗ്രഹിക്കുകയാണ്. മൂന്നാമത്തെ ധനാഭ്യർത്ഥനയാണ് ഭക്ഷ്യം. എങ്കിലും അന്നവിചാരമാണല്ലോ മുന്നവിചാരം. അതിനെക്കുറിച്ച് ഒരു വാക്കു പറയാനാണ് ഞാൻ ശ്രമിക്കുന്നത്. മങ്ങിമങ്ങി മണ്ണടിഞ്ഞുകൊണ്ടിരുന്ന മാവേലി സ്റ്റോറുകൾ സചേതനമാക്കാനും കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിന്റെ ഒരു പ്രധാന ഘടകമാക്കിത്തീർക്കാനും ബഹുമാനപ്പെട്ട മന്ത്രിക്ക് സാധിച്ചിട്ടുണ്ട്. ഞാൻ ആവർത്തനം ഒഴിവാക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ഔഷധരംഗം ഏറ്റവും പ്രധാനപ്പെട്ട ഉപഭോക്തൃ മേഖലയായി മാറിക്കഴിഞ്ഞിരിക്കുന്നു. രാവിലെ 200 ഗ്രാം ഭക്ഷ്യപദാർത്ഥവും 250 ഗ്രാം ഔഷധങ്ങളും കഴിക്കുന്ന പല മലയാളികളുമുള്ള നമ്മുടെ നാട്ടിൽ ഔഷധ മേഖലയെ സിവിൽ സപ്ലൈസ് വകുപ്പ് അവഗണിക്കരുത് എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിലെ എല്ലാ പ്രധാനപ്പെട്ട താലൂക്കാശുപത്രികളുടേയും ജില്ലാ ആശുപത്രികളുടേയുമൊക്കെ പാർശ്വങ്ങളിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഔഷധ വിതരണ ശൃംഖലകൾ സ്ഥാപിക്കണമെന്നും ആയുർവ്വേദവും ഹോമിയോപ്പതിയുംകൂടി ഉൾപ്പെടുത്തണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. റേഷൻ വ്യാപാരികളുടെ പ്രശ്നത്തെക്കുറിച്ച് ശ്രീ. ജോണി നെല്ലൂർ ഇവിടെ സൂചിപ്പിച്ചു. കേരളത്തിലെ അവശതയനുഭവിക്കുന്ന വലിയ ഒരു വിഭാഗമായ റേഷൻ വ്യാപാരികളുടെ പെൻഷൻ തുക വർദ്ധിപ്പിക്കാൻ എടുത്ത തീരുമാനത്തെ ഞാൻ അഭിനന്ദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതോടൊപ്പം തന്നെ തുക അൽപ്പംകൂടി വർദ്ധിപ്പിക്കാൻ ഈ പരിമിതികൾക്കിടയിലും കഴിയുമോ എന്നുള്ളത് ആലോചിക്കണം. സിവിൽ സപ്ലൈസ് മേഖലയും ഭക്ഷ്യമേഖലയും ഉൾപ്പെടുന്ന സർക്കാരിന്റെ ഈ വ്യക്ഷശിഖരത്തിൽ നേട്ടത്തിന്റെ, മികവിന്റെ പൂക്കൾ നിൽക്കുന്നു. അതിൽ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. ആരോഗ്യ മേഖലയിൽ ഇവിടെ സൂചിപ്പിച്ചതുപോലെ 1200-ാളം വരുന്ന പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് വളരെ ദീർഘവീക്ഷണത്തോടുകൂടി ഭാവനാപൂർണ്ണമായ നടപടികൾക്കാണ് ബഹുമാനപ്പെട്ട മന്ത്രി തുടക്കം കുറിച്ചത്. മനുഷ്യജീവിതത്തിന്റെ ദൈർഘ്യം വർദ്ധിപ്പിക്കുക ഏറ്റവും പുണ്യകരമായ ഒരു പ്രവൃത്തിയാണ്. ദൈവങ്ങൾ ആഹ്ലാദിക്കുകയും മനുഷ്യർ സന്തോഷിക്കുകയും ചെയ്യുന്ന പുണ്യകരമായ ഒരു പ്രവൃത്തി. മനുഷ്യ ജീവിതത്തിന്റെ ദൈർഘ്യം വർദ്ധിപ്പിക്കുന്ന ഒരു മഹനീയമായ പ്രവർത്തിക്ക് തസ്തികകൾ വർദ്ധിപ്പിച്ചുകൊണ്ട് വളരെ വർഷങ്ങൾക്കുശേഷം കേരള സർക്കാർ തുടക്കം കുറിച്ചിരിക്കുകയാണ്. ആരോഗ്യ സ്ഥാപനങ്ങളുടെ മുന്നിൽ സംഘർഷങ്ങളും സമരങ്ങളും ധർണ്ണകളും സൃഷ്ടിച്ച് ഒരുപാട്പേർ ഇവിടെ മന്ത്രിമാരായിട്ടുണ്ട്. പക്ഷേ അടഞ്ഞുകിടന്ന ആരോഗ്യ സ്ഥാപനങ്ങളെ തുറപ്പിക്കുന്നതിനുവേണ്ടി ഒരു കടവൂർ ശിവദാസനെ നമുക്ക് കാത്തിരിക്കേണ്ടിവന്നു എന്നുള്ളത് തീർച്ചയായും ഈ മന്ത്രിസഭയ്ക്ക് അഭിമാനിക്കാവുന്ന നേട്ടങ്ങളിൽ ഒന്നുതന്നെയാണ്. പക്ഷേ ഒരു ഗ്രഹണത്തിന്റെ നിഴൽ, ഒരു ഗ്രഹണത്തിന്റെ ദുർഭൂതം ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നു എന്നുള്ളത് നാം വിസ്മരിച്ചിട്ട് കാര്യമില്ല. കഴുകനെന്നോ കപോതമെന്നോ ഉള്ള ധാരണയില്ലാതെ വ്യാപാരംതന്നെ ജീവിതമായുള്ള വാണിജ്യ ശക്തികൾ ഈ മേഖലയിൽ ലാഭമുണ്ടാക്കാനുള്ള താല്പര്യവുമായി കടന്നുവന്നുകൊണ്ടിരിക്കുകയാണ്. ക്ലിനിക്കൽ ലബോറട്ടറികളായാലും ആശുപത്രികളായാലും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളായാലും അവിടെയൊക്കെത്തന്നെ സേവനമൂല്യങ്ങളെ ചവുട്ടിമെതിച്ചുകൊണ്ട് വ്യാപാര ശക്തികൾ കടന്നുവരികയാണ്. തിരുവനന്തപുരം നഗരത്തിലെതന്നെ പല ക്ലിനിക്കൽ ലബോറട്ടറികളിലും രക്തമായാലും കഫമായാലും മറ്റേതെങ്കിലും ജീവഘടകങ്ങളായാലും അവ പരിശോധിക്കുന്നതിന് വ്യത്യസ്തങ്ങളായ അമ്പരപ്പിക്കുന്ന ഫീസുകളാണ് ഈടാക്കുന്നത്. റിസൾട്ടിലും വ്യത്യാസമുണ്ടെന്നുള്ള യാഥാർത്ഥ്യം ഞാൻ വിസ്മരിക്കുന്നില്ല. ഈ മേഖലയിൽ ഒരു നിയമനിർമ്മാണം നടത്തുവാൻ ഗവൺമെന്റ് തയ്യാറാകണമെന്നും ഇഷ്ടംപോലെ ഫീസ് പിടുങ്ങുന്ന ഈ മേഖല നിയന്ത്രണവിധേയമാക്കണമെന്നും ഈ രംഗം ആധുനികവൽക്കരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. ആയുർവേദത്തിന്റെ പരാമർശം annual plan-ൽ ഉണ്ടായിരുന്നില്ല എന്ന് ഇവിടെ രാവിലെ സൂചിപ്പിച്ചതാണ്. ഞാനത് വായിച്ചുനോക്കി, നമ്മളെല്ലാം ആയുർവേദ പ്രേമികളാണ്; പ്രത്യേകിച്ചും മലയാളികൾ. ആയുർവേദത്തിന് അതർഹിക്കുന്ന ഒരു പരിഗണന കൊടുക്കുവാൻ നാം തയ്യാറാകേണ്ടതുണ്ട്. ആയുർവേദപോഷണത്തിന് ഉത്തേജനം നൽകുന്നതരത്തിൽ ജെയ്പ്പൂരിലും ജാംനഗറിലുമുള്ളതുപോലെയുള്ള സ്ഥാപനങ്ങൾ അതല്ലെങ്കിൽ ധന്വന്തരി യൂണിവേഴ്സിറ്റിയുടെ മാതൃകയിലുള്ള പരിശ്രമങ്ങൾ ആരംഭിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഒരു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടായി മാറാനുള്ള തിരുവനന്തപുരം ആയുർവേദ കോളേജിന്റെ വികസനമോഹത്തിന് ഈ ഗവൺമെന്റ് മുന്തിയ പരിഗണന നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെയാണ് പൂജപ്പുരയിലെ പഞ്ചകർമ്മ ഇൻസ്റ്റിറ്റ്യൂട്ട്. ശ്രീലങ്കൻ പ്രസിഡന്റായിരുന്ന സിരിമാവോ ബണ്ഡാരനായകെ ആയാലും ഇന്ത്യൻ പ്രസിഡന്റായാലും ഹർകിഷൻ സിങ് സുർജിത് ആയാലുമൊക്കെത്തന്നെ പഞ്ചകർമ്മ ചികിൽസയുടെ സൽക്കീർത്തികേട്ട് കേരളത്തിലേയ്ക്ക് കടന്നു വന്നവരാണ്. പൂജപ്പുരയിലെ പഞ്ചകർമ്മ ഇൻസ്റ്റിറ്റ്യൂട്ടിനെ റീജിയണൽ ക്യാൻസർ സെന്റർ പോലെ, ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് പോലെ ഒരു മഹാ സ്ഥാപനമാക്കി മാറ്റിയെടുക്കുന്നതിനുള്ള പരിശ്രമങ്ങൾ ഉണ്ടാകണമെന്നും പഞ്ചകർമ്മയുടെ മൗലികത നിലനിർത്തിക്കൊണ്ട് ഗവേഷണം പ്രോത്സാഹിപ്പിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. പുല്ലായി, പുഴുവായി, പ്യൂപ്പയായി, പൂമ്പാറ്റയായി, മത്സ്യവരാഹകൂർമ്മങ്ങളായി അങ്ങനെ നിരവധി പരിണാമങ്ങളിലൂടെ കടന്നുവരുന്ന മനുഷ്യ ജീവിതത്തിന്റെ കലാകാരനാണ് ഒരു ഡോക്ടറെന്ന് കേരളത്തിലെ പ്രശസ്തനായ ഡോക്ടർ പി.കെ.ആർ. വാര്യർ സൂചിപ്പിക്കുകയുണ്ടായി. ഒരു കലാകാരനായ ഡോക്ടറെ ജീവന്റെ കശാപ്പുകാരനും കച്ചവടക്കാരനുമാക്കി മാറ്റിത്തീർക്കാതിരിക്കണമെങ്കിൽ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിന്റെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറാകാൻ പാടില്ല. നിർഭാഗ്യവശാൽ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെക്കുറിച്ചുള്ള സന്ദേഹങ്ങൾ കാർമേഘങ്ങളായി നമ്മുടെ ചക്രവാളത്തിലേയ്ക്ക് കടന്നു വരുന്നുവെന്ന യാഥാർത്ഥ്യം നാം വിസ്മരിച്ചിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കടവൂർ ശിവദാസൻ ഒരു കടമറ്റത്തു കത്തനാർ ഒന്നുമല്ല, പക്ഷേ ഇച്ഛാശക്തിയുള്ള ഒരു മന്ത്രി എന്ന നിലയിൽ 'വേണമെങ്കിൽ ചക്ക വേരിലും കായ്പിക്കാൻ' കഴിയുമെന്നുള്ള പഴംചൊല്ലിനെ അനുസ്മരിപ്പിച്ചുകൊണ്ട് മുന്നേറണം. ഗുണനിലവാരമുള്ള വിദ്യാഭ്യാസം നിലനിർത്തുവാനും അതിനെ പരിപോഷിപ്പിക്കുവാനും കഴിയണം. കേരളത്തിലെ ഡോക്ടർമാർ കേവലം എൻട്രൻസ് ടെസ്റ്റെഴുതി ബ്രോയിലർ കോഴിമാരായി വളർന്നവരല്ല, ഏറ്റവും ആധുനികമായ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഉടമകളാണെന്ന് തെളിയിക്കാനുള്ള ചുമതലയും ബാധ്യതയുംകൂടി ആരോഗ്യവകുപ്പ് ഏറ്റെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ Dip. NB കോഴ്സ് നിർത്തലാക്കിയതിനുശേഷം വിദ്യാഭ്യാസത്തിലുണ്ടായിരിക്കുന്ന പ്രതിബന്ധങ്ങളേയും തടസ്സങ്ങളേയുംകുറിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഞാൻ നിരവധി തവണ കൊണ്ടുവന്നിട്ടുള്ളതാണ്. ഇന്ന് കർണാടകയിലേയ്ക്കും ആന്ധ്രാപ്രദേശിലേയ്ക്കും ഉന്നതവിദ്യാഭ്യാസത്തിന് പോകേണ്ടിവരുന്ന മെഡിക്കൽ ബിരുദധാരികളുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഇവിടെ സീറ്റുകൾ വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ നഗരത്തിന്റെ ചില പ്രശ്നങ്ങൾകൂടി ഞാൻ സൂചിപ്പിക്കട്ടെ, ഇന്നേയ്ക്ക് 116 വർഷങ്ങൾക്കുമുമ്പ് സ്ഥാപിച്ചതാണ് പേരൂർക്കട ആശുപത്രി. അതിന് ജില്ലാ ആശുപത്രിയുടെ സ്റ്റാറ്റസ് അനുവദിച്ചുകൊടുത്തിട്ടുണ്ടെങ്കിലും ഇന്നിയും ഔദ്യോഗിക പ്രഖ്യാപനമുണ്ടായിട്ടില്ല. 330-ലധികം കിടക്കകളുള്ള നഗരപരിസരത്തിലെ, നഗര കവാടത്തിലെ ഈ Peripheral ആശുപത്രിക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന casualty service വേണമെന്നുള്ള ആഗ്രഹം മെഡിക്കൽ കോളേജ് വികസനവുമായി ബന്ധപ്പെടുത്തി ആലോചിക്കേണ്ടതാണ്. അതുപോലെ ആവശ്യപ്പെട്ടിട്ടുള്ള സ്പെഷ്യാലിറ്റി യൂണിറ്റുകളും അനുവദിച്ചുനൽകേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പിന് സ്വന്തമായി കെട്ടിടമുള്ള മണ്ണന്തലയിൽ ആശുപത്രി അനുവദിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. കുലശേഖരത്തേയും കടകംപള്ളിയിലേയും പ്രൈമറി ഹെൽത്ത് സെന്ററുകളുടെ അപര്യാപ്തത പരിഹരിക്കാൻ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഹൈക്കോടതിയിലും നിരവധി ഉയർന്ന മേഖലകളിലുമൊക്കെ ചർച്ചാവിഷയമായിട്ടുള്ള പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ ഹൈക്കോടതി നിർദ്ദേശപ്രകാരമുള്ള staff pattern അനുവദിക്കുകയും പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. മാനസിക രോഗികളോട് മാതൃകാപരമായി പെരുമാറുന്ന ഇന്ത്യയിലെ ഏറ്റവും മികച്ച സ്ഥാപനമായി അതിനെ മാറ്റിയെടുക്കേണ്ടതുണ്ട്. നവജാതശിശുവിനെ മണ്ണിൽ കുഴിച്ചുമൂടിയ അമ്മയെ സംബന്ധിച്ച വാർത്ത ഇന്നലെ നമ്മൾ പത്രങ്ങളിൽ വായിക്കുകയുണ്ടായി. Diabetic Centre -നെ മണ്ണിൽ കുഴിച്ചുമൂടരുത്, മണ്ണിലേയ്ക്ക് മൂടപ്പെട്ട കാലുകൾ മുകളിലേയ്ക്ക് എടുക്കുന്നതിനുവേണ്ടി ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. Heart Foundation ഇനിയും ഐ.സി. യൂണിറ്റിൽ നിന്നും പുറത്തേയ്ക്ക് വന്നിട്ടില്ല. ഇവിടെ എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. റോഷി അഗസ്റ്റിൻ ആ കാര്യം സൂചിപ്പിക്കുകയുണ്ടായി. Heart Foundation-ന് പുതിയ സ്ഥലം കണ്ടെത്തുവാൻ ഗവൺമെന്റ് തയ്യാറാകണം. സ്ഥലത്തിന്റെ കാര്യം പറയുമ്പോൾ സ്ഥലപരിമിതിയിൽ വീർപ്പുമുട്ടുന്ന ഒന്നാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ്. എസ്.എ.ടി. ആശുപത്രിയും ഡെന്റൽ കോളേജും ഫാർമസി കോളേജും പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്ന സ്ഥാപനവും റീജിയണൽ ക്യാൻസർ സെന്ററുമുൾപ്പെടെ നിരവധി ആരോഗ്യ സ്ഥാപനങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനുവേണ്ടി 1951-ൽ അന്നത്തെ ക്രാന്തദർശികളായ ഭരണാധികാരികൾ 650 ഹെക്ടർ ഭൂമി മരവിപ്പിച്ചിടുകയുണ്ടായി. അച്ച്യുതമേനോൻ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ വളരെ ദീർഘദൃഷ്ടിയോടുകൂടി ആ ഉത്തരവിനെ ഒരിക്കൽക്കൂടി പുനഃപരിശോധിച്ചുകൊണ്ട് പരിസര പ്രദേശത്തെ നിരവധി ഹെക്ടർ സ്ഥലം മരവിപ്പിച്ചിട്ടിരിക്കുന്നു. ഒരു വശത്ത് ആ ഭൂമിയിൽ ഒരു നിർമ്മാണ പ്രവർത്തനങ്ങളും നടത്താൻ കഴിയാതെ രണ്ടാം തലമുറയിലെ ഉടമകൾ നിർന്നിമേഷരായി കാത്തിരിക്കുമ്പോൾ മെഡിക്കൽ കോളേജിൽ തിരക്കുകാരണം പുതിയ സ്ഥാപനങ്ങൾ തുടങ്ങാൻ കഴിയാതെ വരുന്നു. തലസ്ഥാന വികസന പദ്ധതിയിലെങ്കിലും ഉൾപ്പെടുത്തി തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ പരിസര പ്രദേശങ്ങളിലെ സ്ഥലം ഏറ്റെടുക്കുവാനും ആരോഗ്യ സംവിധാനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി അത് ഉപയോഗപ്പെടുത്താനും തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതല്ലെങ്കിൽ നോട്ടിഫിക്കേഷനുകൾ പിൻവലിച്ചുകൊണ്ട് ആ സ്ഥലത്ത് ഉടമകൾക്ക് പൂർണ്ണമായ സ്വാതന്ത്ര്യം അനുവദിക്കാനെങ്കിലും ഗവൺമെന്റ് തയ്യാറാകേണ്ടതാണ്. ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ മാതൃസ്ഥാപനമായ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ ഒന്നിലധികം മെമ്പർമാർ സൂചിപ്പിച്ചതാണ്. ഞാൻ ചോദ്യോത്തരവേളയിൽ നിരവധി തവണ ഒരു ചോദ്യത്തിനുവേണ്ടി കൈകൾ ഉയർത്തിയതാണ്, പക്ഷേ നിർഭാഗ്യവശാൽ മെഡിക്കൽ കോളേജും പേയിംഗ് കൗണ്ടറുമൊക്കെ സ്ഥിതിചെയ്യുന്ന പ്രദേശത്തെ ജനപ്രതിനിധിയായ

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് ചോദ്യം ഉന്നയിക്കാനുള്ള അവസരം നൽകിയില്ല. 1996-ൽ ശ്രീ. വി. എം. സുധീരൻ മന്ത്രിയായിരുന്നപ്പോൾ ആരംഭിച്ച പേയിംഗ് കൗണ്ടർ അനാസ്ഥയെത്തുടർന്ന്, അഴിമതിയെത്തുടർന്ന്, കെടുകാര്യസ്ഥതയെത്തുടർന്ന് ആഡിറ്റ് ഇല്ലാതെ അക്കൗണ്ടില്ലാതെ വളരെയധികംപേരെ സ്റ്റാഫുകളായി നിയമിച്ചതിന്റെ പേരിൽ നഷ്ടത്തിലായിരിക്കുന്നു. ഈ പേയിംഗ് കൗണ്ടർ 2002 ഡിസംബർ മുതൽ മെഡിക്കൽ കോളേജ് എച്ച്.ഡി.എസ്.-ന്റെ നിയന്ത്രണത്തിലാണ്. ഇപ്പോൾ ലാഭത്തിൽ പോയിക്കൊണ്ടിരിക്കുന്ന പേയിംഗ് കൗണ്ടറിനെ തകർക്കുന്നതിനു വേണ്ടി ആരോഗ്യ രംഗത്ത് ആരോ ശ്രമിക്കുന്നുവെന്ന ആക്ഷേപം ഉയർന്നിട്ടുണ്ട്. ദിവസേന ഏതാണ്ട് 25,000 രൂപ മുതൽ 50,000 രൂപവരെ ലാഭംകിട്ടുന്ന പേയിംഗ് കൗണ്ടറിന്റെ പ്രവർത്തനം സജ്ജീവമാക്കുന്നതിനുവേണ്ടി ഗവൺമെന്റ് എല്ലാ സഹായങ്ങളും നൽകണമെന്ന് ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്. മെഡിക്കൽ കോളേജുകളിലെ എച്ച്.ഡി.എസ്.-ന്റെ ചെയർമാനായി ജില്ലാ കളക്ടർമാരെ നിയമിക്കുന്നതിനുപകരം അവരേക്കാൾ അധികാരപരിധിയും ചുമതലാബോധവുമുള്ള ആരോഗ്യ വകുപ്പിന്റെ ഉദ്യോഗസ്ഥർക്ക് അതിന്റെ ചുമതല നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. മെഡിക്കൽ കോളേജിലെതന്നെ സർജറി വകുപ്പിനെക്കുറിച്ചും മെഡിസിൻ വകുപ്പിനെക്കുറിച്ചും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ജനറൽ സർജറിയിലും ജനറൽ മെഡിസിനിലും ഏതാണ്ട് 58 ബെഡുകൾ കുറവാണ്. നമ്മുടെ എം.ബി.ബി.എസ്.-ന് അംഗീകാരം നഷ്ടപ്പെടാതിരിക്കാൻ വേണ്ടി ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിർദ്ദേശിച്ച അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. ഏതാണ്ട് ഒരുവർഷം 12,000-ത്തോളം ശസ്ത്രക്രിയകൾ ചെയ്യാൻ കഴിയുന്ന മെഡിസിൻ, സർജറി വിഭാഗങ്ങളിലെ ഓപ്പറേഷൻ തിയേറ്ററുകൾ, കഴിഞ്ഞ 14 മാസമായി അടച്ചിട്ടിരിക്കുന്നു. ഓപ്പറേഷൻ തിയേറ്ററുകൾ അടിയന്തിരമായി തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കുംഭകോണത്തിലെ സ്കൂൾ ദുരന്തത്തെക്കുറിച്ച് നമ്മൾ ഇന്നിവിടെ ദു:ഖമഗ്നരായി അനുസ്മരിക്കുകയുണ്ടായി. ചെറിയ ചെറിയ കുംഭകോണങ്ങളാണ് മെഡിക്കൽ കോളേജിലെ base ward-ൽ നമുക്ക് കാണാൻ കഴിയുന്നത്. പ്ലാസ്റ്റിക് സർജറി വകുപ്പിന് അതിന്റെ ചുമതലകൾ പൂർണ്ണമായി നിർവ്വഹിക്കാനുള്ള പശ്ചാത്തല സൗകര്യം ഒരുക്കിക്കൊടുത്താൽ വളരെയധികം ദുരന്തങ്ങൾ ഒഴിവാക്കി, പൊള്ളലേറ്റ അനേകം സഹോദരിമാരെ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ടുവരാൻ സാധിക്കുമെന്നാണ് എന്റെ പ്രതീക്ഷ. ഞാൻ ദീർഘമായി പറഞ്ഞുപോകാൻ ആഗ്രഹിക്കുന്നില്ല, ആരോഗ്യ രംഗത്ത് ഭാവനാപൂർവ്വമായ പരിപാടികളുമായി ഈ നാട്ടിലെ' സാധാരണക്കാരായ ഇന്ത്യൻ പൗരന്മാർക്ക് ഞങ്ങളും ഇന്ത്യാക്കാരാണ്, ഞങ്ങൾ നിർദ്ധനരായതു കൊണ്ട് ചികിത്സ നിഷേധിക്കപ്പെട്ടു എന്നുള്ള തോന്നലില്ലാതെ, വേദനയില്ലാതെ, ദു:ഖമില്ലാതെ ജനാധിപത്യപൗരന്മാരാണെന്ന ബോധത്തിൽ എല്ലാ ആശുപത്രികളിലും അഭിമാനബോധത്തോടുകൂടി കടന്നുചെല്ലാനുള്ള അവസരമുണ്ടാക്കാനുള്ള ഈ ഗവൺമെന്റിന്റെ നടപടികളെ പൂർണ്ണമായി അനുകൂലിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാന്യനായ ടി. കെ. ദേവകുമാർ ഇന്ന് പ്രസംഗിക്കുന്നതിനിടയിൽ മുൻ ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. പി. ശങ്കരന് എതിരായി ഒരു അഴിമതി ആരോപണം എഴുതി തന്നിരുന്നു. അദ്ദേഹത്തെ ഈ സഭയിൽ കാണുന്നില്ല. അദ്ദേഹം തിരുവനന്തപുരത്തു തന്നെയുണ്ട്. ഇതിനു മറുപടി പറയണമെങ്കിൽ അദ്ദേഹം ഈ സഭയിൽ ഉണ്ടാകണം. അതുകൊണ്ട് ബഹുമാനപ്പെട്ട ചെയർ ഇടപെട്ട് മന്ത്രിയെ ഇവിടെ വിളിച്ചു വരുത്തണം.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി ശ്രീ. പി. ശങ്കരൻ അദ്ദേഹത്തിന്റെ ഒരു ബന്ധുവിന്റെ ഓപ്പറേഷൻ പ്രമാണിച്ച് ചെന്നൈയിലാണ്. നിയമസഭയിൽ അദ്ദേഹത്തിനുവേണ്ടി ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ എന്നെ ചുമതല പ്പെടുത്തിയിട്ടുണ്ട്. 23-ാം തീയതി കഴിഞ്ഞു മാത്രമേ അദ്ദേഹത്തിനു വരാൻ കഴിയൂ. ഈ വിവരം ഞാൻ അദ്ദേഹത്തെ ഫോണിൽക്കൂടി അറിയിച്ചിട്ടുണ്ട്. അദ്ദേഹത്തിന് ഉടനെ എത്തിച്ചേരാൻ ബുദ്ധിമുട്ടുണ്ട്. ഉന്നയിച്ച ആരോപണങ്ങൾ ആരോഗ്യ വകുപ്പിനെ സംബന്ധിച്ചുള്ളതായതുകൊണ്ട് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ അക്കാര്യങ്ങൾ പരാമർശിക്കും.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇന്നത്തെ പത്രത്തിൽ മന്ത്രി ശ്രീ. കടവൂർ ശിവദാസൻ രാജിക്ക് ഒരുങ്ങുന്നു എന്നു കണ്ടു. അങ്ങ് രാജി വയ്ക്കരുത്. കോൺഗ്രസ്സിൽ സംഭവിക്കുന്ന കാര്യങ്ങളൊക്കെ ആലോചിച്ചു മനംനൊന്ത് രാജിക്ക് ഒരുങ്ങിയാൽ പിന്നെ അതിനേ സമയം കാണൂ. അങ്ങയുടെ ഭാഷയിൽ പറഞ്ഞാൽ "സംഭവാമി യുഗേ യുഗേ", പൊതുജനാരോഗ്യമാണ് ഇന്നത്തെ വിഷയം. ആഗോളീകരണത്തിന്റെ നീരാളിപ്പിടുത്തത്തിലൂടെ പൊതുജനാരോഗ്യം, പൊതു വിദ്യാഭ്യാസം, പൊതുവിതരണം ഇവയിൽ നിന്നൊക്കെ 'പൊതു' ഇല്ലാതാകുകയാണ്. സംസ്ഥാന സർക്കാരിന്റെ ഈ നീക്കം ഉപേക്ഷിക്കണം. ആശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. സാധാരണക്കാരന്റെ ഏക ആശ്രയമാണ് ഈ ആശുപത്രികൾ. സി.എച്ച്.സി.-കളും പി.എച്ച്.സി.-കളും വികസിപ്പിക്കണം. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തണം. ഇന്ന് ആശുപത്രികളിൽ ഡോക്ടർമാരില്ല, ഓപ്പറേഷന് സൗകര്യങ്ങളില്ല. ഡോക്ടർമാരുടെ പാറ്റേൺ വർദ്ധിപ്പിക്കണം. കൂടുതൽ സൗകര്യങ്ങളുള്ള ആശുപത്രികളായി നമ്മുടെ ആശുപത്രികളെ ഉയർത്താൻ ശ്രമിക്കണം. 115 സി.എച്ച്.സി.-കൾ ഇന്ന് കേരളത്തിലുണ്ട്. അവിടെ സൗകര്യങ്ങളൊന്നുമില്ല. അവിടെയൊന്നും സ്റ്റേ ഡോക്ടർമാരില്ല. അതുപോലെ വേണ്ടത്ര ഉപകരണങ്ങളോ ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസോ ഒന്നും തന്നെയില്ല. ഇതൊക്കെ മാറ്റി കൂടുതൽ സൗകര്യങ്ങളുള്ള, താലൂക്കാശുപത്രികളോടൊപ്പം നിൽക്കുന്ന സി.എച്ച്.സി.-കളാക്കി മാറ്റണം. എന്റെ മണ്ഡലത്തിലെ പാനൂർ സി.എച്ച്.സി.-യിൽ 500 മുതൽ ആയിരം വരെ രോഗികൾ വരുന്നുണ്ട്. അവിടെ ഐ.പി.-ക്ക് സൗകര്യമില്ല. അതിനുള്ള കാരണം ഡോക്ടർമാരുടെ കുറവാണ്. അത് വളരെ പഴക്കമുള്ള ആശുപത്രിയാണ്.

അതിനെ താലൂക്കാശുപത്രിയുടെ അത്ര സൗകര്യങ്ങളുള്ള ഒരു ആശുപത്രിയാക്കി മാറ്റണം. അതുപോലെ ചില പി.എച്ച്.സി.-കളിൽ നിന്നും വളരെ ദൂരെയുള്ള ആശുപത്രികളിലൊക്കെ രോഗികളെ കൊണ്ടുപോകേണ്ടി വരാറുണ്ട്. അതുകൊണ്ട് രോഗികളെ കിടത്താൻ സൗകര്യമുള്ള പി.എച്ച്.സി.-കൾ ആക്കി മാറ്റണം. എന്റെ നിയോജകമണ്ഡലത്തിൽ പന്ന്യന്നൂരും പാട്യത്തും ഇതിനുവേണ്ടി ധാരാളം അപേക്ഷകൾ കൊടുത്തിട്ടുണ്ട്. ഇതുവരെ ഒന്നും ശരിയായിട്ടില്ല. രോഗികളെ കിടത്താൻ സൗകര്യമുള്ള ആശുപത്രിയാക്കണമെന്നുള്ള ഡി.എം.ഒ.-യുടെ റിപ്പോർട്ടുകൾപോലും നൽകിയിട്ടുണ്ട്. ഡോക്ടർമാർ ചാർജ്ജെടുത്താൽ പിറ്റേ ദിവസം തന്നെ ലീവെടുത്ത് പോകുന്നു. അതിനുള്ള പ്രധാനപ്പെട്ട കാരണം ശമ്പളമാണ്. വളരെ കുറഞ്ഞ ശമ്പളമാണ് ഡോക്ടർമാർക്ക് ലഭിക്കുന്നത്. ഡോക്ടർമാർക്ക് കൂടുതൽ ശമ്പളം കൊടുക്കണം. ലക്ഷങ്ങൾ ചെലവഴിച്ചിട്ടാണ് അവർ പഠിത്തം പൂർത്തിയാക്കി പുറത്തുവരുന്നത്. അതുകൊണ്ട് ശമ്പള പരിഷ്ക്കരണം മുതലായവ ഏർപ്പെടുത്തിക്കൊണ്ട് കൂടുതൽ ശമ്പളം കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണം. പല ആശുപത്രികളിലും രോഗികളുടെ പെരുമാറ്റങ്ങൾ വളരെ വിഷമങ്ങൾ ഉണ്ടാക്കുന്നുണ്ട്. തലശ്ശേരിയിലെ ക്യാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, അങ്ങും സന്ദർശിച്ചിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. 50 കോടി രൂപ ആശുപത്രിക്കുവേണ്ടി കൊടുക്കുമെന്നു മുഖ്യമന്ത്രി അവിടം സന്ദർശിച്ചപ്പോൾ പറഞ്ഞു. അതിന്റെ ആദ്യഘട്ട വികസനം പൂർത്തിയാകണമെങ്കിൽ 30 കോടി രൂപയെങ്കിലും വേണം. അതു നൽകിക്കൊണ്ട് ആ ക്യാൻസർ റിസർച്ച് സെന്ററിനെ രക്ഷിക്കണം. അവിടെ ഒരുപാട് രോഗികൾ ചികിത്സയ്ക്കു വേണ്ടി വരുന്നുണ്ട്. ചികിത്സ നൽകിക്കഴിഞ്ഞാൽ റേഡിയേഷൻ നൽകുന്നതിനുള്ള സൗകര്യങ്ങൾ അവിടെയില്ല. അവിടെ നിന്നും കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്കാണ് അയയ്ക്കുന്നത്. അവിടെ പോയാലുള്ള സ്ഥിതി എന്താണെന്നു വച്ചാൽ ഡോക്ടർമാർ പറയും, നിങ്ങൾ മലബാർ ക്യാൻസർ റിസർച്ച് സെന്ററിലല്ലേ പോയത്. അവിടെ കാശു കൊടുത്തല്ലേ നിങ്ങൾ ചികിത്സ നടത്തിയത്; അതുകൊണ്ട് ഇവിടെ വന്നാലും വലിയ ഫലമൊന്നുമില്ല എന്ന്. രോഗികൾക്ക് യാതൊരുവിധ സൗകര്യങ്ങളും ചെയ്തു കൊടുക്കാത്ത സ്ഥിതിയാണുള്ളത്. മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോയാൽ റേഡിയേഷൻ സൗകര്യമില്ലെന്നു പറഞ്ഞു തിരിച്ചയക്കുന്നു. ആയുർവ്വേദത്തെക്കുറിച്ച് അങ്ങേയ്ക്കറിയാമല്ലോ? അങ്ങും വളരെയേറെ ചികിത്സകൾ നടത്തിയ ആളാണല്ലോ. ആയുർവ്വേദത്തിനു പ്രാധാന്യം നൽകണം. കൂടുതൽ സൗകര്യങ്ങൾ ചെയ്തു കൊടുക്കണം. ഇംഗ്ലീഷ് മരുന്നുകളിൽ മായം ചേർക്കുന്നതുകൊണ്ട് രോഗികളുടെ എണ്ണംകൂടി വരുന്നു. ഇപ്പോൾ കർക്കടക മാസമാണ്. ആയുർവ്വേദ ചികിത്സ നടത്താൻ പറ്റിയ സമയമാണ്. ഈ സമയത്തെങ്കിലും ഇതിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിച്ചു കൊടുക്കാൻവേണ്ടി കൂടുതൽ ഔഷധശാലകൾ നിർമ്മിച്ചുകൊണ്ട്, ആയുർവ്വേദ മരുന്നുകൾ കൂടുതൽ സുലഭമാക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കണം. എണ്ണയിട്ട കുളിയും അരിഷ്ടങ്ങളും ലേഹ്യങ്ങളുമൊക്കെ സേവിച്ച് സുഖമായ രീതിയിലുള്ള ഒരു ചികിത്സയാണ് ആയുർവ്വേദ ചികിത്സ. കേരളത്തിലെ കുടുംബക്ഷേമ കേന്ദ്രങ്ങളെക്കുറിച്ച് ശ്രീ. ജോണിനെല്ലൂർ ഇവിടെ പറഞ്ഞു. വളരെയേറെ സൗകര്യങ്ങൾ ഉണ്ടായിരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് അവിടത്തെ സ്ഥിതി വളരെ മോശമാണ്. അവിടെയൊന്നും ആരും ഇപ്പോൾ പോകുന്നില്ല. സ്ത്രീകൾക്കും കുട്ടികൾക്കും വളരെ സൗകര്യങ്ങളുള്ള, പ്രസവത്തിനു മുമ്പും പിമ്പും അവർക്കാവശ്യമായ ചികിത്സയും മറ്റ് കാര്യങ്ങളും പറഞ്ഞു കൊടുക്കുന്ന ഒരു സ്ഥലമായിട്ടാണ് കുടുംബ ക്ഷേമ കേന്ദ്രങ്ങളെ ആളുകൾ മുമ്പ് കണ്ടിരുന്നത്. ഇന്നു ഒരു സൗകര്യവും അവിടെയില്ല. അതുകൊണ്ട് ഇതൊക്കെ നന്നാക്കിയെടുത്ത് ജനങ്ങൾക്ക് ഉപകാരപ്രദമായി വരുത്താൻ വേണ്ടിയുള്ള നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം.

പൊതുവിതരണ രംഗത്തെക്കുറിച്ചു പറയുകയാണെങ്കിൽ, ഇന്ന് റേഷൻ കടകളിൽക്കൂടി നല്ല അരി ലഭിക്കുന്നില്ല. പുറത്തുള്ള കടകളിൽ അരിക്ക് വില വളരെ കൂടുതലാണ്. അതുകൊണ്ട് ആളുകൾ റേഷൻകടകളെ ആശ്രയിക്കേണ്ടി വരുന്നു. എഫ്.സി.ഐ.-യിൽ നിന്നും കിട്ടുന്ന വളരെ മോശമായ അരിയാണ് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നത്. എസ്.ജി.ആർ.വൈ.-യിൽ കൊടുക്കുന്ന അരി നല്ലതാണ്. അവർക്കു കൊടുക്കുന്ന അരിയിൽ തിരിമറി നടത്തി പുറത്തു വിൽക്കുകയാണ്. ഇതിനെക്കുറിച്ച് അന്വേഷിക്കണം. എല്ലാ സ്ഥലത്തും ഇതു നടക്കുന്നുണ്ട്. എസ്.ജി.ആർ.വൈ.-യുടെ പേരു പറഞ്ഞുകൊണ്ട് അരി എടുത്ത് അത് മറിച്ചുവിൽക്കുകയാണ്. ഭക്ഷ്യവസ്തുക്കളിൽ പലതിലും മായമുണ്ട്. പച്ചക്കറി, പഴവർഗ്ഗങ്ങൾ ഇതിലൊക്കെ ധാരാളം മായങ്ങൾ ചേർക്കപ്പെടുന്നുണ്ട്. പണ്ട് കാലങ്ങളിൽ മായം ചേർക്കലിനെക്കുറിച്ച് കുറച്ചുകൂടി ഊർജ്ജിതമായി അന്വേഷിക്കുമായിരുന്നു. പക്ഷേ ഇന്ന് അതില്ല. വളരെ മോശമാണ് Food adulteration-നെക്കുറിച്ച് കാര്യക്ഷമമായി അന്വേഷിക്കേണ്ടതുണ്ട്. ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതുമൂലം നമുക്ക് മാരകമായ പല അസുഖങ്ങളും ഉണ്ടാകാൻ സാധ്യതയുണ്ട്. റംസാൻ, ഓണം, ക്രിസ്മസ്-തുടങ്ങിയ ഉത്സവവേളകളിൽ സ്കൂൾ കുട്ടികൾക്ക് അഞ്ച് കിലോ വീതം അരി കൊടുക്കുന്ന പതിവുണ്ടായിരുന്നു. അത് ഇപ്പോൾ യഥാസമയം കൊടുക്കുന്നില്ല എന്നു മാത്രമല്ല കിട്ടാതേയും വരുന്നുണ്ട്. അക്കാര്യം പുന:പരിശോധിക്കണം.

<u>ശ്രീ. എ. എ. അസീസ്:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. പാവപ്പെട്ടവർ ആദ്യം ചികിത്സയ്ക്കുവേണ്ടി ആശ്രയിക്കുന്നത് പി.എച്ച്.സി.-യേയും സി.എച്ച്.സി.-യേയും താലൂക്കാശുപത്രികളേയുമാണ്. എന്നാൽ ഈ സ്ഥാപനങ്ങളിൽ ഇപ്പോൾ ആവശ്യത്തിനു ഡോക്ടർമാരില്ല, സ്റ്റാഫില്ല, മരുന്നില്ല. എന്റെ മണ്ഡലത്തിലെ മയ്യനാട് സി. കേശവൻ മെമ്മോറിയൽ ഹോസ്പിറ്റലിൽ എക്സ്റേ മെഷീനുണ്ട്. അതു പ്രവർത്തിപ്പിക്കാനാവശ്യമായ ടെക്നീഷ്യൻസില്ല. അവിടെ പ്രസവ വാർഡുണ്ട്, പക്ഷേ ഗൈനക്കോളജിസ്റ്റില്ല. അവിടെ ലബോറട്ടറിയുണ്ട്, ടെക്നീഷ്യൻസില്ല. എല്ലാം അടച്ചിട്ടിരിക്കുകയാണ്. ഒ.പി. മാത്രം പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെന്ററാണ് അവിടെയുള്ളത്. പല പ്രൈമറി ഹെൽത്ത് സെന്ററുകളിലും ഐ.പി. യൂണിറ്റുകൾ ഉണ്ടായിരുന്നു. ഈ ഐ.പി. യൂണിറ്റുകളൊക്കെ ഇപ്പോൾ അടഞ്ഞു കിടക്കുകയാണ്. എന്റെ മണ്ഡലത്തിലെ പാലത്തറ പ്രൈമറി ഹെൽത്ത് സെന്ററിൽ ഐ.പി. പ്രവർത്തിച്ചിരുന്നതാണ്. ഇപ്പോൾ ഐ.പി. ഇല്ല, ഒ.പി. മാത്രമേയുള്ളൂ. ഇത് സംസ്ഥാനത്തൊട്ടാകെയുള്ള സ്ഥിതിയാണ്. പ്രൈമറി ഹെൽത്ത് സെന്ററുകളുടെയും കമ്മ്യൂണിറ്റി ഹെൽത്തു സെന്ററുകളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. കാര്യക്ഷമമല്ലാതായിത്തീർന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രധാന കാരണം ആവശ്യത്തിനു ഡോക്ടർമാരോ സ്റ്റാഫോ ഇല്ലാത്തതാണ്. അവിടെ എല്ലാ സംവിധാനങ്ങളുമുണ്ട്. ആ സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല എന്നുള്ളതാണ് സത്യം. അതുപോലെ തന്നെയാണ് കുടുംബക്ഷേമ പ്രവർത്തനങ്ങൾ. ഇപ്പോൾ യഥാർത്ഥത്തിൽ ജീവനക്കാർക്കാണ് ക്ഷേമം. ഫീൽഡിലേയ്ക്കൊന്നും പോകുന്നില്ല. ഡെങ്കിപ്പനിയും മഞ്ഞപ്പിത്തവും പടർന്നുപിടിച്ച സമയത്ത് ഫീൽഡ് വർക്കേഴ്സിന്റെ സേവനം വേണ്ടതുപോലെ പ്രയോജനപ്പെടുത്താൻ സാധിച്ചില്ല. കുറച്ച് ധനം വിനിയോഗിച്ച്, കുറഞ്ഞ ചെലവിൽ നടത്താൻ കഴിയുന്ന ഒരു ചികിത്സയാണ് ഹോമിയോപ്പതി ചികിത്സ. ഡെങ്കിപ്പനിയും മഞ്ഞപ്പിത്തവും പടർന്നുപിടിച്ച സമയത്ത് വളരെ സ്തുത്യർഹമായ സേവനമാണ് ഹോമിയോ ഡിപ്പാർട്ടുമെന്റ് നടത്തിയത്. ഹോമിയോ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം എല്ലാ താലൂക്ക് ആശുപത്രികളിലും പ്രൈമറി ഹെൽത്ത് സെന്ററുകളിലും ആരംഭിക്കണം. വാസ്തവത്തിൽ ഏറ്റവും സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്ന ഒരു വിഭാഗമാണ് ഹോമിയോ ഡിപ്പാർട്ടുമെന്റ്. കൊല്ലം ജില്ലയിൽ മെഡിക്കൽ കോളേജോ ജനറൽ ആശുപത്രിയോ ഒന്നുമില്ല. ആകെയുള്ളത് യശ്ശശരീരനായ എ. എ. റഹീം 1954-ൽ ഹെൽത്തു മിനിസ്റ്ററായിരുന്ന കാലഘട്ടത്തിൽ സ്ഥാപിച്ച ഒരു ജില്ലാ ഹോസ്പിറ്റലാണ്. അദ്ദേഹത്തിന്റെ പേരിൽ തന്നെയാണ് ഇപ്പോൾ ആ ഹോസ്പിറ്റൽ പ്രവർത്തിക്കുന്നത്. ആ ഹോസ്പിറ്റൽ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലായി ഉയർത്തുവാൻ ഈ ഗവൺമെന്റിനു കഴിയണം. കഴിഞ്ഞ നിയമസഭാ സമ്മേളനം നടന്നയവസരത്തിലും ഞാൻ ഇതിനെക്കുറിച്ച് ഒരഭ്യർത്ഥന നടത്തിയതാണ്. അതുസംബന്ധിച്ച് ആലോചിക്കാമെന്ന് പഴയ വകുപ്പുമന്ത്രി ഉറപ്പു നൽകിയിരുന്നതാണ്. ഏതായാലും കൊല്ലത്ത് ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുണ്ടാക്കണം.

എനിക്ക് ഭക്ഷ്യവകുപ്പിനെക്കുറിച്ച് ചിലത് പറയുവാനുണ്ട്. റേഷൻ കടകളാണോ മാർജിൻ ഫ്രീ മാർക്കറ്റുകളെന്ന് ജനങ്ങൾക്ക് ഇപ്പോൾ സംശയമാണ്. മുക്കിനു മുക്കിന് മാർജിൻ ഫ്രീ മാർക്കറ്റുകളാണ്. മഞ്ഞക്കളറടിച്ചാൽ വില കുറയുമെന്നാണ് ജനങ്ങളുടെ ധാരണ. ആ സംവിധാനത്തെക്കുറിച്ച് പരിശോധിക്കപ്പെടേണ്ടതല്ലേ? റേഷൻ കടക്കാർക്ക് അവശതാ പെൻഷൻ കൊടുക്കേണ്ട സ്ഥിതിയാണ് നമ്മുടെ സംസ്ഥാനത്തുണ്ടായിരിക്കുന്നത്. റേഷൻ കടകൾ ന്യായവില ഷോപ്പുകളായി ആരംഭിച്ചതാണ്. എന്നാൽ, ഇപ്പോൾ അതിന്റെ പേരൊക്കെ മാറിപ്പോയി. ന്യായവില ഷോപ്പായിരുന്നതിനെ അന്യായവില ഷോപ്പാണെന്ന് വേണമെങ്കിൽ പേരിടാം. ഇപ്പോൾ റേഷൻ കടകളിൽ രണ്ടുതരം കാർഡാണ് ഉള്ളത്. ഒരു കാർഡുടമ ഇതിനെക്കുറിച്ച് പറഞ്ഞത് ഒന്ന് മുഖ്യമന്ത്രിയുടെ കളറും മറ്റൊന്ന് ഭക്ഷ്യ വകുപ്പുമന്ത്രിയുടെ കളറും എന്നാണ്. ഇപ്പോൾ ബി.പി.എൽ. കാർഡിനുപോലും ന്യായവിലയ്ക്ക് ഗുണമേൻമയുള്ള അരിയും മണ്ണെണ്ണയും പഞ്ചസാരയും നൽകാൻ കഴിയുന്നില്ല. അതു കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. അതുപോലെതന്നെ മാർജിൻ ഫ്രീ മാർക്കറ്റുകളെ നിയന്ത്രിക്കാൻ ഗവൺമെന്റിനു കഴിയണമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.എ. വാഹിദ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ സ്വാഗതം ചെയ്യുകയാണ്. അന്ന വിചാരം മുന്നവിചാരം, പിന്ന വിചാരം കാര്യവിചാരം എന്നാണ്. അതുകൊണ്ട് ഞാൻ അന്ന വിചാരത്തിലേയ്ക്കുതന്നെ ആദ്യം കടക്കാം. ഭക്ഷ്യ വകുപ്പ് കേരളമുണ്ടായ കാലം മുതൽ ആക്ഷേപത്തിന് വിധേയമാകുന്ന ഒരു വകുപ്പാണ്. കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനിടയ്ക്ക് വലിയ ആക്ഷേപമൊന്നും കേട്ടിട്ടില്ല. ഇപ്പോൾ ശ്രീ. എ. എ. അസ്സീസ് പറഞ്ഞ ഒന്ന് രണ്ട് കാര്യം മാത്രമേയുള്ളു. 1957-ൽ ആന്ധ്രയിലെ കുംഭകോണം എന്ന സ്ഥലത്തു നടന്ന അരി വാങ്ങൽ അഴിമതിയിലൂടെയാണ് കേരളപ്പിറവി തൊട്ടേ കേരളത്തിൽ അഴിമതിയെക്കുറിച്ച് പറയുന്നത്. അഴിമതിയെന്നു പറഞ്ഞാൽ ആന്ധ്രാ കുംഭകോണവുമായി ബന്ധപ്പെട്ടാണെന്ന നിലയിലേയ്ക്കാണ് മാറിയത്. ഇന്ന് ആളുകൾ റേഷൻ കടകളിലേയ്ക്ക് പോകുന്നതിനേക്കാൾ കൂടുതൽ മാർജിൻ ഫ്രീ മാർക്കറ്റുകളിലേയ്ക്കാണ് പോകുന്നത്. മാർജിൻ ഫ്രീ മാർക്കറ്റുകളിൽ തട്ടിപ്പാണ് നടക്കുന്നത്. റേഷൻ കടകളിലൂടെ നിത്യോപയോഗ സാധനങ്ങൾ കഴിവതും കൊടുക്കാനാവശ്യമായ സംവിധാനമുണ്ടാക്കുകയും റേഷൻ കടകളെ ന്യായവിലഡിപ്പോകളായി ശക്തമാക്കുകയുമാണ് വേണ്ടത്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ പുതിയ ലാഭം സ്റ്റോറുകൾ വന്നു. ആ ലാഭം സ്റ്റോറുകൾ കേരളത്തിലെ പ്രധാന വാണിജ്യ കേന്ദ്രങ്ങളിലേയ്ക്ക് സ്ഥാപിക്കുകയാണെങ്കിൽ മാർക്കറ്റിലെ വില പിടിച്ചുനിർത്താനും പാവപ്പെട്ട ആളുകൾക്ക് ന്യായവിലയ്ക്ക് സാധനങ്ങൾ ലഭിക്കാനുമുള്ള സൗകര്യമുണ്ടാകും. ഇപ്പോൾ ഇതിനൊക്കെ ഒരു ഭീഷണിയായി നിലനിൽക്കുന്നത് മാർജിൻ ഫ്രീ മാർക്കറ്റുകളാണ്. ഇവിടെ ലോക തട്ടിപ്പാണ് നടക്കുന്നത്. നമ്മുടെ നാട്ടിലെ പലരും ഈ തട്ടിപ്പിന് വിധേയരാകുകയാണ്. എല്ലാ ആൾക്കാരും ഒന്നാം തീയതി ശമ്പളം വാങ്ങിയാലുടനെ മാർജിൻ ഫ്രീ മാർക്കറ്റിലാണ് പോകുന്നത്. അവിടെച്ചെന്ന് നാൽപ്പത് അൻപത് ഐറ്റം സാധനമെടുക്കും. ഒരു സോപ്പിന് 20 പൈസയുടെ ലാഭമായിരിക്കും. രണ്ട് സോപ്പ് വാങ്ങിക്കുമ്പോൾ ബില്ലിൽ മൂന്നു സോപ്പിന്റെ വിലയാണ് തരുന്നത്. മൂന്ന് പേസ്റ്റ് വാങ്ങുമ്പോൾ നാല് എന്നടിച്ചാണ് ബിൽ വരുന്നത്. അതുപോലെ അരിക്ക് രണ്ടു രൂപ ലാഭമുണ്ടെങ്കിൽ മൂന്നു രൂപയുടെ കൊള്ളനടത്തുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. ഇതാരെങ്കിലും പരിശോധിക്കണ്ടേ? എനിക്ക് പറയുവാനുള്ളത് ഭക്ഷ്യ വകുപ്പ് ഇതിനെക്കുറിച്ച് അന്വേഷണം നടത്തണം എന്നാണ്. മാർജിൻ ഫ്രീ മാർക്കറ്റുകളിൽനിന്ന് ഫ്രീയായിട്ട് ഒരു സാധനവും കൊടുക്കാൻ പറ്റുകയില്ല. എല്ലാപേരും വാങ്ങുന്നത് ഒരേ മാർക്കറ്റിൽ നിന്നാണ്. പിന്നെ എങ്ങനെയാണ് മാർജിൻ ഫ്രീ മാർക്കറ്റുകളിൽ വില കുറച്ച് കൊടുക്കുന്നത്? മാർജിൻ ഫ്രീ മാർക്കറ്റുകളെല്ലാം ബഹുനില കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. അവിടെ പുതിയ കമ്പ്യൂട്ടറുകളും എ.സി.-യുമൊക്കെയുണ്ട്. ഇതൊക്കെ എങ്ങനെയുണ്ടാക്കുന്നുയെന്ന് സർക്കാർ പരിശോധിക്കണം.

ഇനി എനിക്ക് ആരോഗ്യ വകുപ്പിനെക്കുറിച്ച് ചില കാര്യങ്ങൾ പറയുവാനുണ്ട്. ജനങ്ങളുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ടു കിടക്കുന്ന ഒരു വകുപ്പാണ് ആരോഗ്യവകുപ്പ്. പ്രാഥമികാരോഗ്യ കേന്ദ്രത്തിനടുത്തുപോലും മരുന്നുകൾ ലഭ്യമല്ലാത്ത ഒരു സ്ഥിതിവിശേഷമാണുള്ളത്. മരുന്നുകൾക്ക് കൊള്ള വിലയാണ്. ഒരു കണക്കും വഴക്കുമില്ലാതെ, ഡ്രഗ്സ് കൺട്രോളർക്കുപോലും കൺട്രോളില്ലാതെ പോകുന്ന ഒരു സ്ഥിതി വിശേഷമാണ് കുറേ വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്നത്. ഓരോ വർഷം കഴിയുന്തോറും മരുന്നുകളുടെ വില കൂടിക്കൊണ്ടിരിക്കുകയാണ്. പാരസെറ്റമോളിന്റെ വില തന്നെ ഇപ്പോൾ രണ്ട് രൂപയോടടുത്തിരിക്കുകയാണ്. ഇതിനൊക്കെ പരിഹാരം കാണാൻ സർക്കാരിനു മാത്രമേ കഴിയുകയുള്ളൂ. സർക്കാർ മേഖലകളിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. എന്ന സ്ഥാപനമുണ്ട്. ഇത് കുറേ വർഷങ്ങളായി കൊള്ളയടി കേന്ദ്രമായി മാറിയിരിക്കുകയാണ്. കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ യൂണിറ്റുകൾ എല്ലാ വില്ലേജുകളിലും സ്ഥാപിച്ച് അതിലൂടെ ജീവൻരക്ഷാ മരുന്നുൾപ്പെടെയുള്ള മരുന്നുകൾ ന്യായ വിലയ്ക്ക് കൊടുക്കാൻ കഴിയണം. അതിനൊരു പദ്ധതി സർക്കാർ രൂപീകരിക്കണം. എല്ലാ സ്ഥലത്തും കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ സ്ഥാപനങ്ങളുണ്ട്. ഇല്ലാത്ത സ്ഥലങ്ങൾ വളരെ ചുരുക്കമാണ്. ഈ സ്ഥാപനങ്ങളിലെ ഒരു മുറിയിൽ മരുന്നുകൾ കൊടുക്കാനുള്ള ഏർപ്പാടുണ്ടാക്കിയാൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന് കൂടുതൽ ലാഭമുണ്ടാകും. കഴിഞ്ഞ കുറേ വർഷങ്ങളായി ഈ സ്ഥാപനങ്ങളിൽ കണക്കില്ല, കാഷ് ബുക്കില്ല, അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇല്ല. നിർമ്മാണ പ്രവർത്തനങ്ങൾ ചെക്ക് മുഖാന്തിരമാണ് നടത്തുന്നത്. എം-ബുക്കില്ല, ആഡിറ്റ് നടന്നിട്ടില്ല. ഞാൻ ഇതറിയുവാൻ കാരണം ഈയിടയ്ക്ക് കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ഉം ആയി ബന്ധപ്പെട്ട് എം.ഡി.-യെ വിളിക്കേണ്ടി വന്നു. എം.ഡി.-യെ വിളിച്ചപ്പോൾ എം.ഡി. വീട്ടിലില്ല. എ.ഒ.-യുടെ വീട്ടിൽ വിളിച്ചപ്പോൾ എ.ഒ.-യും വീട്ടിലില്ല, മിക്കവാറും ഓഫീസിൽ കാണുമെന്ന് പറഞ്ഞു. ഞാൻ രാത്രി 10.30-ന് ആശുപത്രിയിൽ വിളിച്ചപ്പോൾ പുതിയ എം.ഡി.-യും എ.ഒ.-യും അവിടെയുണ്ട്. അവിടെ വിളിച്ചന്വേഷിച്ചപ്പോഴാണ് കഥകൾ അറിയുന്നത്. കുറേ വർഷങ്ങളായി ആഡിറ്റില്ലാതെ ഒരു സ്ഥാപനം നടത്തുകയാണ്. സി.ടി. സ്കാൻ ഉൾപ്പെടെയുള്ള വിലപിടിപ്പുള്ള സാധനങ്ങളുണ്ട്. കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡുകളിൽ ചെന്ന് നോക്കണം. കഴിഞ്ഞ ഒരു വർഷം മുൻപ് എന്നെ അവിടെ അഡ്മിറ്റ് ചെയ്തിരുന്നു. അവിടെ എലിയും പൂച്ചയും പെരുച്ചാഴിയുമൊക്കെയാണ്. ആ സ്ഥിതിയിലേയ്ക്ക് അധഃപതിച്ചു കിടന്നിരുന്ന ഒരു സ്ഥാപനമായിരുന്നു അത്. ഇപ്പോൾ ഒരു നല്ല എം.ഡി.-യേയും എ.ഒ.-യേയും മന്ത്രി നിയമിച്ചിട്ടുണ്ട്. ഞാൻ ജനറൽ ആശുപത്രിയുടെ മുമ്പിൽക്കൂടി പോയപ്പോൾ സമരത്തെപ്പറ്റിയുള്ള ഒരു വലിയ പോസ്റ്റർ ഒട്ടിച്ചിരിക്കുന്നു. ഞാൻ വീണ്ടും എം.ഡി.-യേയും എ.ഒ.-യേയും വിളിച്ചപ്പോൾ അറിയുവാൻ സാധിച്ചത് അവിടെ കോൺട്രാക്ടർമാരില്ല, പകരം പല യൂണിയനുകളുടേയും ബിനാമികളാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. നിർമ്മാണ പ്രവർത്തനത്തിനുള്ള ചെക്ക് കൊടുത്തിട്ടില്ല. എം.ഡി.-യോ സൊസൈറ്റിയുടെ ഹെഡ്ഡോ അറിയാതെ ആരോ നിയമനം നടത്തിയതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ബിൽ കൊടുത്തിട്ടില്ല; ശമ്പളം കൊടുത്തിട്ടില്ല. അതുകൊണ്ടൊരു സമരം അവിടെ നടക്കുകയാണ്. സാധാരണക്കാർക്ക് കൂടുതൽ പ്രയോജനപ്പെടുന്ന ഒരു സ്ഥാപനമാണ് ഈ സൊസൈറ്റി. വർഷങ്ങളായി ഇതിനകത്ത് അഴിമതി നടത്തുന്ന ഉദ്യോഗസ്ഥരെ കണ്ടുപിടിച്ച് ശിക്ഷിക്കണം. കെ.എച്ച്.ആർ.ഡബ്ല്യു.എസ്. എന്ന സ്ഥാപനം ഗ്രാമപഞ്ചായത്തുകളിലേയ്ക്കും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലേയ്ക്കും എത്തത്തക്ക വിധത്തിലുള്ള നടപടിയുമായി ഗവൺമെന്റ് മുന്നോട്ടുപോകണം. ആക്ഷേപമുന്നയിക്കുന്നവർ പലരും കള്ളൻമാരാണ്. ഇങ്ങനെ കൊള്ളയടിക്കുന്ന ഒരു സ്ഥാപനം ഞാൻ എന്റെ ജീവിതത്തിൽ കണ്ടിട്ടില്ല. അവിടെ വലിയ അഴിമതിയാണ് നടക്കുന്നത്. അവിടെ സൂപ്രണ്ട് ഇല്ല, ഹെഡ്ക്ളാർക്ക് ഇല്ല, കാഷ്യർ ഇല്ല. ഡെയിലി വേജസ്സിലുള്ള ആളുകളാണ് കാഷ് കൈകാര്യം ചെയ്യുന്നതെന്നാണ് അറിയാൻ സാധിച്ചത്. അതുകൊണ്ട് ശക്തമായ രീതിയിൽ ഇത് കൈകാര്യം ചെയ്യണമെന്നാണ് എനിക്ക് അതിനെക്കുറിച്ച് പറയുവാനുള്ളത്. വേറൊരു കാര്യം പറയാം. എന്റെ മണ്ഡലത്തിൽ ഒരുപാട് ഹെൽത്ത് സെന്ററുകൾ ഉണ്ട്. അവിടെ ഡോക്ടർമാരും സ്റ്റാഫുകളും ഇല്ല. പി.എച്ച്. സെന്ററുകളിലാണ് ചിരങ്ങ്, പനി, വയറിളക്കം ഒക്കെ പിടിപെടുന്നവർ ചെല്ലുന്നത്. അവിടെ മരുന്നു കൊടുക്കാൻ കഴിയുമെങ്കിൽ മെഡിക്കൽ കോളേജിലും ജില്ലാ ആശുപത്രിയിലും ആളുകൾ ചെല്ലുകയില്ല. ഇപ്പോൾ ഒരു പനിയോ ചിരങ്ങോ വന്നാൽ ആളുകൾ ചെല്ലുന്നത് മെഡിക്കൽ കോളേജിലാണ്. പി.എച്ച്. സെന്ററുകളിൽ സ്റ്റാഫും ഡോക്ടറും ഉണ്ടായിരുന്നാൽ മെഡിക്കൽ കോളേജിലെ തിരക്ക് കുറയ്ക്കാൻ സാധിക്കും. എന്റെ നിയോജക മണ്ഡലത്തിൽ മെഡിക്കൽ കോളേജിന്റെ കീഴിൽ തന്നെ പാങ്ങപ്പാറ ഹെൽത്ത് സെന്ററുണ്ട്. ഇപ്പോൾ ആരും അവിടെ ചെല്ലുന്നില്ല. മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോക്ടർമാരെ അവിടേയ്ക്ക് അയയ്ക്കുന്നില്ല. താലൂക്ക് ആശുപത്രിയുടെ എല്ലാ സൗകര്യവുമുള്ള പാങ്ങപ്പാറ ഹെൽത്ത് സെന്ററിൽ ഡോക്ടർമാർ എത്തുന്നില്ല. അവിടെ ഉള്ളതെല്ലാം സമ്പന്നവർഗ്ഗത്തിൽപ്പെട്ട ഡോക്ടർമാരാണ്. പാങ്ങപ്പാറ ഹെൽത്ത് സെന്ററിൽ പാവപ്പെട്ട കർഷകരും ചുമട്ടു തൊഴിലാളികളുമാണ് ചെല്ലുന്നത്. അവരെ നോക്കുവാൻ മെഡിക്കൽ കോളേജിലെ ഡോക്ടർമാർക്ക് കഴിയില്ല എന്ന നിഷേധാത്മകമായ നിലപാട് സ്വീകരിച്ചിരിക്കുകയാണ്. അക്കാര്യം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊന്ന് പൂജപ്പുരയിലെ ആയുർവേദ പഞ്ചകർമ്മ ചികിത്സാ കേന്ദ്രം. അതിനെ വലിയ ഒരു ഇൻസ്റ്റിറ്റ്യൂഷനാക്കി മാറ്റണം. ഒരു ആട്ടോണമസ് ബോഡിയായി മാറ്റുകയും അതിന് ആവശ്യമായ ഫണ്ട് കൊടുക്കുകയും ചെയ്താൽ സൗത്ത് ഇൻഡ്യയിലെ തന്നെ ഏറ്റവും വലിയ ആയുർവേദ ചികിത്സാ കേന്ദ്രമാക്കി മാറ്റാൻ കഴിയും. എന്റെ നിയോജകമണ്ഡലത്തിൽ ആറേഴ് പി.എച്ച്. സെന്ററുകൾ ഉണ്ട്. അവ നന്നായി നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽകൂടി പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. യു. രാധാകൃഷ്ണൻ: സർ, സാധാരണക്കാരായ ജനങ്ങളെ ബാധിക്കുന്ന പ്രധാനപ്പെട്ട രണ്ട് വകുപ്പുകളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു. കേരളത്തിലെ ഭക്ഷ്യ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാന്യനായ മന്ത്രി ശ്രീ. ജി. കാർത്തികേയനെ ഞാൻ അഭിനന്ദിക്കുന്നു. ഈ നിയമസഭാ സമ്മേളനം നടക്കുമ്പോൾ ഒരുപാട് അടിയന്തിര പ്രമേയം ഈ സഭയിൽ ചർച്ചയ്ക്ക് വരുകയുണ്ടായി. ഞാൻ ആദ്യമായാണ് നിയമസഭയിൽ എത്തുന്നത്. എങ്കിൽപോലും കഴിഞ്ഞകാല നിയമസഭാ സമ്മേളനങ്ങളിൽ എക്കാലവും അടിയന്തിര പ്രമേയങ്ങൾക്ക് വഴിവയ്ക്കാറുള്ള ഒരു വസ്തുത കേരളത്തിലെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റവും ലഭ്യതക്കുറവുമായിരുന്നു. ജനങ്ങളെ ഏറ്റവും അടിസ്ഥാനപരമായി ബാധിക്കുന്ന ഇത്തരം പ്രശ്നത്തെ സംബന്ധിച്ച് ഈ മൂന്ന് വർഷക്കാലത്തെ നിയമസഭാ സമ്മേളന ദിവസങ്ങളിൽ ഭക്ഷ്യവിതരണവുമായി ബന്ധപ്പെട്ട് ഒരു അടിയന്തിര പ്രമേയത്തിനോ അതുമായി ബന്ധപ്പെട്ട് ഒരു ചർച്ചയ്ക്കോ ഇവിടെ വേദി ഒരുക്കിയില്ല. അതിൽ നിന്നും മനസ്സിലാകുന്നത് ഈ വകുപ്പ് ശ്രീ. ജി. കാർത്തികേയന്റെ നേതൃത്വത്തിൽ വളരെ കാര്യക്ഷമമായി പ്രവർത്തിച്ച് മുന്നോട്ടു പോകുന്നു എന്നാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യവിതരണ രംഗത്ത് വളരെ ക്രിയാത്മകമായി പ്രവർത്തിച്ച് ഭക്ഷ്യ സബ്സിഡി ഉൾപ്പെടെ കൊടുത്തുകൊണ്ട് വിതരണ ശൃംഖല ശക്തിപ്പെടുത്തിയതിന്റെ ഫലമായി നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ 30 മുതൽ 40 ശതമാനം വരെ വിലക്കുറവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് ഈ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടമായി ഞാൻ കാണുന്നു. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുന്നു. ലാഭം മാർക്കറ്റുകളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ലാഭം മാർക്കറ്റ് നല്ല ഏർപ്പാടാണ്. കാരണം, ഇവിടെ മാർജിൻഫ്രീ സൂപ്പർമാർക്കറ്റുകളുടെ നടുവിൽ യഥാർത്ഥ സൂപ്പർമാർക്കറ്റുകളായി ജനങ്ങൾക്ക് ഉപകാരപ്രദമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായി ലാഭം മാർക്കറ്റ് ഇപ്പോൾ മാറിയിരിക്കുകയാണ്. അക്കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. പക്ഷേ മാവേലി സ്റ്റോറുകൾക്ക് പകരമാണ് ലാഭം മാർക്കറ്റുകൾ രൂപപ്പെടുന്നത്. ലാഭം മാർക്കറ്റിലെ വിലയും മാവേലി സ്റ്റോറിലെ വിലയും രണ്ടാണ്. അതുകൊണ്ട് മാവേലി സ്റ്റോറുകൾ നിലനിർത്തി സൂപ്പർ മാർക്കറ്റുകളെ സ്വതന്ത്രമാക്കി വേറെ പ്രവർത്തിക്കാനുള്ള സംവിധാനങ്ങളെക്കുറിച്ച് മന്ത്രി ആലോചിക്കണം എന്ന ഒരു അഭ്യർത്ഥന എനിക്കുണ്ട്. കേന്ദ്ര സർക്കാരിന്റെ ഒരു പദ്ധതിയാണ് അന്ത്യോദയ. പക്ഷേ ഇന്നത്തെ പത്രത്തിൽ തൃശൂർ ജില്ലയിൽ അന്ത്യോദയ പദ്ധതിയിൽ നിന്നും കിട്ടുന്നതിൽ വെട്ടിക്കുറവ് വന്നിരിക്കുന്നു എന്ന് കാണുന്നു. എനിക്ക് അന്വേഷിക്കാൻ സമയം കിട്ടിയില്ല. പക്ഷേ ഇക്കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു; അങ്ങനെ ഉണ്ടെങ്കിൽ അത് പുനഃസ്ഥാപിക്കണം. കർക്കടക മാസം പഞ്ഞമാസമാണെന്നാണ് പറയാറ്. ഇന്നലെ പത്രത്തിൽ വന്ന ഒരു വാർത്ത തൃശൂർ ജില്ലയിൽ റേഷൻ കടകളിൽക്കൂടി പച്ചരി മാത്രമാണ് വിതരണം ചെയ്യുന്നതെന്നാണ്. അക്കാര്യത്തിലും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ പതിയണം. അങ്ങ് പുതിയതായി മാവേലി സ്റ്റോറുകൾ അനുവദിക്കാൻ പോകുന്നു എന്ന് പറയുന്നത് കേട്ടു. നല്ല കച്ചവടമുള്ള സ്ഥലങ്ങൾ ചൂണ്ടിക്കാണിച്ചാൽ

ഞങ്ങളുടെയൊക്കെ മണ്ഡലങ്ങളിലും മാവേലി സ്റ്റോറുകൾ അനുവദിക്കാനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. പരിണതപ്രജ്ഞനായ കേരളത്തിന്റെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. കടവൂർ ശിവദാസന് തൊടുന്നതെല്ലാം പൊന്നാക്കാൻ കഴിയുമെന്ന് കഴിഞ്ഞകാല രാഷ്ട്രീയ ജീവിതത്തിലും മന്ത്രി സ്ഥാനങ്ങൾ കൈകാര്യം ചെയ്തപ്പോഴും ഒക്കെ കേരള ജനതയുടെ മുൻപിൽ തെളിയിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ ചുമതലക്കാരനായ ബഹുമാന്യനായ മന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളേയും ഞാൻ പിൻതാങ്ങുന്നു. എക്കാലത്തും ആക്ഷേപങ്ങൾക്കും ആരോപണങ്ങൾക്കും വിധേയമായ ഒരു വകുപ്പാണ് ആരോഗ്യവകുപ്പ്. പക്ഷേ കേരളത്തിലെ ആരോഗ്യ വകുപ്പ് ബഹുമാന്യനായ കടവൂർജി ഏറ്റെടുത്തശേഷം ഈ വകുപ്പിൽ അടിമുടി പുതിയ ഭരണ നവീകരണത്തിനുള്ള ഏർപ്പാടുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ ആരോഗ്യ വകുപ്പിൽ മെഡിക്കൽ കോളേജ് വിഭാഗത്തിന് ഡയറക്ടറേറ്റുണ്ട്. ഡി.എച്ച്.എസ്. എന്നു പറയുന്ന മറ്റൊരു വിഭാഗം മറ്റൊരു രംഗത്ത്. പക്ഷേ കേരളത്തിൽ ഞാൻ കണ്ടുവരുന്ന ഒരു പ്രധാന പോരായ്മ എന്ന് പറയുന്നത് പ്രൊമോഷൻ പോസ്റ്റാണ്. കേരളത്തിൽ മെഡിക്കൽ കോളേജിലും അതുപോലെ ഡി.എച്ച്.എസ്.-ലും ഉള്ള ഡോക്ടർമാരുടെ കഴിവ് കുറച്ച് ഞാൻ കാണുന്നില്ല. അവരൊക്കെ ചികിത്സിക്കാൻ വളരെ വിദഗ്ദ്ധരാണ്. പക്ഷേ ഭരണരംഗത്ത് അവർക്ക് കുറച്ച് അഡ്മിനിസ്ട്രേഷൻ കപ്പാസിറ്റിയുടെ പോരായ്മ വരുന്നുണ്ട്. അതുകൊണ്ട് മെഡിക്കൽ ഡയറക്ടറേറ്റിലും മറ്റും ഐ.എ.എസുകാരെയോ അതുപോലെ ഭരണ പരിചയമുള്ള ആളുകളേയോ നിയമിച്ചുകൊണ്ട് ഒരു പരീക്ഷണം നടത്താൻ അങ്ങയുടെ ഭരണകാലത്ത് ഒരു ശ്രമം നടത്തണം എന്നുള്ള അഭ്യർത്ഥനയുണ്ട്. കാരണം, ഡി.എച്ച്.എസ്. ഓഫീസിലൊക്കെ ഒരുപാട് കുതികാല് വെട്ടുകൾ നടക്കുന്നുണ്ട്. ഡോക്ടർമാർ തമ്മിൽ ഭരണപരമായ കാര്യങ്ങളിൽ അഭിപ്രായ ഐക്യം ഉണ്ടാക്കിയെടുക്കാൻ കഴിയാത്തത് ഒരു പോരായ്മയായി ഞാൻ കാണുന്നു. അക്കാര്യം ശ്രദ്ധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. കേരളത്തിലെ ഈ മേഖലയെ ഇതുപോലെ സമ്പുഷ്ടമാക്കിയ ഒരു കാലഘട്ടം യു.ഡി.എഫിന്റെ ഭരണ കാലത്ത് മാത്രമാണ് ഉണ്ടായിട്ടുള്ളത്. നമുക്ക് ഒരുപാട് പരിമിതികളുണ്ട്; ഒരുപാട് പോരായ്മകളുണ്ട്. നമ്മുടെ വിദ്യാർത്ഥികൾക്ക് മെഡിസിന് പഠിക്കാനും നഴ്സ് ആകാനും അതുപോലെ പാരാ മെഡിക്കൽ കോഴ്സുകൾ പഠിക്കാനും ഒക്കെ സൗകര്യങ്ങളുണ്ട്. അന്യ സംസ്ഥാനങ്ങളെ ആശ്രയിച്ചിരുന്നതിൽനിന്നും വ്യത്യസ്തമായി നമ്മൾ സ്വീകരിച്ച നയസമീപനത്തിന്റെ ഫലമായി കേരളത്തിൽ ഈ സർക്കാർ വന്നതിനുശേഷം പ്രവർത്തനസജ്ജമാക്കാൻ പോകുന്നത് 7 മെഡിക്കൽ കോളേജുകൾ, 6 ഡെന്റൽ കോളേജുകൾ, 38 നഴ്സിംഗ് കോളേജുകൾ, 4 ആയുർവേദ കോളേജുകൾ, ഒരു സിദ്ധ കോളേജ്, 36 പാരാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് എന്നിവയാണ്. അവയ്ക്കെല്ലാം എൻ.ഒ.സി. കൊടുത്തു, ബി.ഫാം. ഇൻസ്റ്റിറ്റ്യൂഷൻ 9 എണ്ണം, സർക്കാർ തലത്തിൽ 2 എണ്ണം, അങ്ങനെ എല്ലാ സ്ഥലത്തുംകൂടി കേരളത്തിൽ 3630 സീറ്റുകൾ ഉണ്ടാക്കുന്നതിനുള്ള അവസരം തുറന്നു കൊടുത്തിരിക്കുകയാണ്. ഈ മേഖലയിൽ എല്ലാം കൂടി 495 കോടി രൂപയുടെ വികസന പ്രവർത്തനം ഉണ്ടാക്കാൻ പോകുന്നു. അത് മാത്രമല്ല,

LIBRARY ARCHIVES Kerala Legislative Assembly

അന്യ സംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകിക്കൊണ്ടിരുന്ന ഏതാണ്ട് 227 കോടി രൂപ കേരളത്തിൽത്തന്നെ മുതൽമുടക്കുന്നതിനുള്ള അവസരം കൂടി കൈവന്നിരിക്കുന്നു. അതുവഴി കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ഈ സർക്കാർ പൂർത്തീകരിച്ച് കഴിഞ്ഞിരിക്കുന്നു. ഇത് ഒരു കാലത്തും ഇല്ലാത്ത ഏറ്റവും വലിയ നേട്ടമാണ്; കേരളത്തിന്റെ ആരോഗ്യ വകുപ്പുമന്ത്രിക്ക് തല ഉയർത്തി നിൽക്കാൻ കഴിയുന്ന ഒരു രംഗമാണ്. ഇവിടെ വേൾഡ് ബാങ്കിനെക്കുറിച്ച് എന്റെ സുഹൃത്ത് ശ്രീ. രാധാകൃഷ്ണൻ സൂചിപ്പിക്കുകയുണ്ടായി. കാള പെറ്റു എന്ന് കേട്ട് കയർ എടുക്കേണ്ട കാര്യമില്ല. വേൾഡ് ബാങ്കുമായിട്ടുള്ള ചർച്ച ഈ ഗവൺമെന്റ് ആരംഭിച്ചിട്ടേയുള്ളൂ. അത് ആരംഭിച്ചുകൊണ്ടിരിക്കുന്ന ഘട്ടത്തിൽപ്പോലും അതിനെക്കുറിച്ച് ആരോപണങ്ങൾ ഉയർത്താൻ ശ്രമിക്കുന്നു. നാട്ടിൽ പണമില്ലാതെ നമ്മൾ ബുദ്ധിമുട്ടുമ്പോൾ ബഡ്ജറ്റിനെക്കുറിച്ച് ഇവിടെ ചർച്ച നടത്തുകയാണ്. 925 കോടി രൂപയാണ് ആരോഗ്യ വകുപ്പിന് ഈ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്. അതിൽ 600 കോടി രൂപ ശമ്പളം കൊടുക്കാൻവേണ്ടി മാത്രം വേണം. പിന്നെ എങ്ങനെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിയും? വേൾഡ് ബാങ്കിന്റെ ആദ്യം നടന്ന ചർച്ചയിൽ അവർ ഉന്നയിച്ചത് കേരളത്തിലെ ആരോഗ്യമേഖല വളരെ സംപുഷ്ടമാണ് എന്നാണ്. ശരിയാണ്. കേരളത്തിന് ഒരു വികസന സംസ്കാരമുണ്ട്. വികസന സംസ്കാരം രൂപപ്പെടുത്തിയ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് മേഖലകളിൽ ഒന്ന് വിദ്യാഭ്യാസ മേഖലയും മറ്റൊന്ന് ആരോഗ്യ മേഖലയുമാണ്. മിഡ്വൈഫ് സെന്റർ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആരോഗ്യരംഗത്ത് പ്രാഥമിക സൗകര്യങ്ങളും മറ്റ് ഹൈടെക് സൗകര്യങ്ങളും ഒരുക്കിയിരിക്കുന്ന ഒരു സംസ്ഥാനം ഇൻഡ്യാ രാജ്യത്ത് കേരളം മാത്രമാണ്. സാധുക്കളുടെ ആശുപത്രി എന്നാണ് സർക്കാർ ആശുപത്രിയെ പണ്ട് പറഞ്ഞിരുന്നത്. ആ ഭാഷ്യം നിലനിർത്തിക്കൊണ്ടുതന്നെ സർക്കാർ സാധുക്കൾക്ക് ഹൈടെക് ചികിത്സ നൽകാൻ കേരളത്തിലെ മെഡിക്കൽകോളേജുകളേയും താലൂക്ക് ആശുപത്രികളേയും ജില്ലാ ആശുപത്രികളേയും രൂപപ്പെടുത്തേണ്ടതുണ്ട്. അതിന് ഒരുപാട് ഇടപെടലുകൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണം എന്നാണ് എനിക്ക് പറയാനുള്ളത്. വേൾഡ് ബാങ്കിന്റെ പദ്ധതികൾ കേരളത്തിന്റെ ആരോഗ്യ മേഖലയെ ബാധിക്കുന്ന രൂപത്തിൽ അവരിൽനിന്നും പണം വാങ്ങാനും അത് ചെലവഴിക്കാനും കേരളത്തിന്റെ ആരോഗ്യ വകുപ്പുമന്ത്രിക്ക് കഴിയും എന്ന് തന്നെയാണ് ഞങ്ങൾ വിശ്വസിക്കുന്നത്. കേരളത്തിൽ എം.പി. ഫണ്ട് ഉപയോഗിച്ച് പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. അത് പ്രവർത്തന സജ്ജമാക്കാൻ കഴിയാതെ കിടന്നതാണ്. കേരളത്തിലെ 100 കണക്കിന് ആശുപത്രികൾ ഒറ്റയടിക്ക് പ്രവർത്തനം സജ്ജമാക്കാൻ, ഏതാണ്ട് 200 പ്രൈമറി ഹെൽത്ത് സെന്ററുകളെ 24 ബെഡ്ഡുകൾ വച്ച് ചികിത്സിക്കാൻ കഴിയുന്ന ആശുപത്രിയാക്കി മാറ്റാൻ തീരുമാനം എടുത്തത് കേരളത്തിലെ ആരോഗ്യ വകുപ്പുമന്ത്രിയാണ്. കേരളത്തിൽ ആശുപത്രികൾ ഉണ്ടാക്കിയതു മാത്രമല്ല, അവിടേയ്ക്ക് ആവശ്യമായ ഡോക്ടർമാരുടെ തസ്തികകൾ, നഴ്സുമാരുടെ തസ്തികകൾ, പാരാ മെഡിക്കൽ സ്റ്റാഫിന്റെ തസ്തികകൾ ഇവയെല്ലാം ഉണ്ടാക്കി അദ്ദേഹം ഈ മേഖലയെ

LIBRARY ARCHIVES Kerala Legislative Assembly

ശക്തമാക്കാൻ കഴിയുമെന്ന് തെളിയിച്ചിരിക്കുന്നു. അന്ന് ആ തീരുമാനം എടുത്തപ്പോൾ വിട്ടുപോയ ഒരുപാട് ആശുപത്രികൾ കൂടി
1.00 p.m.] ബാക്കിനിൽക്കുന്നു. ആ ആശുപത്രികളിൽക്കൂടി ഈ സൗകര്യമുണ്ടാക്കാൻ അങ്ങ് ശ്രമിക്കണമെന്ന ഒരു അഭ്യർത്ഥന എനിക്കുണ്ട്. അതുപോലെ അലോപ്പതി മേഖലയെ സംരക്ഷിക്കുന്നതോടൊപ്പം എന്റെ നിയോജകമണ്ഡലത്തിൽ പണിതിട്ടിരിക്കുന്ന ആയുർവേദ ആശുപത്രിയുടെ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേരളത്തിലെമ്പാടും ആയുർവേദ ആശുപത്രികൾ വന്നിട്ടുണ്ട്. അവിടെയും ഡോക്ടർമാരെ നിയമിച്ച് ആശുപത്രിയുടെ പ്രവർത്തനം സജ്ജമാക്കാനുള്ള ക്രമീകരണങ്ങൾ ഈ കാലഘട്ടത്തിൽ ആവശ്യമാണ്. കാരണം അലോപ്പതിയെപ്പോലെതന്നെ ആയുർവേദത്തിനും കേരളത്തിൽ ഇന്ന് ഒരുപാട് സാദ്ധ്യതകൾ തെളിഞ്ഞുവരുന്നു. അതുകൊണ്ട് അതിന്റെ സംരക്ഷണംകൂടി അങ്ങ് ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനത്തിൽ ഒരു ഏകോപനമില്ലാത്തത് വലിയ പ്രശ്നമായി നിൽക്കുകയാണ്. മെഡിക്കൽ കോളേജിൽ പ്രിൻസിപ്പലുണ്ട്, സൂപ്രണ്ടുണ്ട്. മെഡിക്കൽ കോളേജ് പ്രിൻസിപ്പലിനെ നിയമിക്കുന്നത് മെഡിക്കൽ ഡയറക്ടറേറ്റാണ്. അവിടെ നഴ്സുമാരെ നിയമിക്കുന്നത് ഡി.എച്ച്.എസ്. ആണ്. അവിടുത്തെ സൂപ്രണ്ടിന്റെ പണിയെന്താണെന്ന് ചോദിച്ചാൽ, അഡ്മിനിസ്ട്രേഷൻ നോക്കുന്നതാണ്. പക്ഷേ അവിടെയും ഉണ്ടാകുന്ന ഒരു പ്രശ്നം ഭരണപരമായ ഏകീകരണം മെഡിക്കൽ കോളേജുകളിൽ നടക്കാത്തതുകൊണ്ട് മെഡിക്കൽ കോളേജിൽ ഉയർന്നുവരുന്ന.....ഇപ്പോൾ എച്ച്.ഡി.സി. അഡൈസറി കമ്മിറ്റിയുടെ ചുമതല ജില്ലാ കളക്ടർക്കാണ്. ഇതിലൊന്നും യോജിപ്പിക്കാൻ കഴിയാത്തതുകൊണ്ട് എച്ച്.ഡി.സി. വഴി ചെലവഴിക്കപ്പെടുന്ന പണത്തെയും നിയന്ത്രിക്കാൻ കഴിയുന്നില്ല. മെഡിക്കൽ കോളേജിലെ ഭരണപരമായ കാര്യങ്ങളിൽ ഇടപെടാൻ എച്ച്.ഡി.സി.ക്ക് കഴിയുന്നില്ല. അതിന് ഏകോപിതമായ ഒരു സംവിധാനമുണ്ടാക്കാൻ അങ്ങ് ശ്രമിക്കണമെന്ന അഭിപ്രായം എനിക്കുണ്ട്. കേരളം നിരോധിക്കപ്പെട്ട മരുന്നുകളുടെ വിൽപ്പന കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്നുവെന്ന ഒരു വലിയ ആക്ഷേപം ഉയർന്നുവന്നിരിക്കുകയാണ്. ഏതാണ്ട് രണ്ടായിരത്തിൽപ്പരം കമ്പനികളിൽക്കൂടി 18,000 ഇനത്തിൽപ്പെട്ട മരുന്നുകൾ രാജ്യത്ത് വിൽപ്പന നടത്തിക്കൊണ്ടിരിക്കുകയാണ്. 17,000 കോടി രൂപയുടെ കച്ചവടമാണ് ഒരു മാസം ഈ രാജ്യത്ത് മൊത്തം കമ്പനിക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ രാജ്യത്ത് ഡ്രഗ്സ് കൺട്രോളറുണ്ട്. അതിന്റെ ഉപദേശക സമിതിയുണ്ട്. ആ ഡ്രഗ്സ് കൺട്രോൾ അഡൈസറി കമ്മിറ്റി കൂടിയിട്ട് കുറേ നാളുകളായി. കൂടാത്ത പല കമ്മിറ്റികളും അങ്ങയുടെ സാന്നിദ്ധ്യത്തിൽ കൂടുന്നുണ്ട്. അങ്ങ് നടപടി സ്വീകരിക്കുന്നുണ്ട് എന്നറിയുന്നതിൽ സന്തോഷമുണ്ട്. അതുകൊണ്ട് ഡ്രഗ്സ് കൺട്രോൾ അഡൈസറി കമ്മിറ്റി വിളിച്ചുകൂട്ടി കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന അനധികൃതമായ മരുന്ന് കച്ചവടത്തെ നിയന്ത്രിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സാമ്പത്തികമായ ഒരുപാട് ബുദ്ധിമുട്ടുകൾ അങ്ങ് പറയുന്നുണ്ട്. 7,100 മെഡിക്കൽ ഷോപ്പുകളിൽക്കൂടിയും 2664 ആശുപത്രികളിൽക്കൂടിയും 40 മാവേലി സ്റ്റോറുകളിൽക്കൂടിയും നീതി സ്റ്റോറുകളിൽക്കൂടിയും കേരളത്തിൽ മരുന്ന് വിൽക്കുന്നുണ്ട്. അതുവഴി ലഹരി മരുന്ന് കച്ചവടവും നടക്കുന്നുവെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

അറിയുന്നത്. ലഹരി പിടിക്കാൻ ഇപ്പോൾ ബാറുകളിൽ പോകണ്ട. മെഡിക്കൽ ഷോപ്പുകളിൽ പോയാൽ മതി എന്ന് ഒരു പത്രത്തിൽ വായിച്ചു. കാരണം ഡോക്ടർമാരുടെ കുറിപ്പില്ലാതെ ലഹരി കൂടുതൽ കൊടുക്കുന്ന പല മരുന്നുകളും മെഡിക്കൽ ഷോപ്പുകളിലൂടെ അനധികൃതമായി ഇന്ന് വിറ്റഴിക്കപ്പെടുന്ന നടപടി തുടരുന്നു. അത് നിയന്ത്രിക്കാൻ വ്യക്തമായ നിർദ്ദേശങ്ങളുണ്ടാകണം. സർക്കാർ ആശുപത്രികളിൽ വേണ്ടത്ര മരുന്ന് ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രൈവറ്റ് ഹോസ്പിറ്റലുകൾ കേരളത്തിൽ വരേണ്ടത് ആവശ്യമാണ്. വളരെ ആധുനികമായ സൗകര്യങ്ങളോടുകൂടിയ പ്രൈവറ്റ് ഹോസ്പിറ്റലുകൾ ഇന്ന് കേരളത്തിൽ വളരെ ഉപകാരപ്രദമാണ്. പക്ഷേ അവിടെയൊക്കെ ഒരു കച്ചവടത്തിന്റെ സ്വഭാവം വളർന്നുകൊണ്ടിരിക്കുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ആഗോളവൽക്കരണത്തിന്റെ ഫലമായിട്ടോ അതല്ലെങ്കിൽ കടന്നുവരുന്ന പുതിയ കമ്പോള സംസ്ക്കാരത്തിന്റെ ഫലമായിട്ടോ മെഡിക്കൽ വിദ്യാഭ്യാസ മേഖലയും മെഡിക്കൽ രംഗവും ഇന്ന് ഒരു കച്ചവട മനഃസ്ഥിതിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. പേടിപ്പിച്ച് കച്ചവടം നടത്തുന്ന ഒരു പുതിയ സംസ്ക്കാരം ഈ രംഗത്ത് കടന്നുവന്നുകൊണ്ടിരിക്കുന്നു. കുട്ടികളില്ലാത്തവരെ മാടിവിളിക്കുന്ന ബോർഡുകളും, വേദനയില്ലാതെ പ്രസവിക്കാം എന്ന ബോർഡുകളും പല ആശുപത്രികളുടെയും മുമ്പിൽ കാണുന്നു. ഇത്തരത്തിൽ നമ്മുടെ പ്രൈവറ്റ് മേഖല പരിപോഷിപ്പിക്കുന്നതോടൊപ്പം അവരെ നിയന്ത്രിക്കാൻകൂടി നമുക്ക് കഴിഞ്ഞില്ലെങ്കിൽ നമ്മെയൊക്കെ കച്ചവടത്തിന് മാത്രം ഉപയോഗിക്കുന്ന ഒരു മേഖലയായി അത് മാറും. അതുകൊണ്ട് അവരെ നിയന്ത്രിക്കാൻ കഴിയുന്ന വിധത്തിൽ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തേയും ആരോഗ്യ വകുപ്പിനേയും ഒന്നുകൂടി കൺട്രോൾ ചെയ്ത് മുന്നോട്ടുപോകാൻ ബഹുമാന്യനായ ആരോഗ്യ വകുപ്പുമന്ത്രി ശ്രമിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിമാരുടെ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽകൂടി പിൻതാങ്ങുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നതോടൊപ്പം കൂടുതൽ ധനം ആരോഗ്യ വകുപ്പിന് നീക്കി വയ്ക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുകയാണ്. 1921-ൽ കേരളത്തിൽ രണ്ട് സംഭവങ്ങളുണ്ടായി. ഒന്ന്, മലബാർ കലാപമായിരുന്നു. രണ്ട്, ആരോഗ്യ വകുപ്പിലെ സ്റ്റാഫ് സ്ട്രെങ്ത് നിശ്ചയിക്കൽ. ഈ രണ്ട് സംഭവങ്ങളും നടന്നത് 1921-ലാണ്. അതിനുശേഷം മലബാറിൽ ഒരു കലാപമുണ്ടായിട്ടില്ല. ആരോഗ്യ വകുപ്പിലെ സ്റ്റാഫ് സ്ട്രെങ്ത് മാറ്റി നിശ്ചയിച്ചിട്ടുമില്ല. അതുകൊണ്ടാണ് ഇന്നും ഇവിടെ എന്റെ സ്നേഹിതൻമാർ സൂചിപ്പിച്ചതുപോലെ വളരെയേറെ പ്രയാസകരമായ ഒരു സാഹചര്യം പശ്ചാത്തല സൗകര്യങ്ങളുടെ കാര്യത്തിലും ഡോക്ടർമാരുടെയും പാരാ മെഡിക്കൽ സ്റ്റാഫിന്റെയും കാര്യത്തിലുള്ളത്. ഞാൻ ഇവിടെ എന്റെ സഹപ്രവർത്തകൻമാർ പറഞ്ഞ എല്ലാ കാര്യങ്ങളോടും യോജിക്കുകയാണ്. ആരോഗ്യം എന്തിനാണ്? എന്റെ ചോദ്യം അതാണ്. എന്തിനാണ് മനുഷ്യൻ ആരോഗ്യവാനായി തീരുന്നത്? ഈ പണം മുഴുവൻ ചെലവഴിക്കുന്നത് എന്തിനുവേണ്ടിയാണ്? മനുഷ്യന് ആരോഗ്യമുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

ശരീരവും, ആരോഗ്യമുള്ള മനസ്സും, ആരോഗ്യമുള്ള വ്യക്തികളും സമൂഹവും കുടുംബവും ഉണ്ടാക്കാനാണെങ്കിൽ കേരളം വിദ്യാഭ്യാസ രംഗത്ത് ഇത്രയേറെ മുന്നോട്ട് പോയിട്ടും ആരോഗ്യമുള്ള ഒരു സമൂഹമാണ് കേരളത്തിൽ ജീവിക്കുന്നതെന്ന് വിമുഖതയോടുകൂടി മാത്രമേ പറയാൻ സാധിക്കുകയുള്ളു. കേരളത്തിലാണ് ആത്മഹത്യ നിരക്ക് വളരെ കൂടുതൽ. ഈ വർഷം സുമാർ പതിനായിരം പേർ ആത്മഹത്യ ചെയ്തു. ഏറ്റവും കൂടുതൽ ആത്മഹത്യ നടക്കുന്നത് തൃശ്ശൂരാണ്. രണ്ടാം സ്ഥാനം തിരുവനന്തപുരത്തിനാണ്. ഏറ്റവും കുറവ് മലപ്പുറത്താണ്. മനുഷ്യബന്ധങ്ങൾ ശിഥിലമായിക്കൊണ്ടിരിക്കുകയാണ്. ആളുകൾക്കൊക്കെ വലിയ ശുണ്ഠിയാണ്. എല്ലാവർക്കും ബ്ലഡ് പ്രഷറും പ്രമേഹവും ഹൃദ്രോഗവുമാണ്. എല്ലാവരും കലഹം ഉണ്ടാക്കുന്നതിലും സംഘർഷം ഉണ്ടാക്കുന്നതിലും താൽപ്പര്യമുള്ളവരായി തീർന്നാൽ ആ സമൂഹം ആരോഗ്യമുള്ള സമൂഹമാണെന്ന് പറയാൻ സാധിക്കുമോ? "കൂടിയല്ല ജനിക്കുന്ന നേരത്തും കൂടിയല്ല മരിക്കുന്ന നേരത്തും മദ്ധ്യേ ഇങ്ങനെ കാണുന്ന നേരത്ത് മത്സരിക്കുന്നതെന്തിന് നാം വൃഥാ" എന്ന് പുന്താനം ജ്ഞാനപ്പാനയിൽ പാടി. സമാധാനവും സന്തോഷവും ജീവിതത്തിൽ ഉണ്ടാകാൻ വേണ്ടിയാണ് ആരോഗ്യ വകുപ്പ് പരിശ്രമിക്കേണ്ടത്. നമ്മുടെ സമൂഹത്തിൽ നടക്കുന്ന മറ്റൊരു അനാശാസ്യ പ്രവണത ഭ്രൂണഹത്യയാണ്. കേരളത്തിലെ പെൺകുട്ടികളുടെ എണ്ണം ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിലെപ്പോലെ കുറഞ്ഞുവരുന്നതായി ഒരു വലിയ പഠനം അടുത്തകാലത്ത് തെളിയിച്ചു. വളരെയധികം ശ്രദ്ധിക്കപ്പെടേണ്ട ഒരു കാര്യമാണ്. അതിനൊരു പരിഹാരം കാണേണ്ടത് ആവശ്യമാണ്. മറ്റൊന്ന്, ആരോഗ്യത്തിൽ വരുന്ന ഒരു പ്രധാനപ്പെട്ട വിഷയമാണ് ഭക്ഷണശീലം. കേരളത്തിൽ ഭക്ഷണം ലഭ്യമാക്കുന്ന ഒരു സ്ഥാപനത്തിലും ഭക്ഷണത്തിന്റെ ഗുണമേന്മ വേണ്ടത്ര പരിശോധിക്കാനുള്ള യാതൊരു സംവിധാനവുമില്ല. ഇഷ്ടംപോലെ തട്ടുകടകൾ, ഇഷ്ടം പോലെ ഫാസ്റ്റ് ഫുഡ് സംവിധാനങ്ങൾ, ഇഷ്ടം പോലെ അച്ചാറുകൾ ഉൾപ്പെടെയുള്ള ഭക്ഷണങ്ങൾ ആർക്കും ഉണ്ടാക്കി വിൽക്കാവുന്ന സ്ഥിതിയാണ്. മത്സ്യം, മാംസം തുടങ്ങി ഇഷ്ടംപോലെ സാധനങ്ങൾ ഭക്ഷിക്കുന്നുണ്ട്. ഏതെങ്കിലും ഒരു മൃഗത്തിന്റെ മാംസം പരിശോധിക്കുന്നതിന്, മത്സ്യം പരിശോധിക്കുന്നതിന് ആവശ്യമായ സംവിധാനം ഇവിടെയുണ്ടോ? അതുപോലെ പച്ചക്കറികളിലെ കീടനാശിനി പ്രയോഗം; പഴങ്ങൾ പഴുക്കാനും നിറം കൂട്ടാനുംവേണ്ടി ചേർക്കുന്ന കാർബൈഡ് പോലെയുള്ള വിഷങ്ങൾ; ഇതെല്ലാം പരിശോധിക്കാൻ യാതൊരു സംവിധാനവുമില്ല. ഇതെല്ലാം കഴിച്ചാൽ എന്തെല്ലാം രോഗങ്ങളാണ് ഉണ്ടാകുന്നത്? മനുഷ്യൻ അടിസ്ഥാനപരമായി ഒരു ജന്തുവാണ്. മനുഷ്യൻ ഒരു ജന്തുവാണെന്ന് ആദ്യം അംഗീകരിക്കണം. മനുഷ്യൻ പ്രകൃതിയുമായുള്ള ബന്ധം വിട്ടതാണ് നാം രോഗികളായി തീരാൻ കാരണം എന്നുള്ളത് അംഗീകരിക്കപ്പെട്ട കാര്യമാണ്. എല്ലാവർക്കും അതറിയാം. "ഹരിതമൃദു കണ്ണുകം തെല്ലൊന്ന് നീക്കി നീ അരുളിയ മുലപ്പാൽ കുടിച്ച് തെഴുത്തവർക്കൊരു ദാഹമുണ്ടായി, ഒടുക്കത്തെ ദാഹം; തിരുഹൃദയ രക്തം

LIBRARY ARCHIVES Kerala Legislative Assembly

കുടിക്കാൻ" എന്ന് കവി പാടിയിട്ടുണ്ട്. ഈ ഭൂമി മക്കളായ മനുഷ്യരെ പോറ്റുന്നതിനു വേണ്ടി എത്ര പരിശ്രമിച്ചാലും "ആയിരം ഉണ്ണിക്കനികൾക്ക് തൊട്ടിലും താരാട്ടുമായി നീ ഉണർന്നിരിക്കുന്നതും" എന്ന് ഭൂമി അതിന്റെ മക്കളെ പോറ്റുന്നതിനുവേണ്ടി നടത്തുന്ന ശ്രമങ്ങളെക്കുറിച്ച് കവി പാടിയിട്ടുണ്ട്. ആ ഭൂമിയെ നമ്മൾ നശിപ്പിച്ചു കളഞ്ഞതുകൊണ്ടാണ്, തെറ്റായ മാർഗ്ഗത്തിൽ പ്രകൃതിവിരുദ്ധമായി നീങ്ങുന്നതുകൊണ്ടാണ് നാമൊക്കെ രോഗികളായിത്തീരുന്നത്. "മുണ്ഡിതശിരസ്ക്കയായി പ്രഷ്ഠയായി സൗരമണ്ഡല പെരുവഴിയിലൂടെ സന്താന പാപത്തിൻ വിഴുപ്പുമായി മാനഭംഗത്തിന്റെ മാറാപ്പുമായി ഈ ഭൂമി ഇങ്ങനെ പോകുമ്പോൾ ആ പോകുന്ന പോക്കിൽ സിരകളിലൂടരിച്ചേറുകയല്ലീ കരാളമൃത്യു" എന്ന് കവി പാടിയത് എത്ര അനുയോജ്യമായ കാര്യമാണ്. ഞാൻ പറയുന്നത് കേരളം വിദ്യാഭ്യാസപരമായി ഉയർന്നെങ്കിലും നമുക്ക് വ്യക്തി ശുചിത്വമുണ്ടെങ്കിലും പരിസരശുചിത്വമില്ല. ധാരാളം പകർച്ചവ്യാധികൾ മടങ്ങിവരികയാണ്. ഞാൻ അഞ്ചാം ക്ലാസിൽ പഠിക്കുമ്പോൾ, 1964 ൽ ഒരു പ്രസംഗ മൽസരത്തിൽ പങ്കെടുത്തു. സബ്ജക്ട് "വസൂരി നിർമ്മാർജ്ജനം" എന്നായിരുന്നു. അന്ന് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അത്തരം ഒരു വലിയ കാമ്പയിൻ നടക്കുകയാണ്. ഇന്ന് ഇത്രയധികം പകർച്ചവ്യാധികൾ വന്നിട്ടും ബോധവൽക്കരണ പരിശ്രമം ഇവിടെ നടക്കുന്നില്ല. അതുപോലെതന്നെ ഭ്രൂണഹത്യയുടെ പ്രശ്നത്തിൽ Medical Termination of Pregnancy Act, 1971 & Prenatal Diagnostic Techniques (Regulation and Prevention of Misuse) Act, 1994 ഈ രണ്ട് ആക്ടും കാര്യക്ഷമമായി ഇംപ്ലിമെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. മറ്റൊന്ന് മെഡിക്കൽ രംഗത്ത് പ്രൈവറ്റ് സെക്ടർ ഉണ്ടാക്കിക്കോട്ടെ. പക്ഷേ ഗവൺമെന്റ് സെക്ടറിനെയാണ് ഭൂരിപക്ഷം ആളുകളും ആശ്രയിക്കുന്നത്. പ്രൈമറി ഹെൽത്ത് സെന്ററും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററും സ്ട്രെങ്തെൻ ചെയ്യാതെ കേരളത്തിന്റെ ആരോഗ്യരംഗത്ത് പ്രവർത്തിച്ചു എന്ന് ആർക്കും പറയാൻ സാധ്യമല്ല. ഇന്ന് മിസ്യൂസ് ഉണ്ട്. നോൺയൂസ് ഉണ്ട്. ഉള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്താതെ എത്രയോ ഇന്ത്യാ പോപ്പുലേഷൻ പ്രോജക്ട് ഉണ്ടാക്കിയ കെട്ടിടങ്ങൾ ഓപ്പറേഷൻ തീയേറ്ററിന്റെ ഉപകരണങ്ങൾ ഉൾപ്പെടെ ഉപയോഗിക്കാതെ കിടക്കുന്നു. വേറൊരുഭാഗത്ത് മിസ്യൂസ് ചെയ്യപ്പെടുന്നു. രണ്ടും ഉണ്ട്. പ്രൈവറ്റ് സെക്ടറിലെ പ്രധാനപ്പെട്ട പ്രശ്നം എന്താണ്? Conservative line of treatment കൊണ്ട് മാത്രം ചികിൽസിച്ച് ഭേദപ്പെടുത്താവുന്ന രോഗത്തിനുപോലും സർജിക്കൽ ഇന്റർവെൻഷൻ അവർ വിധിക്കുകയാണ്. സർജറി നടത്തിയെങ്കിലേ അവർക്ക് കാശുണ്ടാവുകയുള്ളു. അതുകൊണ്ട് കൺസർവേറ്റീവ് ലൈനിലെ ട്രീറ്റുമെന്റ് ഒഴിവാക്കിയിട്ട് സർജിക്കൽ ലൈനിലെ treatment ആക്കിയിരിക്കുകയാണ്. നേരത്തെ ശ്രീ. കെ. രാധാകൃഷ്ണൻ പറഞ്ഞതുപോലെ ലാപ്രോസ്ക്കോപ്പി എന്നു പറഞ്ഞാൽ, രണ്ടര ലിറ്റർ ഗ്യാസ് വയറ്റിൽ അടിച്ചുകയറ്റി വയർ വലുതാക്കി രണ്ട് സെന്റീമീറ്റർ വട്ടമുള്ള മൂന്ന് ദ്വാരങ്ങളിലൂടെ നീഡിലും മറ്റ് ഉപകരണങ്ങളും കടത്തി 20 ടൈംസ് മാഗ്നിഫൈഡായിട്ടുള്ള വയറിനകത്തുള്ള ചിത്രം കണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രിക് കോട്ടറൈസേഷനൊക്കെ നടത്തി വളരെയധികം ബുദ്ധിമുട്ടുള്ള രീതിയിലാണ് താക്കോൽപഴുത് ശസ്ത്രക്രിയ നടത്തുന്നത്. അത് കഴിഞ്ഞാൽ പിറ്റേ ദിവസംതന്നെ രോഗിക്ക് ആശുപത്രി വിടാം. 24 മണിക്കൂർ എന്ന് പറഞ്ഞുകേട്ടാൽ അത്ര സിമ്പിളാണെന്ന് തോന്നിപ്പോകും. ഈ പ്രൈവറ്റ് സെക്ടർ മനുഷ്യന്റെ രോഗത്തെ വാസ്തവത്തിൽ എക്സ്പ്ലോയിറ്റ് ചെയ്യുന്നുണ്ട്. അതൊഴിവാക്കാൻ പ്രൈമറി ഹെൽത്ത് സെന്ററുകൾ ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണ്. മറ്റൊരു പ്രശ്നം ഇവിടുത്തെ ഡോക്ടർമാർ മഹാഭൂരിപക്ഷവും വിദേശത്ത് പോയി ജോലി ചെയ്യുകയാണ് എന്നുള്ളതാണ്. കേരള സംസ്ഥാനത്തെ ജനങ്ങളെ സേവിക്കാൻ അവരെ തിരിച്ചുവിളിക്കണം. Let them serve their place, their State. അവർക്ക് അവിടെപ്പോയി ജോലി ചെയ്യാൻ അവകാശമില്ലാത്തതുകൊണ്ടല്ല. അവർക്ക് കൂടുതൽ പണം കിട്ടും. അത് നല്ല കാര്യമാണ്. പക്ഷേ, ഇന്ന് കൊടുക്കുന്നതിന്റെ ഇരട്ടി ശമ്പളം ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും കൊടുക്കണം. കൂടുതൽ നല്ല സർവീസ് ജനങ്ങൾക്ക് കൊടുക്കാൻ എല്ലാവരേയും ഒരു നിശ്ചിത തീയതി വച്ച് തിരിച്ചുവിളിക്കണം. അല്ലാതെ ഇവിടെ ആവശ്യത്തിന് ഡോക്ടർമാരെ കിട്ടുമെന്ന് എനിക്ക് തോന്നുന്നില്ല. തിരിച്ചുവിളിക്കാനുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെ സമഗ്രമായ ഒരു ആരോഗ്യനയം ഇവിടെയുണ്ടോ? ആരോഗ്യനയം എന്നു പറയുമ്പോൾ ചികിൽസ മാത്രം ആലോചിച്ചാൽ പോര. ഭക്ഷണം, ചികിൽസ, വ്യായാമം തുടങ്ങിയ സകല സംഗതികളും വേണം. ഇവിടെ ഇപ്പോൾ ഡയബറ്റിസ് വളരെ വ്യാപകമായി വരികയാണ്. അതിന് ചികിൽസിക്കാൻ ആവശ്യമായ സ്പെഷ്യൽ ക്ലിനിക്കുകൾ ഇല്ലാത്ത പ്രശ്നങ്ങളുണ്ട്. അതിനനുസരിച്ചുള്ള സംവിധാനങ്ങളുണ്ടാകേണ്ടത് വളരെ അത്യാവശ്യമായിട്ടുള്ള ഒരു സംഗതിയാണ്. കേരള സംസ്ഥാനത്ത് ഇന്നിപ്പോൾ എനിക്ക് അറിയാം, എന്റെ മണ്ഡലത്തിലെ കാര്യം മാത്രമല്ല പറയുന്നത്. എന്റെ മണ്ഡലത്തിലെ കൊണ്ടോട്ടിയിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാണ് ഉള്ളത്. ബാക്കി പുക്കുട്ടൂർ, മൊറയൂർ, വാഴയൂർ, വാഴയ്ക്കാട്, കുന്നുമ്മാട് അവിടെയൊക്കെ പ്രൈമറി ഹെൽത്ത് സെന്ററ്റ്സാണ്. ഒരു സ്ഥലത്തും ചെല്ലാൻ വയ്യ. യാതൊരു സൗകര്യവുമില്ല. ഡോക്ടർമാരില്ല. ഡോക്ടർമാരുടെ പ്രവൃത്തിസമയം നിശ്ചയിക്കണം. എത്ര സമയമാണ് അവർ ഇരിക്കേണ്ടത് എന്നറിഞ്ഞുകൂടാ. ചിലരൊക്കെ രാവിലെ വന്ന് ഉച്ചയ്ക്ക് പോകുന്നവരാണ്. ചിലർ ആഴ്ചയിൽ രണ്ട് ദിവസം വരുന്നവരാണ്. എന്തൊക്കെയാണ് അതിന്റെ സംവിധാനങ്ങളെന്ന് അറിഞ്ഞുകൂടാ. പക്ഷേ ആവശ്യത്തിന് കെട്ടിടങ്ങളില്ല എന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. അതുകൊണ്ട് കേരളത്തിൽ വളരെ വ്യക്തമായ ഒരു ആരോഗ്യനയം ഉണ്ടാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കണം; അത് പ്രഖ്യാപിക്കണമെന്നാണ് എന്റെ വിനീതമായിട്ടുള്ള അഭിപ്രായം. അതുപോലെ മരുന്നുകൾ ആവശ്യത്തിന് ലഭ്യമാക്കുക എന്നുള്ളത് ഒരു പ്രധാന പ്രശ്നമാണ്. ആരോഗ്യമുള്ള സമൂഹമായി കേരളത്തെ മാറ്റാൻ നമുക്ക് സാധിച്ചിട്ടില്ല. നമ്മുടെ സമൂഹത്തിന് മാനസികമായ ആരോഗ്യം ഇല്ല. അതുകൊണ്ടാണ് ആത്മഹത്യകൾ പെരുകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊരു ചെറിയ സംഗതി ഞാൻ പറയാതെ വിടുന്നില്ല. ബഹുമാനപ്പെട്ട ജി.കാർത്തികേയൻ കൈകാര്യം ചെയ്യുന്ന ഭക്ഷ്യവകുപ്പ് ഏത് കാലത്തും ഞാനൊക്കെ മുദ്രാവാക്യം വിളിച്ചു തുടങ്ങിയ കാലത്ത് അരിക്ക് തീവില, തുണിക്ക് തീവില തൊട്ടതിനൊക്കെ തീവിലയായി. ശ്രീ. ആര്യാടൻ മുഹമ്മദ് മന്ത്രിയായിരുന്ന കാലത്ത് അരി എവിടെ ആര്യാടാ എന്നു ചോദിച്ച് അദ്ദേഹത്തിന്റെ പുറകെ പോയിരുന്നു. പക്ഷേ കുറേക്കാലമായി രാഷ്ട്രീയ പാർട്ടികളുടേയും യുവജന പ്രസ്ഥാനങ്ങളുടേയും അജണ്ടയിലും മുദ്രാവാക്യങ്ങളിൽ ഈ വിലക്കയറ്റ മെന്നുപറയുന്ന സാധനമില്ല. വിലക്കയറ്റമെന്ന മുദ്രാവാക്യമില്ല. ഈ കാലഘട്ട ത്തിലെ ഏറ്റവും നല്ല ഒരു നയമാണ് ഭക്ഷ്യ രംഗത്ത് ബഹുമാനപ്പെട്ട ജി. കാർത്തികേയൻ സ്വീകരിച്ചത്. അതിന്റെ ഫലമായി സമാന്തര വിപണി ശക്തിപ്പെട്ടു. അതുമാത്രമല്ല മാർക്കറ്റ് ഇന്റർവെൻഷൻ ഫലപ്രദമായി നടത്താൻ സാധിച്ചു. സിവിൽ സപ്ലൈസ് കോർപ്പറേഷന് 450 കോടി രൂപയുടെ വിറ്റു വരവുണ്ടായി. പക്ഷേ ആ സംവിധാനം കൂടുതൽ ഫലപ്രദമായി ഉപയോഗിക്കണം കാര്യക്ഷമമായി ഉപയോഗിക്കണമെന്നാണ് എനിക്ക് വിനീതമായി ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട കടവൂർ ശിവദാസൻ ആരോഗ്യ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഈ രംഗത്ത് കൂടുതൽ ശ്രദ്ധചെലുത്തി ഇപ്പോഴും അദ്ദേഹം നന്നായി ശ്രദ്ധചെലുത്തുന്ന മന്ത്രിയാണ്. ശ്രദ്ധ ചെലുത്തണ മെന്നാണ് എന്റെ വിനീതമായ അഭിപ്രായം. വലിയ മാറ്റങ്ങൾ വരുത്താൻ സാധിക്കും. നമ്മൾ മറ്റ് എല്ലാ വിഷയങ്ങളും മാറ്റിവച്ചു രാഷ്ട്രീയ അഭിപ്രായ ങ്ങളെല്ലാം മാറ്റിവച്ച് ആരോഗ്യരംഗത്തും ഭക്ഷ്യ രംഗത്തും കേരളത്തിന് ഒരു സ്വയം പര്യാപ്തത നേടുന്നതിനുവേണ്ടി ശ്രമിക്കണം. നമ്മൾ ലോകത്ത് വളരെ ഉയർന്ന സ്ഥാനമുള്ളവരാണ്. ആരോഗ്യ രംഗത്ത് വളരെ മാതൃകാപരമായിട്ടുള്ള ഒരു അവസ്ഥയാണ് നമുക്കുള്ളത്. പക്ഷേ അതൊക്കെ മറ്റുള്ളവരുടെ കണ്ണിൽ അങ്ങനെയാണെങ്കിലും ഗ്രാമീണ ജനതയ്ക്ക് ഈ സൗകര്യങ്ങൾ ലഭ്യമാക്കണ മെങ്കിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ സ്ട്രെങ്തെൻ ചെയ്യണമെന്നുള്ളത് പ്രധാനമാണ്. ആയുർവേദം, ഹോമിയോ എന്നിവയ്ക്ക് കുറച്ചുകൂടി പ്രാധാന്യം കൊടുക്കണം. ഇന്ന് കമേഴ്സിയലൈസേഷൻ ഏറ്റവും നന്നായി ബാധിച്ചിട്ടുള്ളത് ആയുർവേദത്തെയാണ്. നായ്ക്കരുണപ്പൊടിയും കാട്ടുചേനയും ആർക്കും പെട്ടെന്ന് ആവേശം ഉണ്ടാക്കുന്ന കഞ്ഞാവും ചേർത്തിട്ട് ഏതെങ്കിലും ലേഹ്യം ഉണ്ടാക്കിയാൽ ധാതുപുഷ്ടി കൂടും, മറ്റ് എല്ലാ കാര്യങ്ങൾക്കും അനുയോജ്യമായ സാധനമാണ് എന്നു പറഞ്ഞ് നൂറ് പേരുകളിൽ അത് വിറ്റഴിക്കുന്ന പല സ്ഥാപനങ്ങളും വളർന്നുവരികയാണ്. വമ്പിച്ച വിലവാങ്ങും. ആളുകളുടെ ആരോഗ്യം ഒരു പ്രശ്നമേയല്ല. സി.ഡി.ആർ.എഫ്. ഉപഭോക്തൃഫോറം എന്നിവയെല്ലാം ബഹുമാനപ്പെട്ട ജി. കാർത്തികേയൻ മിനിസ്റ്ററുടെ കീഴിൽ വരുന്നതാണ്. ആ ഫോറം ശക്തിപ്പെടുത്തണം. പല സ്ഥലത്തും പ്രസിഡന്റുമാരും മെമ്പർമാരു മൊന്നുമില്ല. അതൊക്കെ വച്ചിട്ട് കൺസ്യൂമർ ഫോറം കാര്യക്ഷമമാക്കണം, കൺസ്യൂമർ ഫോറത്തിന്റെ കാര്യം പറയുമ്പോൾ ഡോക്ടർമാർക്ക് ഒരു പ്രശ്നമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എന്താണെന്നു വച്ചാൽ ഡോക്ടർമാരെ മെഡിക്കോ ലീഗൽ കേസുകളിൽ ഉൾപ്പെടുത്തുന്നത് മെഡിക്കൽ നെഗ്ലിജൻസ് പറഞ്ഞിട്ടാണ്. ഡയഗ്നോസിസിൽ തെറ്റ് പറ്റുന്നത് ഒരു നെഗ്ലിജൻസ് അല്ല. ഓരോരുത്തർക്കും ഓരോ ലൈൻ ഓഫ് ട്രീറ്റുമെന്റ് ഉണ്ട്. അത് വച്ചിട്ട് ഡോക്ടർമാർക്ക് യാതൊരു സേഫ്ടിയും ഇല്ലാത്ത ഒരു നിയമം ഇപ്പോൾ നിലവിലുണ്ട്. അതിന് കുറച്ച് ഇളവ് വരുത്തണം. എല്ലാത്തിനും മെഡിക്കൽ നെഗ്ലിജൻസ് എന്ന് പറഞ്ഞിട്ട് ഡോക്ടർമാരെ ശിക്ഷിക്കുന്നതിന് ഒരു പരിധിയുണ്ട്. അതുകൊണ്ട് നല്ല അന്തരീക്ഷം ഉണ്ടാക്കി നല്ല മനസ്സുള്ള ഒരു "എങ്കിലോ നമുക്കിനി ശുഭവൽസരം നേർന്നു തങ്ങളിൽ പിരിയുക സഹജാതർ തൻമൊഴി സംഗീതമായി തോന്നും നാൾ വരും ആശിക്കുക മംഗള വചസ്സ് എന്നാൽ തൊണ്ടയിൽ കുരുങ്ങുന്നു" എന്നു പറഞ്ഞ് ഞാൻ ഉപസംഹരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദാലി: സർ, കാര്യക്ഷമത തെളിയിച്ചിട്ടുള്ള രണ്ടു മന്ത്രിമാർ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. കർക്കടക മാസം പഞ്ഞ മാസമായിട്ടാണ് പൊതുവേ പറയാറുള്ളത്. ഈ പഞ്ഞ മാസത്തിൽ വന്ന വളരെ പ്രസക്തമായ രണ്ട് ധനാഭ്യർത്ഥനകളാണ് ഇന്ന് ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. പഞ്ഞ മാസത്തിലാണ് സാധാരണ ഭക്ഷ്യകാര്യങ്ങളെക്കുറിച്ച് ആളുകൾക്ക് കൂടുതൽ ആശങ്കയും ഉത്ക്കണ്ഠയും ഉണ്ടാകുന്നത്. അതുപോലെ തന്നെ ആരോഗ്യപരിപാലനം സാധാരണ എല്ലാവരും തെരഞ്ഞെടുക്കുന്ന സന്ദർഭമാണ്. നേരത്തെ ഇവിടെ പറഞ്ഞതുപോലെ മരുന്ന് കഞ്ഞിക്ക്, ഔഷധക്കഞ്ഞിക്ക് വളരെ പ്രസക്തിയുള്ള സന്ദർഭമാണ്. ഞങ്ങളുടെ നാട്ടിലാണെങ്കിൽ ഒരു മാസം ഭാരിച്ച പണിയൊന്നും എടുക്കാതെ മരുന്ന് കഞ്ഞി കഴിച്ച് ആരോഗ്യം പരിപാലിക്കുക എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ടുപോകുന്ന സന്ദർഭമാണിത്. അങ്ങനെയുള്ള സന്ദർഭത്തിൽ ഈ രണ്ട് വകുപ്പുകളെക്കുറിച്ചുള്ള ചർച്ച നടക്കുമ്പോൾ സാധാരണ വകുപ്പുകളുടെ ചർച്ചകൾക്ക് ഉണ്ടാകുന്ന പുകപടലങ്ങൾ ഒന്നും ഉണ്ടാകുന്നില്ല. ഭക്ഷ്യ-സിവിൽ സപ്ലൈസുമായി നടക്കുന്ന ചർച്ചകളിലാണ് ഏറ്റവും കൂടുതൽ സജീവത ഉണ്ടാകുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേന്ദ്രത്തിൽ അധികാരത്തിലിരുന്ന എൻ.ഡി.എ. ഗവൺമെന്റ് പൊതുവിതരണ രംഗമാകെ തകരാറാക്കി. അത് നിങ്ങൾക്കും അറിയാവുന്ന കാര്യമാണ്. നിങ്ങളും അംഗീകരിക്കുന്ന കാര്യമാണ്. അവരുടെ ലക്ഷ്യംതന്നെ വേറെയായിരുന്നു. അങ്ങനെ പൊതുവിതരണ രംഗം തകരാറിലാക്കിയ സന്ദർഭത്തിലാണ് കഴിഞ്ഞ രണ്ടു മൂന്ന് കൊല്ലക്കാലം ഈ വകുപ്പ് ശ്രീ. കാർത്തികേയൻ നയിച്ചത്. ഏതായാലും കേന്ദ്ര ഗവൺമെന്റിന്റെ നയം പൊതുവിതരണ സമ്പ്രദായത്തിന് എതിരായിരുന്നുവെങ്കിലും അതിൽനിന്നുകൊണ്ടുതന്നെ അപകടമില്ലാതെ ഇത് മുന്നോട്ടുകൊണ്ടുപോകുക എന്നുള്ള ശ്രമകരമായ പ്രവർത്തനം ചെയ്തു എന്നുള്ളത് അഭിനന്ദനമർഹിക്കുന്ന കാര്യമാണ്. അപ്പുറത്തും ഇപ്പുറത്തുമുള്ളവരൊക്കെ മാർജിൻ ഫ്രീ മാർക്കറ്റിനെക്കുറിച്ച് പറഞ്ഞു. എനിക്ക് വളരെ സന്തോഷമുണ്ട്. ഞാൻ ശ്രീ. കാർത്തികേയനെ അഭിനന്ദിക്കുകയാണ്.

അദ്ദേഹമാണ് അതിനെതിരായി വളരെ സജീവമായി പ്രതികരിച്ചത്. അതിന്റെ കള്ളത്തരങ്ങൾ ആദ്യമായി ചൂണ്ടിക്കാണിച്ചതും പ്രതികരിച്ചതും ബഹുമാനപ്പെട്ട മന്ത്രിയാണ്. അതിനെതിരായി അവരുടെ ഭാഗത്തു നിന്നൊക്കെ വളരെയേറെ പ്രതികരണങ്ങളുണ്ടായിരുന്നു. എന്തായാലും അന്ന് അദ്ദേഹം നടത്തിയ പ്രതികരണം ഇന്ന് ശരിയാണെന്ന് തെളിയിച്ചുകൊണ്ടിരിക്കുകയാണ്. മാർജിൻ ഫ്രീ മാർക്കറ്റുകളെക്കുറിച്ച് ഇന്ന് ജനങ്ങൾക്ക് വിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ രംഗത്തേയ്ക്ക് സിവിൽ സപ്ലൈസിന്റെ മാവേലിസ്റ്റോറുകളും ലാഭം മാർക്കറ്റുകളുമൊക്കെ കൊണ്ടു വരിക എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ടേൺ ഓവർ വർദ്ധിച്ചുവെന്നൊക്കെ പറഞ്ഞു. ടേൺ ഓവർ വർദ്ധിക്കുക എന്നുള്ളതു മാത്രമല്ല, ഇത് വളരെ എഫക്ടീവായി എല്ലാം ഭംഗിയായി നടക്കുന്നുവെന്ന് ഞാൻ പറയുന്നില്ല. ഇവിടെ എഫക്ടീവായി കാര്യങ്ങൾ കൊണ്ടു പോകണം. അവിടെയുള്ള ജീവനക്കാരെല്ലാം പ്രധാനപ്പെട്ട ആ കാര്യത്തിൽ പങ്കു വഹിക്കേണ്ടതായിട്ടുണ്ട്. അത് വളരെ എഫക്ടീവായി കൊണ്ടുപോകുവാൻ കഴിഞ്ഞുവെങ്കിൽ മാത്രമേ നമ്മളെല്ലാം ആഗ്രഹിക്കുന്നതു പോലെ പൊതുവിതരണരംഗം വളരെ സജീവമായി, നന്നായി, ജനങ്ങൾക്ക് പ്രയോജനകരമായി കൊണ്ടുപോകുവാൻ കഴിയൂ. എന്തായാലും ഫലപ്രദമായ ഇടപെടലുകളിലൂടെ നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം നിയന്ത്രിക്കുവാൻ കഴിഞ്ഞു. ഈ രംഗത്ത് വലിയ ഒച്ചപ്പാടുകളൊന്നുമുണ്ടാകാതെ നന്നായി നിർവ്വഹിക്കാനുമൊക്കെ കഴിഞ്ഞു. ഭക്ഷ്യസിവിൽ സപ്ലൈസിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. കുറേക്കൂടി നല്ല രീതിയിൽ കൊണ്ടുപോകുവാൻ, കേന്ദ്ര ഗവൺമെന്റിന്റെ, യു.പി.എ. ഗവൺമെന്റിന്റെ പൊതുവിതരണരംഗം ശക്തിപ്പെടുത്തുന്നതിനുള്ള ഒരു സമീപനം ഫലപ്രദമായി ഉപയോഗപ്പെടുത്തി നമ്മുടെ സംസ്ഥാനത്ത് ഇത് കുറേക്കൂടി ഭംഗിയായി എങ്ങനെ കൊണ്ടുപോകുവാൻ കഴിയുമെന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ആരോഗ്യ വകുപ്പിലേയ്ക്ക് പോകുമ്പോൾ സ്വാഭാവികമായി ഇന്ന് കേരളത്തിൽ നിലനില്ക്കുന്ന പ്രത്യേകത വിദ്യാഭ്യാസ രംഗമായാലും ആരോഗ്യ രംഗമായാലും നമുക്ക് മാത്രം തനതായിട്ടുള്ള ചില മേന്മകളും നേട്ടങ്ങളും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളതാണ്. ഞാൻ അതിലേയ്ക്കൊന്നും പോകുവാൻ ശ്രമിക്കുന്നില്ല. ഇന്ത്യക്ക് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ നിലനിർത്തുവാൻ കഴിയുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ആ നേട്ടങ്ങൾ ഉണ്ടാകുവാൻ കാരണം ഗവൺമെന്റിന്റെ പ്രവർത്തനം കൊണ്ടു മാത്രമല്ല, സേവന മനോഭാവമുള്ള സംഘടനകളും പ്രസ്ഥാനങ്ങളുമൊക്കെ ഈ രംഗത്ത് നന്നായി പ്രവർത്തിച്ചു എന്നുള്ളതാണ്. കഴിഞ്ഞ കാലങ്ങളിൽ ആരോഗ്യ രംഗത്ത് ക്രിസ്ത്യൻ മിഷണറിമാർ നടത്തിയ പല പ്രവർത്തനങ്ങളും ഈ രംഗത്ത് വലിയ സംഭാവനകളായിരുന്നു. വിദ്യാഭ്യാസ രംഗത്തെപ്പോലെ തന്നെ അവർ ആരോഗ്യ രംഗത്തും വലിയ സംഭാവനകൾ നല്കിയിരുന്നു. അതെല്ലാം സേവന മനോഭാവത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായാണ് ഉയർന്നുവന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് ഈ രംഗത്ത് വാണിജ്യവത്കരണം ഉണ്ടായിരിക്കുന്നു. സ്വകാര്യമേഖലയിൽ വളരെയേറെ എല്ലാ സൗകര്യങ്ങളുമുള്ള ആശുപത്രികൾ ഉണ്ടാക്കുന്നുവെന്നൊക്കെ പറഞ്ഞ് നാം കൊട്ടിഘോഷിക്കാറുണ്ടെങ്കിലും ഇതെല്ലാം ഇവിടെ പലരും പറഞ്ഞതുപോലെ കച്ചവട സ്ഥാപനങ്ങളായി മാറി വരുന്നു. സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം അല്ലെങ്കിൽ ഒരു ഇടത്തരക്കാരനെ സംബന്ധിച്ചിടത്തോളം കിടപ്പാടത്തിന്റെ ആധാരവുമായി പോയി എങ്കിൽ മാത്രമേ അവിടെ ചികിത്സ ചെയ്യാൻ സാധിക്കൂ. അത്ര ഗുരുതരമായ സ്ഥിതിയാണ് ഇന്നുള്ളത്. അവിടെ ഏതെങ്കിലും കാരണവശാൽ ചികിത്സിക്കുവാൻ നിർബന്ധിതരായ ആളുകളെ സംബന്ധിച്ചിടത്തോളം, ആ രോഗി അവിടെവച്ച് മരിച്ചുപോയാൽ ആ ബോഡി പുറത്തേയ്ക്ക് കൊണ്ടുപോകണമെങ്കിൽ, ബിൽ pay ചെയ്യണം. ബിൽ പ്രകാരമുള്ള പണം കൊടുത്തില്ലെങ്കിൽ ബോഡി പോലും തിരിച്ചുകൊടുക്കുകയില്ല. യാതൊരു രീതിയിലും അർപ്പണ മനോഭാവമില്ലാത്ത സമീപനമാണ് ഇതു പോലുള്ള സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നത്. അതിനെക്കുറിച്ചൊക്കെ ഗവൺമെന്റുകൾ പരിശോധിക്കേണ്ടതാണ്. വലിയ വലിയ ആശുപത്രികൾ, പഞ്ചനക്ഷത്ര ആശുപത്രികൾ വരുന്നു. നമ്മളെല്ലാം പോയി ഉദ്ഘാടനം ചെയ്യുന്നു. ഇതിനെക്കുറിച്ചെല്ലാം വാചാലമായി സംസാരിക്കുന്നുണ്ടെങ്കിലും കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾക്ക് എത്രമാത്രം ഇതിന്റെ പ്രയോജനം ലഭിക്കുന്നു? സാധാരണക്കാർക്ക് അവിടെ സേവനം ലഭിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കുവാൻ നിർബന്ധിക്കുവാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച് ആലോചിക്കുവാൻ തയ്യാറാകണം. ഇന്നുള്ള സ്ഥിതി എന്താണ്?

<u>ശ്രീ. മത്തായി ചാക്കോ:</u> അങ്ങ് സ്വകാര്യ ആശുപത്രികളെക്കുറിച്ച് പറഞ്ഞു. ഇപ്പോൾ ഓപ്പറേഷൻ നടത്തുന്ന പല സ്വകാര്യ ആശുപത്രികളിലും അനസ്തെറ്റിസ്റ്റിനെ നിയമിക്കുന്നില്ല. ഓപ്പറേഷന് തൊട്ടുമുമ്പ് ഓപ്പറേഷൻ കഴിഞ്ഞശേഷം നൽകേണ്ട പണത്തിന്റെ ബിൽ രോഗിയുടെ അടുത്തു കൊണ്ടുപോയി കാണിക്കുകയാണ്. അത് കാണുന്നതോടുകൂടി രോഗി ബോധം കെടുകയും രണ്ടോ മൂന്നോ ദിവസം കഴിഞ്ഞ് എഴുന്നേല്ക്കുകയും ചെയ്യുന്ന അവസ്ഥ ഉള്ളതുകൊണ്ട് ഒരു സ്വകാര്യ ആശുപത്രിയിലും അനസ്തെറ്റിസ്റ്റ് ഇല്ല എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> എ.കെ.ജി. ആശുപത്രിയിലും ഇതുതന്നെയാണോ സ്ഥിതി?

<u>ശ്രീ. കെ. മുഹമ്മദാലി:</u> ബഹുമാനപ്പെട്ട അംഗം പറഞ്ഞ പ്രസ്താവന ശരിതന്നെയാണ്. ഇതൊക്കെ തന്നെയാണ്. പക്ഷേ ഞാൻ പറഞ്ഞത് ഇപ്പോഴും കേരളത്തിലെ സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം അത് വളരെ താഴ്ന്ന, സാമ്പത്തികമായി ബുദ്ധിമുട്ട് ഉള്ളവരായാലും ഇടത്തരക്കാർ ആയാലും വിദഗ്ദ്ധ ചികിത്സയ്ക്ക് ഇന്നും ആശ്രയിക്കുന്നത് മെഡിക്കൽ കോളേജുകളെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ കോളേജെന്നു പറഞ്ഞാൽ ഇപ്പോൾ വരുന്ന മെഡിക്കൽ കോളേജുകളല്ല. ഏഴ് മെഡിക്കൽ കോളേജിന്റെ കാര്യമൊക്കെ പറഞ്ഞു, അതുതന്നെയല്ല, ഞാൻ പറഞ്ഞത്, തിരുവനന്തപുരം മെഡിക്കൽ കോളേജ്, കോട്ടയം മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ്, ആലപ്പുഴ മെഡിക്കൽ കോളേജ്, തൃശ്ശൂർ മെഡിക്കൽ കോളേജ് തുടങ്ങിയ അഞ്ച് മെഡിക്കൽ കോളേജിനെക്കുറിച്ചാണ്. മറ്റ് മെഡിക്കൽ കോളേജുകളിലേയ്ക്ക് ഞാൻ പോകുന്നില്ല. മെഡിക്കൽ കോളേജുകളെയാണ് ഇന്നും സാധാരണ ജനത ആശ്രയിക്കുന്നത്. വളരെ പരിമിതികളൊക്കെ ഇവിടെയുണ്ടാകാം. എങ്കിൽപോലും ഇന്ന് ആളുകൾക്ക് അല്പമെങ്കിലും ആശ്വാസം ലഭിക്കുന്നത് ഈ മെഡിക്കൽ കോളേജുകളിലാണ്. അതുപോലെ തന്നെ ഗവൺമെന്റ് ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ തുടങ്ങിയവ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാരെ ലഭിക്കുമെന്നുള്ളതല്ലാതെ മറ്റ് രീതിയിലുള്ള സൗകര്യമില്ലായെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇങ്ങനെയുള്ള ഗവൺമെന്റ് സ്ഥാപനങ്ങളെയാണ് ഇന്നും നമ്മുടെ നാട്ടിലെ സാധാരണക്കാരായ രോഗികൾ ആശ്രയിക്കുന്നത്. അങ്ങനെയുള്ള ആ സ്ഥാപനങ്ങളെ എങ്ങനെ നമുക്ക് കുറേക്കൂടി മെച്ചപ്പെടുത്തിക്കൊണ്ടുപോകാൻ കഴിയും; കുറേക്കൂടി ജനങ്ങൾക്ക് പ്രയോജനകരമായി ചെയ്യാൻ കഴിയും? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വളരെയേറെ ഉപകാരങ്ങൾ ഉണ്ടായി ഇപ്പോൾത്തന്നെ പറഞ്ഞു, 1200 തസ്തികകൾ ഉണ്ടായി എന്ന്. ചെറിയ കാര്യമല്ല, സാമ്പത്തികമായി പ്രയാസപ്പെടുന്ന ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒറ്റയടിക്ക് 1200 തസ്തികയുണ്ടാക്കുക എന്നു പറയുന്നത് വലിയ കാര്യമാണ്. ഇനിയും പല കാര്യങ്ങളും ചെയ്യേണ്ടിവരും. പക്ഷേ ആരോഗ്യ മേഖലയെ സംബന്ധിച്ചിടത്തോളം ഗൗരവമായ ഒരു സമീപനം ഒരു ഗവൺമെന്റും സ്വീകരിച്ചിട്ടില്ല. മന്ത്രിമാർക്കുതന്നെ പലപ്പോഴും ഈ കാര്യത്തെക്കുറിച്ച് ഗൗരവമായ ഒരു സമീപനം ഉണ്ടായിട്ടില്ല. ഇപ്പോൾ ഏതായാലും മെഡിക്കൽ കോളേജുകളിലൊക്കെ കുറെയൊക്കെ സൗകര്യങ്ങളുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ ആശുപത്രികൾക്കുവേണ്ടി കുറേ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു. ഇനിയും ചെയ്യാനുള്ള നീക്കം നടക്കുന്നുണ്ട്. നബാർഡിന്റെ സഹായം, വേൾഡ് ബാങ്കിന്റെ പദ്ധതിയെക്കുറിച്ച് പറയുന്നുണ്ട്. ഇതെല്ലാം സമയബന്ധിതമായി നടത്തി, ഈ ആശുപത്രികളിൽ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തി സാധാരണക്കാർക്ക് പ്രയോജനകരമായിത്തീർക്കുവാൻ എങ്ങനെ കഴിയുമെന്നുള്ളതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. ആശുപത്രികളിൽ സൗകര്യങ്ങൾ ഉണ്ടായി എന്നുള്ളതിൽ കാര്യമില്ല. പ്രതിബദ്ധതയുള്ള ഡോക്ടർമാരുണ്ടാകണം. അവിടെയാണ് പ്രധാനപ്പെട്ട പ്രശ്നം. ഇപ്പോൾ നമ്മൾ മെഡിക്കൽ വിദ്യാഭ്യാസത്തിൽ സ്വകാര്യ മേഖലയെ കടത്തിക്കൊണ്ടുവന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം അത് വരുമ്പോൾ എത്രത്തോളം നമുക്ക് സേവന മനോഭാവം അനുഭവപ്പെടാം? കുറെയെങ്കിലും സേവന മനോഭാവമുള്ള ഡോക്ടർമാരെ നമുക്ക് ലഭിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം എങ്ങനെ ഉയർത്തുവാൻ കഴിയും? ഇക്കാര്യങ്ങളെ സംബന്ധിച്ച് വളരെ ഗൗരവമായി ആലോചനകളും ചർച്ചകളും നടത്തണം. ഇവിടെ നടക്കുന്ന ചർച്ചകൾ എന്താണ്? ഇവിടെ പിരിക്കേണ്ട ഫീസുകളെക്കുറിച്ച് അല്ലെങ്കിൽ നടത്തിക്കൊണ്ടുപോകേണ്ട കാര്യങ്ങളെ കുറിച്ചൊക്കെയുള്ള ചർച്ചകളാണ് നടക്കുന്നത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> നാല്പത് ലക്ഷം രൂപ കോഴ കൊടുത്ത് വിദ്യാഭ്യാസം നേടി പുറത്തിറങ്ങുന്നവരിൽനിന്നും നമുക്ക് എങ്ങനെ സേവനം പ്രതീക്ഷിക്കുവാൻ കഴിയും?

<u>ശ്രീ. കെ. മുഹമ്മദാലി:</u> അത് ഒരു പ്രശ്നമാണ്. ഇപ്പോൾത്തന്നെ എങ്ങനെ ഒരു വ്യവസായ സ്ഥാപനം നടത്താൻ കഴിയും എന്ന നിലയിലുള്ള ആർഗ്യുമെന്റ് സാണ് ഈ രംഗത്തേയ്ക്ക് കൊണ്ടുവരുന്നത്. ഇവിടെ ഞാൻ നേരത്തേ പറഞ്ഞതുപോലെ ക്രിസ്ത്യൻ മിഷനറിമാർ വളരെ ഭംഗിയായി സ്ഥാപനങ്ങൾ നടത്തി. ഇപ്പോൾത്തന്നെ ഇന്ത്യയിലെ ഏറ്റവും നല്ല മെഡിക്കൽ കോളേജെന്നു പറയുന്നത് വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജാണ്. അവിടത്തെ ഫീസിനെക്കുറിച്ച് ഞാൻ അന്വേഷിച്ചപ്പോൾ മൂവായിരം രൂപ മാത്രമേയുള്ളൂ എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അവർ മെറിറ്റിൽ കുട്ടികളെ എടുക്കുകയായിരുന്നു. അവർ വരുമാനം അഡ്ജസ്റ്റ് ചെയ്യുന്നത് എങ്ങനെയാണ്? ആശുപത്രിയിൽ നിന്നുള്ള വരുമാനം ഉപയോഗപ്പെടുത്തിയാണ് ഈ മെഡിക്കൽ കോളേജ് നടത്തുന്നത്. അതുപോലെ മറ്റ് രീതിയിലുള്ള സന്നദ്ധ സംഘടനകളുടെ സഹായവും ലഭിക്കുന്നുണ്ട്. ഇങ്ങനെയാണ് അത് ഭംഗിയായി നടത്തിക്കൊണ്ടുപോകുന്നത്. മൂവായിരം രൂപ ഫീസ് മാത്രം ഈടാക്കിക്കൊണ്ട് അവർ പ്രൊഡ്യൂസ് ചെയ്യുന്ന ഡോക്ടർമാർ സാമൂഹ്യ പ്രതിബദ്ധതയുള്ളവരാണ്. മെറിറ്റിലാണ് അവരെ എടുക്കുന്നത്. ഇവിടെ ഇന്ന് നാം കൊട്ടിഘോഷിക്കുന്ന ആശുപത്രികളിൽ നിന്നും ഇത്രയേറെ രൂപ ചെലവഴിച്ച് പുറത്തുവരുന്ന ഡോക്ടർമാരുടെ സേവനം ഈ നാട്ടിൽ സാധാരണക്കാർക്ക് ലഭ്യമാകുമോ? ഇക്കാര്യം വളരെ ഗൗരവമായി നാം ആലോചിക്കേണ്ടതാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത് സ്വകാര്യ മേഖല തുറന്നുകൊടുക്കുവാൻ നമ്മൾ തീരുമാനിച്ചത് നല്ല ലക്ഷ്യത്തോടുകൂടിയാണ് എന്ന്. നല്ല ഡോക്ടർമാരുണ്ടാകണം. ഈ രംഗത്ത് കൂടുതലായി കാര്യങ്ങൾ നടക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഇത് പറയുന്നത്. പക്ഷേ ഒരു തടസ്സം നമുക്ക് നേരിടുവാൻ കഴിയാത്തതായി വന്നാൽ സ്വാഭാവികമായി നാം പുനരാലോചന നടത്തേണ്ടതായി വരും. നമ്മുടെ സർക്കാർ മെഡിക്കൽ കോളേജുകളിലെ സീറ്റ് വർദ്ധിപ്പിക്കണം. മാത്രമല്ല പോസ്റ്റ് ഗ്രാജ്വേഷൻ സൗകര്യവും വർദ്ധിപ്പിക്കണം. അവിടെ കൂടുതൽ ഡോക്ടർമാരെ പ്രൊഡ്യൂസ് ചെയ്യാൻ കഴിയണം. ഗുണനിലവാരമുള്ള മെഡിക്കൽ വിദ്യാഭ്യാസം ലഭ്യമാക്കുന്ന കാര്യത്തിൽ നമ്മുടെ സമീപനം എന്താണെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ആ നിലയ്ക്കാണ് ചിന്തിക്കേണ്ടത്. ഫീസിനെക്കുറിച്ച് സംസാരിക്കുന്ന നാം വയബിളായി നടപ്പാക്കേണ്ട കാര്യങ്ങളെക്കുറിച്ചാണ് സംസാരിക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

അതിനാണ് ഇവിടെ സമയം ചെലവഴിക്കുന്നത്. ആ കാര്യങ്ങളിലേയ്ക്ക് ആവശ്യമില്ലാതെ സമുദായങ്ങളെ വലിച്ചിഴച്ചുകൊണ്ടുവരാൻ ശ്രമിക്കുന്ന പ്രവണത ശരിയല്ല. ഈ രംഗത്തൊക്കെ നല്ല സമീപനം ഉണ്ടാക്കുക എന്നത് കേരളം കൈവരിച്ച നേട്ടങ്ങളാണ്. അത് അതേപോലെ മുന്നോട്ടു കൊണ്ടുപോകേണ്ടത് അനിവാര്യമാണെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ പോലെ തന്നെ ഇനി മരുന്നുകളുടെ കാര്യം പറയാം. ജീവൻ രക്ഷാ മരുന്നുകളുടെ വില വളരെയധികം വർദ്ധിക്കുകയാണ്. കേരളത്തിലെ സാധാരണക്കാരായ ജനങ്ങളെ സംബന്ധിച്ചിടത്തോളം ജീവൻ രക്ഷാമരുന്നുകളെ ആശ്രയിക്കുന്ന ആളുകൾക്ക് അത്തരം മരുന്നുകൾ വാങ്ങി ഉപയോഗിക്കാൻ കഴിയുന്നില്ല. അക്കാര്യത്തിൽ രോഗികൾ വളരെയേറെ പ്രയാസപ്പെടുകയാണ്. ജീവൻ രക്ഷാ മരുന്നുകളുടെ വില കുറയ്ക്കാൻ .....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> വലിയ വലിയ മരുന്നു കമ്പനികൾ ഡോക്ടർമാർക്ക് പാരിതോഷികം കൊടുക്കുന്നതായിട്ടാണ് കാണുന്നത്. ഫ്രിഡ്ജ്, ടി.വി. എന്നിവ കൊടുക്കുന്നു. വിദേശത്തേയ്ക്കയക്കുന്നു. ഇങ്ങനെയുള്ള കാര്യങ്ങളൊക്കെ നടക്കുന്നുണ്ട്. ഇതിനിടയ്ക്ക് കള്ളക്കളിക്കുള്ള സാധ്യതയില്ലേ? അതും കൂടി പരിശോധിക്കേണ്ടതാണ്.

<u>ശ്രീ. കെ. മുഹമ്മദാലി:</u> ഇത് വളരെ ഗൗരവമായി പരിശോധിക്കേണ്ട കാര്യമാണ്. ജീവൻ രക്ഷാമരുന്നുകളുടെ വില കുറക്കയ്ണം. സർക്കാർ മരുന്ന് വാങ്ങുമ്പോൾ അതിന്റെ നടപടികളെല്ലാം പൂർണ്ണമായും സുതാര്യമായിരിക്കണം. പേവിഷ വാക്സിൻ വാങ്ങിയതിനെക്കുറിച്ച് വളരെയധികം വിവാദം നടക്കുകയാണ്. ഇക്കാര്യം വളരെ ഗൗരവമായെടുക്കണം. വളരെ പ്രധാനപ്പെട്ട ഒരു മേഖലയാണിത് സാധാരണക്കാർ ആശ്രയിക്കുന്ന സ്ഥാപനങ്ങളാണ് മെഡിക്കൽ കോളേജുകൾ. വിദഗ്ധൻമാരായ ഡോക്ടർമാരൊക്കെ പിരിഞ്ഞുപോയി അവരെയൊക്കെ പഞ്ചനക്ഷത്ര നിലവാരമുള്ള ആശുപത്രികൾ കടത്തിക്കൊണ്ടു പോകുകയാണ്. ഇവിടെത്തന്നെ വീണ്ടും പ്രവർത്തിക്കാനാഗ്രഹിക്കുന്നവരുടെ സേവനം സാധാരണക്കാരായ ആളുകൾക്ക് ലഭ്യമാക്കാൻ കഴിയുന്ന നിലയിൽ അവരെ അവിടെ നിലനിർത്താൻ കഴിയുമോ എന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വളരെ ഗൗരവമായി ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഡോക്ടർമാരുടെ പ്രൊമോഷൻ പോലെയുള്ള അവകാശങ്ങൾക്കൊന്നും ഒരു കുഴപ്പവും വരാതെ ഇങ്ങനെയുള്ള വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം തുടർന്നും ആളുകൾക്ക് എങ്ങനെ ലഭ്യമാക്കാൻ കഴിയും എന്നുള്ളതിനെക്കുറിച്ച് പരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ മേഖലയെ സംബന്ധിച്ചിടത്തോളം നമുക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ നിലനിർത്തുന്നതിന് ശ്രമിക്കേണ്ടതാണ്. ഇന്ന് ഗുരുതരമായ പലതരം രോഗങ്ങൾ വന്ന് വളരെ പ്രയാസപ്പെടുന്ന ജനങ്ങളാണ് നമ്മുടെ നാട്ടിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരത്താണ് ഇന്ന് എല്ലാ സൗകര്യങ്ങളുമുള്ളത്. ഡൽഹിയിലെ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് പോലുള്ള ഒരു സ്ഥാപനം കേന്ദ്ര ഗവൺമെന്റ് സഹായത്തോടുകൂടി എറണാകുളത്തും ആരംഭിക്കാൻ സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കണം. ആലുവയിലുള്ള താലൂക്കാശുപത്രി ഞങ്ങളെല്ലാപേരും കൂടെ ശ്രമിച്ച് നന്നായി നടന്നു പോകുന്നുണ്ട്. മൂവാറ്റുപുഴയിലേയും, ആലുവയിലേയും താലൂക്കാശുപത്രികൾ ജില്ലാ ആശുപത്രിയുടെ നിലവാരത്തിലേയ്ക്ക് ഉയർത്താൻ ഗവൺമെന്റ് ഭാഗത്തുനിന്ന് നീക്കങ്ങളുണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് രണ്ട് മന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെയും ഞാൻ പിൻതാങ്ങുന്നു.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ചെയർ ഉൾപ്പെടെയുള്ള ഭരണകക്ഷി അംഗങ്ങളുടെ നിർദ്ദേശം മാനിച്ചുകൊണ്ട് ആരോപണവിധേയനായ മന്ത്രി വരത്തില്ലെന്ന് മുൻകൂട്ടി മനസ്സിലാക്കിക്കൊണ്ടാണെങ്കിലും ഇത് അവതരിപ്പിക്കുവാൻ ഞാൻ നിർബന്ധിതനാകുകയാണ്. കഴിഞ്ഞദിവസം സി.പി.സി.-യുടെ റിപ്പോർട്ടെടുത്തു വച്ച് മുൻകൂർ ജാമ്യമെടുത്തു പോയപ്പോഴെ മനസ്സിലാക്കി 19-ാം തീയതി മന്ത്രി കാണത്തില്ലെന്ന്. ആരോഗ്യ വകുപ്പിനാവശ്യമായ മരുന്നുകൾ വാങ്ങിയത് സംബന്ധിച്ചുള്ള ആരോപണമാണ് ആദ്യമായി ഞാനിവിടെ എഴുതിക്കൊടുത്ത് ഉന്നയിച്ചിട്ടുള്ളത്. സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ തീരുമാനമില്ലാതെ, സെൻട്രൽ പർച്ചേസ് കമ്മിറ്റി രൂപീകരിക്കാതെ ആറ് മാസത്തേയ്ക്ക് 2002-2003 ലെ സി.പി.സി സ്ഥിരപ്പെടുത്തിയ ടെന്ററുകളുടെ കാലാവധി മാർച്ച് 31-ാം തീയതി അവസാനിച്ചു. ടെന്റർ സമയത്ത് 33 കമ്പനികളുടെ രജിസ്ട്രേഷൻ നിരസിക്കുകയും ടെന്റർ പൊട്ടിച്ചതിനുശേഷം 7 കമ്പനികളെ ഉൾപ്പെടുത്തുകയും ചെയ്തു. ഞാൻ വെറുതെ അടിസ്ഥാനരഹിതമായി പറയുകയല്ല. 1-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത 1714-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. സി.പി.സി. രൂപീകരിച്ച് സപ്ലയേഴ്സിന് ശരാശരി ഇരുപത്തിയഞ്ച് കോടിയോളം രൂപയുടെ ഓർഡർ കൊടുക്കാൻ തീരുമാനിച്ചു. അൻപത് കോടി രൂപയുടെ മരുന്നാണ് സി.പി.സി-യുടെ ഓർഡറനുസരിച്ച് ഹെൽത്ത് ഡിപ്പാർട്ടുമെന്റ് ഒരു വർഷം വാങ്ങാനുള്ളത്. ആ സ്ഥാനത്ത് ഇരുപത്തിയഞ്ച് കോടിയോളം രൂപയുടെ മരുന്നാണ് വാങ്ങിച്ചത്. 2001-2002-ലെ സി.പി.സി.-യുടെ റിപ്പോർട്ടാണ്. സി.പി.സി.-യുടെ ചെയർമാൻ ഡോ. വി. കെ. രാജൻ ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസാണ്. ഒരു വർഷം കഴിയുമ്പോൾ ചെയർമാൻഷിപ്പ് മാറും. 2002-2003-ലെ സി.പി.സി.-യുടെ റിപ്പോർട്ടാണ്. ഇതിനകത്ത് ചെയർപേഴ്സൺ ഡി.എം.ഇ. ആണ്. ഞാൻ കൂടുതൽ വായിക്കുന്നില്ല. ഡോ. എം. ഒ. അന്നമ്മ, ഡയറക്ടർ ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ, ചെയർപേഴ്സൺ, സെൻട്രൽ പർച്ചേസ് കമ്മിറ്റി. ഈ കമ്മിറ്റിക്ക് ശേഷം പുതിയ കമ്മിറ്റി രൂപീകരിച്ചിട്ടില്ല എന്നുള്ളതാണ് നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രി എനിക്കു തന്ന മറുപടി. ബഹുമാനപ്പെട്ട മന്ത്രി ആ

LIBRARY ARCHIVES Kerala Legislative Assembly

മറുപടി തന്നത് 17-7-2004-ലെ സ്റ്റാർഡ് ക്വസ്റ്റ്യൻ നമ്പർ 290-ലാണ്. 2002-2003-ലെ സി.പി.സി.-യും മമുന്ന് കമ്പനിയുമായിട്ടുള്ള കരാർ 2003 മാർച്ച് 31-ന് അവസാനിച്ചു. സ്റ്റോർ പർച്ചേസ് വകുപ്പിൽ നിന്നുള്ള പ്രതിനിധിയെ കിട്ടാത്തതുകൊണ്ട് സി.പി.സി. റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാൻ കഴിഞ്ഞില്ല എന്നെഴുതിയിട്ട് തൊട്ടടുത്ത പാരഗ്രാഫിൽ അദ്ദേഹം പറഞ്ഞിരിക്കുന്നത് ഈ ആറുമാസത്തേക്കെന്നുള്ള ഓർഡർ കൊടുത്തത് എന്നുള്ള സ്ഥിതി പരിഹരിക്കാനായി സി.പി.സി. ചെയർമാൻ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശുപാർശ പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ വെളിച്ചത്തിൽ 2002-2003-ലെ സി.പി.സി. റേറ്റ് കോൺട്രാക്ടിൽ നിന്ന് അംഗീകരിച്ച അതേ റേറ്റിൽ തന്നെ മരുന്നുകൾ 15-7-2003-ൽ വാങ്ങാൻ സർക്കാർ ഉത്തരവുണ്ടായി എന്നാണ്. അത് തെറ്റാണ്. കാരണം 2002-2003-ൽ സി.പി.സി.-യുടെ ചെയർപേഴ്സൺ ആരാണെന്ന് ഞാൻ വായിച്ചു കേൾപ്പിച്ചു. പിന്നെ എങ്ങനെയാണ് ഡോ. രാജനെ സി.പി.സി. ചെയർമാനായി ഗവൺമെന്റിന് വയ്ക്കാൻ കഴിയുന്നത്. ആ ശുപാർശയിൻമേൽ ഗവൺമെന്റിന് ഉത്തരവ് കൊടുക്കാൻ കഴിയുന്നത് എങ്ങനെയാണ്? ഇന്നുവരെ ഇങ്ങനെയൊരു സ്ഥിതിവിശേഷം ആരോഗ്യ വകുപ്പിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ? എന്നു മാത്രമല്ല പുതിയ സി.പി.സി. മിനിറ്റ്സിൽ കണ്ടത് ഒരു വർഷത്തേയ്ക്ക് വീണ്ടും ഓർഡർ കൊടുത്തിരുന്നു എന്നാണ്. എന്ന് മുതൽ എന്നുവച്ചാൽ, 15-9-2003 മുതൽ 14-9-2004 വരെ ഒന്നര വർഷക്കാലത്തേയ്ക്ക് ഓർഡർ ബഹുമാനപ്പെട്ട ശങ്കരൻ മന്ത്രിയും അന്നത്തെ ഡി.എച്ച്.എസ്.-ഉം കൂടിചേർന്ന് കുറുക്കുവഴിക്ക് കൊടുത്തു. ഏത് നിയമം അനുസരിച്ചാണ് കൊടുത്തത്? സത്യമല്ലേ, നിഷേധിക്കാമോ? ശ്രീ. ശങ്കരൻ മന്ത്രിക്ക് വരാൻ പറ്റത്തില്ല. ഒന്നര കൊല്ലത്തേയ്ക്കുള്ള ഓർഡർ അങ്ങ് കൊടുത്തു. ഇപ്പോൾ നിലവിലുള്ള ഉത്തരവുവച്ചാണ് പറയുന്നത്. ടെന്ററിനുശേഷം ഏഴ് കമ്പനികളെ മരുന്നുവിതരണത്തിൽ ഉൾപ്പെടുത്തി. ഏത് മാനദണ്ഡത്തിൽ ഉൾപ്പെടുത്തി? 33 കമ്പനികളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്തു. സി.പി.സി. ഏഴ് കമ്പനികളെ ഉൾപ്പെടുത്തി. നിയമസഭാ ക്വസ്റ്റ്യന്റെ മറുപടിയിൽ പറഞ്ഞിരിക്കുന്നതാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഈ കാലയളവിൽ ഇരുപത്തിയഞ്ച് കോടിയോളം രൂപയുടെ മരുന്നു വാങ്ങി. ഓഫീസർമാർക്കും കമ്മീഷൻ കിട്ടി. ഒരു കോടി രൂപ മന്ത്രിക്ക് കൊടുത്തു. ബാക്കി ഒന്നരക്കോടി രൂപ ബന്ധപ്പെട്ടവർ വീതിച്ചെടുത്തു. എന്തൊരു നല്ല ഭരണം. സഹകരണ മേഖലയിൽനിന്ന് പിൻമാറിയാലും കുഴപ്പമില്ല. സി.പി.സി. വേണ്ട എന്നല്ലേ? നിയമസഭയ്ക്ക് എന്തെങ്കിലും എഴുതിത്തന്നാൽ ഞങ്ങളതു സ്വീകരിച്ചുകൊള്ളും എന്നാണ് ധരിച്ചിരിക്കുന്നത്. ഇങ്ങനെ മരുന്നിന് ഓർഡർ കൊടുത്തതിനെ സംബന്ധിച്ച് ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറുണ്ടോ എന്ന് ഞാൻ വെല്ലുവിളിക്കുകയാണ്. കഴിയുമോ നിങ്ങൾക്ക്? ഇന്നുവരെ ചെയ്തിട്ടില്ല. അവശേഷിച്ച ആറുമാസത്തിനല്ലേ ഇതിന് ബാധ്യതയുള്ളൂ. സി.പി.സി.

LIBRARY ARCHIVES Kerala Legislative Assembly

പുന:സംഘടിപ്പിച്ച് ഒരു വർഷത്തേയ്ക്കുള്ള ഓർഡർ കൃത്യമായി കൊടുത്ത് അദ്ദേഹം നിയമസഭയിൽ നിന്ന് പോയി. ചെയർ അനുവദിച്ചാൽ ബന്ധപ്പെട്ട രേഖകൾ ഞാൻ മേശപ്പുറത്ത് വയ്ക്കാം. ഇതെല്ലാം നിങ്ങളുടെ സർക്കാർ പറയുന്നതാണ്. മറ്റൊന്ന് എഴുതിക്കൊടുത്തത് കൊക്കകോളയെക്കുറിച്ചാണ്. ഇതുസംബന്ധിച്ച് ഒരുപാട് ചർച്ച കേരളത്തിൽ നടക്കുന്നുണ്ട്. ഒരു സത്യം കേരള നിയമസഭയുടെ മുൻപിൽ കൊണ്ടുവരാതെ പോകുന്നത് ശരിയല്ല.കാരണം കൊക്കകോളയുടെ സാമ്പിൾ എറണാകുളത്തെ ഒരു ലാബിലാണ് ടെസ്റ്റ് ചെയ്തത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഇൻഡ്യാ രാജ്യത്ത് കേരളത്തിലൊഴികെ ഒരു സ്ഥലത്തും നടത്തിയ ടെസ്റ്റിൽ പോസിറ്റീവായ റിസൽട്ട് കിട്ടിയില്ല. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. ശങ്കരൻ ഇടപെട്ടുകൊണ്ട് കേരളത്തിൽ മാത്രം നടത്തിയ സാമ്പിൾ ടെസ്റ്റിൽ പോസിറ്റീവ് റിസൽട്ട് കിട്ടി. ഞാൻ ആരോപിക്കുന്നു. എറണാകുളത്ത് ഗഫൂർ വഴി 50 ലക്ഷം രൂപ ശ്രീ. ശങ്കരൻ കൊക്കകോള കമ്പനിയിൽ നിന്നും വാങ്ങിയിട്ടാണ് ഈ സാമ്പിൾ ടെസ്റ്റിൽ ലാബുകാരെ സ്വാധീനിച്ചുകൊണ്ട് പോസിറ്റീവ് റിസൽട്ടുണ്ടാക്കാൻ ശ്രമിച്ചത്. ബഹുമാനപ്പെട്ട മന്ത്രി അന്വേഷിക്കാൻ തയ്യാറുണ്ടോ? ഇൻഡ്യാ രാജ്യത്ത് എവിടെയെങ്കിലും ഈ റിസൽട്ട് കിട്ടിയതായി പറയാൻ കഴിയുമോ? സമയം കുറവായതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അതിനേക്കാൾ പ്രധാനപ്പെട്ട ഒരു ആരോപണം ഞാൻ എഴുതി കൊടുത്തിട്ടുണ്ട്. മൂന്നാമത്തെ ആരോപണം, മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഹെപ്പറ്റൈറ്റിസ്-ബി വാക്സിൻ വാങ്ങിയത് ആണ്. പേപ്പട്ടി വിഷബാധക്കെതിരെ ഉപയോഗിക്കുന്ന അഭയറാബ്. എങ്ങനെയാണ് വാങ്ങിയത്? 2,55,06,900 വാക്സിനുകൾ വാങ്ങി എന്നാണ് ഇവിടെ കൊടുത്തിരിക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ ഇതിനുമാത്രം ആവശ്യമെന്താണ്? തിരുവനന്തപുരം ജില്ലയിൽ മാത്രം 1,49,00,000 ബോട്ടിൽ വാങ്ങിച്ചു. ബഹുമാനപ്പെട്ട മന്ത്രിക്ക് നിഷേധിക്കാൻ കഴിയുമോ? 1,49,00,000 ബോട്ടിൽ വാങ്ങിയിട്ട് ലയൺസ് ക്ളബ്ബ്, റോട്ടറി ക്ളബ്ബ്, റെസിഡെൻഷ്യൽ അസോസിയേഷൻ എന്നിവരുടെ നേതൃത്വത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് സൗജന്യമായി വാക്സിൻ കൊടുത്തു. അത് എങ്ങനെയാണ് നൽകിയത്? ശീതീകരണ ശൃംഖല എങ്ങനെയായിരുന്നു എന്ന് പരിശോധിച്ചിരുന്നോ? ശീതീകരണ ശൃംഖല നിലനിൽക്കുന്നു എന്നുള്ളത് സംബന്ധിച്ച് യാതൊരു നിബന്ധനയും പാലിക്കാതെയാണ് കുത്തിവയ്പ് നൽകിയത്. അതിനേക്കാൾ പ്രധാനപ്പെട്ട കാര്യം എന്റെ സുഹൃത്ത് ശ്രീ. സുഗതൻ മനസിലാക്കിക്കോ, ഇതെല്ലാംകൂടി ഫ്രിഡ്ജിൽ കയറ്റിവച്ചു നഴ്സുമാർ ചെന്ന് നോക്കിയപ്പോൾ 'ബി' എന്ന് കണ്ടു. അവർ അത് എടുത്തുകൊണ്ടുവന്ന് ഇൻജക്ട് ചെയ്തു. അത് ഇൻസുലിൻ 'ബി' ആയിരുന്നു. 10 കുട്ടികൾ തിരുവനന്തപുരം ജില്ലയിൽ ആശുപത്രിയിലായി. ഹെപ്പറ്റൈറ്റിസ് ബി-ക്ക് പകരം ഇൻസുലിൻ 'ബി' കൊടുത്തു. കേരളത്തിൽ നടന്ന കാര്യമാണ്

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിച്ചത്. ഇത് വാങ്ങിയതിൽ ആരുടെ താൽപ്പര്യമാണുള്ളത്? 40 ലക്ഷം രൂപയുടെ അഴിമതിയാണ് കൊല്ലുന്ന രാജാവും തിന്നുന്ന മന്ത്രിയുംകൂടി ചേർന്ന് ഭരണത്തിൽ നടത്തിയത്. മന്ത്രിക്ക് നിഷേധിക്കാൻ കഴിയില്ല. ഈ വാക്സിനുകൾ വാങ്ങിയതിനോടൊപ്പം ദോഷം പറയരുതല്ലോ; അഭയറാബ് വാങ്ങിയതിനെക്കുറിച്ച് ഒരുപാട് ചർച്ചകൾ നടന്നു. ഒറ്റക്കാര്യം മാത്രമാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത്. രണ്ട് അഫിഡവിറ്റുകൾ എന്റെ കയ്യിൽ ഉണ്ട്. ഇത് രണ്ടും കേരള സർക്കാർ ഹൈക്കോടതിയിൽ കൊടുത്തതാണ്. (1) 38578/2003 കേസിൽ അഫിഡവിറ്റ് കൊടുത്തിരിക്കുന്നത് Deputy Secretary, Health and Family Welfare ശ്രീ. ജോൺ തോമസ് ആണ്. രണ്ടാമത്തെ അഫിഡവിറ്റ് അയ്യപ്പൻകുട്ടിയുടെ കേസിനെതിരായി 12573/2004 കേസിൽ കേരള ഹൈക്കോടതിയിൽ ശ്രീ. പി. പി. ഗോപി, സൺ ഓഫ് ഗോപാലൻ, Additional Secretary, Health and Family Welfare Department ആണ്. ഇത് രണ്ടിലും ഏതാണ് സർക്കാർ അംഗീകരിക്കുന്നത്? ഇതിൽ ഏതാണ് സർക്കാരിന്റെ നയം? ബഹുമാനപ്പെട്ട ശങ്കരൻ മന്ത്രി മറുപടി പറഞ്ഞില്ലെങ്കിൽ ഇപ്പോൾ അദ്ദേഹത്തിൽ നിന്ന് ആ സ്ഥാനം ഏറ്റുവാങ്ങിയിരിക്കുന്ന ബഹുമാനപ്പെട്ട കടവൂർ ശിവദാസൻ എങ്കിലും മറുപടി പറയാൻ തയ്യാറാകണം. ഇതിൽ ഏതാണ് സർക്കാർ അംഗീകരിക്കുന്നത്? പരസ്പര വിരുദ്ധങ്ങളാണ് ഈ രണ്ട് അഫിഡവിറ്റുകളും. അതിനേക്കാൾ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം മുഖ്യമന്ത്രിയോട് സൂചിപ്പിക്കാനുണ്ട്. പാർട്ട് ടൈം സ്വീപ്പർമാരുടെ നിയമനത്തിൽ നടത്തിയ അഴിമതി. ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കാൻ ഞാൻ തയ്യാറാണ്. ശ്രീ. വി. എം. സുധീരൻ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഇന്റർവ്യൂവിന് 50 മാർക്ക് എന്നുള്ള ഒരു നിയമം ഉണ്ടാക്കി. 50 മാർക്ക് ഇന്റർവ്യൂവിന് എങ്ങനെ കൊടുക്കും മികവിന്, വിദ്യാഭ്യാസത്തിന്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ സീനിയോറിറ്റിക്ക്, വിധവകൾക്ക്, വികലാംഗർക്ക് 50 മാർക്ക്. അതിനെത്തുടർന്നു വന്ന എൽ.ഡി.എഫ്. സർക്കാർ അതുതന്നെ അംഗീകരിച്ചു. തുടർന്നു വന്ന യു.ഡി.എഫ്. സർക്കാർ, ശ്രീ. ശങ്കരൻ മന്ത്രിയും ഹെൽത്ത് ഡയറക്ടറും കൂടി അത് മാറ്റി. ഒരു ഇന്റർവ്യൂ കമ്മിറ്റിയുണ്ടാക്കി. അതിന് 30 മാർക്ക്. ഇടതു കൈകൊണ്ട് തൂക്കുമോ; വലതു കൈകൊണ്ട് തൂക്കുമോ; കാലുകൊണ്ട് തൂക്കുമോ ഇതാണ് ഇന്റർവ്യൂവിലെ ചോദ്യം. അതിന് 30 മാർക്ക്. ബാക്കിയുള്ള മാനദണ്ഡങ്ങൾക്ക് 20 മാർക്ക്. എന്നു പറഞ്ഞാൽ ശ്രീ. വി. എം. സുധീരൻ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്ന മാനദണ്ഡങ്ങൾ എൽ.ഡി.എഫ്. ഗവൺമെന്റ് മാറ്റിയില്ല. ശ്രീ. ശങ്കരൻ മന്ത്രി എന്തിന് മാറ്റി? ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയണം. 30,000 രൂപ മുതൽ 50,000 രൂപവരെ കോഴ വാങ്ങി കോഴിക്കോട്ട് പോലീസ് പ്രൊട്ടക്ഷനിലാണ് 476 പേർക്ക് സ്വന്തം ജില്ലയിൽ നിയമനം നടത്തിയത്. എന്തിനാണെന്ന് പറയാൻ അങ്ങ് തയ്യാറാകുമോ? 1,20,00,000 രൂപ ആരോഗ്യ വകുപ്പുമന്ത്രി ഈ നിയമനത്തിലൂടെ വാങ്ങിച്ചു. കഴിഞ്ഞ ദിവസം എന്റെ സഹപ്രവർത്തകൻ ഇവിടെ സൂചിപ്പിച്ചു

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് നടന്ന സംഭവമാണ്. ശ്രീ. വി. എം. സുധീരൻ മന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്ന ക്രൈറ്റീരിയ പുനഃസ്ഥാപിച്ച് ആ ക്രൈറ്റീരിയയുടെ അടിസ്ഥാനത്തിൽ നേരത്തെ നിയമിച്ചവരെ പിരിച്ചുവിട്ട് പുനർ നിയമനം നടത്താൻ അങ്ങേയ്ക്ക് ആർജ്ജവമുണ്ടാകുമോ എന്ന് ഞാൻ ഗവൺമെന്റിനോടും മുഖ്യമന്ത്രിയോടും ചോദിക്കുന്നു? അങ്ങ് അതിന് തയ്യാറാകുമോ? കോഴിക്കോട്ട്, സ്വന്തം ജില്ലയിൽ പോലീസ് പ്രൊട്ടക്ഷനിലാണ് നിയമനം നടത്തിയത്. എഴുതിക്കൊടുത്ത ആരോപണങ്ങളെ സംബന്ധിച്ച് ഗൗരവമായി പറയണ്ടേ? തൊഴിലില്ലാത്തവർ അലഞ്ഞുനടക്കുന്ന ഈ സന്ദർഭത്തിൽ അങ്ങയുടെ മന്ത്രിസഭ ചെയ്തു വച്ചതാണ് ഞാൻ പറഞ്ഞത്. പിന്നെ ഒരു കാര്യം കൂടി പറയണമല്ലോ. അഡ്വാൻസ് ജാമ്യം എടുത്തുപോയ കിഡ്നി കച്ചവടത്തിൽ അദ്ദേഹം വായിച്ച റിപ്പോർട്ടാണിത്. അങ്ങ് അല്ലേ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടത്? ഡയറക്ടർ ജനറൽ ഓഫ് പോലീസ് അന്വേഷണം നടത്തിയ റിപ്പോർട്ടിന്റെ കോപ്പിയാണിത്. കഴിഞ്ഞ ദിവസം ശ്രീ. ശങ്കരൻ മന്ത്രി ജാമ്യം എടുത്തു വന്നാണ് നിർദോഷിയായ എന്നെ ഉപദ്രവിക്കല്ലേ എന്ന് പറഞ്ഞത്. ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരിക്കൽ കൂടി വായിച്ചു നോക്കി, പരിശോധിക്കാൻ തയ്യാറാകണം. ആരാണ് ഡോ. സുനിൽ ജോർജ്ജ്? ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ഡോ. സുനിൽ ജോർജ്ജ് ആരാണ്? എട്ട് കേസുകളിൽ ഓപ്പറേഷൻ നടത്തി എന്ന് അംഗീകരിക്കുന്ന സുനിൽ എന്ന കിഡ്നി റാക്കറ്റ് ഏജന്റിനെ യു.ഡി.എഫ്. നേതൃത്വവുമായി നേരിട്ട് ബന്ധമുള്ള ഡോ. സുനിൽ ജോർജ്ജ് തിരിച്ച് ടെലഫോണിൽ വിളിച്ചത് എന്തിനാണ് എന്ന ചോദ്യം ഈ റിപ്പോർട്ടിൽ അവശേഷിക്കുന്നു. അവിടംകൊണ്ട് അവസാനിക്കുന്നില്ല. ഞാൻ മുഴുവൻ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഒരു പാവപ്പെട്ട ചെറുപ്പക്കാരന്റെ പരാതി അങ്ങയുടെ മുമ്പിൽ വന്നതാണല്ലോ. അങ്ങയുടെ കൂടെയിരിക്കുന്ന ഒരു മഹാഗാന്ധിയൻ ചോദിച്ചല്ലോ ഒരാൾക്ക് എന്തിനാണ് രണ്ട് കിഡ്നി എന്ന്. പറിച്ചു കൊടുത്തു..... പൈസപോലും കൊടുത്തില്ലല്ലോ എന്നു പറഞ്ഞ ആൾക്കാരോട് ചോദിച്ചതാണ് ഒരാൾക്ക് രണ്ട് കിഡ്നിയുടെ ആവശ്യമുണ്ടോ എന്ന്. സ്വന്തം മക്കൾക്ക് വിദേശത്തും അതുപോലെയുള്ള സുന്ദരമായ സ്ഥലങ്ങളിലും ജീവിത സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കുന്നവർ പാവപ്പെട്ട ആദിവാസിയെ ഏൽപ്പിച്ച ഏജന്റുമാരോട്, അവർക്ക് കാശുപോലും കൊടുത്തില്ല എന്നു പറഞ്ഞവരോട് ഇങ്ങനെയാണ് പറഞ്ഞത്. എന്ത് നടപടി സ്വീകരിക്കാൻ അങ്ങേയ്ക്ക് കഴിയും? രണ്ട് വർഷമായി അങ്ങയുടെ ഗവൺമെന്റ് ചാർജ്ജ് ചെയ്ത കേസാണ് ഞാൻ പറയുന്നത്. കോഴിക്കോട് കോടതിയിൽ ചാർജ്ജ് ചെയ്ത കേസാണ്. കേരള ഹൈക്കോടതി സ്റ്റേ ചെയ്തു. ആ സ്റ്റേ വെക്കേറ്റ് ചെയ്യാൻ എന്തു ചെയ്തു? ഇതിൽ ഒരു മനഃസാക്ഷിയുടെ പ്രശ്നമില്ലേ? ഒരു കാര്യം ഞാൻ ഈ നിയമസഭയിൽ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. വേദനാജനകമായ പരാമർശം നടത്തി. ആർ.സി.സി-യിൽ 36 മനുഷ്യരുടെമേൽ ഒരു രാസപദാർത്ഥം ഉപയോഗിച്ചു. നിങ്ങളെല്ലാം പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

അത് ആർ.സി.സി.-യെ ഇല്ലാതാക്കാൻ വേണ്ടി ചെയ്തതാണെന്ന്. അമേരിക്കയിൽ നിന്ന് അത് ഇവിടെ കൊണ്ടുവന്ന് പരീക്ഷണം നടത്തിയ ഡോക്ടറെ ആജീവനാന്തം ഡിസ്ക്വാളിഫൈ ചെയ്തു. നമ്മൾ എന്തുചെയ്തു? ആ 36 പേരിൽ ഒരാളെങ്കിലും ജീവിച്ചിരിപ്പുണ്ടോ? അവസാനത്തെ ആളായിരുന്ന ഗോപാലൻ കഴിഞ്ഞ ദിവസം മരിച്ചു. ക്യാബിനറ്റ് കൂടി ഇതിന് നേതൃത്വം കൊടുത്ത കൃഷ്ണൻ നായർക്ക് ഒരു വർഷം കൂടി കാലാവധി നീട്ടിക്കൊടുത്തു. അത് ഇവിടെ കൊണ്ടുവന്ന കേന്ദ്ര ഗവൺമെന്റ് ഒരു കാര്യം ചെയ്തു. പരീക്ഷണ പദ്ധതികൾക്ക് മാനദണ്ഡങ്ങളുണ്ടാക്കി. അങ്ങയുടെ വകുപ്പിനെക്കുറിച്ച് രണ്ട് കാര്യങ്ങൾ കൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഇന്നത്തെ ഒരു ചോദ്യത്തിന് എനിക്കു കിട്ടിയ മറുപടി അനുസരിച്ച് സംസ്ഥാനത്ത് നാലായിരത്തിൽപരം സ്വകാര്യ ആശുപത്രികളുണ്ട് എന്ന് മനസ്സിലായി. 177 ആശുപത്രികളേ രജിസ്റ്റർ ചെയ്തിട്ടുള്ളൂ എന്നാണ് പറഞ്ഞിരിക്കുന്നത്. ബാക്കിയുള്ള ആശുപത്രികൾ..... ഹൈക്കോടതിയിൽ നിന്ന് ഗവണ്മെന്റിന് അനുകൂലമായ വിധി വന്നു. അത് സുപ്രീം കോടതിയിൽ പോയി. സുപ്രീം കോടതി കേസ് 8 ആഴ്ചത്തേയ്ക്ക് ഹൈക്കോടതിയിൽ സ്റ്റേ ചെയ്തു. ഇന്നത്തെ മറുപടിയാണ്. ഈ സ്റ്റേ വെക്കേറ്റ് ചെയ്യാൻ ഇതുവരെ ഒന്നും ചെയ്തിട്ടില്ല അങ്ങ് ആലോചിച്ചുകൊണ്ടിരിക്കുന്നു എന്നാണല്ലോ ചോദ്യത്തിന് മറുപടി തന്നിരിക്കുന്നത്. സ്വകാര്യ ആശുപത്രികളുടെ ബില്ലിനെക്കുറിച്ച് ശ്രീ. മത്തായി ചാക്കോ പറഞ്ഞല്ലോ. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഈ വകുപ്പിനെക്കുറിച്ച് ഒന്നു രണ്ടു കാര്യങ്ങൾ മാത്രം പറഞ്ഞ് അവസാനിപ്പിക്കാം. ആരോഗ്യ വകുപ്പിനെക്കുറിച്ച് മാത്രമേ ഞാൻ പറഞ്ഞുള്ളൂ. വേറെയൊന്നും പറയുന്നില്ല. നിലവാരം കുറഞ്ഞ നൂൽ ഉപയോഗിച്ചതിന്റെ പേരിൽ കേരളത്തിൽ എന്താണ് ആരോഗ്യ വകുപ്പിലുണ്ടായത് എന്ന് അങ്ങേയ്ക്കറിയാം. 22 പേർക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വീണ്ടും ശസ്ത്രക്രിയ നടത്തേണ്ടി വന്നു. .....(ബഹളം).....2004 മേയ് ജൂൺ മാസങ്ങളിൽ കേരളത്തിലെ രോഗബാധ എത്രയായിരുന്നു?.....(മൈക്ക് ഓഫ്).....വൈറൽ പനി.....(മൈക്ക് ഓഫ്).....ബ്രോങ്കൈറ്റിസ് 1158.....

മി. ഡെപ്യൂട്ടി സ്പീക്കർ: Yes, ...Yes..... .Minister..... please Minister.....

ശ്രീ. ടി. കെ. ദേവകുമാർ: നമ്മുടെ ആരോഗ്യ വകുപ്പിനു തന്നെ.....(ബഹളം).....അനാരോഗ്യമായിരിക്കുന്നു.....

ശ്രീ. എ. കെ. ബാലൻ: സർ.....

മി. ഡെപ്യൂട്ടി സ്പീക്കർ: Only one minute more.....

LIBRARY ARCHIVES Kerala Legislative Assembly

X. വ്യക്തിപരമായ വിശദീകരണം

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: ഞാൻ രണ്ടു മിനിറ്റേ എടുക്കുന്നുള്ളൂ. 15-7-2004-ൽ ധനാഭ്യർത്ഥനയുടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് എന്റെ പാർട്ടിയുടെ സംവരണ നയമാണ് ഞാൻ വ്യക്തമാക്കിയത്. ബഹുമാനപ്പെട്ട കളത്തിൽ അബ്ദുള്ള അതിനെ വികൃതമാക്കിയാണ് ഇവിടെ പരാമർശിച്ചത്. പട്ടികജാതി/പട്ടികവർഗ്ഗ സംവരണം 100 ശതമാനവും നിലനിറുത്തണം. അതിൽ ഒരു ചെറിയ ശതമാനം മാത്രമേ ഇന്ന് പൊതു ധാരയിൽ വന്നിട്ടുള്ളൂ. മഹാഭൂരിപക്ഷവും പഴയ സ്ഥിതിയിൽ തന്നെയാണ്. തൊട്ടുകൂടായ്മയും, തീണ്ടിക്കൂടായ്മയും ഇപ്പോഴും ഈ സമുദായം അനുഭവിക്കുന്നു. സാമ്പത്തികമായ ഉച്ചനീചത്വങ്ങൾ അനുഭവിക്കുന്നു. അതുകൊണ്ട് ആ സമുദായത്തിന് നീക്കിവച്ച സംവരണം 100 ശതമാനം പാലിക്കണം. അതേ അവസരത്തിൽ.....(ബഹളം)..... പിന്നോക്ക വിഭാഗത്തിൽ വരേണ്യ വിഭാഗം രൂപപ്പെട്ടിട്ടുണ്ട്. ശ്രീ. കഹാറിനേയും ശ്രീ. ചന്ദ്രനേയും പോലെയുള്ളവർക്ക് സംവരണത്തിന്റെ ആനുകൂല്യങ്ങൾ ആവശ്യമില്ല. പിന്നോക്ക സമുദായത്തിലെ പാവപ്പെട്ടവന് സംവരണം വേണമെന്നുള്ള എന്റെ പാർട്ടിയുടെ നയമാണ് ഞാനിവിടെ സൂചിപ്പിച്ചത്. അത് പറയുമ്പോഴാണ് അങ്ങ് ചോദിച്ചത് ശ്രീ. ബാലന്റെ മക്കൾക്ക് ഈ ആനുകൂല്യങ്ങൾ ആവശ്യമുണ്ടോയെന്ന്. ചെക്കൻ വിളിയും പെണ്ണ് വിളിയും കേട്ടിട്ടാണ് എന്റെ അച്ഛനും അമ്മയും മുസ്ലീം പ്രമാണിമാർക്ക് എതിരായിട്ടുള്ള സമരത്തിന് കർഷക തൊഴിലാളി പ്രസ്ഥാനത്തോടൊപ്പം നിന്നത്. നിങ്ങൾക്ക് കുറച്ച് അസൂയയുണ്ടാകും, എന്നെപ്പോലെയുള്ളവർ വളർന്നു വരുമ്പോൾ, അത് ഈ പ്രസ്ഥാനത്തിന്റെ തണലിലാണ് വളർന്നുവന്നത്. അതിൽ അസൂയപ്പെട്ടിട്ട് കാര്യമില്ല. സംവരണവുമായി ബന്ധപ്പെട്ട് ഒറ്റ കാര്യമേ ഞാൻ പറയുന്നുള്ളൂ. പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടുക, എന്നിട്ട് പറയുക അവിടെ സംവരണം വേണമെന്ന്. ഗവണ്മെന്റ് സർവ്വീസിൽ ഡൗൺസൈസിംഗ് നടത്തുക, എന്നിട്ട് പറയുക അവിടെ സംവരണം വേണമെന്ന്. സംവരണത്തിന്റെ പേരിൽ മുതലക്കണ്ണീർ ഒഴുക്കുന്ന മുസ്ലീം ലീഗിലെ പാവപ്പെട്ട മുസ്ലീങ്ങൾ ആ പാർട്ടിയിൽനിന്ന് അകന്നുപോകുന്ന വെപ്രാളത്തിലാണ് ഈ ജല്പനങ്ങൾ ഇവിടെ ഉയർത്തിക്കൊണ്ടുവരുന്നത് എന്നാണ് എന്റെ അഭിപ്രായം.

.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: .....(ബഹളം)..... : മിനിസ്റ്റർ.....(ബഹളം)..... I can't allow.....Please resume your seat.....

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): സർ, പോയിന്റ് ഓഫ് ഓർഡർ.....

മി. ഡെപ്യൂട്ടി സ്പീക്കർ: Allow ചെയ്യുന്നില്ല. പ്ലീസ്.....No point.....No order.....please resume your seat.....(ബഹളം).....ആരോഗ്യ വകുപ്പുമന്ത്രിയെ സംസാരിക്കാൻ വിളിച്ചു. അങ്ങ് ഇരിക്കണം.

ധനകാര്യം (തുടർച്ച)

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): ആരോഗ്യ വകുപ്പിനെ സംബന്ധിച്ച ചർച്ചയിൽ പങ്കെടുത്ത എല്ലാ അംഗങ്ങളും ആരോഗ്യ വകുപ്പിന്റെ പ്രശ്നങ്ങളെ സംബന്ധിച്ച് വളരെ ആഴത്തിൽ മനസ്സിലാക്കുകയും അതിന് പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തതിന് ഞാൻ അവരോട് നന്ദി പറയുകയും അവർ തന്ന എല്ലാ നിർദ്ദേശങ്ങളും ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കാമെന്ന് ഉറപ്പു തരികയും ചെയ്യുന്നു. സർക്കാർ ആശുപത്രികളിലെ ചികിൽസ, ഓപ്പറേഷൻ എന്നിവയെ സംബന്ധിച്ച് ഒരു ആക്ഷേപവും ഉയർന്നിട്ടില്ല. അത് ഈ സ്റ്റേറ്റിൽ അവൈലബിളാകുന്നതിൽ ഏറ്റവും നല്ല ക്വാളിറ്റിയുള്ളതാണ്. സർക്കാർ ആശുപത്രികളിലെ ഒ.പി.യിലുണ്ടായിട്ടുള്ള വർദ്ധനവ് അതാണ് കാണിക്കുന്നത്. പെരുമാറ്റത്തെപ്പറ്റി ചിലർ പറഞ്ഞു. എഴുപത്തയ്യായിരത്തോളം സ്റ്റാഫുള്ളതിന്റെ കൂട്ടത്തിൽ അപൂർവ്വമായി എന്തെങ്കിലും സംഭവം ഉണ്ടാകുന്നതിന് നടപടികളുമെടുത്തിട്ടുണ്ട്. ഈ പരിതസ്ഥിതിയിലും സർക്കാർ വരുന്ന വർഷത്തേയ്ക്ക് കുറേ കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിച്ചിട്ടുണ്ട്. അത് പറയാനാണ് ഞാൻ ഈ സന്ദർഭം ഉപയോഗിക്കുന്നത്. അഴിമതിയുടെ മറുപടി അവസാനം പറയാം. സംസ്ഥാനത്തെ 5 സർക്കാർ മെഡിക്കൽ കോളേജുകളിലും ആധുനീകരിച്ചിട്ടുള്ള ശാസ്ത്ര-സാങ്കേതിക വിദ്യയുടെ കണ്ടുപിടിത്തം എങ്ങനെ ഉപയോഗപ്പെടുത്തണമെന്ന് ഗവണ്മെന്റ് ആലോചിച്ച് ഉടനെ നടപ്പിലാക്കുന്നതാണ്. സംസ്ഥാനത്തെ 5 ഗവണ്മെന്റ് മെഡിക്കൽ കോളേജുകളേയും 14 ജില്ലാ ആശുപത്രികളേയും നെയ്യാറ്റിൻകര, കൊയിലാണ്ടി എന്നീ രണ്ട് താലൂക്ക് ആശുപത്രികളേയും ഇന്ത്യയിലെ പ്രമുഖ മെഡിക്കൽ സ്ഥാപനങ്ങളായ All India Institute of Medical Sciences, Gypmer Medical College, Amritha Institute, R.C.C., Sree Chithira Thirunal Institute of Medical Sciences and Techonology മാലി ദ്വീപിലെ ഇന്ദിരാ ഗാന്ധി ഹോസ്പ്പിറ്റൽ എന്നിവയുമായി ബന്ധിപ്പിച്ചുകൊണ്ട് ഒരു ടെലി മെഡിസിൻ സംവിധാനം ആരംഭിക്കും. 15 കോടി രൂപ ചെലവുവരുന്ന ഈ സംവിധാനം ഉടൻ തന്നെ നടപ്പിലാക്കും. തിരുവനന്തപുരം മെഡിക്കൽ കോളേജിനെ Centre of Excellence ആയി ഉയർത്തും. അതുപോലെ തിരുവനന്തപുരത്തെ ആയുർവേദ കോളേജിനേയും തിരുവനന്തപുരം ഹോമിയോ മെഡിക്കൽ കോളേജിനേയും മെഡിക്കൽ കോളേജുകളായി ഉയർത്തും. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ റഫറൽ സ്റ്റാറ്റസ് ഇപ്പോൾ തന്നെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. പക്ഷെ, അങ്ങനെ നടക്കുന്നില്ല എന്നതാണ് എല്ലാപേരും പറഞ്ഞ പരാതിയുടെ അടിസ്ഥാനം. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ റഫറൽ സ്റ്റാറ്റസ് പുനഃസ്ഥാപിക്കും. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ 9 പെരിഫറൽ ആശുപത്രികളേയും ശക്തിപ്പെടുത്തിക്കൊണ്ടായിരിക്കും ഇത് നടപ്പിലാക്കുക. ശ്രീ. അസീസ് കൊല്ലത്തെപ്പറ്റി പരാതി പറഞ്ഞിട്ടുണ്ട്. പരാതികളെല്ലാം ഇത് ശക്തിപ്പെടുന്നതോടുകൂടി പരിഹരിക്കപ്പെടും. vector disease-നെപ്പറ്റി വളരെ കാര്യങ്ങൾ ഇവിടെ പറഞ്ഞു. കീടനാശിനികൾ ഉപയോഗിക്കുന്നതു കൊണ്ടുണ്ടാകുന്ന ദോഷങ്ങളും മറ്റു പരിസ്ഥിതി പ്രശ്നങ്ങളുമൊക്കെ കണക്കിലെടുത്ത് ഒക്ടോബർ 2 ഗാന്ധിജയന്തി ദിനം മുതൽ ഒരാഴ്ചക്കാലം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൊതുകുകളെ നശിപ്പിക്കുന്നതിനായി കൊതുകിന്റെ ലാർവ ഭക്ഷണമാക്കുന്ന ഗപ്പി ഗമ്പൂസിയ മൽസ്യങ്ങളെ സംസ്ഥാനത്തെ എല്ലാ ജലാശയങ്ങളിലും നിക്ഷേപിക്കും. ഇതിനായി 500 ഹാച്ചറികളിൽ മൽസ്യം വളർത്തൽ ആരംഭിച്ചുകഴിഞ്ഞു. 500 ഹാച്ചറികൾ കൂടി പുതുതായി നിർമ്മിക്കും. Vector borne രോഗങ്ങളെ പ്രതിരോധിക്കാനുള്ള ഒരു പരിശ്രമമാണത്. ഇത്തരം മൽസ്യങ്ങൾ നാലഞ്ച് വർഷം ജീവിക്കും. ഒരു കൊതുക് ഒരു മാസമേ ജീവിക്കുകയുള്ളൂ. അതുകൊണ്ട് അതിടുന്ന ലാർവയെല്ലാം തിന്ന് പൂർണ്ണമായും നശിപ്പിക്കുമ്പോൾ കൊതുകുകളുടെ ആക്രമണത്തിൽ നിന്നും vector disease-ൽ നിന്നും രാജ്യത്തിന് രക്ഷപ്പെടാൻ കഴിയുമെന്ന് വിചാരിക്കുന്നു. 100 കിടക്കകളിൽ കൂടുതലുള്ള 92 ആശുപത്രികളിൽ സ്പെഷ്യലൈസ്ഡ് ഡോക്ടർമാരെ നിയമിക്കും. അതിനുള്ള തസ്തികകൾ ഗവണ്മെന്റ് സൃഷ്ടിച്ചിട്ടുണ്ട്. ആശുപത്രികളുടെ ശുചീകരണം, വേസ്റ്റ് മാനേജ്മെന്റ് എന്നിവ വലുതായിട്ട് ഉന്നയിച്ചില്ലായെങ്കിലും അത് വലിയ പ്രശ്നം തന്നെയാണ്. ഇപ്പോഴത്തെ സ്വകാര്യ മാനേജ്മെന്റ് ആശുപത്രികളെപോലെതന്നെ നല്ല നിലയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തണമെന്നാണ് ഗവണ്മെന്റിന്റെ ഉദ്ദേശം. അതിന് നമ്മുടെ സ്റ്റാഫിനു പുറമെ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടേയും ജില്ലാ തല ആശുപത്രികളുടേയും ശുചീകരണജോലി കുടുംബശ്രീയെ ഏൽപ്പിക്കും. കൊല്ലം, എറണാകുളം, ആലപ്പുഴ എന്നിവിടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. നിലവിലുള്ള സ്റ്റാഫിനെ മാറ്റിയിട്ടല്ല പ്രത്യേകമായി കുടുംബശ്രീയുടെ ആളുകളെക്കൊണ്ട് ചെയ്യിക്കും.

2.00 p.m.] എയ്ഡ്സ് രോഗികൾക്ക് അഞ്ച് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ മുഖേന anti-retro viral മരുന്നുകൾ വിതരണം ചെയ്യും. സെൻട്രൽ ഗവൺമെന്റിന്റെ സഹായമില്ലാതെ ഇൻഡ്യയിൽ ഒരു സംസ്ഥാനത്ത് ആദ്യമായി എയ്ഡ്സിന് മരുന്നുകൊടുക്കുന്നത് നമ്മൾ മാത്രമാണെന്ന പ്രത്യേകത ഈ പരിഷ്ക്കാരത്തിനുണ്ട്. സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രിയിലേയും ജില്ലാ ആശുപത്രിയിലേയും ബയോ മെഡിക്കൽ വേസ്റ്റുകൾ ഐ.എം.എ. പാലക്കാട് സ്ഥാപിച്ച ബയോ മെഡിക്കൽ വേസ്റ്റ് ഡിസ്പോസൽ യൂണിറ്റിലൂടെ നീക്കംചെയ്യാനുള്ള നടപടികളുടെ ചർച്ച പുരോഗമിച്ചുവരുകയാണ്. ഇന്നലെ ഏതാണ്ട് അവസാനിച്ചു. ഇത് ഡിസ്പോസ് ചെയ്യണമെന്ന് ഹൈക്കോടതി ഓർഡർ ഉള്ളതാണ്. കർക്കടകമാസം അവസാനിക്കുന്നതോടെ കേടായിക്കിടക്കുന്ന ആശുപത്രി ഉപകരണങ്ങൾ റിപ്പെയർ ചെയ്യാൻ കഴിയാത്തവ കണ്ടംചെയ്ത് ലേലത്തിൽ വിൽക്കും. ഇത് മീഡിയായിലൊക്കെ വളരെ ഹൈലൈറ്റ് ചെയ്ത വിഷയമാണ്. ധാരാളം ഉപകരണങ്ങൾ കേടായി കിടക്കുന്നുണ്ട്. അതിന് സെക്രട്ടറിതലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് ഇതൊക്കെ പരിശോധിച്ച് കണ്ടം ചെയ്യേണ്ടവയും അല്ലാത്തവയും കണ്ടെത്തി പുതിയത് വാങ്ങാനുള്ളവ വാങ്ങാനുമുള്ള നടപടി സ്വീകരിക്കും. എം.പി., എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിച്ച കാര്യം ഇതിനകം ഇവിടെ വന്നതാണ്. 213 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിക്കും. അതിന്റെ ഗവൺമെന്റ് ഓർഡർ ആയിട്ടുണ്ട്. ഇത്തരം ആരോഗ്യ കേന്ദ്രങ്ങളിൽ പ്രവൃത്തി എടുക്കുന്നതിന് പി.എസ്.സി.-യിൽ നിന്ന് ഡോക്ടർമാരെ ആവശ്യപ്പെട്ടിട്ടുണ്ട്.

ഡോ. എ. നീലലോഹിതദാസൻ നാടാർ: ത്രിതല പഞ്ചായത്തുകളിൽ ഉൾപ്പെടുത്തുന്ന കാര്യം പറഞ്ഞില്ല.

ശ്രീ. കടവൂർ ശിവദാസൻ: അത് സംബന്ധിച്ച് ഒരു ലിസ്റ്റ് തയ്യാറാക്കി തരണമെന്ന് ഡിപ്പാർട്ടുമെന്റിനോട് ഞാൻ ആവശ്യപ്പെട്ടപ്പോൾ 2001-ൽ തയ്യാറാക്കിയ ഒരു ലിസ്റ്റാണ് അവർ തന്നത്. ഞാൻ പുതിയതായി ചാർജ് എടുത്തതുകൊണ്ട് എനിക്ക് മനസ്സിലായില്ല. ഇത് ശരിപ്പെട്ടുവന്നപ്പോഴാണ് അറിയുന്നത് ഇത്രയുമല്ല ഇനിയുമുണ്ടെന്ന്. എം.എൽ.എ.-മാർ ഓരോരുത്തർ വന്ന് ഞങ്ങളുടേത് ഇല്ല എന്ന് പറഞ്ഞതുകൊണ്ട് അതൊക്കെ എടുക്കുവാൻ പറഞ്ഞിട്ടുണ്ട്. അവിടെയും ആരോഗ്യ കേന്ദ്രങ്ങൾ തുറക്കുന്ന കാര്യം ക്യാബിനറ്റ് അംഗീകരിച്ച് തീരുമാനിക്കും. എറണാകുളം, കൊല്ലം, പാലക്കാട് എന്നീ മൂന്ന് മേഖലകളിലെ diagnostic lab-കൾ തിരുവനന്തപുരം മെഡിക്കൽകോളേജിലെ diagnostic lab എന്നിവ പ്രവർത്തന ക്ഷമമാക്കും. എറണാകുളത്ത് ഇതിനകം ചെയ്തതാണ്. അതിന്റെ പ്രവർത്തനവും പൂർണ്ണമാക്കും. ബാക്കിയുള്ളത് പുതിയതായി ഉടൻതന്നെ ആരംഭിക്കും. അത് രോഗനിർണ്ണയത്തിന് വലിയ സഹായം ചെയ്യുന്നതാണ്. പതിനാല് ജില്ലകളിലും ഓരോ ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കും. ഇതിനുപുറമേ പത്ത് തീർത്ഥാടന കേന്ദ്രങ്ങളിൽ താൽക്കാലിക ഹോമിയോ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതാണ്. പത്ത് പുതിയ ആയുർവേദ ഡിസ്പെൻസറികൾ തുറക്കും. തൃശ്ശൂർ, കോട്ടയം എന്നിവിടങ്ങളിലെ ആയുർവേദ ആശുപത്രികളിലെ കിടക്കകൾ അൻപതിൽനിന്ന് നൂറായി വർദ്ധിപ്പിക്കും. ആയുർവേദത്തെപ്പറ്റി ഒന്നും പരാമർശിച്ചില്ല എന്ന് പറഞ്ഞതുകൊണ്ടാണ് ഇത് പറഞ്ഞത്. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ പദ്ധതി അനുസരിച്ചുള്ള ധനസഹായം സ്വീകരിച്ചുകൊണ്ട് ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ജില്ലാ ആശുപത്രികളിൽ ആയുർവേദ ചികിൽസയ്ക്കും ഹോമിയോ ചികിൽസയ്ക്കും വേണ്ടിയുള്ള കേന്ദ്രങ്ങൾ തുറക്കും. ഈ സ്കീം അനുസരിച്ച് ആയുർവേദത്തിന്റേയോ ഹോമിയോയുടേയോ ജില്ലാ ആശുപത്രികൾ തുറന്നാൽ 31 ലക്ഷം രൂപവീതം കേന്ദ്ര സഹായം ലഭിക്കും. അപ്പോൾ ആ രണ്ട് മേഖലകളിലും വലിയ വളർച്ചയുണ്ടാകും. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആയുർവേദ മസാജ് നടത്തുന്നത് സംബന്ധിച്ച് വലിയ ആക്ഷേപമുള്ളതാണ്. അതുകൊണ്ട് പുതിയ പദ്ധതി എന്ന നിലയിൽ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് ഡിപ്പാർട്ടുമെന്റിന്റേയും പഞ്ചായത്തിന്റേയും സഹായത്തോടുകൂടി ആയുർവേദ കുടീരങ്ങൾ ആരംഭിക്കും. അതിനുള്ള സൗകര്യം പഞ്ചായത്തുകൂടെ ചെയ്താൽ യോഗ്യതയുള്ള ഡോക്ടർമാരേയും നഴ്സുമാരേയും നിയമിച്ച് ഹെൽത്ത് സെന്റർ എന്ന നിലയിൽ വിദേശികൾക്കും ടൂറിസ്റ്റുകാരായി വരുന്നവർക്കുമൊക്കെ ശരിയായ ആയുർവേദ ചികിൽസ നൽകും. ആയുർവേദത്തെപ്പറ്റി മോശമായ ഒരു മെസേജാണ് മറ്റ് രാജ്യങ്ങളിലേക്ക് പോകുന്നത്. അത് തടയാനും ഇവിടെ ചികിൽസ കൊടുക്കുവാനും കഴിയും. സംസ്ഥാനത്ത് ഔഷധത്തോട്ടങ്ങൾ വച്ചുപിടിപ്പിച്ച് ആയുർവേദ ചികിൽസ

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്ന ആയുർവേദ ഗ്രാമങ്ങൾ സ്ഥാപിക്കും. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടെ 386 ഏക്കർ സ്ഥലത്ത് ഒരു മാതൃകാ ഔഷധത്തോട്ടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതൊക്കെ ആയുർവേദത്തിന് നല്ല മരുന്നുകൾ ഉണ്ടാക്കുന്നതാണ്. തിരുവനന്തപുരം ആയുർവേദ കോളേജിൽ പി.എച്ച്.ഡി. ഗവേഷണം ഏർപ്പെടുത്തും. കേരളത്തിൽ ആദ്യമായിട്ടാണ് ഇത് ആരംഭിക്കാൻ പോകുന്നത്. തിരുവനന്തപുരം ഐരാണിമുട്ടത്ത് അഞ്ച് ഏക്കർ സ്ഥലത്ത് ഹോമിയോ ഔഷധത്തോട്ടം ആരംഭിക്കും. ആലപ്പുഴയിൽ സ്വന്തമായി ഔഷധ നിർമ്മാണശാലയുണ്ട്. അതുകൊണ്ട് നമ്മുടെ തന്നെ ഔഷധം വളർത്തിക്കൊണ്ടുപോകാം. ആയുർവേദ മരുന്നുകളുടേയും ഔഷധച്ചെടികളുടേയും പേറ്റന്റ് തട്ടിയെടുക്കുന്നത് തടയാൻ രണ്ടായിരം പുസ്തകങ്ങൾ തർജ്ജമ ചെയ്ത് പ്രസിദ്ധീകരിച്ചുകൊണ്ട് അവയെ public level-ൽ കൊണ്ടുവരും. ഇതിന്റെ ഐഡന്റിഫിക്കേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. സംസ്കൃതത്തിൽ നിന്നൊക്കെയാണ് എടുക്കുന്നത്. ഒരുകാലത്ത് മാധ്യമങ്ങളിൽ വളരെ പ്രൊജക്ട് ചെയ്ത വിഷയമാണ് ആയുർവേദച്ചെടികളായ വേപ്പ്, തുളസി തുടങ്ങിയവയുടെ പേറ്റന്റ് എടുക്കുന്നുവെന്നത്. നേരത്തെതന്നെ നമുക്ക് അവയിലബിളായിരുന്നുവെന്നത് നമ്മൾ പബ്ലിക്കായി ഡോക്യുമെന്റ് ചെയ്തുകഴിഞ്ഞാൽ പിന്നെ ആർക്കും അത് വാങ്ങാൻ കഴിയില്ല. അങ്ങനെ നമ്മുടെ താളിയോല ഗ്രന്ഥങ്ങളും മറ്റു ഗ്രന്ഥങ്ങളുമുൾപ്പെടെ രണ്ടായിരം പുസ്തകം ഡോക്യുമെന്റ് ചെയ്യുമ്പോൾ യൂറോപ്യൻ രാജ്യങ്ങൾ ഉൾപ്പെടെ പേറ്റന്റ് ആർക്കും എടുക്കുവാൻ കഴിയില്ലെന്ന വലിയൊരു കാര്യം സാധിക്കുന്നതാണ്. ആയുർവേദ ഔഷധങ്ങൾ ഗുണനിലവാരം ഇല്ലാതെയും യോഗവിധികൾ തെറ്റിച്ചും നിർമ്മിക്കുന്നത് തടയാൻ തിരുവനന്തപുരം ആയുർവേദ കോളേജിൽ എല്ലാ മരുന്നുകളുടേയും സ്റ്റാന്റേർഡുകൾ നിർവ്വചിച്ച് നിശ്ചയിക്കും. ഇതിനുവേണ്ടിയുള്ള സ്റ്റാന്റേർഡൈസേഷൻ യൂണിറ്റിന്റെ പ്രവർത്തനം കഴിഞ്ഞയാഴ്ച ആരംഭിച്ചുകഴിഞ്ഞു. കുറേ മരുന്നുകൾ തയ്യാറാക്കുകയും ചെയ്തു. ആറ് കോടിരൂപ ചെലവുവരുന്ന ഒരു ഖരമാലിന്യ സംസ്കരണ യൂണിറ്റ് കോഴിക്കോട് സ്ഥാപിക്കും. അതിന്റെ ടെണ്ടർ ക്ഷണിച്ചു. പെരിയാർനദി മാലിന്യമുക്തമാക്കാൻ പെരിയാർ ആക്ഷൻ പ്ലാൻ തയ്യാറാക്കി കേന്ദ്രത്തിൽ സമർപ്പിക്കും. അത് പമ്പാ റിവർ പ്ലാന്റിന്റേതുപോലെയാണ്. വേൾഡ് ബാങ്കിനെക്കുറിച്ച് ഇവിടെ പരാമർശമുണ്ടായി. അങ്ങനെ യാതൊരു കരാറും ഉണ്ടായിട്ടില്ല. അവർ ചില നിർദ്ദേശങ്ങൾവച്ചു. നിർദ്ദേശങ്ങളിൽ പ്രൈവറ്റൈസേഷന്റെ സ്വഭാവമുള്ളവയുമുണ്ട്. മുഖ്യമന്ത്രിയും ഞാനുമായി ചർച്ചചെയ്ത് പ്രൈവറ്റൈസേഷന്റേത് ഈ ഗവൺമെന്റിന് സ്വീകാര്യമാവില്ലെന്ന് അവരോടുപറഞ്ഞു. ഇനി അവർക്ക് നമ്മുടെ നിർദ്ദേശങ്ങൾ സ്വീകാര്യമാണെന്ന് വന്നാൽ അതിനെപ്പറ്റിയുള്ള നടപടി ആലോചിച്ച് സ്വീകരിക്കും. അല്ലാതെ മെമ്പർമാർ ഭയക്കുന്നതുപോലെയാതൊരു കാര്യവും ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളമില്ല. Prevention of food adulteration-നെക്കുറിച്ച് പറഞ്ഞു. അത് സംബന്ധിച്ച് എന്റെ

LIBRARY ARCHIVES Kerala Legislative Assembly

കൈവശം ലിസ്റ്റുണ്ട്. പച്ചക്കറി, മീൻ, ഇറച്ചി തുടങ്ങിയവയിൽ മായം ചേർക്കുന്നത് തടയാൻ Prevention of Food Adulteration Act അനുസരിച്ച് കർശനമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവിടെ പറഞ്ഞത് വളരെ ശരിയാണ്. ആ മേഖലയെ adulteration-ൽ നിന്ന് വിമുക്തമാക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ നടക്കുകയാണ്. ഇനി ആരോപണങ്ങളെ സംബന്ധിച്ചാണ് പറയാനുള്ളത്. ഇവിടെ ഒന്നുരണ്ട് കാര്യങ്ങൾ പറഞ്ഞു. സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്ത മരുന്നുകൾ ധാരാളം പെരുകുന്നുവെന്നുപറഞ്ഞു. അത് പൂർണ്ണമായും ശരിയല്ല. കഴിഞ്ഞ ഒന്നരവർഷം സംസ്ഥാന ലാബിലും സ്വകാര്യ ലാബിലും എണ്ണായിരത്തി അഞ്ഞൂറിലധികം മരുന്നുകൾ പരിശോധിച്ചതിൽ ഇരുന്നൂറ്റിയൻപതിൽപ്പരം മരുന്നുകൾ ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടുപിടിച്ചു. ഇത് വെറും മൂന്ന് ശതമാനം മാത്രമാണ്. സർക്കാർ മരുന്നുകൾ മുഴുവൻ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. ഇത് ഉത്കണ്ഠാജനകമല്ലെന്നല്ല ഞാൻ പറയുന്നത്. ഇവിടെ പറഞ്ഞതുപോലെയല്ല മൂന്ന് ശതമാനമേയുള്ളുവെന്നാണ് പറഞ്ഞത്. തിരുവനന്തപുരം ആയുർവേദ കോളേജിനെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടാക്കി ഉയർത്തണമെന്ന് ശ്രീ. കെ. മോഹൻകുമാർ പറഞ്ഞു. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ തിരുവനന്തപുരം ആയുർവേദ കോളേജിനെ മോഡൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ ആയി ഉയർത്തുന്നതാണ്. ഇതിനായി 175 ലക്ഷംരൂപ ലഭിച്ചിട്ടുണ്ട്. പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയെ പഞ്ചകർമ്മ ഇൻസ്റ്റിറ്റ്യൂട്ടാക്കി ഉയർത്താനുള്ള നടപടികൾ സ്വീകരിക്കും. ഇത്രയുമാണ് അതിനെപ്പറ്റി പറയാനുള്ളത്. പ്രതികൂല സാഹചര്യങ്ങളിൽപ്പോലും മുമ്പുള്ള കണക്ക് പരിശോധിച്ചാൽ കേരളത്തിൽ ജനസംഖ്യാ നിരക്കിൽ ഇപ്പോൾ 9.43 ശതമാനത്തിന്റെ വർദ്ധനവേ ഉണ്ടായിട്ടുള്ളൂ. 1971-ൽ 26.29 ശതമാനമായിരുന്നു വർദ്ധനവ്. ഫാമിലി പ്ലാനിംഗിനെക്കുറിച്ചുള്ള റഫറൻസ് വന്നതുകൊണ്ട് ഞാൻ പറയുകയാണ്, ആ രംഗത്തൊക്കെ വളരെ നന്നായി പ്രവർത്തനം നടക്കുന്നതുകൊണ്ട് ഇക്കാര്യത്തിൽ ഇൻഡ്യയിൽത്തന്നെ കേരളം ഏറ്റവും മാതൃകാപരമായി പ്രവർത്തിക്കുന്നുണ്ട്. 9.43 ശതമാനം എന്നത് ഒരു സർവ്വകാല റിക്കാർഡാണ്.

ജനസംഖ്യ ഏറെയുള്ള സംസ്ഥാനങ്ങളിലെ ശിശുമരണ നിരക്കിന്റെ കണക്കുകൾ പറയാം. ആന്ധ്രാപ്രദേശിൽ 62 ശതമാനം, ആസാമിൽ 70 ശതമാനം. കേരളത്തിൽ അത് പത്ത് ശതമാനമാണ്. അതൊക്കെ നമ്മുടെ സിസ്റ്റത്തിന്റെ ശക്തിയാണ്. ഇതെല്ലാം പൊതുവിൽ ഗവൺമെന്റിന്റെ നേട്ടമെന്നല്ലേ പറയേണ്ടത്? നമ്മുടെ സിസ്റ്റം ശക്തിമത്തായി പ്രവർത്തിക്കുന്നു എന്നതിന് തെളിവായി ഞാൻ ചൂണ്ടിക്കാണിച്ചു എന്നേയുള്ളൂ. ഒ.പി.-യിൽ വരുന്ന ബർഡൻ ഡോക്ടർമാരുടെ കുറവുകൊണ്ടാണെന്ന് എല്ലാവരും ഇവിടെ ചൂണ്ടിക്കാണിച്ചു. ശ്രീ. ഖാദർ കവിതാത്മകമായി ഇവിടെ ചില കാര്യങ്ങൾ അവതരിപ്പിച്ചു. മാപ്പിള ലഹള നടന്ന കാലത്തുണ്ടാക്കിയ സ്റ്റാഫ് സ്ട്രെംഗ്തിലാണ് ഇവിടെ നിലനിൽക്കുന്നത്. 1960-61-ൽ സംസ്ഥാനത്ത് ഒ.പി. 27,89,602 ആയിരുന്നു. എന്നാൽ ഇന്ന് അത് 3,70,10,519 ആയി.

LIBRARY ARCHIVES Kerala Legislative Assembly

ഡി.എച്ച്.എസ്.-ലെ കണക്കാണ് ഞാൻ പറഞ്ഞത്. ബാക്കിയുള്ളവയുടെ കാര്യമല്ല. മെഡിക്കൽ കോളേജുകളെല്ലാംകൂടി കൂട്ടിയാൽ ഒ.പി. 7.5 കോടി ആയി വർദ്ധിച്ചു. എന്നാൽ ഡോക്ടർമാരുടെ കാര്യം അങ്ങനെ വളർന്നില്ല. ഇപ്പോൾ ഗവൺമെന്റ് 1200 സ്റ്റാഫിനെ ക്രിയേറ്റ് ചെയ്തു. അതിനുവേണ്ടി സ്റ്റാഫ് സ്ട്രെംഗ്തിന്റെ പുനർനിർണ്ണയം നടന്നിട്ടുണ്ട്. പുതുക്കി നിശ്ചയിച്ചതിനായി 81 കോടി രൂപയുടെ നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അതനുസരിച്ച് ഏകദേശം 12,000 പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെടേണ്ടിയിരിക്കുന്നു. അതിൽ 944 തസ്തികകൾ ഡോക്ടർമാരുടേതാണ്. ഇപ്പോൾത്തന്നെ ആയിരത്തിൽ ചിലാനം തസ്തികകൾ പുതുതായി രൂപീകരിച്ചതാണ്. 360 ഡോക്ടർമാരെ അയയ്ക്കണമെന്ന് ഞങ്ങൾ നേരത്തേ പബ്ളിക് സർവ്വീസ് കമ്മിഷനോട് ആവശ്യപ്പെട്ടതാണ്. എല്ലാംകൂടി 1200 ഡോക്ടർമാരുടെ വേക്കൻസിയുണ്ട്. അത് പബ്ളിക് സർവ്വീസ് കമ്മിഷന്റെ പരിഗണനയിലാണ്. ഞാൻ പി.എസ്.സി. ചെയർമാനെ നേരിട്ട് പല തവണ വിളിച്ചു. അവർക്ക് ചില പ്രൊസീഡ്യുവർ ഉണ്ട്. അവരുടെ കൈവശം ആകെ 2,000 പേരുടെ ലിസ്റ്റ് മാത്രമേയുള്ളൂ. ആ പരിതസ്ഥിതിയിൽ ഇന്റർവ്യൂ നടത്തേണ്ട കാര്യമില്ല. കാരണം, ഒരിക്കലും 40 ശതമാനത്തിൽ കൂടുതൽ ആളുകൾ ഇടയിടെ ജോയിൻ ചെയ്യാറില്ല. അതുകൊണ്ട് എല്ലാവരേയും അയയ്ക്കും എന്ന് പറഞ്ഞിട്ടുണ്ട്. ഏതായാലും ഞാൻ സഭയ്ക്ക് ഉറപ്പ് നൽകുന്നു, പി.എസ്.സി.-യിൽ നിന്ന് അയയ്ക്കുന്ന മുറയ്ക്ക് എല്ലാവരേയും ആശുപത്രികളിൽ നിയമിച്ച് പരാതികൾ ഒഴിവാക്കുമെന്നുള്ളത് നിശ്ചയമാണ്.

ഡോ. കെ. സി. ജോസഫ്: സർ, ഡോക്ടർമാരുടെ കാര്യത്തിൽ പി.എസ്.സി. ലിസ്റ്റിൽ നിന്ന് വന്നാലും അതിലുള്ള മൂന്നിലൊന്ന് ആളുകൾ പോലും റൂറൽ ഏരിയയിൽ ജോയിൻ ചെയ്യുന്നില്ലെന്നുള്ളതാണ് വസ്തുത. ആ സാഹചര്യത്തിൽ ഗവൺമെന്റ് മെഡിക്കൽകോളേജിൽ പഠിക്കുന്ന കുട്ടികൾക്കും, മറ്റ് മെഡിക്കൽകോളേജുകളിലെ ഫ്രീ സീറ്റിൽ പഠിക്കുന്ന കുട്ടികൾക്കും, സർക്കാർ ചെലവിൽ കുറച്ച് ആനുകൂല്യം കിട്ടുന്നുണ്ട്. അത്തരം കുട്ടികൾ ഡോക്ടർമാരായി മാറുമ്പോൾ ഹൗസ് സർജൻസി കഴിഞ്ഞാൽ ഏറ്റവും ചുരുങ്ങിയത് ഒരു വർഷമെങ്കിലും നിർബന്ധമായും റൂറൽ ഏരിയയിൽ സർവ്വീസ് നടത്തണമെന്നുള്ള ബോണ്ട് വച്ച് അവരുടെ സേവനം റൂറൽ ഏരിയായിലെ ജനങ്ങൾക്ക് നിർബന്ധമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: സർ, അക്കാര്യം പരിശോധിക്കാം. നിയമപരമായി കുഴപ്പമില്ലെങ്കിൽ അതിന് എന്താണ് ചെയ്യാൻ കഴിയുക എന്നുള്ളത് നോക്കാം. നമ്മുടെ ആവശ്യത്തിന് ഡോക്ടർമാരും പാരാ മെഡിക്കൽ സ്റ്റാഫും സംസ്ഥാനത്തുണ്ടായിരുന്നില്ല. ഇവിടെ ഏഴ് മെഡിക്കൽകോളേജുകളാണുള്ളത്. അതുകൊണ്ടാണ് സ്വാശ്രയ കോളേജ് സംവിധാനത്തിലൂടെ നമുക്ക് കൂടുതൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചത്. സ്വന്തമായി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്താൽ 450 കോടിയോളം രൂപയുടെ ഇൻവെസ്റ്റ്മെന്റുണ്ട്. (റെക്കറിംഗ് ചെലവ് വേറെയാണ്). അത് ചെയ്യാൻ സർക്കാരിന് കഴിയുമോ? അങ്ങനെയൊരു സാഹചര്യത്തിലാണ് ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും കൂടുതലായി എടുക്കാൻവേണ്ടി സ്വാശ്രയ കോളേജ് എന്ന സമീപനമുണ്ടായത്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. എന്തായാലും സർക്കാർ ഫീസ് വളരെ കുറവാണ്. 12,000 രൂപ വരും. ആ ഫീസിൽ 350 പേർക്കുകൂടി പുതുതായി പഠിക്കാൻ കഴിയുന്ന ഒരു സൗകര്യമാണ് ഒരുക്കിയിരിക്കുന്നത്. അത് സംസ്ഥാനം സ്വീകരിച്ചില്ലെങ്കിൽ ഇപ്പോൾ കാണുന്ന രീതിയിൽ എട്ട് കോടിയായി ഒ.പി. കൂടുകയും ഡോക്ടർമാരില്ലാതിരിക്കുന്ന അവസ്ഥ പെർമനന്റായിട്ടുള്ള ഒരു ശാപമായി നിലനിൽക്കുകയും ചെയ്യും. കർണ്ണാടകത്തിൽ നിന്നും തമിഴ്നാട്ടിൽ നിന്നും ഡോക്ടർമാരെ വരുത്തി അതിവിദൂരഭാവിയിൽ ഭാഷ മനസ്സിലാകാത്തവർ ഇവിടെ ചികിൽസിക്കേണ്ടിവരുന്ന അവസ്ഥയിലേയ്ക്ക് സംസ്ഥാനം വളരെ വേഗം പോയ്ക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഒരു രാഷ്ട്രീയ ഇൻവോൾവ്മെന്റല്ല ഞാൻ പറഞ്ഞത്. അതുകൊണ്ട് ഇതുണ്ടായതു പറ്റൂ. ഏഴ് മെഡിക്കൽ കോളേജുകൾ ഉണ്ട്. അതിൽ 350 പേർ ഇങ്ങനെ വരുന്നവരും അല്ലാത്തവർ പണം വാങ്ങിച്ചിട്ടാണെന്നും ന്യായമായ ചോദ്യം ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ ചോദിച്ചു. പക്ഷേ അവർ സംസ്ഥാനത്തിന് പുറത്തുപോയി എത്രയോ വർഷമായി പണം കൊടുത്തുകൊണ്ടിരിക്കുന്നു. ഇനിയും പണം കൊടുക്കും. ഇത്തരം സാമൂഹ്യ വ്യവസ്ഥയെ നമുക്ക് എതിർക്കാൻ കഴിയുമോ എന്ന് നോക്കണം. അല്ലാതെ അതിനെക്കുറിച്ച് ഒരു ചർച്ചയിലേയ്ക്ക് ഞാൻ പോകുന്നില്ല. സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യത്തിന്റെ നിലനിൽപ്പിന് വേറൊരു മാർഗ്ഗവുമില്ല എന്ന സാഹചര്യത്തിലാണ് സ്വാശ്രയ കോളേജ് സംവിധാനമുണ്ടാക്കിയതെന്ന് ഈ സന്ദർഭത്തിൽ ഞാൻ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇപ്പോൾ അടിയന്തിരമായി ഡോക്ടർമാരെ കിട്ടാൻ കാരണമെന്താണ്? 100 പേരെങ്കിലും മെഡിക്കൽ കോളേജിൽ നിന്നും വർഷംതോറും പെൻഷൻ പറ്റിപ്പോകുന്നു. അവരാണ് fraternity-യുടെ cream. ഇവിടെ നിന്ന് പെൻഷൻപറ്റി പോയ ആളുകളുടെ പേരിലാണ് ഇന്നു കാണുന്ന മിക്ക ആശുപത്രികളും. അത്രയും പ്രഗൽഭന്മാരായ ആളുകളാണ് ഇവിടെ നിന്നും പെൻഷനായി പോകുന്നത്. അക്കാര്യത്തിൽ നമ്മൾ ഒരു കൺസെൻസസിൽ എത്തേണ്ടതാണ്. മൂന്ന് കൊല്ലം കഴിയുമ്പോൾ, സ്വാശ്രയകോളേജുകളിലെ കുട്ടികൾ പഠിച്ച് ഡോക്ടർമാരായി പുറത്തിറങ്ങുന്നതുവരെയെങ്കിലും വിദഗ്ദ്ധരായ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണം. പെൻഷൻ പ്രായം കൂട്ടണമെന്ന് ഞാൻ പറയുന്നില്ല. ഇനി വരുന്നവരുടെ പ്രൊമോഷൻ സൗകര്യം തടസ്സപ്പെടുത്തണമെന്നും ഞാൻ പറയുന്നില്ല. പക്ഷേ എങ്ങനെയെങ്കിലും ആ ഡോക്ടർമാരുടെ സർവ്വീസ് നിലനിർത്തി പാവപ്പെട്ട ആളുകൾക്ക് അവരുടെ സേവനം ലഭ്യമാക്കേണ്ടത്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമാണ്. അക്കാര്യം ഞാൻ സഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു. രാഷ്ട്രീയവിവാദത്തിനുവേണ്ടിയല്ല. അല്ലാതെ ഞാൻ നോക്കിയിട്ട് യാതൊരു മാർഗ്ഗവുമില്ല. എഴുന്നൂറോ എണ്ണൂറോ പേർ പി.എസ്.സി.-യിൽ നിന്ന് വരും. നമുക്ക് ആവശ്യമുള്ള തൊള്ളായിരം ഡോക്ടർമാരിൽ കുറേശ്ശെയായിട്ടായാലും ഗണ്യമായി ഡോക്ടർമാരുടെ സംഖ്യ ഗവൺമെന്റ് അനുവദിക്കുമെന്നുള്ളതിൽ എനിക്ക് സംശയമില്ല. പക്ഷേ ഡോക്ടർമാർ എവിടെ? അതാണ് പ്രശ്നം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, മൂന്ന് വർഷമെന്ന് ഉദ്ദേശിക്കുന്നത് പുനർനിയമനമാണോ, കോൺട്രാക്ട് നിയമനമെന്നാണോ?

<u>ശ്രീ. കടവൂർ ശിവദാസൻ:</u> അതു ഞാൻ പറയാം. ശ്രീ. കോടിയേരി ബാലകൃഷ്ണനെപ്പോലെ പരിണതപ്രജ്ഞരായവരുടെ പരിഗണനയ്ക്ക് വിടുകയാണ്. Supernumerary ആയിട്ടാണോ Doctor emeritus ആയിട്ടാണോ നിയമിക്കേണ്ടത് എന്നുള്ളതാണ് ആലോചിക്കേണ്ടത്. നമുക്ക് ലാഭമാണ്. അവർ പെൻഷൻ വാങ്ങുന്നവരാണെങ്കിലും അവസാനം പകുതി തുക കൊടുത്താൽ മതി. അങ്ങനെ അവരുടെ സേവനം ലഭ്യമാക്കുന്നതിന് നമ്മളെല്ലാവരും കൂടി ആലോചിച്ച് ഒരു കൺസെൻസസ് ഉണ്ടാക്കുന്നത് സംസ്ഥാനത്തിന്റെ ഹെൽത്ത് സിസ്റ്റം നിലനിർത്താൻ ആവശ്യമാണ്. അല്ലെങ്കിൽ മിടുക്കന്മാരായ ഡോക്ടർമാരെല്ലാം ഇവിടെ നിന്ന് ചോർന്നുപോകും. പുതിയ തലമുറ വരുകയുമില്ല. സത്യം പറഞ്ഞാൽ മലബാർ ക്യാൻസർ സെന്റർ ഇതിന്റെ കീഴിൽ വരുന്നതല്ല. എസ്.എൻ.സി. ലാവ്‌ലിന്റെ സംഭാവനയായിട്ട് വരുമെന്ന് വിചാരിച്ചതാണ്. ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെന്റിന്റെ അഡ്മിനിസ്ട്രേഷൻ വിംഗിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റി ഭരണം നടത്തുന്ന ഒരു സംവിധാനമാണ്. ധാരാളം പണം സർക്കാർ കൊടുത്തിട്ടുണ്ട്. ഇനിയും കൊടുക്കാം. ഞങ്ങളുടെ ക്യാൻസർ സെന്ററിൽ നിന്ന് ഡോക്ടർമാരെ അവിടെ അയയ്ക്കുന്നുണ്ട്. അതുകൊണ്ട് അത് ശക്തിപ്പെടുത്തുന്നതിനുവേണ്ട കാര്യങ്ങളെല്ലാം ചെയ്യാം. ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞ കാര്യങ്ങളെല്ലാം നോട്ട് ചെയ്തിട്ടുണ്ട്. ഇല്ലായ്മയിൽ നിന്നു തന്നെ ആവശ്യമുള്ള ഡോക്ടർമാരേയും പാരാ മെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്നു മാത്രമാണ് എനിക്ക് പൊതുവിൽ പറയാനുള്ളത്. കെ.എച്ച്.ആർ.ഡബ്ളിയു.എസ്.-ലെ കാര്യം ഇവിടെ പറഞ്ഞു. അത് വളരെ പ്രയോജനപ്പെടുത്താവുന്നതാണ്. കെ.എച്ച്.ആർ.ഡബ്ളിയു.എസ്.-ലെ ചില ആളുകളെ സംബന്ധിച്ച് ആക്ഷേപങ്ങളുണ്ടായിരുന്നു. അവരെയെല്ലാം മാറ്റി. ശ്രീ. വാഹീദ് പറഞ്ഞതുപോലെ വളരെ പ്രഗൽഭനായ അഴിമതിയുടെ സ്പർശമേൽക്കാത്ത, ഒരുദ്യോഗസ്ഥനെ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്ന് അവിടെ നിയമിച്ചു. അവിടെ നല്ല കാര്യങ്ങൾ തുടരുന്നു എന്നാണ് മനസ്സിലാക്കുന്നത്. അതിന്റെ പ്രവർത്തനങ്ങൾ കുറച്ചുകൂടി മെച്ചപ്പെടുത്താനുള്ള ശ്രമം ഗവൺമെന്റ് ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ: സർ, നമ്മുടെ സംസ്ഥാനത്ത് ഏറ്റവും മാതൃകാപരമായി തുടങ്ങിയിരിക്കുന്ന ഒരു സ്ഥാപനമാണ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്. സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുമ്പോൾ പരിശോധിക്കുന്നതിനായി പൂനാ മോഡൽ ഇൻസ്റ്റിറ്റ്യൂട്ട് 1996-ൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ തുടങ്ങിയതാണ്. പക്ഷേ നിർഭാഗ്യവശാൽ അവിടെ യാതൊരു പ്രവർത്തനവും നടക്കുന്നില്ല. കഴിഞ്ഞവർഷം Supplementary Budget-ൽ കൊടുത്ത ഒരുകോടി രൂപ പോലും അവരുടെ കെടുകാര്യസ്ഥത കൊണ്ട് ലാപ്സായിരിക്കുകയാണ്. അതിന് എം.എൽ.എ.-മാർ അംഗങ്ങളായിട്ടുള്ള ഒരു ഗവേണിംഗ് ബോഡിയുണ്ട്, ഇന്നുവരെ ആ ഗവേണിംഗ് ബോഡി വിളിച്ചിട്ടില്ല. അത് വളരെ പ്രധാനപ്പെട്ട ഒരു സ്ഥാപനമാണ്.

ശ്രീ. കടവൂർ ശിവദാസൻ: അത് വളരെ ഗൗരവമുള്ള കാര്യമാണ്. ഡി.എച്ച്.എസ്. ആയിരുന്ന ശ്രീ. രാജനെ അങ്ങോട്ട് ട്രാൻസ്ഫർ ചെയ്തതാണ്; അദ്ദേഹം അവിടെ ചാർജ്ജ് എടുത്തിട്ടില്ല. ഉടൻതന്നെ അവിടത്തെ പ്രശ്നം എന്താണെന്ന് അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അതുപോലെതന്നെ diabetes-ന് അതിന്റേതായ വലിയൊരു മഹാസ്ഥാപനം നമ്മൾ കെട്ടിപ്പൊക്കുന്നുണ്ട്. അതിന്റെ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല, അതും നല്ല രീതിയിലുണ്ടാകും. Heart foundation സ്ഥാപിക്കുന്നതിനെപ്പറ്റിയുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെതന്നെ നേതൃത്വത്തിൽ നാലഞ്ചു ദിവസംമുമ്പ് കമ്മിറ്റി കൂടി ചർച്ച ചെയ്ത് ആവശ്യമായ തീരുമാനമെടുത്തിട്ടുണ്ട്. അതിനെ സംബന്ധിച്ചുള്ള നടപടികളുമുണ്ടാകും.

ശ്രീ. എം. എ. വാഹീദ്: സർ, കെ.എച്ച്.ആർ.ഡബ്ലിയു.എസ്സ്.-ലേയ്ക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനെക്കുറിച്ച് ഒരു നിർദ്ദേശം പറഞ്ഞു, അതിനെക്കുറിച്ച് ഗവൺമെന്റ് പരിഗണിക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: അത് പരിഗണിക്കാവുന്നതാണ്. മരുന്ന് ലഭ്യമാകുന്നതിന്റെ രീതിയനുസരിച്ച് അത് നോക്കാം.

ശ്രീ. കെ. മുഹമ്മദാലി: സർ, ഇവിടെ നഴ്സിംഗ് സ്ക്കൂളുകളൊക്കെ ധാരാളമായി അനുവദിക്കാറുണ്ട്. താലൂക്ക് ആശുപത്രികളുടെ Hospital Development Committee, Self financing അടിസ്ഥാനത്തിൽ നഴ്സിംഗ് സ്ക്കൂളുകൾ തുടങ്ങുന്നതിന് അപേക്ഷ അയച്ചിട്ടുണ്ട്. ഇതുവരെ അനുമതിയൊന്നും തന്നിട്ടില്ല. അതേസമയം സ്വകാര്യമേഖലയിൽ വളരെ സുലഭമായി കൊടുക്കുന്നുണ്ട്, അക്കാര്യം ഗവൺമെന്റ് പരിശോധിക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: അതെല്ലാംകൂടി ഇപ്പോൾ റിപ്പോർട്ടിന് പോയിട്ടുണ്ട്; റിപ്പോർട്ട് വരുന്ന മുറയ്ക്ക് ഒരു വിവേചനവും കൂടാതെ എല്ലാവർക്കും കൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ കാര്യമാണ് എനിക്ക് പറയാനുള്ളത്. അങ്ങ് പലതും പ്രഖ്യാപിച്ചതിന്റെ കൂട്ടത്തിൽ പല മെഡിക്കൽ കോളേജുകളെക്കുറിച്ചും ഇവിടെ പറഞ്ഞല്ലോ, നേരത്തേതന്നെ തൃശ്ശൂർ മെഡിക്കൽ കോളേജിൽ പ്രിൻസിപ്പൽ ഇല്ല, ഉള്ളത് വൈസ് പ്രിൻസിപ്പലായിരുന്നു എന്നു പറയുകയുണ്ടായി. ഇപ്പോൾ വൈസ് പ്രിൻസിപ്പലുമില്ല, അദ്ദേഹം ലീവെടുത്തുപോയി. പിന്നെ എങ്ങനെയാണ് തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ മാറ്റവും നടപടികളും പൂർത്തിയാക്കാൻ കഴിയുന്നത്?

ശ്രീ. കടവൂർ ശിവദാസൻ: ഉടനെതന്നെ ഞാനത് പരിശോധിക്കാം. എന്നുമാത്രമല്ല, ഞാനത് പറയാൻ വിട്ടുപോയതാണ്; തൃശ്ശൂരും ആലപ്പുഴയും മെഡിക്കൽ കോളേജുകൾ ഷിഫ്റ്റ് ചെയ്യുന്നതിനുള്ള സ്റ്റാഫിനെ സൃഷ്ടിച്ചിട്ടുണ്ട്, അതും താമസിയാതെ ഷിഫ്റ്റ് ചെയ്യുന്നതാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: കാസർഗോഡ് ജില്ലാ ആശുപത്രിക്ക് പുതിയ കെട്ടിടമെല്ലാം തയ്യാറായി നിലവിലുള്ള സംവിധാനത്തിൽ നിന്നും മാറാൻ ആവശ്യമായ തയ്യാറെടുപ്പിലാണ്; അവിടെ staff fixation-ഉം പുതിയ സംവിധാനങ്ങളുമുണ്ടാക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: കാസർഗോഡ് എങ്ങനെ വികസിപ്പിക്കാമെന്നതു സംബന്ധിച്ച് ഒരു ചർച്ച ബഹുമാന്യനായ മന്ത്രിയുടെയൊക്കെ സാന്നിദ്ധ്യത്തിൽ ഈ അടുത്ത ഒരു ദിവസംതന്നെ വിളിച്ചിട്ടുണ്ട്; അന്ന് ആവശ്യമായ തീരുമാനമെടുക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: Please, Please,.....He is not yielding.

ശ്രീ. ടി. കെ. ദേവകുമാർ: സർ, സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കുന്നതുസംബന്ധിച്ച് ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു.....

ശ്രീ. കടവൂർ ശിവദാസൻ: അത് റഗുലേറ്റുചെയ്യുന്നതിന് ഒരു നിയമമുണ്ടോ എന്നുള്ളതാണ് ചോദിക്കുന്നത്. അതുപോലെതന്നെ അവർ നടത്തുന്ന ലാബുകളുണ്ട്; അതിനൊന്നും ഒരു നിയന്ത്രണവുമില്ല. ഓരോ സ്ഥലത്തും അവരവർക്ക് തോന്നുന്നതുപോലെയാണ് നടത്തുന്നത്. ഇതിനൊരു regulating authority-യെ രൂപീകരിക്കേണ്ടത് ആവശ്യമാണ്, പക്ഷേ ഇവിടെ അങ്ങനെയൊന്നുമില്ല. നിയമസഭയിൽനിന്നുള്ള ഒരു സജഷന്റെ അടിസ്ഥാനത്തിൽ ഒരു regulating authority ഉണ്ടാക്കുന്നതിനെക്കുറിച്ചുള്ള ചിന്തയും അതിന്റെ നടപടികളും ആരംഭിക്കുന്നതാണ്. ഞാൻ ഇനി ആരോപണങ്ങൾക്ക് മറുപടി പറയുകയാണ്. സി.പി.സി. മരുന്ന് വാങ്ങിയതിനെ സംബന്ധിച്ചെല്ലാം ഇവിടെ

വിശദമായി പറഞ്ഞു; ഇതൊന്നും ഈ രീതിയിലല്ല സംഭവിച്ചിട്ടുള്ളത് എന്നുള്ളതുകൊണ്ട് ഞാൻ ഈ ആരോപണങ്ങളെല്ലാം ശക്തിയായി നിഷേധിക്കുന്നു. 2003-2004 വർഷത്തേയ്ക്ക് സി.പി.സി. രൂപീകരിക്കുന്നതിന് കുറച്ച് താമസമുണ്ടായി. അത് അന്നത്തെ ഡി.എച്ച്.എസ്. ആയിരുന്ന ശ്രീ. രാജന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെന്ന് ബഹുമാനപ്പെട്ട മെമ്പർ തന്നെ പറഞ്ഞു. അതിൽ ശ്രീ. രാജന്റെതന്നെ ഇടപെടലുണ്ട്. അതുപോലെതന്നെയാണ് ഇവിടെവന്നിരിക്കുന്ന അഭയറാബ് കേസ്. ആ വാക്സിന്റെ കാര്യത്തിലും അദ്ദേഹത്തിന്റെ ഇടപെടൽ തന്നെയാണ് വന്നിരിക്കുന്നത് Hepatitis-B-യെ സംബന്ധിച്ച് ഗവൺമെന്റ് വളരെ കാര്യമായി financial wing-നെക്കൊണ്ട് അന്വേഷിപ്പിച്ചിട്ടുണ്ട്; വിജിലൻസും അന്വേഷിക്കുന്നുണ്ട്. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ ട്രാൻസ്ഫർ ചെയ്യുകയും മാറ്റിനിർത്തുകയും ചെയ്ത ഒരു വസ്തുതയെപ്പറ്റിയാണ് ഈ ആരോപണം വന്നത്. ഞാൻ പറഞ്ഞുവന്നത് ഗവൺമെന്റ് നോക്കാത്തതല്ല, ഗവൺമെന്റ് ഇതെല്ലാം ഗൗരവ പൂർവ്വം നോക്കുകയും നിയമപ്രകാരം അദ്ദേഹത്തിനും ബന്ധപ്പെട്ടവർക്കുമെതിരായി നടപടികളെടുക്കുകയും ചെയ്തതാണ് എന്നാണ് എനിക്ക് പൊതുവിൽ പറയാനുള്ളത്. പ്രത്യേകം പ്രത്യേകമാണെങ്കിൽ 2003-2004 വർഷത്തേയ്ക്ക് സി.പി.സി. രൂപീകരിക്കുന്നതിന് കുറച്ച് താമസിച്ചു. പുതുക്കിയ purchase policy പരിഗണനയിലിരുന്നതിനാൽ മറ്റു സ്റ്റേറ്റുകളിൽ നടക്കുന്ന രീതികൾ പഠിച്ച് അതിനനുസരണമായി സ്റ്റോർ പർച്ചേസ് വകുപ്പിൽ നിന്നും പ്രതിനിധിയെ നോമിനേറ്റു ചെയ്യുന്നതിനുള്ള കാലതാമസമുണ്ടായതിനാലാണ് ഇത്തരത്തിൽ താമസം ഉണ്ടായത്. പുതിയ സി.പി.സി. ടെണ്ടർ വിളിച്ച് മരുന്നുകൾ വാങ്ങിയപ്പോൾ ചില മരുന്നുകൾക്ക് നേരിയ തോതിലുള്ള വില വ്യത്യാസമുണ്ടായിട്ടുണ്ട്. എന്നാൽ ഗവൺമെന്റ് ആശുപത്രികളിലെ മരുന്നു ദൗർലഭ്യം ഒഴിവാക്കുന്നതിനുവേണ്ടിയാണ് പുതിയ സി.പി.സി. നിരക്ക് നിശ്ചയിക്കുന്നതുവരെ പഴയ നിരക്കിൽ മരുന്നുകൾ വാങ്ങിയിട്ടുള്ളത്. അത്യാവശ്യത്തിനുള്ള മരുന്ന് മാത്രമേ ഇത്തരത്തിൽ വാങ്ങിയിട്ടുള്ളൂ. മറ്റൊരു ആരോപണം Hepatitis-B vaccine വാങ്ങിയതിനെക്കുറിച്ചാണ്. അഭയറാബ് വാക്സിൻ വാങ്ങിയതുപോലെ ഇത് സംബന്ധിച്ചും വിജിലൻസ് വകുപ്പിന്റെ അന്വേഷണം നടക്കുന്നുണ്ട്. അദ്ദേഹത്തെ അവിടെനിന്നും ട്രാൻസ്ഫർ ചെയ്യുകയും അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്ത് അദ്ദേഹം 1.49 കോടി രൂപയ്ക്കും കൊല്ലത്ത് 35.7 ലക്ഷത്തിനും മരുന്ന് വാങ്ങിയിട്ടുണ്ട്, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി എന്നിവിടങ്ങളിൽ വാങ്ങിയിട്ടില്ല. ഇതുസംബന്ധിച്ച് അന്വേഷണം നടക്കുന്നുണ്ട്, അതിന്റെ കാര്യങ്ങൾ വരുന്നുണ്ട്. ഗവൺമെന്റ് ഇത് കണ്ടുപിടിച്ചിട്ടുണ്ട്, അത് ഇങ്ങനെ സംഭവിച്ചു പോയതിൽ ഗവൺമെന്റിന് ഉത്ക്കണ്ഠയുണ്ട്. അതിന് കുറ്റക്കാരായ ആളുകളുടെ പേരിൽ നടപടിയെടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അഭയറാബ് സംബന്ധിച്ച് ഹൈക്കോടതിയിൽ രണ്ടുകേസുകളാണുണ്ടായത്. ആ രണ്ട് കേസുകളിലും രണ്ട് affidavit കൊടുത്തുവെന്നു പറഞ്ഞു. ഒന്ന്, ആ മരുന്ന് നല്ലതാണെന്നു പറഞ്ഞുകൊണ്ടുള്ളതാണ്. മറ്റേത് മോശമാണെന്നു പറഞ്ഞുകൊണ്ടുള്ളതും. ഇതിൽ ഏതാണ് ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള നയമെന്നു ചോദിച്ചു; അതിനൊരു ഉത്തരം പറയണം.

ശ്രീ. കടവൂർ ശിവദാസൻ: നേരത്തേയുള്ളത് ഞാൻ നോക്കിയിട്ടില്ല; ഇപ്പോഴുള്ള affidavit-നെക്കുറിച്ച് ഞാൻ പറയാം; അഭയറാബ് കേസിൽ lowest quotation അവരുടേതായിരുന്നു അതുകൊണ്ട് അത് വാങ്ങാൻ തീരുമാനിച്ചു. അതിനുപരി ഗവൺമെന്റ് ഫേം എന്നുപറഞ്ഞാൽ കോ-ഓപ്പറേറ്റീവ് സെക്ടറിൽ മിൽമയുടെ കീഴിലുള്ള പബ്ലിക് സെക്ടർ പോലെയുള്ള ഒരു സ്ഥാപനമാണ്. അതുകൊണ്ട് ഒരു പബ്ലിക് സെക്ടറാണെന്നുള്ള പ്രധാന്യം കൊടുത്താണ് അത് വാങ്ങിയിട്ടുള്ളത്. അതിന്റെ കണക്ക് ഞാൻ പറയാം; 2001-2002-ൽ അവരുടേതായിരുന്നു കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ, ഒന്നിന് 147 രൂപ. രണ്ടാമത് വന്നത് 181 രൂപയുടേതായിരുന്നു; 34 രൂപയുടെ വ്യത്യാസമുണ്ട്. 19-10-2002-ൽ കൊല്ലം ജില്ലാ ആശുപത്രി സൂപ്രണ്ട് ഹെൽത്ത് ഡയറക്ടർക്ക് ഒരു റിപ്പോർട്ട് കൊടുത്തു. അതായത് 14-8-2002-ൽ സുഖ് യാം എന്നൊരാൾക്ക് അഭയറാബ് വാക്സിൻ നൽകിയതുമൂലം പനിയും വിറയലുമുണ്ടായി. രണ്ടാംതവണയും വാക്സിൻ നൽകി 48 മണിക്കൂർ കഴിഞ്ഞാണ് അസുഖമുണ്ടായത്. മറ്റുചിലരിലും ഇത്തരത്തിൽ reaction ഉണ്ടായിയെന്നും AYB 90-91 Batch-ൽ നിന്നുമാണ് വാക്സിൻ നൽകിയതെന്നും അതിൽ പറയുന്നു. 2002-ൽ കണ്ടെന്നു പറയുന്ന reaction റിപ്പോർട്ട് ചെയ്തത് രണ്ടുമാസത്തിലേറെ കഴിഞ്ഞാണ്; അതായത് 19-10-2002-ലാണ് റിപ്പോർട്ട് ചെയ്തത്. ഏതായാലും ഡി.എച്ച്.എസ്. ഇതിന്റെ അപാകതകളൊന്നും നോക്കാതെ അപ്പോൾത്തന്നെ അത് freeze ചെയ്തു. അതാണ് ഇതിനകത്തുള്ള ഒരു അഴിമതി. ഇതുസംബന്ധിച്ച് ഡ്രഗ്സ് ഇൻസ്പെക്ടർ പരിശോധിച്ചു. ആ അന്വേഷണത്തിൽ ഇത് തെറ്റായി സൂക്ഷിച്ചു എന്ന് കണ്ടെത്തി. അതായത് 8°C-ൽ സൂക്ഷിക്കേണ്ടതാണെന്നാണ് ഇതിൽ പറയുന്നത്. 2°C മുതൽ 8°C വരെയാണ് യഥാർത്ഥത്തിൽ വാക്സിൻ സൂക്ഷിക്കേണ്ടിയിരുന്നത്. പക്ഷേ ഇവിടെ സൂക്ഷിച്ചിരുന്നത് room temperature-ൽ ആയിരുന്നു. അതായത് 26°C-28°C വരും. പക്ഷേ ആ നടപടി ഗവൺമെന്റ് അംഗീകരിച്ചില്ല. അദ്ദേഹം രണ്ടാമത് L-2-ൽ നിന്നു വാങ്ങി, പ്രഥമദൃഷ്ട്യാ തെറ്റുതന്നെയാണ് എന്നുള്ളതു തന്നെയാണ് ഗവൺമെന്റിന്റെ ഇപ്പോഴത്തെ നിലപാട്. പിന്നെ വാങ്ങാതിരുന്നു. ഞാൻ ചാർജ്ജ് എടുത്തപ്പോൾ തന്നെ ഇതു സംബന്ധിച്ച ഫയൽ കൊണ്ടുവരാൻ സെക്രട്ടറിയോടു പറഞ്ഞു. അതുമുഴുവൻ ഞാൻ വായിച്ചു നോക്കിയപ്പോൾ എനിക്ക് വലിയ സംശയമൊന്നുമുണ്ടായില്ല, അഭയറാബ് വാങ്ങിയത് വളരെ കറക്ടായ

നടപടിയാണ്, അതിൽ ഒരു തെറ്റുമില്ല, അത് അവരുടെ കൈയിൽനിന്നും വാങ്ങണം. ഉടനെ ടെണ്ടർ കൊടുക്കാൻ ഞാൻ പറഞ്ഞു, അപ്പോഴും അദ്ദേഹം പറഞ്ഞിട്ടില്ല. എന്നാൽ പിന്നെ പരിശോധിച്ചുനോക്കിയപ്പോൾ നേരത്തെ ഒരു സെക്കന്റ് ടെണ്ടർ കൊടുത്തിരുന്നു, അതിൽ അഭയറാബിനെ ഉൾപ്പെടുത്തിയിരുന്നില്ല എന്നുകണ്ടു. അവർ ഹൈക്കോടതിയിൽ പോയപ്പോൾ ഹൈക്കോടതി അഭയറാബിനെ ഉൾപ്പെടുത്താൻ പറഞ്ഞു. ആ ഓർഡറിന്റെ അടിസ്ഥാനത്തിൽ വീണ്ടും അഭയറാബിനെ ഉൾപ്പെടുത്താൻ തീരുമാനിച്ചു. ഞാൻ നേരത്തെ ചോദ്യോത്തര വേളയിൽ പറഞ്ഞ മറുപടിയിൽ ചെറിയൊരു വ്യത്യാസമുണ്ട്. അതു ഞാൻ മനസ്സിലാക്കിയതാണ്. എന്താണെന്നു വച്ചാൽ ഓർഡർ കൊടുത്തു എന്നതല്ല; second tender കൊടുക്കാൻ തീരുമാനിച്ചു. പക്ഷേ ഹൈക്കോടതിയിൽ കിട്ടിയ കേസായതുകൊണ്ട് ഹൈക്കോടതിയുടെ സാംഗ്ഷൻ വാങ്ങിച്ചുകൊടുക്കാമെന്ന് ഉദ്യോഗസ്ഥർ വിചാരിച്ചു. അത്രയും വ്യത്യാസം ഉണ്ട്. അതുകൊണ്ട് അവർ പറഞ്ഞു, അവർക്കുവേണ്ടിയാണ് ഇത് തീരുമാനിച്ചിരിക്കുന്നത്, ഉടനെ അതു തരാൻ നിങ്ങൾ തയ്യാറാകണം എന്ന്. However the company stated that they would be able to effect the supply only in September 2004. The committee informed the company that the supply order would be placed subject to the decision of the High Court. കൊടുത്തു എന്നു പറഞ്ഞതല്ല, പഞ്ചായത്ത് തീരുമാനിച്ചു, കോടതിയുടെ സാംഗ്ഷൻ കൂടിയുണ്ട്. ഗവൺമെന്റ് ഇതിൽ പ്രതിയാണെന്ന് ഒരു വിധത്തിലും പറയാൻ പറ്റില്ല .....(ബഹളം).....

ശ്രീ. പി. കെ. ദേവകുമാർ: മരുന്ന് വാങ്ങിയത് സി.പി.സി. ചെയർമാനായ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശുപാർശ പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ വെളിച്ചത്തിൽ ആണ്. 2002-03-ലെ സി.പി.സി. റേറ്റ് കോൺട്രാക്ടിൽ മരുന്നുകൾ 15-7-2003 വരെ വാങ്ങുവാൻ സർക്കാർ ഉത്തരവായി എന്നാണ് പറയുന്നത്. ഞാൻ ഇവിടെ രേഖകൾ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞതാണ്. ഡോ. രാജൻ സി.പി.സി. ചെയർമാനല്ല. സി.പി.സി. കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടില്ലാത്തതുകൊണ്ടാണ് ഈ ഉത്തരവിറക്കിയത്. (ആ ഉത്തരവിന്റെ കോപ്പി ഉയർത്തിക്കാട്ടി.) ഇതു എനിക്കും ശ്രീ. കെ. രാധാകൃഷ്ണനും ശ്രീ. എ. കെ. ബാലനും 12-7-2004-ൽ തന്നിരിക്കുന്ന മറുപടിയാണ്. ഇതു തെറ്റിദ്ധരിപ്പിക്കുന്നതാണ്. രണ്ടാമത്തെ കാര്യം, അഭയറാബിന്റെ കാര്യത്തിൽ സി.പി.സി. ഈ മരുന്ന് ശുപാർശ ചെയ്തിട്ടില്ല എന്നാണ് പറയുന്നത്. സി.പി.സി. ശുപാർശ ചെയ്തിട്ടില്ലാത്ത മരുന്ന് മന്ത്രിയുടെ നേരിട്ടുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വാങ്ങിയതിന് ഒരു ഉദ്യോഗസ്ഥനെ മാത്രം ക്രൂശിക്കുന്ന നടപടി ശരിയാണോ? സി.പി.സി. തീരുമാനമുണ്ടോ എന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. കടവൂർ ശിവദാസൻ: എന്താണ് അങ്ങയുടെ വാദം? ഈ മരുന്ന് വാങ്ങി ഈ രാജ്യത്ത് മുഴുവൻ കൊടുക്കുകയും ലക്ഷക്കണക്കിനാളുകൾക്ക് കുത്തിവയ്ക്കുകയും ചെയ്തിട്ടും ഇതുവരെ ഒരു കുഴപ്പവും കണ്ടില്ല, കൊല്ലത്തുവച്ച് ഞാൻ പേഴ്സണലായി. എന്റെ ഒരു വക്കീൽ എന്നുള്ള നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ അയാളോടു ചോദിച്ചു, കുത്തിവച്ചു എന്നു നിങ്ങൾ പറയുന്ന ആ ആളിന് എന്തുപറ്റി? അയാൾ മരിച്ചോ? അയാളുടെ പേരിൽ പിന്നെ എന്തുണ്ടായി? എന്തെങ്കിലും നിങ്ങൾ അന്വേഷിച്ചിട്ടാണോ ചെയ്തത്? ഇവിടെ നിന്നുകൊണ്ടു വിധി പറയാൻ എനിക്ക് അധികാരമില്ല. പ്രഥമദൃഷ്ട്യാ അങ്ങനെ ചെയ്തതിന് സർക്കാർ എടുത്ത ഒരു തീരുമാനം പിന്നേയും തെറ്റാണെന്നു പറഞ്ഞാൽ അങ്ങയുടെ bona fide-ഉയക്കുറിച്ച് സംശയം ഉണ്ടാക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: സി.പി.സി.യുടെ തീരുമാനമുണ്ടോ എന്നാണ് ചോദിച്ചത്. സി. പി. സി. ചെയർമാനാണെന്ന് നിയമസഭയെ ഈ മറുപടിയിലൂടെ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. ആറു മാസത്തേയ്ക്കു ഓർഡർ കൊടുത്തിരുന്നതു കൊണ്ട് 25 കോടി രൂപയുടെ മരുന്നു വാങ്ങിക്കാൻ, ഡി.എച്ച്.എസ്. എന്ന് പറഞ്ഞ് എഴുതിയ ഉത്തരവ്.....

ശ്രീ. കടവൂർ ശിവദാസൻ: അങ്ങ് പറഞ്ഞത് എനിക്കു മനസ്സിലായി. അങ്ങു പറഞ്ഞപ്പോൾ ചെറിയൊരു തെറ്റ് അങ്ങ് അറിയാതെ പറ്റിപ്പോയതാണ്. അതാണ് ഈ കോംപ്ലിക്കേഷൻസിനു കാരണം. അങ്ങ് ഉദ്ദേശിക്കുന്നത് അഭയറാബിന്റെ കാര്യമല്ല. രണ്ടാമത് കൊടുത്തു എന്നുള്ളതാണ്. അങ്ങു പറഞ്ഞതെല്ലാം ശരിയാണെങ്കിൽ ശ്രീ. രാജൻ അപ്പോൾ ഇല്ല. എനിക്ക് റെക്കോർഡ് നോക്കാതെ പറയാൻ പറ്റില്ല. അങ്ങ് പറഞ്ഞതെല്ലാം പ്രഥമദൃഷ്ട്യാ വിശ്വസിക്കുകയാണെങ്കിൽ ശ്രീ. രാജൻ ഇല്ലാതിരുന്ന ഒരു സന്ദർഭത്തിൽ ശ്രീ. രാജനാണെന്നുള്ള രീതിയിൽ നടത്തിയ റിപ്പോർട്ട് മന്ത്രി വിശ്വസിച്ചു എന്നുള്ളതാണ് ഇവിടത്തെ ഒരു പ്രശ്നം. എന്തായാലും ഇതെല്ലാം അന്വേഷണത്തിലാണല്ലോ അപ്പോൾ നോക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കടവൂർ ശിവദാസൻ ചാർജ്ജെടുക്കുന്നതിനുമുമ്പ് നടന്ന കാര്യങ്ങളാണ്. എനിക്കു പറയാനുള്ളത് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. ശങ്കരനിൽ നിന്നും ഒരു വിശദീകരണം ഈ സഭയ്ക്കു കിട്ടാനുള്ള ഒരു സൗകര്യം ഉണ്ടാക്കിത്തരണമെന്നാണ്.

ശ്രീ. കടവൂർ ശിവദാസൻ: അദ്ദേഹം ഇപ്പോൾ സ്ഥലത്തില്ല. പേഴ്സണൽ എക്സ്പ്ലനേഷൻ വേണമെങ്കിൽ അദ്ദേഹം തരും. ഏതായാലും ഗവൺമെന്റിനു വേണ്ടിയുള്ള ഒരു മറുപടിയാണ്. ഇതിൽ എന്തെങ്കിലും അപാകതയുള്ളതായി എനിക്ക് തോന്നുന്നില്ല. ഹെപ്പറ്റൈറ്റിസ്-ന്റെ കാര്യം പറഞ്ഞു, മരുന്ന് വാങ്ങിച്ചതിൽ വലിയ കുഴപ്പമില്ല. പക്ഷേ ഒരു ജില്ലയിൽ വാങ്ങിച്ചു എന്നുള്ളതാണ് കുഴപ്പം.

കൊക്കകോളയെക്കുറിച്ച് ഇവിടെ ആരോപണം ഉന്നയിക്കുകയുണ്ടായി. തിരുവനന്തപുരം ലാബിൽ മൂന്ന് സാമ്പിളുകൾ പരിശോധിച്ചതിൽ ഒരു കുഴപ്പവും കണ്ടില്ല. Whether we accept it or not. That is the report. കൽക്കട്ട ലാബിലേയ്ക്ക് ഒരു സാമ്പിൾ അയച്ചു. അവിടെ പരിശോധിക്കുന്നതിനു സൗകര്യമില്ലെന്നു പറഞ്ഞ് അവർ തിരിച്ചയച്ചു. മൈസൂർ ലാബിൽ ആറ് സാമ്പിളുകൾ അയച്ചു. റിസൾട്ട്

ഇതുവരെ കിട്ടിയിട്ടില്ല. മുകളിൽ സൂചിപ്പിച്ച സർക്കാർ സ്ഥാപനങ്ങൾ കൂടാതെ നാല് അക്രെഡിറ്റഡ് പ്രൈവറ്റ് ലാബുകളിലും സാമ്പിളുകൾ അയച്ച് പരിശോധിച്ചു. എസ്.ജി.എസ്. ചെന്നൈയിൽ ഒരു സാമ്പിൾ അയച്ചു കൊടുത്തു, Winta ഹൈദ്രാബാദിൽ ഒരു സാമ്പിൾ അയച്ചു കൊടുത്തു, Testome, ബാംഗ്ലൂരിൽ ഒരു സാമ്പിൾ അയച്ചു കൊടുത്തു, Serum Research Institute, ബാംഗ്ലൂരിൽ ഒരു സാമ്പിൾ അയച്ചു കൊടുത്തു. ഇതിൽ Serum Research Institute-ൽ അയച്ചു കൊടുത്ത സാമ്പിളിൽ മായം ചേർത്തിട്ടുണ്ടെന്നു കണ്ടാൽ നിയമാനുസൃതമായി മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനെ സംബന്ധിച്ചുള്ള റിപ്പോർട്ടുകളെല്ലാം വരുമ്പോഴാണ് ഔദ്യോഗികമായി പറയാൻ കഴിയുക.

പാർട്ട്ടൈം സ്വീപ്പറെ സംബന്ധിച്ച കാര്യം പറയാം. ഇതു സംബന്ധിച്ച് ഡി.എച്ച്.എസ്.-ൽ നിന്നും 22-6-2004-ൽ ഓർഡർ പോയിട്ടുണ്ട്. Hence all District Medical Officers are directed to keep in abeyance interviews of PTCs in the department until further direction from this office in this regard. പുതിയ നോംസ് ഞങ്ങൾ evolve ചെയ്യുകയാണ്..... (ബഹളം).....

ശ്രീ. ടി. കെ. ദേവകുമാർ: സുധീരൻ സാറാണോ.....

ശ്രീ. കടവൂർ ശിവദാസൻ: ശ്രീ. വി. എം. സുധീരനാണോ ഞാനാണോ എന്നുള്ളതല്ല. ഈ വക കാര്യങ്ങൾക്ക് പി.എസ്.സി.-യുടെ നോംസാണ് സ്വീകരിക്കുക. അതാണ് കറക്ട് നോംസ്. അതാണ് ഗവൺമെന്റിന് സ്വീകാര്യവും. 20 ശതമാനം മാർക്കു മാത്രമേ ഇന്റർവ്യൂവിനു പോകൂ. ഡി.വൈ.എഫ്.ഐ. അവിടെയൊരു പ്രശ്നമുണ്ടാക്കി.

ശ്രീ. ടി. കെ. ദേവകുമാർ: ശ്രീ. പി. ശങ്കരൻ ചെയ്തത്.....

ശ്രീ. കടവൂർ ശിവദാസൻ: ശ്രീ. പി. ശങ്കരൻ ചെയ്തത് തെറ്റായതുകൊണ്ടല്ല. അവിടെയൊരു പ്രക്ഷോഭം ഉണ്ടായി. അപ്പോൾ ഞാൻ പറഞ്ഞു, നിയമാനുസൃതമായി എല്ലാവരും അംഗീകരിക്കുന്ന ഒരു നോംസിന്റെ അടിസ്ഥാനത്തിൽ മാത്രം interview നടത്തി മാർക്കിട്ടാൽ മതി എന്ന് ഭ്രൂണഹത്യമൂലം പെൺകുട്ടികളുടെ ജനനം മുടക്കുന്നുവെന്ന് ഇവിടെ പറയുകയുണ്ടായി. ഞാൻ കണക്കുകൾ പരിശോധിച്ചു. 1991-ലെ സെൻസസ് പ്രകാരം പെൺകുട്ടികളുടെ എണ്ണം 957-ൽ നിന്നും 963 ആയി ഉയർന്നിട്ടുണ്ട് എന്നാണ് കാണുന്നത്. .....(ബഹളം).....എന്തായാലും ഇതു യഥാർത്ഥ കണക്കല്ലേ? അതു പരിശോധിക്കാം.

ശ്രീ. മത്തായി ചാക്കോ: സർ, മറ്റൊരു കാര്യം കൂടി അറിയേണ്ടതുണ്ട്..... (ബഹളം) .....

ശ്രീ. കടവൂർ ശിവദാസൻ: അതു പറയേണ്ടുന്ന കാര്യങ്ങൾ തന്നെയാണ്. എന്തിനാണ് ഒരു സംശയം ബാക്കിയിട്ടുപോകുന്നത്? ഇതിപ്പോൾ അമേരിക്കയിലെ ഡോക്ടർ പറഞ്ഞു; മറ്റവർ പറഞ്ഞു എന്നൊന്നും പറയണ്ട. ഇതൊന്നുമല്ല പ്രശ്നം. ഇതു സംബന്ധിച്ച് പഠിക്കാൻ വളരെ വിദഗ്ദ്ധരായ ആളുകൾ അടങ്ങുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റിയെ നിയമിച്ചു. അതിലെ ഒരു ക്ളാസ്സിനെക്കുറിച്ച് പറയാം. Summary of enquiry findings Banned Drug was not used in NDGA study. Even the parent drug NDGA is not banned. The use of FDA was banned ..... (ബഹളം) ഇതൊക്കെ വളരെ വലിയ ആളുകൾ പറയുന്നതല്ലേ? ഞാൻ പറയുന്നത് ആരേയും കുറ്റപ്പെടുത്താനല്ല. The study has a sound scientific basis. M4 indigenous source potential to benefit the patients with oral cancer. ഈ വരിയാണ് പ്രധാനം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം രോഗികൾക്ക് ഇതു ഗുണമാണെന്നുള്ളതാണ്. സ്റ്റഡി ഇതാണ്. The study had a sound scientific basis. I am interested in this. M4 shows potential to benefit the patients with oral cancer on the basis of histological changes.....(ബഹളം)..... പിന്നെ ആരെങ്കിലും ജീവിച്ചിരുന്നോ എന്നു ചോദിച്ചാൽ ..... പണ്ട് House of Lords -ൽ ഒരു ഡോക്ടറെ വിസ്തരിച്ചു. അദ്ദേഹത്തോടു ചോദിച്ചു നിങ്ങൾ House of Lords-ൽ ഇന്നാരേ ചികിൽസിച്ചിട്ടില്ലേ, മറ്റാളുകളെ ചികിത്സിച്ചിട്ടില്ലേ എന്നൊക്കെ. ചികിൽസിച്ചവരെല്ലാം 80 വയസ്സു കഴിഞ്ഞ ആളുകളായിരുന്നു. അവർക്കെല്ലാം ഇപ്പോൾ എന്തുപറ്റി? അവരെല്ലാം മരിച്ചു പോയി. അതാണ് അതേക്കുറിച്ച് എനിക്കു പറയാനുള്ളത്. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): സർ, വളരെകുറച്ചു സമയം മാത്രമെടുത്തുകൊണ്ട് ഈ ചർച്ചകൾക്കുള്ള മറുപടി ഞാൻ പറയാം. എല്ലാവരും വിശപ്പിന്റെ മുൻപിലാണെന്ന് എനിക്കറിയാം. വിശപ്പിന്റെ മുൻപിൽ ഭക്ഷ്യ വകുപ്പിനെക്കുറിച്ചുള്ള പ്രസംഗം മതിയാകുകയില്ല ഭക്ഷണം തന്നെ വേണമെന്ന് എനിക്കറിയാം. ഇവിടെ ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും ഉള്ള അംഗങ്ങൾ നൽകിയ എല്ലാ നിർദ്ദേശങ്ങൾക്കും ഞാൻ നന്ദി പറയുന്നു. സമയക്കുറവുകൊണ്ട് ഞാൻ ആരുടേയും പേരെടുത്ത് പറയുന്നില്ല. ഇവിടെ വന്ന നിർദ്ദേശങ്ങൾ വളരെ ഗൗരവതരമായിത്തന്നെ പരിശോധിക്കുകയും നടപ്പിൽ വരുത്തേണ്ട കാര്യങ്ങൾ നടപ്പിലാക്കുന്നതുമാണ്. ഫുഡും സിവിൽ സപ്ളൈസും രണ്ട് തട്ടിലാണ് പ്രവർത്തിക്കുന്നത്. നിയമസഭയിലിരിക്കുന്ന എല്ലാപേർക്കും അറിയാം റേഷൻ അരിയാകട്ടെ, ഗോതമ്പാകട്ടെ അതിന്റെ വിലയും ഗുണനിലവാരവും എന്ത് തരണമെന്ന് നിശ്ചയിക്കുന്നതും കേന്ദ്ര ഗവൺമെന്റാണ് എന്ന്. ശ്രീ. എ. എ. അസ്സീസ് കാര്യമറിയാതെയാണ് പറഞ്ഞത്. എ.പി.എൽ., ബി.പി.എൽ. സിസ്റ്റം കൊണ്ടുവന്നത് കേന്ദ്ര ഗവൺമെന്റാണ്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്തുതന്നെ അത്തരമൊരു ബുദ്ധിമുട്ട് നമ്മുടെ സംസ്ഥാനത്ത് കേന്ദ്രം അടിച്ചേൽപ്പിച്ചതാണ്. എ.പി.എൽ., ബി.പി.എൽ. എന്നുള്ള നിലയിൽ ജനവിഭാഗങ്ങളെ രണ്ടായി തിരിച്ച് രണ്ടുതരം വില നിശ്ചയിച്ച് പബ്ളിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തെ തകർത്തത് മുൻ കേന്ദ്ര ഗവൺമെന്റാണ്. ഇപ്പോൾ മാത്രമല്ല ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾതന്നെ ആ ഒരു സംവിധാനമുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: ബി.പി.എൽ വിഭാഗത്തിന്റെ 25 ശതമാനമെന്നുള്ളത് 42 ശതമാനമാക്കി വർദ്ധിപ്പിച്ചത് നായനാർ സർക്കാരാണ്.

ശ്രീ. ജി. കാർത്തികേയൻ: ഞാൻ അതല്ല പറഞ്ഞത്. നമ്മുടെ പൊതുവിതരണ സമ്പ്രദായത്തിൽ എ.പി.എൽ., ബി.പി.എൽ. സിസ്റ്റം കൊണ്ടുവന്നത് കേന്ദ്ര ഗവൺമെന്റാണ് എന്നാണ് അല്ലാതെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വർദ്ധിപ്പിച്ചെന്നല്ല നിങ്ങൾ പറഞ്ഞത് ശരിയാണ്. ബി.പി.എൽ. 25 ശതമാനം എന്നാണ്. അത് കേരളം 42 ആയി വർദ്ധിപ്പിച്ചു. നമ്മൾ ബഡ്ജറ്റിലൂടെ സബ്സിഡി കൊടുത്തുകൊണ്ടാണ് പൊതുവിതരണ രംഗത്ത് കേരള സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലം മുതൽ പ്രവർത്തിപ്പുകൊണ്ടിരിക്കുന്നത്. കാളിറ്റിയുടെ കാര്യം മാത്രമാണ് ഇവിടെ ഗവൺമെന്റിന് ചെയ്യാവുന്ന ഏക കാര്യം. എഫ്.സി.ഐ.-യിലെ ഉദ്യോഗസ്ഥരും ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരും ചേർന്നുകൊണ്ടുള്ള പരിശോധനാ സമിതി പല സന്ദർഭങ്ങളിലായി ഫലപ്രദമായി ഇത് പരിശോധിക്കുന്നുണ്ട്. കേന്ദ്രം നൽകുന്ന അരിയാകട്ടെ ഗോതമ്പാകട്ടെ അത് നമ്മൾ എടുക്കാറുണ്ട്. അവരുടെ പോളിസി first come. first out എന്നുള്ളതാണ്. കേരളത്തിലെ റേഷൻ കടകളിൽനിന്നും ലഭിക്കുന്ന അരിയുടേയും ഗോതമ്പിന്റേയും ഗുണനിലവാരം മെച്ചമാണെന്നുള്ളത് എന്റെ ഒരവകാശവാദമൊന്നുമല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വളരെ പാവപ്പെട്ട ആളുകൾക്ക് ഇപ്പോൾ റേഷൻ കാർഡ് കൊടുത്തതിൽ എ.പി.എൽ എന്ന് അടിച്ചു കൊടുത്തിട്ടുണ്ട്. നമുക്കറിയാവുന്ന ഒരുപാട് കേസുകളുണ്ട്. അങ്ങനെയുള്ള കേസുകൾ പുനഃപരിശോധിക്കാൻ ഡിപ്പാർട്ടുമെന്റിൽ എന്തെങ്കിലും സംവിധാനമുണ്ടോ?

ശ്രീ. ജി. കാർത്തികേയൻ: ഡിപ്പാർട്ടുമെന്റിന് അധികാരമില്ലല്ലോ. എ.പി.എൽ. ആര് ബി.പി.എൽ. ആര് എന്ന് നിശ്ചയിക്കാനുള്ള അധികാരം ഡിപ്പാർട്ടുമെന്റിനില്ല. അതാണൊരു ബുദ്ധിമുട്ട്. ഇത് നമ്മൾ മാത്രം വിചാരിച്ചാൽ പോരാ. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരേയും മുകളിലുള്ളവരേയും നിശ്ചയിക്കുന്നതിന് പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരംകൂടി വേണം. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ശരിയാണ്. അത്തരം ആളുകൾ കേരളത്തിൽ ധാരാളമുണ്ട്. അത്തരം ആളുകളെ ബി.പി.എൽ മേഖലയിലേയ്ക്ക് കൊണ്ടുവരാനുള്ള ശ്രമം ഗവൺമെന്റ് നടത്തുന്നുണ്ട്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രത്തിൽ പലപ്പോഴായി മെമ്മോറാണ്ടം കൊടുത്തിട്ടുണ്ട്. പക്ഷേ ഇതുവരെ നമ്മുടെ മുൻപിൽ ഒരു മാർഗ്ഗവും തെളിഞ്ഞുവന്നിട്ടില്ല.

ശ്രീ. എം. വി. ജയരാജൻ : സർ, നിലവിലുള്ള ബി.പി.എൽ കുടുംബം രണ്ടായി. അവിടത്തെ മൂത്ത മകൻ കല്യാണം കഴിഞ്ഞ് വേറെ വീടുവെച്ചു. അവർക്കൊരു കാർഡ് വേണം. അവർക്ക് ബി.പി.എൽ. കാർഡ് കൊടുത്തുകൂടേ? അതൊരു ബി.പി.എൽ. കുടുംബമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ: സർ, രണ്ടാമത് വരുന്ന കുടുംബത്തിന്റെ ഇപ്പോഴത്തെ വരുമാനം വച്ചു മാത്രമേ കാർഡ് കൊടുക്കാൻ പറ്റുകയുള്ളു. താങ്കൾ പറഞ്ഞതൊക്കെ ശരിയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അവർ രണ്ടുപേരും ചോദിച്ച ചോദ്യം തന്നെയാണ് ഞാനും ചോദിക്കുന്നത്. തൊട്ടടുത്ത് താമസിക്കുന്ന ആളുകളുടെ ജീവിത സാഹചര്യം കുറച്ചുകൂടി മെച്ചമാണ് അവർ ബി.പി.എൽ. വിഭാഗത്തിലാണ്. അപ്പോൾ അതിനേക്കാൾ ജീവിത സൗകര്യം കുറഞ്ഞ ആളുകൾ എ.പി.എൽ. വിഭാഗമാകുമ്പോൾ നാട്ടിൻ പുറങ്ങളിൽ ഉണ്ടാകുന്ന മെസ്സേജ് വളരെ മോശമാണ്. ഈ ഡിസ്പാരിറ്റി വളരെ പ്രകടമാണ്. ഇത് മന്ത്രിയുടെ കുറ്റമോ ഗവൺമെന്റിന്റെ കുറ്റമോ അല്ല. പക്ഷെ ഈ ഡിസ്പാരിറ്റി ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി നമുക്കെടുക്കണ്ടേ?

ശ്രീ. ജി. കാർത്തികേയൻ: അതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റുമായി ഈ കാര്യങ്ങൾ ചർച്ചചെയ്യേണ്ടതുണ്ട്. മുഖ്യമന്ത്രി ഈ കാര്യം വളരെ ഗൗരവമായി എടുത്തിട്ടുണ്ട്. വില നിശ്ചയിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. ക്വാളിറ്റി നിശ്ചയിക്കുന്ന കാര്യത്തിൽ മാത്രമേ സംസ്ഥാന ഗവൺമെന്റിന് ഇടപെടാൻ കഴിയുകയുള്ളു. സംസ്ഥാന ഗവൺമെന്റിന്റെ ശക്തമായ ഇടപെടൽകൊണ്ട് നമുക്ക് ഗുണനിലവാരമുള്ള അരിയും ഗോതമ്പും കൊടുക്കാൻ കഴിയുന്നുണ്ട്. ഈ അടുത്ത കാലം മുതലാണ് 25 ശതമാനം ഗോതമ്പുകൂടി ബി.പി.എൽ. കാർഡുകാർക്ക് കൊടുക്കാൻ കഴിഞ്ഞത്. അത് കേന്ദ്ര ഗവൺമെന്റ് അനുവദിച്ചതാണ്. ഇപ്പോൾ റേഷൻ കടകളിലൂടെ വിതരണം നടത്തുന്ന സാധനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെട്ടതുകൊണ്ട്, കഴിഞ്ഞ രണ്ട് വർഷക്കാലമായി ബി.പി.എൽ.-ന്റെ off take കുറവായിരുന്നത്. ഇപ്പോൾ നൂറു ശതമാനമായിരിക്കുന്നു. നൂറ് ശതമാനം വന്നതുകൊണ്ട് സംഭവിച്ചതെന്താണ്? 25 ശതമാനം ആളുകൾക്ക് മാത്രമേ നമുക്ക് അരി കൊടുക്കാൻ കഴിയുന്നുള്ളു. അതുകൊണ്ട് ചില ജില്ലകളിൽ അരിയുടെ വിതരണത്തിൽ അൽപ്പം കുറവുവന്നിട്ടുണ്ട്. അതിനു കാരണം ബി.പി.എൽ. off take കൂടുതൽ വന്നപ്പോൾ 25 ശതമാനം മാത്രമേ കേന്ദ്ര ഗവൺമെന്റ് തരുന്നുള്ളു എന്നതാണ്. ബാക്കിയുള്ളത് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നമ്മൾ കൊടുക്കുന്ന സബ്സിഡിയുടെ പണമുപയോഗിച്ച് എ.പി.എൽ. വിഭാഗത്തിന്റെ അരി വാങ്ങി ബി.പി.എൽ. വിഭാഗത്തിന് കൊടുക്കുകയാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ അതിന് 111 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സബ്സിഡി ഇനത്തിൽ ബി.പി.എൽ. നിരക്കിൽ 42 ശതമാനം ആളുകൾക്കും അരി കൊടുക്കുന്നതിനുവേണ്ടി നാല് കോടി പത്ത് ലക്ഷം രൂപ പ്രതിമാസം വേണം. അത് ഗവൺമെന്റിന്റെ പരിഗണനയിലാണ്. 111 കോടി രൂപ മാറ്റിവച്ചതിൽ നിന്നും പ്രതിമാസം നാല് കോടി പത്ത് ലക്ഷം രൂപ നീക്കിവച്ച് കേരളത്തിൽ നമ്മൾ അംഗീകരിച്ചിട്ടുള്ള 42 ശതമാനം ആളുകൾക്കും വേണ്ടിവരുന്ന 58,269 മെട്രിക് ടൺ ഭക്ഷ്യ ധാന്യം കൊടുക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു: സർ, വടകര താലൂക്കിൽ ആവശ്യത്തിന് ബി.പി.എൽ. വിഭാഗത്തിലുള്ളവർക്ക് അരി കിട്ടുന്നില്ലെന്ന് പറഞ്ഞ് അവിടെ മൊത്തത്തിൽ പ്രക്ഷോഭമുണ്ടായിരുന്നു. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ച് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. ജി. കാർത്തികേയൻ: അങ്ങ് പറഞ്ഞത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഞാൻ പറഞ്ഞ ഈയൊരു തീരുമാനം ഇംപ്ലിമെന്റ് ചെയ്തു കഴിയുമ്പോൾ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകും. മറ്റൊന്ന് ചില സ്ഥലങ്ങളിൽ പച്ചരി മാത്രമേ കിട്ടുന്നുള്ളൂ എന്ന് പറഞ്ഞു. എഫ്.സി.ഐ-യുടെ ഗോഡൗണുകളിൽ ഇപ്പോൾ 60 ശതമാനവും പച്ചരിയാണുള്ളത്. അതുകൊണ്ട് പുഴുക്കലരി കൊടുക്കാൻ കഴിയുന്നില്ല. അക്കാര്യം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തീർച്ചയായും ഇതിന് പരിഹാരം കാണുന്നതാണ്.

ശ്രീ. എം. മുരളി: കേരളം മുഴുവൻ പോസ്റ്റർ അടിച്ചിറക്കിയത് 35 കിലോ ഭക്ഷ്യധാന്യം അതായത് 26 കിലോ അരിയും 9 കിലോ ഗോതമ്പും പ്രതിമാസം ബി.പി.എൽ. വിഭാഗക്കാർക്ക് കൊടുക്കുമെന്നാണ്. പക്ഷെ ഇപ്പോൾ കൊടുക്കുന്നത് പ്രതിമാസം എട്ട് കിലോ അരിയും ആറ് കിലോ ഗോതമ്പുമാണ്. പോസ്റ്ററിലൂടെ പ്രഖ്യാപിച്ച ഭക്ഷ്യധാന്യം കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. കാർത്തികേയൻ : കുറവുവന്ന ബി.പി.എൽ. മേഖലയിലെ ഭക്ഷ്യധാന്യ വിതരണം, സംസ്ഥാനത്തിന്റെ ബഡ്ജറ്റിലുൾപ്പെടുത്തിയിട്ടുള്ള പണത്തിൽ നിന്നും സബ്സിഡിയായി നാല് കോടി പത്തു ലക്ഷം രൂപ വച്ച് പ്രതിമാസം നൽകി ബഹുമാനപ്പെട്ട എം. മുരളി പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് പരിഹാരം കാണുന്നതാണ്. ഇവിടെ സാർവ്വത്രികമായ പൊതുവിതരണ സമ്പ്രദായം വരണമെന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം. എ.പി.എൽ., ബി.പി.എൽ. എന്നില്ലാതെ തന്നെ മുൻപ് ഇൻഡ്യാ രാജ്യത്ത് നിലനിന്നിരുന്ന സാർവ്വത്രികമായ പൊതുവിതരണ സമ്പ്രദായം കൊണ്ടുവരണമെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ സമീപനം. അതിന് കേന്ദ്ര ഗവൺമെന്റിൽ മെമ്മോറാണ്ടങ്ങൾ മുമ്പ് കൊടുത്തിട്ടുണ്ട്. പുതുതായി വന്ന സർക്കാരിന്റെ മുൻപിലും ഇക്കാര്യം ശക്തമായിത്തന്നെ സമർപ്പിക്കുന്നതാണ്. ഇവിടെ റേഷൻ കാർഡിന്റെ പ്രശ്നം പറഞ്ഞു. റേഷൻ കാർഡിന് ഇപ്പോൾ ഒരു പ്രശ്നവുമില്ല. അപേക്ഷിച്ച് ഒരാഴ്ചയ്ക്കകം റേഷൻ കാർഡ് ലഭിക്കും. കോട്ടയം ടൗണിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൊമേഴ്സ്യൽ കോംപ്ലക്സ് സ്ഥാപിക്കും. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഉപഭോക്തൃ ബോധവൽക്കരണം ലക്ഷ്യമാക്കി പഞ്ചായത്ത് തലത്തിൽ പ്രചരണ പരിപാടികൾ സംഘടിപ്പിക്കും. അതോടൊപ്പം നാം മുതലാളിത്ത രാജ്യങ്ങൾ എന്ന് പറയുന്ന അമേരിക്ക ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഉള്ളതുപോലെ സ്കൂൾ തലം വരെ പാഠ്യപദ്ധതിയിൽ ഉപഭോക്തൃ കാര്യങ്ങളെക്കുറിച്ച് പഠിപ്പിക്കുന്നതിനുവേണ്ടി

കേരളത്തിലും അത് ഉൾപ്പെടുത്താൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ഈ ഡിപ്പാർട്ടുമെന്റ് ചർച്ച നടക്കുകയാണ്. എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും പ്രധാനപ്പെട്ട ലാഭം മാർക്കറ്റിനോട് അനുബന്ധിച്ച് മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കും. ഈ വർഷം പുതിയതായി 100 ലാഭം മാർക്കറ്റുകൾ ആരംഭിക്കും. ഇനിയും മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സമയബന്ധിതമായി ആരംഭിക്കും. 22 പഞ്ചായത്തുകളിൽ അടുത്ത രണ്ട് മാസത്തിനകം അവ ആരംഭിക്കും. ഇതൊന്നും ഇല്ലാതെ തന്നെ പ്രധാനപ്പെട്ട കവലകളിൽ ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ മാവേലി സ്റ്റോറുകൾ ആരംഭിക്കും. പൊതുമേഖലാ എണ്ണ കമ്പനികളുമായി ചേർന്ന് പെട്രോൾ ബങ്കുകൾ നടത്തുന്നുണ്ട്. അവയോടനുബന്ധിച്ച് തന്നെ ആധുനിക കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കും. അതിലൊന്ന് തിരുവനന്തപുരത്ത് വെള്ളയമ്പലത്ത് ആരംഭിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകി വരുന്ന ധനസഹായം 50 കോടി രൂപയായിരുന്നത് 60 കോടി രൂപയായി വർദ്ധിപ്പിച്ചു. ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. കേരളത്തിൽ പൊതുവിതരണ മേഖലയിൽ വന്നിരിക്കുന്ന ഈ മാറ്റം, വിറ്റുവരവ് വർദ്ധിപ്പിച്ചത് തീർച്ചയായും അതിൽ ഫലപ്രദമായി ഇടപെടാൻ കഴിഞ്ഞതുകൊണ്ടാണ്. ഈ നിലയിലുള്ള പ്രവർത്തനങ്ങൾ വരുന്നതിലേയ്ക്ക് നമ്മുടെ ഡിപ്പാർട്ടുമെന്റിലെ ജീവനക്കാരെ ഓർക്കാതെ പോകാൻ പറ്റില്ല. വിവിധ രാഷ്ട്രീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് നിൽക്കുന്ന ട്രേഡ് യൂണിയനുകളിലെ അംഗങ്ങൾ നമ്മുടെ നാട്ടിൻപുറങ്ങളിൽ നടക്കുന്ന ഈ പ്രൊവിഷൻ സ്റ്റോറുകൾ പരിപാലിക്കുന്നത് ശ്ലാഘനീയമാണ്. പണ്ട് കാലങ്ങളിൽ പലവ്യഞ്ജനക്കട എന്ന് പറഞ്ഞിരുന്നത് ഇന്ന് ആധുനിക പ്രൊവിഷൻ സ്റ്റോർ പോലുള്ള സ്ഥാപനമായാണ് ഈ ഡിപ്പാർട്ടുമെന്റ് നടത്തുന്നത്. അവിടെ വിദ്യാസമ്പന്നരായ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിഗ്രി ഉൾപ്പെടെയുള്ളവരാണ് ഹെൽപ്പർമാരായി പണിയെടുക്കുന്നത്. ഈ ജീവനക്കാരുടെ ആത്മാർത്ഥമായ സഹകരണം ഈ കാര്യത്തിൽ ഒരു പ്രധാനപ്പെട്ട പങ്ക് വഹിച്ചിട്ടുണ്ട്. റേഷൻ കടകളുടെ കാര്യം പറഞ്ഞു. 150 രൂപയായിരുന്ന റേഷൻ വ്യാപാരികൾക്കുള്ള പെൻഷൻ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം അത് 150 രൂപയിൽ നിന്ന് 500 രൂപയാക്കി ഉയർത്തി. അത് മതി എന്ന് ഞാൻ പറയുന്നില്ല. 1000 രൂപയുടെ നിർദ്ദേശം ഇവിടെ ചിലർ വച്ചു. അതിൽ നിന്നുള്ള വരുമാനംകൊണ്ട് തന്നെയാണ് ഇത് ചെയ്യുന്നത്. ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. ഏതായാലും ഇവിടെ നടന്ന ചർച്ചകൾക്ക് എല്ലാവരോടും നന്ദി രേഖപ്പെടുത്തുന്നു. പൊതുവിതരണ മേഖലയെ കുറച്ചുകൂടി ശക്തമാക്കി ജനങ്ങൾക്കുവേണ്ടി മുന്നോട്ട് കൊണ്ടുപോകുന്നതിന് സഭയിലെ എല്ലാ അംഗങ്ങളുടേയും പിന്തുണ ലഭിക്കുന്നുവെന്നുള്ളത് നന്ദിപൂർവ്വം സ്മരിച്ചുകൊണ്ട് തന്നെ വീണ്ടും ഇത്തരം സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XVIII

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

മി. ഡെപ്യൂട്ടി സ്പീക്കർ: സർവ്വശ്രീ ടി. പി. രാമകൃഷ്ണൻ, കെ. പി. സതീശ് ചന്ദ്രൻ, സാജുപോൾ, മഞ്ഞളാംകുഴി അലി, ടി. കെ. ബാലൻ, വി. ചെന്താമരാക്ഷൻ, ടി. കെ. ദേവകുമാർ, കെ. വി. കുഞ്ഞിരാമൻ, വി.കെ.സി. മമ്മത്കോയ, കെ. രാധാകൃഷ്ണൻ, കെ. പി. മോഹനൻ, കോവൂർ കുഞ്ഞുമോൻ, കെ. പി. രാജേന്ദ്രൻ, മാങ്കോട് രാധാകൃഷ്ണൻ, എം. കുമാരൻ, എൻ. രാജൻ, പി. എസ്. സുപാൽ, പിരപ്പൻകോട് മുരളി, രാജു എബ്രഹാം, എ. കെ. ബാലൻ, എ. എ. അസീസ്, മത്തായി ചാക്കോ, ഡോ. കെ.സി. ജോസഫ്, ഡോ. എ. നീലലോഹിതദാസൻ നാടാർ, ശ്രീമതി ഗിരിജാ സുരേന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തിയാക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.....

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—68

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, കെ. അച്ചുതൻ
4. ,, സി. ടി. അഹമ്മദ് അലി
5. ,, എ. പി. അനിൽകുമാർ
6. ,, എ. കെ. ആന്റണി
7. ,, എൻ. ഡി. അപ്പച്ചൻ
8. ,, ബാബു ദിവാകരൻ
9. ,, ആർ. ബാലകൃഷ്ണപിള്ള

LIBRARY ARCHIVES Kerala Legislative Assembly

10. ശ്രീ. ടി. വി. ചന്ദ്രമോഹൻ
11. ,, കെ. എ. ചന്ദ്രൻ
12. ,, എം. എ. ചന്ദ്രശേഖരൻ
13. ,, ഡൊമിനിക് പ്രസന്റേഷൻ
14. ,, പി. പി. ജോർജ്
15. ,, ജോർജ് ജെ. മാത്യു
16. ,, പ്രയാർ ഗോപാലകൃഷ്ണൻ
17. ശ്രീമതി കെ. ആർ. ഗൗരിയമ്മ
18. ശ്രീ. എം. എം. ഹസ്സൻ
19. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ,, ജോണി നെല്ലൂർ
22. ,, ജോസഫ് എം. പുതുശ്ശേരി
23. ,, പി. ജെ. ജോയി
24. ,, ജി. കാർത്തികേയൻ
25. ,, കെ. എൻ. എ. ഖാദർ
26. ,, കെ. കെ. നായർ
27. ,, ലൂഡി ലൂയിസ്
28. ,, സി. മമ്മൂട്ടി
29. ,, കെ. എം. മാണി
30. ,, കെ. മുഹമ്മദാലി
31. ,, കെ. മോഹൻ കുമാർ
32. ,, എ. കെ. മണി
33. ,, ആര്യാടൻ മുഹമ്മദ്
34. ,, സി. പി. മുഹമ്മദ്
35. ,, എം. മുരളി
36. പ്രൊഫ. എ. ഡി. മുസ്തഫ
37. ശ്രീ. ടി. എച്ച്. മുസ്തഫ
38. ,, കെ. നാരായണക്കുറുപ്പ്
39. ,, എം. കെ. പോൾസൺ മാസ്റ്റർ
40. ,, വി. ജെ. പൗലോസ്
41. ,, അടൂർ പ്രകാശ്
42. ,, ടി. എൻ. പ്രതാപൻ
43. ,, ജി. പ്രതാപവർമ്മ തമ്പാൻ
44. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

45. ശ്രീ. ടി. യു. രാധാകൃഷ്ണൻ
46. ശ്രീമതി രാധാ രാഘവൻ
47. ശ്രീ. എം. വി. രാഘവൻ
48. ,, തേറമ്പിൽ രാമകൃഷ്ണൻ
49. ,, തമ്പാനൂർ രവി
50. ,, റോഷി അഗസ്റ്റിൻ
51. ,, ടി. പി. എം. സാഹിർ
52. ,, എൻ. ശക്തൻ
53. ,, കെ. ശങ്കരനാരായണൻ
54. ശ്രീമതി മാലേത്ത് സരളാദേവി
55. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
56. ശ്രീ. കെ. കെ. ഷാജു
57. ,, കടവൂർ ശിവദാസൻ
58. ശ്രീമതി ശോഭനാ ജോർജ്
59. ശ്രീ. സ്റ്റീഫൻ ജോർജ്
60. ,, കെ. സുധാകരൻ
61. ,, ഡി. സുഗതൻ
62. ,, സി. എഫ്. തോമസ്
63. പ്രൊഫ. കെ. വി. തോമസ്
64. ശ്രീ. പി. ടി. തോമസ്
65. ,, തോമസ് ചാഴികാടൻ
66. ,, എം. എ. വാഹീദ്
67. ,, കെ. സി. വേണുഗോപാൽ
68. ,, ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ — 33

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, ടി. കെ. ബാലൻ
6. ,, വി. കെ. ചന്ദ്രൻ
7. ,, വി. ചെന്താമരാക്ഷൻ
8. ,, ടി. കെ. ദേവകുമാർ

LIBRARY ARCHIVES Kerala Legislative Assembly

9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. കെ. കെ. ജയചന്ദ്രൻ
11. ,, എം. വി. ജയരാജൻ
12. ,, പി. ജയരാജൻ
13. ഡോ. കെ. സി. ജോസഫ്
14. ശ്രീ. വി. സി. കബീർ
15. ,, എം. കുമാരൻ
16. ,, കെ. വി. കുഞ്ഞിരാമൻ
17. ,, കോവൂർ കുഞ്ഞുമോൻ
18. ,, വി. കെ. സി. മമ്മത് കോയ
19. ,, മത്തായി പാക്കോ
20. ,, കെ. പി. മോഹനൻ
21. ,, പിരപ്പൻകോട് മുരളി
22. ,, സി. കെ. നാണു
23. ,, പി. നാരായണൻ
24. ഡോ. എ. നീലലോഹിതദാസൻ നാടാർ
25. ശ്രീ. കെ. രാധാകൃഷ്ണൻ
26. ,, മാങ്കോട് രാധാകൃഷ്ണൻ
27. ,, എൻ. രാജൻ
28. ,, കെ. പി. രാജേന്ദ്രൻ
29. ,, ടി. പി. രാമകൃഷ്ണൻ
30. ,, സാജു പോൾ
31. ,, കെ. പി. സതീഷ് ചന്ദ്രൻ
32. ,, എ. സി. ഷൺമുഖദാസ്
33. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

അനുകൂലിക്കുന്നവർ—68

പ്രതികൂലിക്കുന്നവർ—33

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രമേയം പാസായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XIX

കുടുംബക്ഷേമം

മി. ഡെപ്യൂട്ടി സ്പീക്കർ: സർവ്വശ്രീ ടി. പി. രാമകൃഷ്ണൻ, കെ. പി. സതീശ് ചന്ദ്രൻ, സാജുപോൾ, മഞ്ഞളാംകുഴി അലി, ടി. കെ. ബാലൻ, വി. ചെന്താമരാക്ഷൻ, ടി. കെ. ദേവകുമാർ, കെ. വി. കുഞ്ഞിരാമൻ, വി.കെ.സി. മമ്മത്കോയ, കെ. രാധാകൃഷ്ണൻ, കെ. പി. മോഹനൻ, കോവൂർ കുഞ്ഞുമോൻ, കെ. പി. രാജേന്ദ്രൻ, മാങ്കോട് രാധാകൃഷ്ണൻ, എം. കുമാരൻ, എൻ. രാജൻ, പി. എസ്. സുപാൽ, പിരപ്പൻകോട് മുരളി, രാജു എബ്രഹാം, എ. കെ. ബാലൻ, എ. എ. അസീസ്, മത്തായി ചാക്കോ, ഡോ. കെ.സി. ജോസഫ്, ഡോ. എ. നീലലോഹിതദാസൻ നാടാർ, ശ്രീമതി ഗിരിജാ സുരേന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തിയാക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.....

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി).

അനുകൂലിക്കുന്നവർ—68

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. „ കളത്തിൽ അബ്ദുള്ള
3. „ കെ. അച്ചുതൻ
4. „ സി. ടി അഹമ്മദ് അലി
5. „ എ. പി. അനിൽകുമാർ
6. „ എ. കെ. ആന്റണി
7. „ എൻ. ഡി. അപ്പച്ചൻ
8. „ ബാബു ദിവാകരൻ
9. „ ആർ. ബാലകൃഷ്ണപിള്ള

LIBRARY ARCHIVES Kerala Legislative Assembly

10. ശ്രീ. ടി. വി. ചന്ദ്രമോഹൻ
11. „ കെ. എ. ചന്ദ്രൻ
12. „ എം. എ. ചന്ദ്രശേഖരൻ
13. „ ഡൊമിനിക് പ്രസന്റേഷൻ
14. „ പി. പി. ജോർജ്
15. „ ജോർജ് ജെ. മാത്യു
16. „ പ്രയാർ ഗോപാലകൃഷ്ണൻ
17. ശ്രീമതി കെ. ആർ. ഗൗരിയമ്മ
18. ശ്രീ. എം. എം. ഹസ്സൻ
19. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
20. ശ്രീ. ഉമ്മൻ ചാണ്ടി
21. „ ജോണി നെല്ലൂർ
22. „ ജോസഫ് എം. പുതുശ്ശേരി
23. „ പി. ജെ. ജോയി
24. „ ജി. കാർത്തികേയൻ
25. „ കെ. എൻ. എ. ഖാദർ
26. „ കെ. കെ. നായർ
27. „ ലൂഡി ലൂയിസ്
28. „ സി. മമ്മൂട്ടി
29. „ കെ. എം. മാണി
30. „ കെ. മുഹമ്മദാലി
31. „ കെ. മോഹൻ കുമാർ
32. „ എ. കെ. മണി
33. „ ആര്യാടൻ മുഹമ്മദ്
34. „ സി. പി. മുഹമ്മദ്
35. „ എം. മുരളി
36. പ്രൊഫ. എ. ഡി. മുസ്തഫ
37. ശ്രീ. ടി. എച്ച്. മുസ്തഫ
38. „ കെ. നാരായണക്കുറുപ്പ്
39. „ എം. കെ. പോൾസൺ മാസ്റ്റർ
40. „ വി. ജെ. പൗലോസ്
41. „ അടൂർ പ്രകാശ്
42. „ ടി. എൻ. പ്രതാപൻ
43. „ ജി. പ്രതാപവർമ്മ തമ്പാൻ

LIBRARY ARCHIVES Kerala Legislative Assembly

44. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
45. ,, ടി. യു. രാധാകൃഷ്ണൻ
46. ശ്രീമതി രാധാ രാഘവൻ
47. ശ്രീ. എം. വി. രാഘവൻ
48. ,, തേറമ്പിൽ രാമകൃഷ്ണൻ
49. ,, തമ്പാനൂർ രവി
50. ,, റോഷി അഗസ്റ്റിൻ
51. ,, ടി. പി. എം. സാഹിർ
52. ,, എൻ. ശക്തൻ
53. ,, കെ. ശങ്കരനാരായണൻ
54. ശ്രീമതി മാലേത്ത് സരളാദേവി
55. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
56. ശ്രീ. കെ. കെ. ഷാജു
57. ,, കടവൂർ ശിവദാസൻ
58. ശ്രീമതി ശോഭനാ ജോർജ്
59. ശ്രീ. സ്റ്റീഫൻ ജോർജ്
60. ,, കെ. സുധാകരൻ
61. ,, ഡി. സുഗതൻ
62. ,, സി. എഫ്. തോമസ്
63. പ്രൊഫ. കെ. വി. തോമസ്
64. ശ്രീ. പി. ടി. തോമസ്
65. ,, തോമസ് ചാഴികാടൻ
66. ,, എം. എ. വാഹീദ്
67. ,, കെ. സി. വേണുഗോപാൽ
68. ,, ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ—33

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, എ. കെ. ബാലൻ
5. ,, ടി. കെ. ബാലൻ
6. ,, വി. കെ. ചന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

7. ശ്രീ. വി. ചെന്താമരാക്ഷൻ
8. „ ടി. കെ. ദേവകുമാർ
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. കെ. കെ. ജയചന്ദ്രൻ
11. „ എം. വി. ജയരാജൻ
12. „ പി. ജയരാജൻ
13. ഡോ. കെ. സി. ജോസഫ്
14. ശ്രീ. വി. സി. കബീർ
15. „ എം. കുമാരൻ
16. „ കെ. വി. കുഞ്ഞിരാമൻ
17. „ കോവൂർ കുഞ്ഞുമോൻ
18. „ വി. കെ. സി. മമ്മത്കോയ
19. „ മത്തായി ചാക്കോ
20. „ കെ. പി. മോഹനൻ
21. „ പിരപ്പൻകോട് മുരളി
22. „ സി. കെ. നാണു
23. „ പി. നാരായണൻ
24. ഡോ. എ. നീലലോഹിതദാസൻ നാടാർ
25. ശ്രീ. കെ. രാധാകൃഷ്ണൻ
26. „ മാങ്കോട് രാധാകൃഷ്ണൻ
27. „ എൻ. രാജൻ
28. „ കെ. പി. രാജേന്ദ്രൻ
29. „ ടി. പി. രാമകൃഷ്ണൻ
30. „ സാജു പോൾ
31. „ കെ. പി. സതീശ് ചന്ദ്രൻ
32. „ എ. സി. ഷൺമുഖദാസ്
33. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

അനുകൂലിക്കുന്നവർ—68

പ്രതികൂലിക്കുന്നവർ—33

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രമേയം പാസായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XXX

ഭക്ഷ്യം

മി. ഡെപ്യൂട്ടി സ്പീക്കർ: സർവ്വശ്രീ ടി. പി. രാമകൃഷ്ണൻ, കെ. പി. സതീശ് ചന്ദ്രൻ, സാജുപോൾ, മഞ്ഞളാംകുഴി അലി, ടി. കെ. ബാലൻ, വി. ചെന്താമരാക്ഷൻ, ടി. കെ. ദേവകുമാർ, കെ. വി. കുഞ്ഞിരാമൻ, വി.കെ.സി. മമ്മത്കോയ, കെ. രാധാകൃഷ്ണൻ, കെ. പി. മോഹനൻ, കോവൂർ കുഞ്ഞുമോൻ, കെ. പി. രാജേന്ദ്രൻ, മാങ്കോട് രാധാകൃഷ്ണൻ, എം. കുമാരൻ, എൻ. രാജൻ, പി. എസ്. സുപാൽ, പിരപ്പൻകോട് മുരളി, രാജു എബ്രഹാം, എ. കെ. ബാലൻ, എ. എ. അസീസ്, മത്തായി ചാക്കോ, ഡോ. കെ. സി. ജോസഫ്, ഡോ. എ. നീലലോഹിതദാസൻ നാടാർ, ശ്രീമതി ഗിരിജാ സുരേന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യ വിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തിയാക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.....

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി).

അനുകൂലിക്കുന്നവർ—68

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. „ കളത്തിൽ അബ്ദുള്ള
3. „ കെ. അച്ചുതൻ
4. „ സി. ടി അഹമ്മദ് അലി
5. „ എ. പി. അനിൽകുമാർ
6. „ എ. കെ. ആന്റണി
7. „ എൻ. ഡി. അപ്പച്ചൻ
8. „ ബാബു ദിവാകരൻ
9. „ ആർ. ബാലകൃഷ്ണപിള്ള

LIBRARY ARCHIVES Kerala Legislative Assembly

10. ശ്രീ. ടി. വി. ചന്ദ്രമോഹൻ
11. „ കെ. എ. ചന്ദ്രൻ
12. „ എം. എ. ചന്ദ്രശേഖരൻ
13. „ ഡൊമിനിക് പ്രസന്റേഷൻ
14. „ പി. പി. ജോർജ്
15. „ ജോർജ് ജെ. മാത്യു
16. „ പ്രയാർ ഗോപാലകൃഷ്ണൻ
17. ശ്രീമതി കെ. ആർ. ഗൗരിയമ്മ
18. ശ്രീ. എം. എം. ഹസ്സൻ
19. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
20. ശ്രീ. ഉമ്മൻ ചാണ്ടി
21. „ ജോണി നെല്ലൂർ
22. „ ജോസഫ് എം. പുതുശ്ശേരി
23. „ പി. ജെ. ജോയി
24. „ ജി. കാർത്തികേയൻ
25. „ കെ. എൻ. എ. ഖാദർ
26. „ കെ. കെ. നായർ
27. „ ലൂഡി ലൂയിസ്
28. „ സി. മമ്മൂട്ടി
29. „ കെ. എം. മാണി
30. „ കെ. മുഹമ്മദാലി
31. „ കെ. മോഹൻ കുമാർ
32. „ എ. കെ. മണി
33. „ ആര്യാടൻ മുഹമ്മദ്
34. „ സി. പി. മുഹമ്മദ്
35. „ എം. മുരളി
36. പ്രൊഫ. എ. ഡി. മുസ്തഫ
37. ശ്രീ. ടി. എച്ച്. മുസ്തഫ
38. „ കെ. നാരായണക്കുറുപ്പ്
39. „ എം. കെ. പോൾസൺ മാസ്റ്റർ
40. „ വി. ജെ. പൗലോസ്
41. „ അടൂർ പ്രകാശ്
42. „ ടി. എൻ. പ്രതാപൻ
43. „ ജി. പ്രതാപവർമ്മ തമ്പാൻ

LIBRARY ARCHIVES Kerala Legislative Assembly

44. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
45. „ ടി. യു. രാധാകൃഷ്ണൻ
46. ശ്രീമതി രാധാ രാഘവൻ
47. ശ്രീ. എം. വി. രാഘവൻ
48. „ തേറമ്പിൽ രാമകൃഷ്ണൻ
49. „ തമ്പാനൂർ രവി
50. „ റോഷി അഗസ്റ്റിൻ
51. „ ടി. പി. എം. സാഹിർ
52. „ എൻ. ശക്തൻ
53. „ കെ. ശങ്കരനാരായണൻ
54. ശ്രീമതി മാലേത്ത് സരളാദേവി
55. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
56. ശ്രീ. കെ. കെ. ഷാജു
57. „ കടവൂർ ശിവദാസൻ
58. ശ്രീമതി ശോഭനാ ജോർജ്
59. ശ്രീ. സ്റ്റീഫൻ ജോർജ്
60. „ കെ. സുധാകരൻ
61. „ ഡി. സുഗതൻ
62. „ സി. എഫ്. തോമസ്
63. പ്രൊഫ. കെ. വി. തോമസ്
64. ശ്രീ. പി. ടി. തോമസ്
65. „ തോമസ് ചാഴികാടൻ
66. „ എം. എ. വാഹിദ്
67. „ കെ. സി. വേണുഗോപാൽ
68. „ ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ—33

1. ശ്രീ. മഞ്ഞളാംകുഴി അലി
2. „ എ. എ. അസീസ്
3. „ കോടിയേരി ബാലകൃഷ്ണൻ
4. „ എ. കെ. ബാലൻ
5. „ ടി. കെ. ബാലൻ
6. „ വി. കെ. ചന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

7. ശ്രീ. വി. ചെന്താമരാക്ഷൻ
8. „ ടി. കെ. ദേവകുമാർ
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. കെ. കെ. ജയചന്ദ്രൻ
11. „ എം. വി. ജയരാജൻ
12. „ പി. ജയരാജൻ
13. ഡോ. കെ. സി. ജോസഫ്
14. ശ്രീ. വി. സി. കബീർ
15. „ എം. കുമാരൻ
16. „ കെ. വി. കുഞ്ഞിരാമൻ
17. „ കോവൂർ കുഞ്ഞുമോൻ
18. „ വി. കെ. സി. മമ്മത് കോയ
19. „ മത്തായി ചാക്കോ
20. „ കെ. പി. മോഹനൻ
21. „ പിരപ്പൻകോട് മുരളി
22. „ സി. കെ. നാണു
23. „ പി. നാരായണൻ
24. ഡോ. എ. നീലലോഹിതദാസൻ നാടാർ
25. ശ്രീ. കെ. രാധാകൃഷ്ണൻ
26. „ മാങ്കോട് രാധാകൃഷ്ണൻ
27. „ എൻ. രാജൻ
28. „ കെ. പി. രാജേന്ദ്രൻ
29. „ ടി. പി. രാമകൃഷ്ണൻ
30. „ സാജു പോൾ
31. „ കെ. പി. സതീശ്ചന്ദ്രൻ
32. „ എ. സി. ഷൺമുഖദാസ്
33. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

അനുകൂലിക്കുന്നവർ—68

പ്രതികൂലിക്കുന്നവർ—33

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രമേയം പാസായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

XI ചർച്ച കൂടാതെ പാസാക്കേണ്ട ധനാഭ്യർത്ഥനകൾ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): കേരള നിയമ സഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236 (3) അനുസരിച്ച് സംസ്ഥാന നിയമസഭ എന്ന 1-ാം നമ്പർ ധനാഭ്യർത്ഥനയേയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയേയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയേയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയേയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവകയും സാമ്പത്തിക സർവ്വീസുകളും എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക വായ്പ കളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ചുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടേയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പെൻഷനും വലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പലവകയും സാമ്പത്തിക സർവ്വീസുകളും എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കാൻ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ധനാഭ്യർത്ഥനകൾ പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2004 ജൂലായ് മാസം 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക്ശേഷം 3.00 മണിക്ക് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly